30
സെപ്തംബർ 2018 ഞായർ
1194 കന്നി 14
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

20 പേജ് ₹ 8.00

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi


## ഒറ്റനോട്ടം



ഭീകരത പാക് നയമെന്ന് സുഷമ സ്വരാജ്

പേജ് - 05



കന്യാസ്ത്രീകളെ സ്വാധീനിക്കാനുള്ള ശ്രമം തകർന്നു

പേജ് - 07



വാഹനാപകടത്തിൽ പ്രളയ രക്ഷകന് ദാരുണാന്ത്യം

പേജ് - 13



ഐ.എസ്.എല്ലിലെ ആദ്യ മത്സരത്തിൽ ബ്ലാസ്റ്റേഴ്സിന് ജയം

പേജ് - 14

# സുനാമിയിൽ നടുങ്ങി ഇൻഡോനേഷ്യ

## മരണം 384

പലു: ഇൻഡോനേഷ്യൻ ദ്വീപായ സുലാവേസിയിൽ ഉഗ്ര ഭ്രകമ്പത്തെ തുടർന്ന് ആഞ്ഞടിച്ച സുനാമിയിൽ മരണം 384 ആയി. നൂറ്കണക്കിന് ആളുകളെ കാണാതായിട്ടുണ്ട്.

മരണസംഖ്യ ഉയരാനാണ് സാദ്ധ്യത. പരിക്കേറ്റ നൂറ്കണക്കിന് ആളുകളെ കൊണ്ട് ആശുപത്രികൾ നിറഞ്ഞു. കാണാതായവർക്കായി തെരച്ചിൽ നടത്തുന്നുണ്ട്. ദുരന്ത മേഖലകളിൽ രക്ഷാപ്രവർത്തകർക്ക് എത്താൻ സാധിച്ചിട്ടില്ലെന്നും ഇത് മരണസംഖ്യ ഉയരാൻ ഇടയാക്കുമെന്നും അധികൃതർ അറിയിച്ചു.

പ്രവിശ്യാ തലസ്ഥാനമായ പലുവിൽ വെള്ളിയാഴ്ചയുണ്ടായ 7.3 തീവ്രത രേഖപ്പെടുത്തിയ ഭ്രകമ്പത്തിനു പിന്നാലെയാണ് സുനാമിത്തിരയടിച്ചത്. വെള്ളിയാഴ്ച വൈകിട്ട് ബീച്ച് ഫെസ്റ്റിവലിന് എത്തിയ വൻ ജനക്കൂട്ടം അപകടത്തിൽ പെട്ടു.

നിരവധി കെട്ടിടങ്ങളും മറ്റും തകർത്ത ഭ്രകമ്പത്തിനു പിന്നാലെ സുനാമി മുന്നറിയിപ്പ് നൽകിയെങ്കിലും ഒരു മണിക്കൂറിനു ശേഷം അത് പിൻവലിച്ചു. അതിന് പിന്നാലെ ആഞ്ഞടിച്ച മരണത്തിരകൾ മൂന്നുമീറ്റർ വരെ ഉയർന്നു.

ആദ്യം രണ്ട് മീറ്റർവരെ പൊങ്ങിയ തിരമാലകൾക്ക് മുന്നിൽ പരിഭ്രാന്തരായി ഓടുന്ന ജനങ്ങളുടെ വിഡിയോ ദൃശ്യങ്ങൾ അസോസിയേറ്റഡ് പ്രസ് പുറത്തുവിട്ടിരുന്നു.

സുനാമി പിന്നീട് ശക്തമാവുകയായിരുന്നു. ആദ്യ ഭ്രചലനത്തിന് ശേഷമുണ്ടായ തുടർ ചലനത്തിന്റെ തീവ്രതയാണ് സുനാമിയിലേക്ക് നയിച്ചത്. പലു വിമാനത്താവളം അടച്ചിട്ടു. ജാഗ്രതാ മുന്നറിയിപ്പുള്ള കേന്ദ്രങ്ങളിൽ നിന്ന് ജനങ്ങളെ ഒഴിപ്പിച്ചു.

സുലവേസിയുടെ സമീപ ദ്വീപായ ലോമ്പോക്കിൽ ജൂലായിലും ആഗസ്റ്റിലുമുണ്ടായ ഭ്രചലനങ്ങളിൽ 500 ഓളം പേർ കൊല്ലപ്പെട്ടിരുന്നു.






ഇൻഡോനേഷ്യയിലുണ്ടായ സുനാമിയിൽ തകർന്ന കെട്ടിടങ്ങൾ

### ചരിത്രം ഇങ്ങനെ

- 2004 ഡിസംബർ 26: പശ്ചിമ ഇൻഡോനേഷ്യയിലെ സുമാത്രയിൽ 9.1 തീവ്രതയുള്ള ഭ്രചലനം, തുടർന്നുണ്ടായ സുനാമിയിൽ വിവിധ രാജ്യങ്ങളിലായി മരണം 2,30,000
- 2006: യോഗ്യാകർത്ത 6.3 തീവ്രത. മരണം 6000
- 2010: സുമാത്ര, മരണം 400
- 2018 ജൂലായ്: ലോംബോക്ക്, മരണം 550






### അഗ്നിവലയം

ഭ്രമിയിലെ ഏറ്റവും ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങളിലൊന്ന്. ഭൗമ പാളികൾ കൂട്ടിയിടിക്കുന്നതിനാൽ ഭ്രകമ്പ, അഗ്നിപർവത സ്ഫോടന സാദ്ധ്യത കൂടുതലുള്ള പസിഫിക് സമുദ്രത്തിലെ 'റിംഗ് ഒഫ് ഫയർ' (അഗ്നിവലയം) എന്നറിയപ്പെടുന്ന മേഖലയിലാണ് ഇന്തോനേഷ്യ സ്ഥിതിചെയ്യുന്നത്. കുതിരലാടത്തിന്റെ ആകൃതിയിൽ 40,000 കിലോമീറ്റർ നീളത്തിൽ കിടക്കുന്ന മേഖലയാണിത്. 452 അഗ്നി പർവതങ്ങൾ ഇവിടെയുണ്ട്. ലോകത്തെ ഭ്രകമ്പങ്ങളുടെ 90 ശതമാനവും ഇവിടെയാണ്.



## ശബരിമലയിൽ 500 വനിതാ പൊലീസുകാരെ നിയോഗിക്കും

തിരുവനന്തപുരം: പ്രായഭേദമില്ലാതെ സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പമ്പയിൽ നിന്ന് സന്നിധാനത്തിലേക്കുള്ള റോഡിൽ അഞ്ഞൂറോളം വനിതാ പൊലീസുദ്യോഗസ്ഥരെ നിയോഗിക്കുമെന്ന് പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ബെഹ്റയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിലാണ് തീരുമാനമായത്. ശബരിമലയിലെ പൊലീസ് സംവിധാനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. വനിതാ പൊലീസുകാർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് ദേവസ്വം ബോർഡിനോട് നിർദ്ദേശിക്കും. വനിതാ പൊലീസുദ്യോഗസ്ഥരെ വിട്ടുനൽകാമെന്ന മറ്റു സംസ്ഥാനങ്ങളുടെ വാഗ്ദാനവും പരിഗണിക്കും. തീർത്ഥാടകരുടെ സുരക്ഷയ്ക്ക് ഡ്രോൺ, കാമറ, നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കാൻ റേഞ്ച് ഐ.ജി മനോജ് എബ്രഹാമിന്റെ നേതൃത്വത്തിൽ സമിതിക്ക് രൂപം നൽകി. തിങ്കളാഴ്ച സർക്കാർ തലത്തിൽ നടത്തുന്ന യോഗത്തിനു ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുമെന്ന് ഡി.ജി.പി അറിയിച്ചു.

### സൂചന നൽകി രാജ്നാഥ് സിംഗ്

## പാകിസ്ഥാനെ തിരിച്ചടിച്ച് വീണ്ടും ഇന്ത്യൻ സർജിക്കൽ ആക്രമണം



ന്യൂഡൽഹി: അതിർത്തിയിൽ പട്രോളിംഗിനിടെ ബി.എസ്.എഫ് ജവാനെ കൊലപ്പെടുത്തിയതിന് തിരിച്ചടിയായി ഇന്ത്യൻ സേന പാക് അതിർത്തി കടന്ന് വീണ്ടും സർജിക്കൽ ആക്രമണം നടത്തിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് വെളിപ്പെടുത്തി. ഓപ്പറേഷന്റെ വിശദാംശങ്ങൾ അദ്ദേഹം നൽകിയില്ല.

ഉത്തർപ്രദേശിലെ മുസാഫർപൂരിൽ ഒരു ചടങ്ങിലാണ് ഒന്നാം സർജിക്കൽ ആക്രമണത്തിന്റെ രണ്ടാം വാർഷികത്തിൽ ആഭ്യന്തര മന്ത്രിയുടെ വെളിപ്പെടുത്തലുണ്ടായത്.

രണ്ടു മൂന്നു ദിവസം മുൻപ് ചിലതൊക്കെ സംഭവിച്ചു. അതു പൂർണമായി വെളിപ്പെടുത്താനാവില്ല. വലിയൊരു സംഭവമാണത്. എന്നെ വിശ്വസിക്കൂ. ശരിക്കും വലിയ സംഭവം. ഭാവിയിൽ എന്തു സംഭവിക്കുമെന്ന് കാത്തിരുന്നത് കാണാം - രാജ്നാഥ് പറഞ്ഞു. ആക്രമണത്തിൽ പാകിസ്ഥാന് ഇന്ത്യൻ സേന കനത്ത നാശമുണ്ടാക്കിയെന്ന് ബി.എസ്.എഫും സ്ഥിരീകരിച്ചിട്ടുണ്ട്.

സെപ്തംബർ 18 ന് രാംഗഡിലെ നിയന്ത്രണ രേഖയ്ക്കു സമീപമാണ് ബി.എസ്.എഫ് സംഘത്തെ പാക് സേന ആക്രമിച്ചത്. കൊല്ലപ്പെട്ട നരേന്ദ്ര സിംഗിന്റെ മൃതദേഹം പാക് അതിർത്തിയിലേക്ക് വലിച്ചിഴച്ചിരുന്നു. കഴുത്തു പിളർന്ന്, നെഞ്ചത്ത് മൂന്ന് വെടിയുണ്ടകൾ തുളഞ്ഞു കയറിയ മൃതദേഹം പിന്നീട് കണ്ടെത്തി.

### എം.ഡി.എം.എ ലോകത്താകെ നിരോധിച്ചത്

## 200 കോടിയുടെ മയക്കുമരുന്ന് പിടിച്ചു

കൊച്ചി: അന്താരാഷ്ട്ര വിപണിയിൽ 200 കോടി രൂപ വിലയുള്ള 32 കിലോ മെത്തലീൻ ഡയോക്സി മെത്താഫിറ്റമൈൻ (എം.ഡി.എം.എ) മയക്കുമരുന്ന് പിടികൂടി. എക്സൈസിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ എം.ഡി.എം.എ വേട്ടയാണിത്. എറണാകുളം ഷേണായിസ് ജംഗ്ഷനിലെ കൊറിയർ സ്ഥാപനത്തിലെ പാഴ്സലിൽ നിന്നാണ് പിടിച്ചെടുത്തത്. രണ്ടംഗ സംഘമാണ് ഇതിനു പിന്നിലെന്ന് കണ്ടെത്തി. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മയക്കമരുന്നല്ലിത്. ചൈനയിലാണ് കൂടുതലായി ഉണ്ടാക്കുന്നത്. കൊച്ചി വഴി വിദേശ രാജ്യത്തേക്ക് അയയ്ക്കുകയായിരുന്നു ലക്ഷ്യം.

എട്ടുപെട്ടി തുണിത്തരങ്ങളുടെ ഇടയിൽ കാർബൺ ഷീറ്റുകളിൽ പൊതിഞ്ഞ നിലയിലായിരുന്നു. വിമാനത്താവളത്തിലെ സ്കാനിംഗിൽ കുടുങ്ങാതിരിക്കാനായിരുന്നു ഈ തന്ത്രം. എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻസംഘമാണ് മയക്കമരുന്ന് കടത്തിന് പിന്നിലെന്ന് എക്സൈസ് അറിയിച്ചു. എക്സൈസ് എറണാകുളം ഡെപ്യൂട്ടി കമ്മിഷണർ എ.എസ്. രഞ്ജിത്ത്, സ്പെഷ്യൽ സർക്കിൾ ഇൻസ്പെക്ടർ ബി. സുരേഷ്, ഇൻസ്പെക്ടർ ടി.ജി. കൃഷ്ണകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് മയക്കമരുന്ന് പിടികൂടിയത്.



പിടികൂടിയ മയക്കമരുന്ന്

### കണ്ടാൽ കൽക്കണ്ടം

കണ്ടാൽ കൽക്കണ്ടം പോലെയിരിക്കും. അര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുടിച്ചാൽ ഉന്മാദ ലഹരി. 12 മുതൽ 20 മണിക്കൂർ വരെ വേറെ ലോകത്ത്. ഇന്ത്യയിൽ ഗ്രാമിന് 7,000 രൂപ മുതൽ 10,000 രൂപ വരെ വില. ഗൾഫ് നാടുകളിൽ 30,000 രൂപ. സിന്തറ്റിക് ഡ്രഗ്സ് വിഭാഗത്തിൽ പെടുന്ന എം.ഡി.എം.കെമാളി എക്സ്റ്റസി എന്ന വിളിപ്പേരിലും അറിയപ്പെടും. ഗന്ധമില്ലാത്ത ഈ മയക്കമരുന്ന് നിശാപാർട്ടികളിലെ താരമാണ്. അര ഗ്രാമിൽ കൂടുതൽ പിടികൂടിയാൽ ഇന്ത്യയിൽ 20 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. ക്രിസ്റ്റൽ, പൊടി, ക്യാപ്സൂൾ രൂപങ്ങളിൽ ലഭിക്കും. ഇത് ഉപയോഗിക്കുന്നവരിൽ വിഷാദം, മനോവൈകല്യം, ഓർമ്മക്കുറവ്, കാഴ്ചക്കുറവ് എന്നിവയുണ്ടാകും.

## കെ.വി. മോഹൻകുമാറിന് വയലാർ അവാർഡ്



തിരുവനന്തപുരം: വയലാർ രാമവർമ്മ സ്മാരക സാഹിത്യ അവാർഡിന് പ്രമുഖ കഥാകൃത്തും പൊതുവിദ്യാഭ്യാസ ഡയറക്ടറുമായ കെ.വി. മോഹൻകുമാറിന്റെ 'ഉഷ്ണരാശി-കരപ്പുറത്തിന്റെ ഇതിഹാസം' എന്ന നോവൽ അർഹമായി. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകല്പനചെയ്ത വെങ്കലശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് ഒക്ടോബർ 27 വൈകിട്ട് 5.30ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് വയലാർ ട്രസ്റ്റ് പ്രസിഡന്റ് പ്രൊഫ. എം.കെ. സാനുവും സെക്രട്ടറി സി.വി. ത്രിവിക്രമനും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഡോ. എം.എസ്. ഗീത, ഡോ. ബെറ്റിമോൾ മാത്യു, ഡോ. എം.ആർ.തമ്പാൻ എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡ് നിർണയിച്ചത്. വയലാർ ട്രസ്റ്റ് വൈസ് പ്രസിഡന്റുമാരായ പെരുമ്പടവം ശ്രീധരൻ, പ്രൊഫ. ജി.ബാലചന്ദ്രൻ, ജോയിന്റ് സെക്രട്ടറി ബി. സതീശൻ, ട്രസ്റ്റി ഗൗരിദാസൻ നായർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## മരുന്ന് കുറിപ്പടി വാട്സാപ്പിൽ വരും

### 30ശതമാനം വിലക്കുറവിൽ മരുന്നുകൾ വീട്ടിലെത്തും

എം.എച്ച് വിഷ്ണു

തിരുവനന്തപുരം: ഓൺലൈൻ മരുന്നുകമ്പനികൾക്ക് വിപണി തുറക്കാൻ വാട്സാപ്പ് വഴിയുള്ള മരുന്നുകുറിപ്പടികൾക്ക് സർക്കാർ അനുമതി.

മാനസിക രോഗത്തിനുള്ള ഷെഡ്യൂൾ-എക്സ് മരുന്നുകൾ ഒഴികെയുള്ളവ വാട്സാപ്പിലെ കുറിപ്പടിയുടെ ചിത്രം കാട്ടി ഫാർമസികളിൽ നിന്ന് വാങ്ങാമെന്നാണ് ആരോഗ്യവകുപ്പിന്റെ ഉത്തരവ്.

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും 'വ്യക്തിഗത ഡോക്ടർ' എന്ന സംവിധാനം നടപ്പാക്കുന്നതിന് മുന്നോടിയായാണ് വാട്സാപ്പ് കുറിപ്പടി അനുവദിക്കുന്നത്. 30 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ വീട്ടിലെത്തും.

ശക്തിയേറിയ ആന്റിബയോട്ടിക്കുകൾ, ശീതീകരിച്ച് സൂക്ഷിക്കേണ്ട മരുന്നുകൾ, വാക്സിനുകൾ, ഗർഭച്ഛിദ്രമരുന്നുകൾ, ലൈംഗിക ഉത്തേജകങ്ങൾ, ക്ഷയരോഗത്തിനുള്ള മരുന്നുകൾ എന്നിവ ഓൺലൈനായി വിൽക്കുന്നതിനെ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എതിർത്തിരുന്നു. 40 ശതമാനം മരുന്നുകളും 25 മുതൽ 30 ഡിഗ്രി താപനിലയിൽ സൂക്ഷിക്കേണ്ടവയാണ്. ഇത്തള്ളിക്കളഞ്ഞ് മാനസികരോഗത്തിനുള്ള മരുന്നുകളും വേദനസംഹാരികളും മാത്രം ഒഴിവാക്കിയാണ് വാട്സാപ്പ് മരുന്ന് കുറിപ്പടിക്ക് അനുമതി നൽകുന്നത്. പനിക്കു മുതൽ പ്രമേഹത്തിനും അർബുദത്തിനും വരെയുള്ള ചൈനീസ് വ്യാജമരുന്നുകൾ ജാർഖണ്ഡ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ പിടികൂടിയിട്ടുണ്ട്. തുടർച്ചയായി പരിശോധനയുള്ളതിനാൽ കേരളത്തിൽ ഇതുവരെ വ്യാജമരുന്നുകൾ പിടികൂടിയിട്ടില്ല. കേരളത്തിൽ രജിസ്റ്റർ ചെയ്യാത്ത കമ്പനികളെ നിയന്ത്രിക്കാനോ മരുന്നുകളുടെ വിലനിയന്ത്രണം പരിശോധിക്കാനോ സർക്കാരിനാവില്ല. എന്നാൽ, വൻവിലക്കുറവിൽ മരുന്നുകൾ ലഭിക്കുമെന്നതും വിദേശത്തിരുന്ന് പണമടച്ചാലും മരുന്നുകൾ വീട്ടിലെത്തിക്കാമെന്നതും ഗുണകരമാണ്.

ഓൺലൈനിൽ പണമടച്ചാൽ മരുന്ന് വീട്ടിലെത്തിക്കുന്നതിന് ഡോക്ടറുടെ മരുന്നുകുറിപ്പടി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. കുറിപ്പടി ഫാർമസിയിലെ മൊബൈലിലേക്കോ ഇ-മെയിൽ വിലാസത്തിലേക്കോ രോഗിയുടെ വാട്സാപ്പിലേക്കോ ഡോക്ടർക്ക് അയയ്ക്കാം. ഈ സന്ദേശങ്ങൾ മരുന്ന് നൽകാനുള്ള നിയമപരമായ രേഖയായി പരിഗണിക്കും. സർക്കാർ, സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരെയും ഫാർമസികളെയും രോഗിക്ക് രജിസ്റ്റർ ചെയ്യാനും സംവിധാനമുണ്ടാവും.

### മരുന്നു തിന്നുന്ന കേരളം

- പ്രതിവർഷം മലയാളിയുടെ ശരാശരി മരുന്നുപയോഗം 4000 രൂപ
- രാജ്യത്തെ മരുന്നുപയോഗത്തിൽ 18 ശതമാനം കേരളത്തിൽ
- 50,000 രൂപ അടച്ചാൽ ഓൺലൈൻ മരുന്നുവ്യാപാരം തുടങ്ങാം






"വാട്സാപ്പ് മരുന്നുകുറിപ്പടി അംഗീകരിക്കുന്നത് പ്രൈമറി കെയർ സംവിധാനത്തിന്റെ ആദ്യപടിയാണ്. മരുന്നുകളുടെ ദുരുപയോഗം കുറയ്ക്കും.

*രാജീവ് സദാനന്ദൻ, ആരോഗ്യ സെക്രട്ടറി*

KAUMUDI SPECIAL



"ഓൺ ലൈൻ മരുന്നുകളുടെ പരിശോധന അസാദ്ധ്യമാണ്. ഗുണമേന്മയിലും ദുരുപയോഗത്തിലും ആശങ്കയുണ്ട്. കരുതൽവേണം

*രവി.എസ്.മേനോൻ, ഡ്രഗ്സ് കൺട്രോളർ*

### തലവര

ശശിക്കെതിരെ നടപടി വൈകും. കമ്മിഷൻ റിപ്പോർട്ട് സെക്രട്ടേറിയറ്റ് ചർച്ച ചെയ്തില്ല





സ്മരണാഞ്ജലി

ആറാം ചരമവാർഷികം (30.09.2018)



സി. വസന്തകുമാരി

(റിട്ട. സീനിയർ ടൈപ്പിസ്റ്റ്.TRW)

ശ്രീ. ആർ. ഗിരീശന്റെ സഹധർമ്മിണി

സന്തപ്തകുടുംബാംഗങ്ങൾ & സ്റ്റാഫ്

പാറശ്ശേരി അക്കാഡമി

ഐ.ടി.ഐ ജംഗ്ഷൻ, ചാക്ക.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## കുടവൂർ ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം കുടവൂർ ശാഖയുടെ കീഴിലുള്ള കുമാരി സംഘത്തിന്റെ പുനഃസംഘടന ഇന്ന് വൈകിട്ട് 4ന് ശാഖാഹാളിൽ നടക്കും. പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ വനിതാസംഘം ചെയർപേഴ്സൺ ഡോ. അനുജ, കുമാരി കുമാരസംഘം കോ - ഓർഡിനേറ്റർ വെൺപാലവട്ടം സുരേഷ് കുമാർ എന്നിവർ പങ്കെടുക്കുമെന്ന് ശാഖാസെക്രട്ടറി ഗാനപ്രിയൻ അറിയിച്ചു.

## വെൺപാലവട്ടം ക്ഷേത്രത്തിൽ മഹാദീപ പ്രദക്ഷിണപൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീഭഗവതി ക്ഷേത്രത്തിൽ സർവൈശ്വര്യ സിദ്ധിക്കായി നടത്തുന്ന മഹാദീപപ്രദക്ഷിണ പൂജ ഇന്ന് രാവിലെ 9ന് ശ്രീദുർഗാഭഗവതി ക്ഷേത്ര സന്നിധിയിൽ ക്ഷേത്ര മേൽശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 10ന് ദീപ പ്രദക്ഷിണവും തുടർന്ന് കഷായ കലശാഭിഷേകവും ഉണ്ടായിരിക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജുരമേശ് അഭ്യർത്ഥിച്ചു.

# സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് ഇന്ന്



തിരുവനന്തപുരം: കേരള കൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ-ഓർഡിനേഷൻ, ശ്രീഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് ഇന്ന് രാവിലെ 9ന് കരിയം അജിത് ലെയ്ൻ 'റാംസി' യിൽ നടക്കും. ചെല്ലമംഗലം വാർഡ് കൗൺസിലർ സി. സുദർശനൻ ഉദ്ഘാടനം ചെയ്യും.

റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രസിഡന്റ് ജി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. ഫ്രാറ്റ് പ്രസിഡന്റ് കരിയം വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തും.

കെ. എ സ്. ജി. എ. എം. ഒ.എ പ്രസിഡന്റ് ഷർമദ് ഖാൻ, ജനറൽ സെക്രട്ടറി ഡോ. വി. ജെ. സെബി, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രോജക്ട് ഡയറക്ടർ ഡോ. ജി. ഗോപിനാഥ്, അസിസ്റ്റന്റ് ഗവർണർ റൂഫസ് ജോസഫ്, കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ, ഫ്രാറ്റ് സെക്രട്ടറി പി. എസ്. സന്തോഷ് കുമാർ, എസ്. ബി. ആർ. എ പ്രസിഡന്റ് കെ. രാമചന്ദ്രൻ നായർ എന്നിവർ പങ്കെടുക്കും.

എസ്.ബി.ആർ.എ സെക്രട്ടറി ആർ. വാസുദേവൻ നായർ സ്വാഗതവും കേരളകൗമുദി അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർ കല എസ്.ഡി നന്ദിയും പറയും.



തലസ്ഥാനത്ത് പെയ്ത കനത്ത മഴ. ഓവർ ബ്രിഡ്ജിൽ നിന്നുള്ള കാഴ്ച ഫോട്ടോ: അജയ് മധു

## കരം സ്വീകരിക്കും

തിരുവനന്തപുരം: പേട്ട വാർഡിലെ കോർപ്പറേഷൻ കരം ഇന്ന് രാവിലെ 10 മുതൽ 1 വരെ ബന്ധപ്പെട്ട അധികാരികൾ പേട്ട പുത്തൻകോവിൽ കമ്മിറ്റി ഓഫീസിൽ സ്വീകരിക്കും.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് : 3,10,11,12


JEEVANAM
Dr.Vasundhara's Naturopathy, Yoga and Wellness Clinic
2nd Floor, Althara Devi Mandiram, Vellayambalam, Thiruvananthapuram - 695010
Phone: 9496546042, 9497081881. E-mail: drvasundharabnys@gmail.com
യോഗ ചികിത്സ
സന്ധിവേദന, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, കഴുത്തുവേദന, നടുവേദന, പ്രമേഹം, ഉറക്കമില്ലായ്മ, ആസ്മ, സ്ട്രെസ്, തൈറോയിഡ്, ഡിസോർഡർ, വന്ധ്യത (Infertility), ഗർഭാശയ രോഗങ്ങൾ, ആർത്തവ സംബന്ധ രോഗങ്ങൾ എന്നിവയ്ക്ക് ശാസ്ത്രീയ രീതിയിലുള്ള യോഗ ചികിത്സയും സമഗ്രാരോഗ്യത്തിനുള്ള യോഗാ ക്ലാസുകൾക്കും വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ഈ ക്ലിനിക്കിൽ ലഭ്യമാണ്.
യോഗ ക്ലാസ്
തിങ്കൾ മുതൽ വെള്ളിവരെ
രാവിലെ: 6.00-7.00, 9.30-10.30, വൈകുന്നേരം: 4.30-5.30, 6.00-7.00
Consultation by Appointment Only. Consultation Time: 4.30pm to 7pm


## കേരളകൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ - ഓർഡിനേഷൻ, ശ്രീ ഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്

**ഇന്ന് രാവിലെ 9. 00 ന്. സ്ഥലം : 'റാംസി', അജിത് ലെയ്ൻ, കരിയം, ശ്രീകാര്യം.**

### ഉദ്ഘാടന സമ്മേളനം


സി.സുദർശനൻ


ജി.രാമകൃഷ്ണൻ


ബിജുകുമാർ. ആർ


ഡോ.ഷർമദ്ഖാൻ


ഡോ.വി.കെ.സെബി


കെ. രാമചന്ദ്രൻ നായർ


ആർ.വാസുദേവൻ നായർ


റൂഫസ് ജോസഫ്







Mohanan K M.Com
Amni, CVRA-20,
Sreekariyam, Trivandrum
mohan607@gmail.com,
mohanan_karunakaran@hotmail. om
8547294726, 9495312726.
Associated with
LIC OF INDIA
STAR HEALTH INSURANCE
SBI MUTUAL FUND
SUNDARAM MUTUAL FUND
ICICI MUTUAL FUND
UTI MUTUAL FUND
FUNDS INDIA ADVISOR
(Online flatform for All Mutual Funds of India







ROOFING
നിങ്ങളുടെ വീടിനെ ചൂടിൽ നിന്നും ചോർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി Branded ISI മെറ്റീരിയൽ ഉപയോഗിച്ച് Structural Engineer-ടെ മേൽനോട്ടത്തിൽ Skilled Professionals നെ ഉപയോഗിച്ച് വീടിന്റെ മേൽക്കൂര സുരക്ഷിതമായി നിർമ്മിച്ചു നൽകുന്നു.
ARCHITECTURAL DRAWINGS | SKILLED PROFESSIONALS | TIMELY COMPLETION
ALUMINIUM, GI, TILE, SHINGLES
1 KWA SOLAR FREE
www.roofingtrivandrum.com
onlinealphatech@gmail.com
8589941531, 0471-2723200

MABLE CONSTRUCTION
PLANNING * DESIGN * CONSTRUCTION

WE BUILD HOUSE WITHIN YOUR BUDJET
Contact : 8606131300, 8921133815


## റോട്ടറി ക്ലബ് ഓഫ് ട്രിവാൻഡ്രം സബർബൻ

1978ൽ സ്ഥാപിതമായ റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ ഈ വർഷം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിക്കഴിഞ്ഞു. ഇക്കഴിഞ്ഞ സമാനതകളില്ലാത്ത പ്രളയത്തിനിരയായവർക്ക് സഹായം നൽകുവാൻ തിരുവനന്തപുരത്ത് മുൻ റോട്ടറി ഗവർണർ Rtn. ആർ. രഘുനാഥിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി. മുൻ ഗവർണർ Rtn ആർ. രഘുനാഥ്, എൻ.സി. ജേക്കബ്, മുൻ ഗവർണർ സുരേഷ് മാത്യു, ബി. സുധീർ എന്നിവർ നേതൃത്വം നൽകിയ "മിഷൻ ന്യൂലൈഫ്" ലും സജീവ പങ്കാളിയായി. ജില്ലാ പ്രോജക്ട് ആയ സ്നേഹവീട് പദ്ധതിയിൽ അർഹതപ്പെട്ട ഒരു കുടുംബത്തിന് പുതിയ വീട് നിർമ്മിച്ചു നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ സഹായ പദ്ധതികൾ നടപ്പിലാക്കി. കര നെൽകൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ഒരു കർഷകന് സാമ്പത്തിക സഹായം നൽകി.

നവംബറിൽ നടത്തുന്ന ആർട്ടിഫിഷ്യൽ ലിംഫ് ക്യാമ്പിൽ 100 പേർക്ക് കൃത്രിമ കാലുകൾ നിർമ്മിച്ചു നൽകുന്നു. റോട്ടറി ജയ്പൂർ പ്രോജക്ട് യു.കെ. എന്ന പങ്കാളിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. ചൊവ്വള്ളൂർ എൻ.എസ്.എസ് സ്കൂളിൽ ആധുനിക രീതിയിലുള്ള ടോയലറ്റ് ബ്ലോക്ക് നിർമ്മാണം റോട്ടറി ഇന്റർനാഷണലിന്റെ സഹായത്തോടെ ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.


ജി. രാമകൃഷ്ണൻ
പ്രസിഡന്റ്


കെ.പി. മോഹൻദാസ്
ട്രഷറർ


ബിജുകുമാർ.ആർ
സെക്രട്ടറി


Best Wishes From:
Dr. Gopinath's Diagnostic Services
Medical College P.O.,
Trivandrum. Phone: 0471-2445940
NABL Accredited
&
ISO 9001 :2008 Certified



# നിംസ് മെഡിസിറ്റിയിൽ ലോക ഹൃദയദിനാചരണം

തിരുവനന്തപുരം : ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്തെന്ന് ഡോ. ശശിതരൂർ എം.പി പറഞ്ഞു. നിംസ് ഹാർട്ട് ഫൗണ്ടേഷൻ സംഘടിപ്പിച്ച ലോക ഹൃദയാരോഗ്യദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ. ആൻസലൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ എം.എസ്. ഫൈസൽ ഖാൻ ആമുഖ പ്രസംഗം നടത്തി. ഒ. രാജഗോപാൽ എം.എൽ.എ ലോകഹൃദയാരോഗ്യദിനത്തോടനുബന്ധിച്ച് നടന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം വി.എസ്. ശിവകുമാർ എം.എൽ.എ മുഖ്യപ്രഭാഷണം നൽകി.



നിംസ് മെഡിസിറ്റിയിൽ ലോകഹൃദയാരോഗ്യദിനം ഡോ. ശശിതരൂർ എം.പി ഉദ്ഘാടനം ചെയ്യുന്നു. ഡോ. മഹാദേവൻ, ഡോ. അഷർ എന്നിസ് നായകം, കെ. ആൻസലൻ എം.എൽ.എ, ഡോ. മധു ശ്രീധരൻ, നിർമ്മല, ഒ. രാജഗോപാൽ എം.എൽ.എ, ഡോ. സജ്ജു, നിംസ് മെഡിസിറ്റി എം.ഡി എം.എസ്. ഫൈസൽഖാൻ, വി. എസ്. ശിവകുമാർ എം.എൽ.എ, എസ്.കെ. ജയകുമാർ തുടങ്ങിയവർ സമീപം

നിംസ് ഹാർട്ട് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. മധുശ്രീധരൻ ലോക ഹൃദയാരോഗ്യദിനസന്ദേശം നൽകി. പ്രശസ്ത സൈക്കോളജിസ്റ്റും ശാന്തിനികേതൻ സ്കൂളിന്റെ പ്രിൻസിപ്പലുമായ എ. നിർമ്മല മാനസിക സമ്മർദ്ദവും ഹൃദയാരോഗ്യവും എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. എസ്.കെ. ജയകുമാർ ആശംസകൾ അർപ്പിച്ചുസംസാരിച്ചു. പ്രസ്തുത ചടങ്ങിൽ ഡോ. മഹാദേവൻ, ഡോ. അഷർ, ഡോ. സീസർ, ഡോ. സജ്ജു, ജോസ്‌വിൻ തുടങ്ങിയവർ സംസാരിച്ചു.

ലോക ഹൃദയാരോഗ്യദിനത്തോടനുബന്ധിച്ച് 2 ദിവസങ്ങളിലായി നീണ്ടുനിന്ന ഹൃദയ പരിശോധന ക്യാമ്പിൽ 700 ഓളം പേർ പങ്കെടുത്തു.

ലോകഹൃദയാരോഗ്യത്തിന്റെ ഭാഗമായി പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച കൂട്ടനടത്തം പരിപാടി നിംസിൽ സമാപിച്ചു. കൂട്ടനടത്തത്തിന് നേതൃത്വം നൽകിയ ഡിവൈ. എസ്.പി ഹരികുമാറിനെ നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ എം.എസ്. ഫൈസൽഖാൻ സ്വീകരിച്ചു.



പട്ടം എസ്.യു.ടി ആശുപത്രി സംഘടിപ്പിച്ച കൂട്ടയോട്ടത്തിൽ വിജയികളായവർക്ക് ഡെപ്യൂട്ടി മേയർ രാഖി രവികുമാർ സമ്മാനം നൽകുന്നു

# എസ്.യു.ടിയിൽ ഹൃദയദിനാചരണം

തിരുവനന്തപുരം : ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി പട്ടം എസ്.യു.ടി ആശുപത്രി കൂട്ടയോട്ടം സംഘടിപ്പിച്ചു. ഡെപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാർ ഫ്ലാഗ് ഓഫ് ചെയ്തു.

ഗായകൻ ജി. വേണുഗോപാൽ, കൗൺസിലർ രമ്യാ രമേഷ്, സൈനിക് സ്കൂൾ പ്രിൻസിപ്പൽ കേണൽ റാവത്ത്, സി.ആർ.പി.എഫ് ഡെപ്യൂട്ടി കമാന്റന്റ് അജിത്, സ്പെഷ്യൽ ആംഡ് പൊലീസ് ഓഫീസർ ഇൻ കമാൻഡന്റ് ജോയിക്കുട്ടി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

40ന് മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ കഴക്കൂട്ടം സൈനിക സ്കൂളിൽ നിന്നുള്ള കേണൽ റാവത്ത് വിജയിയായി. ഐ.എസ്.ആർ.ഒയിൽ നിന്നുള്ള സന്തോഷ് കുമാറിനാണ് രണ്ടാം സ്ഥാനം.

40ന് താഴെ പ്രായമുള്ളവരുടെ വിഭാഗത്തിൽ കഴക്കൂട്ടം സൈനിക സ്കൂളിൽ നിന്നുള്ള കേഡറ്റ് സമീർ ഒന്നാമതെത്തി. ശിവസാഗർ രണ്ടാം സ്ഥാനത്തിന് അർഹനായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ അനിദാസ്, അഞ്ജലി അനിൽകുമാർ എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

തുടർന്ന് കാർഡിയോളജി സീനിയർ കൺസൾട്ടന്റ് ഡോ. രാജലക്ഷ്മി ബോധവത്കരണ ക്ലാസെടുത്തു. 2500പേർ കൂട്ടയോട്ടത്തിൽ പങ്കെടുത്തു.

ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി, ഇന്റിപെൻഡന്റ് ഡയറക്ടർ രാമകൃഷ്ണൻ, പ്രിൻസിപ്പൽ കൺസൾട്ടന്റ് ഡോ. കെ. പി. പൗലോസ്, കാർഡിയോവാസ്കുലാർ സർജൻ ഡോ. ഉണ്ണികൃഷ്ണൻ എം, കാർഡിയോളജിസ്റ്റുമാരായ ഡോ. അനൂപ് കുമാർ, ഡോ. രാജലക്ഷ്മി, മെഡിക്കൽ സൂപ്രണ്ട് ഡോ. അനൂപ് ചന്ദ്രൻ പൊതുവാൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഒന്നാംചരമവാർഷികം
(30.09.2018)



കെ. കമലാസനൻ
(Rtd. Chief Store Keeper, KSEB)
കുന്നിൽവീട്, അടയമൺ പി.ഒ.,
കിളിമാനൂർ. 04702648652
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
സന്തപ്ത കുടുംബാംഗങ്ങൾ


BIG SAVINGS ON SUNDAYS!
SFS HOMES TRUSTED TO DELIVER
Call us today to visit ready to move in apartments in the city and near Technopark.
99470 11111
www.sfshomes.com





Kaumudy TV - Channel Position Numbers

| Videocon | Airtel | Tata Sky | ZING | | DEN | Siti | ACV |
|---|---|---|---|---|---|---|---|
| 613 | 839 | 1845 | 713 | 35 | 612 | 108 | 116 |

For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.tv www.youtube.com/kaumudy Contact - 9946103729



ഇനി 4 ദിവസം കൂടി മാത്രം
HOME FURNITURE & CONSUMER FAIR
28 സെപ്റ്റംബർ – 3 ഒക്ടോബർ 2018, ശ്രീമൂലം ക്ലബ് (Fully A/C), തിരുവനന്തപുരം




RENOVATE..
REDECORATE..
REFURNISH..!
EXCHANGE YOUR OLD FURNITURE WITH NEW ONE..!
*Conditions apply



Living | Bedroom | Dining | Wardrobe | Appliances | Garments | Fashion Jewellry | Home Products

ENTRY ₹20/- (ശനി, ഞായർ പൊതു അവധി ദിവസം ഒഴികെ) ഈ പത്രക്കട്ടിങ്ങുമായി വരുന്ന ഒരാൾക്ക് പ്രവേശനം സൗജന്യം (4 മണിവരെ)
BAJAJ FINSERV | HDFC BANK
UP TO 15 LAKHS* LOAN ON FURNITURE
· FAST APPROVAL · NO PROCESSING FEES
· NO DOWN PAYMENT · EMI-UP TO 24 MONTHS
TURNKEY EVENTS Key to success | Event by | i deal Ads & Events Ideas for Life
72000 15149
80156 77889

| ഓഹരി വിപണി | | | |
|---|---|---|---|
| 97.03 | ↓ | സെൻസെക്സ് | 36227.14 |
| 47.1 | ↓ | നിഫ്ടി | 10930.45 |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,760 |
| ഒരു ഗ്രാം | 2845 |

# സിയാൽ ഓഹരിയുടമകൾക്ക് 25 ശതമാനം ലാഭവിഹിതം

▶ സ്വന്തം ലേഖിക

കൊച്ചി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സിയാൽ) ഓഹരിയുടമകൾക്ക് 2017-18 വർഷം 25 ശതമാനം ലാഭവിഹിതം നൽകാനുള്ള ഡയറക്ടർ ബോർഡിന്റെ ശുപാർശ കൊച്ചിയിൽ ചേർന്ന വാർഷിക പൊതുയോഗം അംഗീകരിച്ചു. ഇതോടെ 2003-04 മുതൽ ഓഹരിയുടമകൾക്ക് സിയാൽ നൽകുന്ന ലാഭവിഹിതം 228 ശതമാനമായി. 19,000ഓളം ഓഹരിയുടമകളുണ്ട് സിയാലിന്.

കഴിഞ്ഞവർഷം 13.57 ശതമാനം വർദ്ധനയോടെ 553.42 കോടി രൂപയുടെ മൊത്തവരുമാനമാണ് സിയാൽ നേടിയത്. 387.93 കോടി രൂപയാണ് പ്രവർത്തനലാഭം. കേരളത്തിന്റെ പുനരുദ്ധാരണത്തിനായി ലാഭവിഹിതത്തിന്റെ ഒരുഭാഗം നൽകാൻ അദ്ധ്യക്ഷത വഹിച്ച സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് സിയാൽ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളമായ 2.9 കോടി രൂപ സിയാൽ സ്റ്റാഫ്, ഓഫീസേഴ്സ് സംഘടനാ പ്രതിനിധികൾ മുഖ്യമന്ത്രിക്ക് കൈമാറി. സിയാലിന് ലഭിച്ച യു.എൻ ഉന്നത പരിസ്ഥിതി ബഹുമതിയായ 'ചാമ്പ്യൻ ഒഫ് എർത്ത്' ട്രോഫി മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

സിയാൽ ഡയറക്ടർമാരായ മന്ത്രി ടി.എം. തോമസ് ഐസക്, മാത്യു ടി. തോമസ്, വി.എസ്. സുനിൽകുമാർ, മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യൻ, ഡയറക്ടർമാരായ കെ. റോയ് പോൾ, എ.കെ. രമണി, എം.എ. യൂസഫലി, സി. വി. ജേക്കബ്, എൻ.വി. ജോർജ്, ഇ.എം. ബാബു, കമ്പനി സെക്രട്ടറി സജി കെ. ജോർജ്, സി.എഫ്.ഒ സുനിൽ ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.





*സിയാലിന് ലഭിച്ച യു.എൻ ഉന്നത പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഒഫ് ദി എർത്ത്' ട്രോഫി കൊച്ചിയിൽ ചേർന്ന സിയാൽ വാർഷിക പൊതുയോഗത്തിൽ സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയന് മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യൻ സമർപ്പിക്കുന്നു. ഡയറക്ടർമാരും മന്ത്രിമാരുമായ വി.എസ്. സുനിൽകുമാർ, മാത്യു ടി. തോമസ്, തോമസ് ഐസക്, ഡയറക്ടർ എം.എ. യൂസഫലി എന്നിവർ സമീപം*

## വെള്ളപ്പൊക്കം നേരിടാൻ മാസ്റ്റർപ്ലാൻ

വെള്ളപ്പൊക്കത്തിന്റെ പ്രത്യാഘാതം കുറയ്ക്കാൻ സമഗ്ര മാസ്റ്റർ പ്ലാൻ സിയാൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കിറ്റ്കോ, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണിത്. ആഗോള പരിചയസമ്പത്തുള്ള ഡച്ച് എൻജിനീയർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കെ.പി.എം.ജിയുടെ സേവനവും ലഭ്യമാക്കും.

## വികസന പദ്ധതികൾ

- നവീകരിക്കുന്ന ആഭ്യന്തര ടെർമിനൽ ഡിസംബറിൽ പ്രവർത്തനം തുടങ്ങും
- ഡിസംബറോടെ സൗരോർജ്ജ പ്ലാന്റിന്റെ ശേഷി 40 മെഗാവാട്ടാക്കും
- ഉപകമ്പനിയായ സി.ഐ.എ.എസ്.എൽ സ്ഥാപിച്ച വിമാന അറ്റകുറ്റപ്പണി കേന്ദ്രം നടപ്പുവർഷം തുറക്കും. 200ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും
- കോവളം മുതൽ കാസർകോട് ബേക്കൽ വരെയുള്ള ജലപാത വികസനത്തിനായി സർക്കാരിന്റെയും സിയാലിന്റെയും സംയുക്ത കമ്പനി




*മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എക്സ്പോർട്ട് ക്രെഡിറ്റ് ആൻഡ് ഗ്യാരന്റി കോർപറേഷൻ നൽകിയ ഒരു കോടി രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് ചീഫ് മാനേജിംഗ് ഡയറക്ടർ ഗീത മുരളീധർ കൈമാറുന്നു. കൊല്ലം ശാഖ മാനേജർ കാമേശ്വര റാവു, പി.എസ്.കെ. കുമാർ എന്നിവർ സമീപം*

## വി-ഗാർഡ് സ്റ്റബിലൈസേഴ്സിന് സൂപ്പർ ബ്രാൻഡ് ബഹുമതി

കൊച്ചി: വി-ഗാർഡ് വോൾട്ടേജ് സ്റ്റബിലൈസേഴ്സിന് സൂപ്പർ ബ്രാൻഡ്സ് കൗൺസിലിന്റെ 'സൂപ്പർ ബ്രാൻഡ്' ബഹുമതി. ഇന്ത്യയിലെ ഏറ്റവും സവിശേഷമായ ബ്രാൻഡായും വി-ഗാർഡ് സ്റ്റബിലൈസേഴ്സ് തിരഞ്ഞെടുക്കപ്പെട്ടു. പത്തിൽ 7.14 മാർക്ക് നേടിയാണ് ഈ നേട്ടം വി-ഗാർഡ് സ്വന്തമാക്കിയത്.

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ മുൻ കേന്ദ്ര വാണിജ്യകാര്യ സെക്രട്ടറി രാജീവ് ഖേർ, സൂപ്പർ ബ്രാൻഡ്സ് ഡയറക്ടർ ഗീതാഞ്ജലി ആനന്ദ് എന്നിവരിൽ നിന്ന് ബ്രാൻഡ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വൈസ് പ്രസിഡന്റ് നന്ദഗോപാൽ നായർ ബഹുമതി ഏറ്റുവാങ്ങി. നീതി ആയോഗ് സി.ഇ.ഒ അമിതാഭ് കാന്ത് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.



*വി-ഗാർഡ് സ്റ്റബിലൈസേഴ്സിന് ലഭിച്ച സൂപ്പർ ബ്രാൻഡ് ബഹുമതി ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ മുൻ കേന്ദ്ര വാണിജ്യകാര്യ സെക്രട്ടറി രാജീവ് ഖേർ, സൂപ്പർ ബ്രാൻഡ്സ് ഡയറക്ടർ ഗീതാഞ്ജലി ആനന്ദ് എന്നിവരിൽ നിന്ന് ബ്രാൻഡ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വൈസ് പ്രസിഡന്റ് നന്ദഗോപാൽ നായർ ഏറ്റുവാങ്ങുന്നു.*

## 'കേരള ഓൺ വീൽസുമായി' കെ.ടി.ഡി.സി

കൊച്ചി: കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് യാത്രാതടസമില്ലാതെ, കേരളത്തിന്റെ ഭംഗി ആസ്വദിക്കാൻ സഹായിക്കുന്ന 'കേരള ഓൺ വീൽസ്' പദ്ധതിക്ക് കെ.ടി.ഡി.സി തുടക്കമിട്ടു.

കേരള ട്രാവൽ മാർട്ടിനോട് അനുബന്ധിച്ച് കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാറാണ് പദ്ധതിക്ക് തുടക്കമിട്ടത്. ഇന്റർസൈറ്റ് ടൂർസ് ആൻഡ് ട്രാവൽസുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുക. കെ.ടി.ഡി.സിക്ക് കീഴിൽ വരുന്ന ടൂറിസം കേന്ദ്രങ്ങളാണ് പദ്ധതിയിലുണ്ടാവുക. മിതമായ നിരക്കിൽ രണ്ടുതരം ആഡംബര പാക്കേജുകളാണ് പദ്ധതിയിലുള്ളത്. കൊച്ചി, മൂന്നാർ, തേക്കടി, കുമരകം/ആലപ്പുഴ എന്നിവിടങ്ങളാണ് ആദ്യ പാക്കേജിൽ.

രണ്ടാംപാക്കേജിൽ കൊച്ചി, മൂന്നാർ, തേക്കടി, കുമരകം/ആലപ്പുഴ, കോവളം എന്നിവയാണുള്ളത്. ചടങ്ങിൽ ടൂറിസം ഡയറക്ടർ പി. ബാലകിരൺ, ഇന്റർസൈറ്റ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എബ്രഹാം ജോർജ്, കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ ആർ. രാഹുൽ തുടങ്ങിയവർ പങ്കെടുത്തു.

KERALA TRAVEL MART

## ഡ്രീംവേൾഡ് ഇന്നുമുതൽ തുറന്ന് പ്രവർത്തിക്കും

കൊച്ചി: ഇക്കോ ഫ്രണ്ട്‌ലിയായ വൈവിദ്ധ്യപൂർണ ഫൺറൈഡുകളുടെ നിരകളുമായി ഡ്രീം വേൾഡ് വാട്ടർ പാർക്ക് ഇന്നുമുതൽ തുറന്നു പ്രവർത്തിക്കും. രാവിലെ 10.30 മുതൽ വൈകിട്ട് ആറുവരെയാണ് പ്രവർത്തനസമയം.

പരിസ്ഥിതി സംരക്ഷണം, മാനേജ്മെന്റ്, ഹെൽത്ത് ആൻഡ് സേഫ്റ്റി വിഭാഗങ്ങളിൽ ഐ.എസ്.ഒ., ഒ.എച്ച്.എസ്.എ.എസ്., കേരള ടൂറിസം സർട്ടിഫിക്കേഷൻ എന്നിവ നേടിയിട്ടുള്ള ഡ്രീംവേൾഡ്, മികച്ച സുരക്ഷയാണ് സന്ദർശകർക്കായി ഒരുക്കിയിരിക്കുന്നത്.

ജലശുദ്ധി ഉറപ്പാക്കിയ വാട്ടർ റൈഡുകൾക്ക് പുറമേ, കഴിഞ്ഞവർഷം ആരംഭിച്ച അഞ്ച് പുതിയ റൈഡുകൾ, ഏവർക്കും വിസ്മയമേകുന്ന മാക്സ് ഡി തിയേറ്റർ, ഡ്രീം റെയിൻ ഡാൻസ് എന്നിവ സന്ദർശകർക്ക് ആവേശമാകും. 137 സെന്റീമീറ്റർ വരെ ഉയരമുള്ള കുട്ടികൾക്കും 65 വയസിനുമേൽ പ്രായമുള്ളവർക്കും 600 രൂപയാണ് ജി.എസ്.ടി ഉൾപ്പെടുന്ന ടിക്കറ്റ് നിരക്ക്. മുതിർന്നവർക്ക് ഫീസ് 700 രൂപ.

മുതിർന്നവർക്കും കുട്ടികൾക്കും ഇഷ്ടപ്പെട്ടുന്ന ജംഗിൾ വേൾഡ്, ഹൊറർ വേൾഡ്, ദിനോസർ വേൾഡ്, സ്നോ വേൾഡ് എന്നീ റൈഡുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണെന്ന് മാനേജിംഗ് ഡയറക്ടർ എൻ.എ. സണ്ണി, മാനേജർ രജീഷ് നമ്പൂതിരി എന്നിവർ പറഞ്ഞു.



*ബാങ്ക് ഒഫ് ഇന്ത്യ പെൻഷണേഴ്സ് ആൻഡ് റിട്ടൈറീസ് അസോസിയേഷൻ ഭാരവാഹികൾ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.*

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 72.54 | 72.45 |
| യൂറോ | 84.02 | 83.93 |
| പൗണ്ട് | 94.65 | 94.54 |
| സ്വിസ് ഫ്രാങ്ക് | 74.22 | 74.12 |
| സിംഗപ്പൂർ ഡോളർ | 53.02 | 52.94 |
| ആസ്ട്രേലിയ ഡോളർ | 52.32 | 52.26 |
| കനേഡിയൻ | 55.74 | 55.66 |
| ബഹ്റിൻ ദിനാർ | 192.20 | |
| കുവൈറ്റ് ദിനാർ | 238.90 | |
| ഒമാനി റിയാൽ | 188.27 | |
| സൗദി റിയാൽ | 19.32 | |
| യു. എ. ഇ. ദിർഹം | 19.73 | |
| ഖത്തർ റിയാൽ | 19.90 | |

## കമ്പോളനിലവാരം

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,900 |
| വെളിച്ചെണ്ണ | 15,000 |
| കൊപ്ര | 10,010-10,200 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2200 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 38,100 |
| കുരുമുളക് പുതിയത് | 36,600 |
| കുരുമുളക് ചേറ്റിയത് | 40,100 |
| ചുക്ക് മീഡിയം | 17,000 |
| ചുക്ക് ബെസ്റ്റ് | 18,000 |
| മഞ്ഞൾ | ഇല്ല |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 200-225 |
| തൊണ്ടില്ലാത്തത് | 400-425 |
| ജാതിപത്രി | 550-650 |
| ഗ്രാമ്പു | 740 |
| പാംഓയിൽ | 6970 |
| **പൈനാപ്പിൾ** | |
| പച്ച | 31.00 |
| പച്ച (സ്പെഷ്യൽ) | 32.00 |
| പഴം | 40.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 11,900-12,400 |
| ഒട്ടുപാൽ | 8500 |
| ലാറ്റക്സ് | 9800 |

### കോട്ടയം

കമ്പോളനിലവാരം
വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 124.50 |
| ആർ.എസ്.എസ്5 | 120.50 |
| തരംതിരിക്കാത്തത് | 107.50 |
| | 108.00 |
| ഒട്ടുപാൽ | 75.00 |

| റബർ ബോർഡ് | |
|---|---|
| ആർ.എസ്.എസ്4 | 12850 |
| ആർ.എസ്.എസ്5 | 12450 |
| തരംതിരിക്കാത്തത് | 11600 |
| ഒട്ടുപാൽ | 10145 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10786 |
| ആർ.എസ്.എസ്2 | 10652 |
| ആർ.എസ്.എസ്3 | 10529 |
| ആർ.എസ്.എസ്4 | 10462 |
| ആർ.എസ്.എസ്5 | 10361 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 9742 |
| | (133.90) |
| 60% ലാറ്റക്സ് | 7369(101.30) |
| വെളിച്ചെണ്ണ | 186.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 127.00 |

### കണ്ണൂർ

| | |
|---|---|
| കൊപ്ര ക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |

### ആലപ്പുഴ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,000 |
| വെളിച്ചെണ്ണ | 15,900 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |

### തൃശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 15800 |
| തയ്യാർ | 14800 |
| കൊപ്ര | 10000 |
| തേങ്ങാപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 2950 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3100 |
| **കാംകോ** | |
| പുതിയത് | 4000-5000 |
| രണ്ടാംതരം | 1000-2000 |
| **അടയ്ക്ക പഴഞ്ഞി** | |
| പുതിയത് | 4500-5000 |
| രണ്ടാംതരം | 2500-3500 |

### നെടുമങ്ങാട്

കമ്പോള നിലവാരം

| | |
|---|---|
| കുരുമുളക് | 300 (കിലോ) |
| കൊട്ടപ്പാക്ക് | 170 (,,) |
| റബ്ബർ | 110(,,) |
| ഒട്ടുപാൽ | 75(,,) |
| ജാതിക്ക | 120(,,) |
| ജാതി പരിപ്പ് | 250(,,) |
| ജാതി പത്രി | 500(,,) |
| ഗ്രാമ്പു | 500 (,,) |
| കാപ്പി പരിപ്പ് | 95(,,) |
| കൊക്കോ | 12 (,,) |
| തേങ്ങ | 38(,,) |
| കശുവണ്ടി | 50 (,,) |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 22,760 |
| ഒരുഗ്രാം | 2845 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ശാസ്ത്രകൗമുദി

### 30 കഴിഞ്ഞാൽ വേണം ഹൃദയപരിശോധന



ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിൽ 30 വയസിന് ശേഷമുള്ള സവിശേഷ ശ്രദ്ധ പരമപ്രധാനമാണ്. പ്രത്യേക പ്രശ്നങ്ങളൊന്നുമില്ലെങ്കിലും 30 വയസ് കഴിഞ്ഞവർ എല്ലാ വർഷവും ഹൃദയ പരിശോധനകൾ നടത്തണം.

അമിതവണ്ണം, പ്രമേഹം എന്നിവ ഹൃദയാരോഗ്യത്തിന് വിരുദ്ധമാണ്. പ്രമേഹരോഗികൾ രോഗം നിയന്ത്രണവിധേയമാക്കി നിറുത്താൻ ശ്രദ്ധിക്കണം. പൊക്കത്തിന് അനുസരിച്ച് തൂക്കം നിയന്ത്രണവിധേയമാക്കാൻ പരമാവധി ശ്രമിക്കുക. വ്യായാമം, ധ്യാനം, യോഗ എന്നിവ ഹൃദയത്തെ സംരക്ഷിക്കും. ഹൃദയാരോഗ്യത്തിൽ വ്യായാമത്തിനെന്നപോലെ ഭക്ഷണത്തിനും പരമപ്രധാനമായ പങ്കാണുള്ളത്. ഹൃദയാരോഗ്യത്തിന്റെ ശത്രുവാണ് കൊളസ്ട്രോൾ. അതിനാൽ കൊഴുപ്പ് കൂടിയ ഭക്ഷണം നിർബന്ധമായും ഒഴിവാക്കണം. എണ്ണയുടെ ഉപയോഗം പരമാവധി കുറയ്ക്കുക. നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കുക.

മദ്യത്തിന്റെ ഉപയോഗം ഹൃദയത്തിന്റെ ആരോഗ്യത്തിന് ഗുണകരമല്ല. പുകവലി പൂർണമായും ഉപേക്ഷിക്കണം എന്നാണ് ഹൃദ്രോഗ വിദഗ്ദ്ധരുടെ നിർദേശം.

## കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്വയംവരം
8.30 ന്യൂസ് ട്രാക്ക്
9.00 ഡേ വിത്ത് എ സ്റ്റാർ
10.35 സ്നേക്ക് മാസ്റ്റർ
11.35 ബിസിനസ് ന്യൂസ്
12.00 ജി.ഐ.ടി.ഡി സ്പോൺസേഡ്
12.35 നേർക്കണ്ണ്
1.00 സാൾട്ട് ആൻഡ് പെപ്പർ
1.35 പുതിയ പാട്ട്
2.35 ഒരുമയോടെ കേരളം
5.35 സീക്രട്ട് ഫയൽസ്
6.35 സ്ട്രെയ്റ്റ് ലൈൻ
7.35 ഓ മൈ ഗോഡ്
8.00 സ്വയംവരം
8.35 ഡേ വിത്ത് എ സ്റ്റാർ
10.00 നേർക്കണ്ണ്




### ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

### ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

### ഏഷ്യാനെറ്റ്

8.00 സിനിമാ ഡയറി
12.00 ബിഗ് ബോസ്
1.00 ബഡായി ബംഗ്ലാവ്
9.00 ബിഗ് ബോസ്

### ന്യൂസ്

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 മാർക്കറ്റ് വാച്ച്
2.30 മണി ടൈം

### ഏഷ്യാനെറ്റ് പ്ലസ്

7.30 ഇന്നത്തെ പാട്ടുകൾ
9.00 ഹിറ്റ്സ് ഓഫ് കോമഡി സ്റ്റാർസ്
8.30 ഷാപ്പിലെ കറിയും നാവിലെ രുചിയും
4.30 കോമഡി ടൈം

### ANIMAL PLANET

07:00 pm Lone Star Law
08:00 Lone Star Law
10:00 Lone Star Law
11.00 North West Law
1.00 North West Law
2.00 North Woods Law
3.00 North Woods Law
4.00 North Woods Law
5.00 North Woods Law
6.00 North Woods Law
8.00 North Woods Law
11.00 North Woods Law

### സിനിമ

**ഏഷ്യാനെറ്റ് hd:** 9.00 ആക്ഷൻ ഹീറോ ബിജു
**ഏഷ്യാനെറ്റ് മൂവീസ്:** 7.00 കടൽ കടന്നൊരു മാത്തുക്കുട്ടി
9.00 മൈ ഡിയർ കുട്ടിച്ചാത്തൻ
11.00 നമ്പർ 20 മദ്രാസ് മെയിൽ 1.00 ഊഴം
**ഏഷ്യാനെറ്റ്:** 9.00 ആക്ഷൻ ഹീറോ ബിജു
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 ഉദാഹരണം സുജാത
4.30 കഥ പറയുമ്പോൾ 8.00 മായാമോഹിനി
**എസിവി:** 10.30 സേതുരാമയ്യർ സി.ബി.ഐ
2.00 ചന്ദ്രനുദിക്കുന്ന ദിക്കിൽ 9.30 കളിവീട്
**റോസ്ബൗൾ:** 2.00 റാംജി ലണ്ടൻവാലേ
**ജൂക്ക്ബോക്സ്:** 6.30 ആമേൻ
**കൈരളി:** 9.00 തുറുപ്പുഗുലാൻ 1.15 ജില്ല 5.30
**വി:** 12.30 തൊമ്മനും മക്കളും 9.00 കളക്ടർ
**സൂര്യ:** 1.00 മിരുതൻ 3.30 ജിലേബി 5.30 ഗുലേബാ ഗാവലി

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 സെപ്തംബർ 30 ഞായർ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
സ്വാർത്ഥ താത്പര്യം വെടിയും. പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കും. ജാമ്യം നിൽക്കരുത്.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
സുതാര്യതയുള്ള സമീപനം. ബന്ധുക്കളുമായി സ്നേഹബന്ധം. ഗൃഹം മോടിപിടിപ്പിക്കും.

**മിഥുനം:** *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ഉത്സാഹിച്ച് പ്രവർത്തിക്കും. സാമ്പത്തിക സുരക്ഷയ്ക്ക് പ്രാധാന്യം. തൊഴിൽ പുരോഗതി.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
പുതിയ തലമുറയിൽ അനൈക്യം. കാര്യങ്ങൾക്ക് വ്യതിചലനം. ഉപരിപഠനം പൂർത്തിയാക്കും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
എല്ലാ മേഖലയിലും വിജയം. കാര്യങ്ങൾ അന്വേഷിച്ചറിയും. ഉദ്യോഗത്തിന് യോഗം.

**കന്നി:** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
പുതിയ തൊഴിലവസരം. പ്രശ്നങ്ങളെ ലളിതമായി പരിഹരിക്കും. ആത്മവിശ്വാസം വർദ്ധിക്കും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
വിമർശനങ്ങളെ അവഗണിക്കും. സ്വതന്ത്രമായ കർമ്മമേഖല. വ്യക്തിത്വ വികാസത്തിന് തയ്യാറാകും.

**വൃശ്ചികം:** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
എതിർപ്പുകളെ അതിജീവിക്കും. പ്രവർത്തനശൈലിക്ക് അംഗീകാരം. മത്സരങ്ങളിൽ വിജയം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
പ്രവർത്തനമേഖലയിൽ മാറ്റം. ആത്മാഭിമാനം കൂട്ടും. പണം നിക്ഷേപിക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം - ആദ്യപകുതി).*
ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. ആത്മവിശ്വാസം വർദ്ധിക്കും. ആസൂത്രിത പദ്ധതികളിൽ വിജയം.

**കുംഭം:** *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ന്യായമായ ആവശ്യങ്ങൾ നടപ്പാക്കും. മേലധികാരികളോട് ആദരവ്. അപാകതകൾ പരിഹരിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
സൽകീർത്തി ഉണ്ടാകും. ആഗ്രഹങ്ങൾ സാധിക്കും. ഈശ്വരാനുഗ്രഹം അനുഭവപ്പെടും.

- ഗോപകുമാർ ശർമ്മ



## ഇറാൻ എണ്ണയ്ക്ക് ഇന്ത്യ ബദൽ തേടണം: യുഎസ്

ന്യൂയോർക്ക്: ഇറാനുമേലുള്ള അമേരിക്കൻ ഉപരോധം നവംബർ നാല് മുതൽ ശക്തമാക്കാനിരിക്കെ എണ്ണ ഇറക്കുമതിക്ക് ഇന്ത്യ മറ്റു രാജ്യങ്ങളെ ആശ്രയിക്കണമെന്ന് ട്രംപ് ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥൻ അറിയിച്ചു. എങ്കിൽ മാത്രമേ ഉപരോധം തങ്ങളുടെ സുഹൃത്തായ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാതിരിക്കൂ എന്നും അദ്ദേഹം പറഞ്ഞു. നവംബർ നാല് മുതൽ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി പൂർണമായും ഒഴിവാക്കണമെന്ന് പ്രതീക്ഷിച്ചാണ് അമേരിക്ക ഉപരോധം ശക്തിപ്പെടുത്തുന്നത്.



## മിന്നലാക്രമണം: തിരഞ്ഞെടുപ്പ് തട്ടിപ്പെന്ന് കോൺ.

ന്യൂഡൽഹി: സർജിക്കൽ ആക്രമണത്തിന്റെ ഒന്നാം വാർഷികത്തിൽ വലിയ ചടങ്ങുകളൊന്നും സംഘടിപ്പിക്കാതിരുന്ന കേന്ദ്ര സർക്കാർ രണ്ടാം വാർഷികം ആഘോഷിക്കുന്നത് തിരഞ്ഞെടുപ്പ് നീക്കങ്ങൾ കണ്ടാണെന്ന് കോൺഗ്രസ് ആരോപിച്ചു. സൈന്യത്തെ രാഷ്ട്രീയ നേട്ടത്തിനായി ഉപയോഗിക്കുകയാണ്. തങ്ങളുടെ ഭരണകാലത്തും സർജിക്കൽ ആക്രമണം നടത്തിയിട്ടുണ്ട്. അത് ആഘോഷിച്ചിട്ടില്ലെന്നും കോൺഗ്രസ് വക്താവ് പ്രൊഫ. ഗൗരവ് വല്ലഭ് പറഞ്ഞു.



## ഇന്ത്യൻ പ്രതീക്ഷകൾ ക്ലാസ്മുറികളിൽ: പ്രധാനമന്ത്രി

ന്യൂഡൽഹി: ക്ലാസ് മുറികളിൽ നിലനിൽക്കുന്ന വിജ്ഞാനം ഇന്ത്യയുടെ വികസനത്തിന് മുതൽക്കൂട്ടാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. ഡൽഹിയിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം സംഘടിപ്പിച്ച അക്കാഡമിക് ലീഡർഷിപ്പ് ഓൺ എജ്യൂക്കേഷൻ ഫോർ റിസർജൻസ് എന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ക്ലാസ്മുറികളെ ഇന്ത്യയുടെ പ്രതീക്ഷകളുമായി ബന്ധിപ്പിക്കണം. അതിലൂടെ വികസനം സാദ്ധ്യമാകണം. രാജ്യം നേരിടുന്ന വെല്ലുവിളികൾക്കുള്ള പരിഹാരം സർവകലാശാലകളിലും കോളേജുകളിലും നിന്നുണ്ടാകണം. ഇന്ന് ഒരു രാജ്യത്തിനും ഒരു പൗരനും ഒറ്റയ്ക്ക് മുന്നോട്ടു നീങ്ങാനാകില്ലെന്നും ആഗോള തലത്തിലേക്കുള്ള വിശാലമായ കാഴ്ചപ്പാടുകൾ അനിവാര്യമാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

ഗവേഷണങ്ങളിലൂടെ പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കാനാണ് സർക്കാർ റൈസ് പദ്ധതി ആവിഷ്കരിച്ചെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി പ്രകാശ് ജാവദേക്കറും സംസാരിച്ചു. 350ഓളം സർവ്വകലാശാലാ വൈസ് ചാൻസലർമാരും ഡയറക്ടർമാരും പങ്കെടുത്തു.

## ഇന്ത്യയുമായി ചർച്ചയ്ക്ക് എപ്പോഴും തയാർ: പാകിസ്ഥാൻ

ന്യൂയോർക്ക്: ഇന്ത്യയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഇപ്പോഴും തയ്യാറാണെന്ന് പാക് വിദേശകാര്യ മന്ത്രി ഷാ മഹ്മൂദ് ഖുറേഷി വ്യക്തമാക്കി. വിദേശകാര്യമന്ത്രി സുഷമ സ്വരാജ് സാർക് മന്ത്രിമാരുടെ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയ സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു ഖുറേഷി. സുഷമ സ്വരാജിനെ മ്ലാനതയോടെയാണ് യോഗത്തിൽ കണ്ടത്. അവർ വളരെ ആശങ്കപ്പെട്ടിരുന്നു. തങ്ങൾ പരസ്പരം ചിരിക്കണമായിരുന്നെന്നും ഖുറേഷി പറഞ്ഞു.

ഇറങ്ങിപ്പോകുമ്പോൾ സുഷമ സ്വരാജ് സമ്മർദ്ദത്തിലായിരുന്നു. മാദ്ധ്യമങ്ങളോടുപോലും പ്രതികരിക്കാൻ തയാറായില്ല. തനിക്ക് ഒരു പ്രശ്നവുമില്ലെന്നും ഖുറേഷി പറഞ്ഞു. ന്യൂയോർക്കിൽ യു.എൻ പൊതുസഭയുടെ ഭാഗമായി നടന്ന സാർക് മന്ത്രിമാരുടെ യോഗത്തിൽ ഖുറേഷിയുടെ പ്രസംഗത്തിനു മുൻപായി സുഷമ സ്വരാജ് ഇറങ്ങിപ്പോയിരുന്നു.

### യു.എൻ പൊതുസഭയിൽ ഇന്ത്യ

# ഭീകരത പാകിസ്ഥാന്റെ നയം: സുഷമ സ്വരാജ്

യുണൈറ്റഡ് നേഷൻസ്: ഭീകരതയോടുള്ള പ്രതിബദ്ധത രാജ്യത്തിന്റെ ഔദ്യോഗിക നയമായി കൊണ്ടുനടക്കുന്ന പാകിസ്ഥാന്റെ നിലപാട് മാറ്റമില്ലാതെ തുടരുകയാണെന്ന് വിദേശകാര്യമന്ത്രി സുഷമ സ്വരാജ് പറഞ്ഞു. ഇന്ത്യ നേരിടുന്ന പ്രധാന ഭീകരവാദ വെല്ലുവിളി അയൽപക്കത്തു നിന്നാണെന്നും ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി സമ്മേളനത്തെ അഭിസംബോധന ചെയ്യവെ സുഷമ സ്വരാജ് ആഞ്ഞടിച്ചു. ഏറ്റവും വലിയ ഭീകരവാദത്തിന്റെ ഇരയാണ് ഇന്ത്യയെന്നും അയൽവാസിയായ പാകിസ്ഥാനാണ് ഇതിനു പിന്നിലെന്നും സുഷമ സ്വരാജ് പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം, ഭീകരവാദം എന്നീ വിഷയങ്ങളാണ് ജനറൽ അസംബ്ലിയിൽ സുഷമ സ്വരാജ് സംസാരിച്ചത്.

ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളാണ് കാലാവസ്ഥാ വ്യതിയാനവും ഭീകരവാദവും. ന്യൂയോർക്കിലെ 9/11 ഭീകരാക്രമണവും 26/11 മുംബയ് ഭീകരാക്രമണവും ലോക സമാധാനത്തിനേറ്റ കനത്ത തിരിച്ചടിയാണ്. ഇന്ത്യ ഏറെക്കാലമായി അതിന്റെ ഇരയാണെന്നും സുഷമ സ്വരാജ് പറഞ്ഞു.

കഴിഞ്ഞവർഷം ഇന്ത്യയിലെ മനുഷ്യാവകാശ ലംഘനങ്ങളെന്ന് ചൂണ്ടിക്കാട്ടി പാക് പ്രതിനിധി ചില ചിത്രങ്ങൾ യു.എന്നിൽ ഉയർത്തിക്കാട്ടി. എന്നാൽ അത് മറ്റൊരു രാജ്യത്തിൽ നിന്നുള്ള ചിത്രങ്ങളായിരുന്നു. ഇത്തരം വ്യാജവിശദീകരണങ്ങളാണ് അവർ ഇപ്പോഴും നൽകുന്നതെന്നും സുഷമ സ്വരാജ് ചൂണ്ടിക്കാട്ടി.

ഞങ്ങളുടെ അയൽ രാജ്യം ഭീകരത വ്യാപിപ്പിക്കുന്നതിൽ മാത്രമല്ല വിദഗ്ദ്ധർ. തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ നിരസിക്കാനും മിടുക്കരാണ്. അതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണ് ഒസാമ ബിൻ ലാദനെ പാകിസ്ഥാനിൽ കണ്ടെത്തിയത്. പാകിസ്ഥാനിൽ ഭീകരത ആഘോഷിക്കപ്പെടുകയാണെന്നും സുഷമ സ്വരാജ് ചൂണ്ടിക്കാട്ടി. ഐക്യരാഷ്ട്ര സഭയിൽ നവീകരണം ആവശ്യമാണെന്നകാര്യം ഉൾക്കൊള്ളണമെന്നും അത് ഇന്നുമുതൽ ആരംഭിക്കണമെന്നും സുഷമ സ്വരാജ് കൂട്ടിച്ചേർത്തു.



> ഇമ്രാൻ ഖാനുമായുള്ള ന്യൂയോർക്കിലെ ചർച്ചയ്ക്ക് ഇന്ത്യ സമ്മതിച്ചിരുന്നു. എന്നാൽ മണിക്കൂറുകൾക്കകം കാശ്മീരിൽ മൂന്ന് പൊലീസുകാർ കൊല്ലപ്പെട്ടു. ഇതോടെ പാകിസ്ഥാന്റെ നിറം വെളിപ്പെടുകയും അവർ ഒറ്റപ്പെടുകയും ചെയ്തു. ഇന്ത്യ ലോകത്തെയാകെ ഒരു കുടുംബമായാണ് കാണുന്നത്. ഐക്യരാഷ്ട്ര സഭയും ഒരു കുടുംബമായി പ്രവർത്തിക്കണം. വിട്ടുവീഴ്ചകളിലൂടെയാണ് ഒരു കുടുംബം മുന്നോട്ടുപോകുന്നത്. കലഹത്തിലൂടെയല്ല. ഇവിടെ എന്റേത് എനിക്ക് എന്ന് പറയാൻ സാധിക്കില്ല. ഇവിടെ നമ്മൾ മാത്രമേ ഉള്ളൂ.
>
> -സുഷമ സ്വരാജ്

*സുഷമ സ്വരാജ് ഐക്യരാഷ്ട്രസഭയിൽ സംസാരിക്കുന്നു*

## ഹിന്ദു മുൻ ചീഫ് എഡിറ്റർ എൻ.രവി പി.ടി.ഐ ചെയർമാൻ



ന്യൂഡൽഹി: ഹിന്ദു ദിനപത്രത്തിന്റെ മുൻ എഡിറ്റർ ഇൻ ചീഫും ഇപ്പോഴത്തെ പ്രസാധകനുമായ എൻ.രവിയെ ന്യൂസ് ഏജൻസിയായ പ്രസ് ട്രസ്റ്റ് ഒഫ് ഇന്ത്യയുടെ ചെയർമാനായി തിരഞ്ഞെടുത്തു. പഞ്ചാബ് കേസരി ഗ്രൂപ്പ് ഒഫ് ന്യൂസ്പേപ്പേഴ്സിന്റെ ചീഫ് എഡിറ്റർ വിജയ്കുമാർ ചോപ്രയെ വൈസ് ചെയർമാനായി തിരഞ്ഞെടുത്തു.

സ്ഥാനമൊഴിയുന്ന എക്സ്പ്രസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിവെക് ഗോയങ്കയുടെ പിൻഗാമിയായാണ് എൻ.രവിയെ തിരഞ്ഞെടുത്തത്.

പി.ടി.ഐ ഡയറക്ടർ ബോർഡ് മീറ്റിംഗിലായിരുന്നു തിരഞ്ഞെടുപ്പ്.

ഭാരതീയ വിദ്യാഭവൻ ചെന്നൈ കേന്ദ്രം, ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യ ചാപ്റ്റർ എന്നിവയുടെ ചെയർമാനാണ് എൻ.രവി. എഡിറ്റേഴ്സ് ഗിൽഡിന്റെ മുൻ പ്രസിഡന്റായിരുന്നു.

## ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പണ്ഡിറ്റ് തുളസീദാസ് അന്തരിച്ചു



മുംബയ്: ഹിന്ദുസ്ഥാനി സംഗീതജ്ഞനും ഹാർമോണിസ്റ്റുമായിരുന്ന പണ്ഡിറ്റ് തുളസീദാസ് ബോർക്കർ (83) അന്തരിച്ചു.

ഇന്നലെ രാവിലെ മുംബയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഗോവയിലെ ബോറിമിലായിരുന്നു ബോർക്കറുടെ ജനനം. അമ്മ ജയശ്രീ ബോർക്കറായിരുന്നു സംഗീതത്തിൽ ആദ്യ ഗുരു.

2005ൽ കേന്ദ്ര സംഗീത നാടക അക്കാഡമി അവാർഡ് നേടിയ തുളസീദാസ് ബോർക്കറെ 2016ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തും നിരവധി കച്ചേരികൾ നടത്തിയിട്ടുണ്ട്.

## റാഫേൽ: ഒലാന്തിനെ വിമർശിച്ച് നിർമ്മല സീതാരാമൻ



ന്യൂഡൽഹി: മുൻ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻഷ്വ ഒലാന്തിനെതിരെ രൂക്ഷവിമർശനവുമായി പ്രതിരോധ മന്ത്രി നിർമല സീതാരാമൻ രംഗത്ത്.

ഒലാന്തിന്റെ സഹായി അനധികൃതമായി പണം സമ്പാദിച്ചുവെന്ന ആരോപണങ്ങൾക്കിടെയാണ് റാഫേലിൽ അദ്ദേഹം അവകാശവാദങ്ങൾ ഉന്നയിക്കുന്നതെന്ന് നിർമ്മല സീതാരാമൻ പറഞ്ഞു. ചെന്നൈയിലെ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാഡമിയിൽ മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു പ്രതിരോധ മന്ത്രി.

മുൻ ഫ്രഞ്ച് പ്രസിഡന്റിന്റെ സഹായിക്ക് ചില ഇടപാടുകൾക്കായി പണം ലഭിച്ചുവെന്ന് ആരോപണങ്ങളുണ്ട്. അത് ശരിയോ തെറ്റോ എന്ന് വ്യക്തമല്ല. പക്ഷേ, ഇത്തരം സാഹചര്യത്തിലാണ് അദ്ദേഹം ഇങ്ങനെ പറയുന്നത്, മന്ത്രി പറഞ്ഞു. റാഫേൽ ഇടപാടിൽ റിലയൻസ് ഗ്രൂപ്പിനെ പങ്കാളിയാക്കാൻ കേന്ദ്ര സർക്കാരാണ് നിർദ്ദേശിച്ചത് എന്ന ഒലാന്തിന്റെ പ്രസ്താവന വിവാദമായിരുന്നു. റാഫേൽ ഇടപാടിനെ സംബന്ധിച്ച് ആഗസ്റ്റ് 30ന് കോൺഗ്രസ് അദ്ധ്യക്ഷൻ ഇട്ട ട്വീറ്റിനെ നിർമ്മല സീതാരാമൻ കളിയാക്കി. ഒലാന്തിന്റെ പ്രവൃത്തികൾ രാഹുൽഗാന്ധി കൃത്യമായി പ്രവചിച്ചുവെന്നും അത് വളരെ രസകരമായിരിക്കുന്നുവെന്നുമായിരുന്നു നിർമ്മല പറഞ്ഞത്.



*ഇൻഡോനേഷ്യയിൽ കഴിഞ്ഞദിവസമുണ്ടായ ഭൂകമ്പത്തിൽ തകർന്ന കെട്ടിടം*

# പട്രോളിംഗ് വാഹനത്തിൽ കാറിടിച്ചു; യുവാവിനെ പൊലീസ് വെടിവച്ചുകൊന്നു

ലക്നൗ: പൊലീസ് പട്രോളിംഗ് വാഹനത്തിൽ കാറിടിച്ചെന്നാരോപിച്ച് എസ്.യു.വിക്കുനേരെ പൊലീസ് നടത്തിയ വെടിവയ്പിൽ യുവാവ് മരിച്ചു. മൾട്ടിനാഷണൽ കമ്പനിയിൽ അസിസ്റ്റന്റ് സെയിൽസ് മാനേജർ ആയിരുന്ന വിവേക് തിവാരിയാണ് യു.പി പൊലീസിന്റെ വെടിയേറ്റ് മരിച്ചത്. സംഭവത്തിൽ കോൺസ്റ്റബിൾമാരായ പ്രശാന്ത് ചൗധരിക്കും സന്ദീപ് കുമാറിനുമെതിരെ സഹയാത്രികയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കൊലക്കുറ്റത്തിന് കേസെടുത്തു.

ഉത്തർപ്രദേശിലെ ഗോമതി നഗർ എക്സ്റ്റെൻഷൻ ഏരിയയിൽ ഇന്നലെ രാത്രിയാണ് സംഭവം. സഹപ്രവർത്തകയായ സന ഖാനെ വീട്ടിൽ കൊണ്ടുവിടാനായി പുലർച്ചെ 1.30 ഓടെ എസ്.യു.വിയിൽ പോകവെ വിവേക് തിവാരിയോട് വാഹനം നിറുത്താൻ പട്രോളിംഗിലായിരുന്ന പൊലീസ് ഉദ്യോഗസ്ഥരായ പ്രശാന്തും സന്ദീപും ആവശ്യപ്പെട്ടു.

നിറുത്താതെ പോയ കാർ സംശയാസ്പദമായ നിലയിൽ നിറുത്തി. ലൈറ്റുകൾ ഓഫ് ചെയ്ത നിലയിലായിരുന്നു. തങ്ങൾ കാറിനടുത്ത് എത്തിയപ്പോഴേക്കും കാർ സ്റ്റാർട്ട് ചെയ്ത് മുന്നോട്ടെടുത്തു. തങ്ങളുടെ ബൈക്കിൽ ഇടിക്കുകയും വീണ്ടും ഇടിക്കാൻ ശ്രമിക്കുകയും ചെയ്തു. പുറത്തേക്കു വരാൻ ആവശ്യപ്പെട്ടതോടെ മൂന്നാമതും കാർ പിന്നോട്ടെടുത്ത് ബൈക്കിൽ ശക്തിയായി ഇടിച്ചു. ഇതോടെ സ്വയരക്ഷയ്ക്ക് വെടിയുതിർക്കുകയായിരുന്നു എന്നാണ് കോൺസ്റ്റബിൾ പ്രശാന്തിന്റെ വിശദീകരണം.

എന്നാൽ പൊലീസ് കാരണങ്ങളേതുമില്ലാതെ തങ്ങളോട് വണ്ടി നിറുത്താൻ ആവശ്യപ്പെട്ടെന്നും ആളൊഴിഞ്ഞ സ്ഥലത്ത് നിറുത്തുന്നത് പന്തിയല്ലെന്ന് തോന്നിയതിനാലാണ് തങ്ങൾ കാർ മുന്നോട്ടെടുത്ത് അല്പം മാറി വണ്ടി നിറുത്തിയതെന്നും ഉടൻ വെടിവയ്ക്കുകയായിരുന്നെന്നും സഹയാത്രിക സന ഖാൻ മൊഴി നൽകി. കൊലപാതകം മറയ്ക്കാനാണ് പൊലീസ് ശ്രമമെന്ന് വിവേക് തിവാരിയുടെ ബന്ധുക്കൾ ആരോപിച്ചു.



*വിവേക് തിവാരി (ഇടത്), വെടിവയ്പിൽ തകർന്ന കാർ (വലത്)*

## സാഹിത്യത്തെ ഒഴിവാക്കി, നോബൽ സമ്മാനങ്ങൾ നാളെ മുതൽ

സ്റ്റോക്ക്ഹോം: കഴിഞ്ഞ എഴുപതു വർഷത്തെ നോബൽ സമ്മാന ചരിത്രത്തിൽ ആദ്യമായി സാഹിത്യത്തെ മാറ്റിനിറുത്തി ഈ വർഷത്തെ നോബൽ പുരസ്കാരങ്ങൾ നാളെ മുതൽ പ്രഖ്യാപിക്കും. ഒക്ടോബർ 1 മുതൽ 8 വരെയാണ് പ്രഖ്യാപനം. (ഒക്ടോ. :വൈദ്യശാസ്ത്രം, ഒക്ടോ.2: ഊർജതന്ത്രം, ഒക്ടോ.3: രസതന്ത്രം, ഒക്ടോ.5: സമാധാനം, ഒക്ടോ.8: സാമ്പത്തികശാസ്ത്രം)

സ്വീഡിഷ് അക്കാഡമിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്റ്റോക്ക്ഹോം സാംസ്കാരിക ഫോറം പ്രവർത്തകനായ അർനൗൾട്ടിനുനേരെ മീടൂ കാമ്പെയിനിന്റെ ഭാഗമായി ഉയർന്നുവന്ന ലൈംഗികാരോപണത്തെ തുടർന്നാണ് ഈ വർഷം സാഹിത്യ നോബൽ ഒഴിവാക്കാൻ അക്കാഡമി തീരുമാനിച്ചത്. പകരം അടുത്ത വർഷം ഈ വർഷത്തെ വിജയിയെ കൂടി പ്രഖ്യാപിക്കുമെന്നും അക്കാഡമി അറിയിച്ചിരുന്നു. ആരോപണത്തെ തുടർന്ന് അക്കാഡമിയിൽ നിന്ന് രാജിവച്ച അംഗങ്ങളുടെ സ്ഥാനത്തേക്ക് പുതിയ ആളുകളെ കൊണ്ടുവരുന്നതടക്കമുള്ള കാലതാമസം ചൂണ്ടിക്കാട്ടിയായിരുന്നു തീരുമാനം.

അക്കാഡമിയുടെ ആദ്യ സ്ഥിരം വനിതാ സെക്രട്ടറിയായ സാറയും ലൈംഗികാരോപണ വിവാദത്തെ തുടർന്ന് ഏപ്രിലിൽ രാജിവച്ചിരുന്നു. 1909ൽ ആരംഭിച്ച നോബൽ സമ്മാനവിതരണ ചടങ്ങിൽ ലോകമഹായുദ്ധ കാലത്തെ ചില വർഷങ്ങളിൽ സാഹിത്യ നോബൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.


### നോട്ടീസ്

കൊല്ലം കരുനാഗപ്പള്ളി താലൂക്കിൽ ആലപ്പാട് വില്ലേജിൽ വിളാകത്ത് നാഗേന്ദ്രൻ മകൻ വി.എൻ. റോയി ബോദ്ധ്യപ്പെടുത്തുന്ന അറിയിപ്പ്.

രണ്ടായിരത്തിഎട്ടാം വർഷം ജൂൺ 23-ാം തീയതി തിരുവനന്തപുരം മലയിൻകീഴ് സബ് രജിസ്ട്രാറിൽ 3567/08 നമ്പരായി ഞാൻ വിലയ്ക്കുവാങ്ങിയ SyNo 172/2-21-2.5, 3.72 ആർ വസ്തുവിന്റെ ഒറിജിനൽ ആധാരം എന്റെ പക്കൽ നിന്ന് കൈമോശം വന്നു. ടി വസ്തുവിനെ ഞാൻ വിൽക്കുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ടി ആധാരം കിട്ടിയവർ 9447774019 എന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടണമെന്നും എന്തെങ്കിലും തർക്കമോ പരാതിയോ ഉള്ളവർ 7 ദിവസത്തിനകം Adv. Dr. Sreekantan Nair, Chanakya Law Chambers, VSR Plaza, East Sreekanteswaram, Fort P.O, Trivandrum - 695 023. Mobile : 7012114409 ൽ രേഖാമൂലം പരാതി ബോധിപ്പിക്കണമെന്നും അറിയിച്ചുകൊള്ളുന്നു.

വി.എൻ. റോയി



### ബഹുമാനപ്പെട്ട തിരുവനന്തപുരം മുൻസിഫ് കോടതി I മുമ്പാകെ O.S.2268/2014

വാദി :State Bank of India, **Chirayinkeezhu Branch,** Thiruvananthapuram, represented by its Chief Manager, Retail Assets Central Processing Centre (RACPC) LMS Compound, Palayam, Thiruvananthapuram

പ്രതികൾ: 1) **Mr.Nandu.S.Kannan**, S/o. S.Kannan, aged 24 years, Brindavan, Kodunganoor.P.O., Kulasekharam, Thiruvananthapuram, 2) **S.Kannan**, aged 52 years, Brindavan, Kodunganoor.P.O., Kulasekharam, Thiruvananthapuram.

ടി നമ്പർ കേസിൽ 1 ഉം 2 ഉം പ്രതികളെ തെര്യപ്പെടുത്തുന്ന നോട്ടീസ്

ടി നമ്പർ കേസിൽ 1 ഉം 2 ഉം പ്രതികൾ വാദി ബാങ്കിൽ നിന്നും ലോൺ എടുത്ത വകയിൽ 1 ഉം 2 ഉം പ്രതികളിൽ നിന്നും 7,07,512.86 രൂപയും ആയതിന്റെ പലിശയും ഈടാക്കി കിട്ടുന്നതിന് വാദി ബോധിപ്പിച്ച ടി നമ്പർ അന്യായം **04.10.2018**-ാം തീയതി വിചാരണ വച്ചിരിക്കുന്നതും അന്നേ ദിവസം പകൽ 11.00 മണിയ്ക്ക് താങ്കളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ഏജന്റോ ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ ടി നമ്പർ കേസ് തീർച്ച ചെയ്യുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഉത്തരവിൻപ്രകാരം

**മൺവിള റ്റി.എം.ശ്രീകുമാർ അഡ്വക്കേറ്റ്**



### വർക്കല മുൻസിഫ് കോടതി മുൻപാകെ 2018 സിവിൽ 367

മാമ്പഴമൂല ശ്രീ മഹാഗണപതിക്ഷേത്രം മുതൽ പേർ 13 : **വാദികൾ**

ഗോപിനാഥൻ ആശാരി മു. പേർ 22 : **പ്രതികൾ.**

സകലമാനപേരെയും തെര്യപ്പെടുത്തുന്നത്.

അയിരൂർ വില്ലേജിൽ ടി ദേശത്ത് കായൽപ്പുറം മാമ്പഴമൂല വീട്ടിൽ പത്മനാഭനാശാരി തന്റെ വക വസ്തുവിൽ സ്ഥാപിച്ച് തുടർന്ന് ടിയാന്റെ മക്കളും ചെറുമക്കളും മറ്റുമടങ്ങുന്ന പിൻതലമുറക്കാർ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾ യോജിച്ചും സഹകരിച്ചും പരിപാലിച്ച് വികസിപ്പിച്ച് നോക്കി നടത്തിവരുന്ന ഒന്നാം വാദി മാമ്പഴമൂല ശ്രീ മഹാഗണപതി ക്ഷേത്രത്തെയും ആയതിന്റെ സ്വത്തുവകകളെയും സുഗമമായ നിലയിൽ നോക്കി നടത്തുന്നതിനുതകുന്നതും പത്മനാഭനാശാരിയുടെ പിൻതലമുറക്കാരായ മുഴുവൻ കുടുംബാംഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കത്തക്കവിധം ഒരു ഭരണസംവിധാനം (സ്കീം) രൂപീകരിച്ചുകിട്ടുന്നതിനും ഒന്നാം പ്രതിയും മറ്റും ചേർന്നെഴുതിപ്പിടിപ്പിച്ചിട്ടുള്ള 12.11.2015-ലെ വർക്കല എസ്.ആർ.ഒ വക IV/202-ാം നമ്പർ കൃത്രിമ ട്രസ്റ്റാധാരം ക്ഷേത്രത്തെയോ സ്വത്തുവകകളെയോ കുടുംബാംഗങ്ങളെയോ ബന്ധിക്കുന്നതല്ലെന്ന് കണ്ടും ശാശ്വത നിരോധന വിധിക്കും മറ്റുമായി ബോധിപ്പിച്ചിരിക്കുന്ന മേൽ നമ്പർ അന്യായത്തിന്മേൽ അനുകൂലമായോ പ്രതികൂലമായോ ആർക്കെങ്കിലും എന്തെങ്കിലും ബോധിപ്പിക്കാനുള്ള പക്ഷം കേസിന്റെ വിചാരണ ദിവസമായ 06.10.18 രാവിലെ 11 മണിക്ക് നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റോ അഡ്വക്കേറ്റോ മുഖാന്തരം കോടതി മുൻപാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും അല്ലാത്തപക്ഷം മേൽനമ്പർ കേസ് ഇതര കക്ഷികൾ കോടതി മുൻപാകെ ബോദ്ധ്യപ്പെടുത്തുന്ന തെളിവുകളുടെയും വാദമുഖങ്ങളുടെയും അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്നതായിരിക്കുമെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

**മുൻസിഫ്, വർക്കല.** **ഉത്തരവിൻപ്രകാരം,**

**(ഒപ്പ്) എൻ. സ്മാർട്ട്, വാദികൾഭാഗം അഡ്വക്കേറ്റ്.**



### അറിയിപ്പ്

മുട്ടത്തറ വില്ലേജിൽ സർവ്വേ 2615/70-21 ൽപ്പെട്ട 07 സെന്റ് സ്ഥലം സൗജന്യ പതിവ് നിമിത്തം എന്റെ പിതാവ് അബ്ദുൽ അസീസ് (Late) TC 40/811 പരുത്തിക്കുഴി പുതുവൽ വീട്, മണക്കാട് പി.ഒ. സിദ്ധിക്കുകയും വീട് പണിത് കുടുംബമായി താമസിക്കുകയും മുട്ടത്തറ വില്ലേജിൽ 6462-ാം നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കി വരികയും ചെയ്യുകയുണ്ടായി. ടി സ്ഥലത്തിന്റെ പട്ടയം കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൽ ഈട് വയ്ക്കുകയും അവിടെനിന്നും ആയത് തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെടുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ ടി സ്ഥലം പിന്തുടർച്ചാ പോക്കുവരവ് ചെയ്യുന്നതിനും മറ്റ് ക്രയവിക്രയങ്ങൾ നടത്തുന്നതിലും ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ മുട്ടത്തറ വില്ലേജ് ഓഫീസറെയോ 9745010069 എന്ന നമ്പരിലോ 10 ദിവസത്തിനകം അറിയിക്കാൻ താല്പര്യപ്പെടുന്നു.

എന്ന്, മുജീബ് റഹ്മാൻ



### ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2350, അണിയൂർ, ചെമ്പഴന്തി പി.ഒ.

### ക്വൊട്ടേഷൻ ക്ഷണിക്കുന്നു

ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്കിന്റെ പുല്ലാന്നിവിള ബ്രാഞ്ചിനുവേണ്ടി സ്ട്രോംഗ് റൂം, കൗണ്ടർ, പാർട്ടീഷ്യൻ മറ്റ് അനുബന്ധ പണികൾ എന്നിവയ്ക്കായി ക്വൊട്ടേഷൻ ക്ഷണിക്കുന്നു. ക്വൊട്ടേഷനുകൾ 8.10.2018 തിങ്കളാഴ്ച വൈകിട്ട് 4 മണിക്കുമുമ്പ് ലഭിച്ചിരിക്കേണ്ടതാണ്. ക്വൊട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

അണിയൂർ,
29.9.2018.

പി.എസ്. മിനി
സെക്രട്ടറി



### തിരുവനന്തപുരം നഗരസഭ

No. DB/62983/08 (37) തീയതി : 29.09.2018

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി താഴെ പറയുന്ന പ്ലാൻ ഫണ്ട് പ്രവൃത്തികൾ അടിയന്തരമായി ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്ന് ഇ-ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| സോണൽ ഓഫീസിന്റെ പേര് | ആകെ പ്രവൃത്തികളുടെ എണ്ണം | പ്രസിദ്ധീകരിക്കുന്ന തീയതി | സ്വീകരിക്കുന്ന അവസാന തീയതി | തുറന്നു പരിശോധിക്കുന്ന തീയതി |
|---|---|---|---|---|
| AEE, Nemom | 16 | 27.09.2018 | 05.10.2018 | 10.10.2018 |

ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് (https://etenders.kerala.gov.in) വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

സൂപ്രണ്ടിംഗ് എൻജിനീയർ.



### SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്

RACPC, ചൈൽഡ് വെൽഫയർ കോംപ്ലക്സ്, LMS കോമ്പൗണ്ട്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033

### സ്ഥാവരസ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ്

(For Immovable Property) (Rule 8 (1)

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം **ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ** അധികാരപ്പെട്ട ഓഫീസറായ ഞാൻ ടി ആക്ടിന്റെ സെക്ഷൻ 13 (2) ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ന്റെ റൂൾ 3 ഉം പ്രകാരം സിദ്ധിച്ച അധികാരപ്രകാരം താഴെ പറയുന്ന വ്യക്തികൾക്ക് നോട്ടീസ് അയച്ചിരുന്നു. നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം നോട്ടീസ് പ്രകാരമുള്ള തുകയും പലിശയും മറ്റു ചിലവുകളും സഹിതം ബാങ്കിലേക്ക് അടയ്ക്കണമെന്ന് ടി നോട്ടീസുകളിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ താഴെ പറയുന്ന വ്യക്തികൾ ടി തുക തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയിട്ടുള്ളതിനാൽ താഴെ വിവരിക്കുന്ന വസ്തുവകകൾ ടി ആക്ടിന്റെ സെക്ഷൻ 13(4) ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002, റൂൾ 8 ഉം പ്രകാരം ബാങ്ക് അധികാരപ്പെടുത്തിയ ഓഫീസർ **കൈവശമെടുത്തിരിക്കുന്നതായി താഴെപറയുന്ന വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.**

| ക്ര. നം. | വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും | കുടിശ്ശിക തുക & തീയതി | സ്ഥാവരവസ്തുക്കളുടെ വിവരണം |
|---|---|---|---|
| 1 | പരേതരായ ശ്രീ.വിനോദ്.കെ.ആർ & ശ്രീമതി.ലളിതാംബാൾ എന്നിവർക്കുവേണ്ടി ടിയാളുകളുടെ നിയമപരമായ അവകാശികളായ a)ശ്രീമതി. ലീന വി, b)ശ്രീരാഹുൽ വിനോദ്, c) ശ്രീ.നിഖിൽ വിനോദ്, ശ്രുതി, റ്റി.സി 24/1539, കണ്ണേറ്റുമുക്ക്, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം-14 & ശ്രീ.പ്രമോദ് കെ.ആർ, അക്ഷയ, റ്റി.സി 24/1539 (1), കണ്ണേറ്റുമുക്ക്, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം- 14 | 26.09.2018ലെ നിൽപ്പുതുക Rs.14,54,403/- | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ **തൈയ്ക്കാട് വില്ലേജിൽ സർവ്വെ നം.1280/1-4 ൽ ഉൾപ്പെട്ട ശ്രീമതി. ലളിതാംബാൾ, ശ്രീ.വിനോദ് കെ.ആർ, ശ്രീ.പ്രമോദ് കെ.ആർ** എന്നിവർ പേരിൽ സിദ്ധിച്ച **12 സെന്റ്** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക്: റോഡ്, തെക്ക് : അജയൻ വക വസ്തു, കിഴക്ക് : ഇടറോഡ്, പടിഞ്ഞാറ് : ഇടറോഡ് |
| | ഡിമാന്റ് നോട്ടീസ് തീയതി : 25.06.2018 | കൈവശപ്പെടുത്തൽ തീയതി : 26.09.2018 | |
| 2 | 1) ശ്രീസെന്തിൽ കുമാർ ഡി.എസ് 2) ശ്രീമതി.സരിത എം.ജി, 3) ശ്രീമതി.സരോജ.സി, റ്റി.സി 64/858(2), മണിനാദം, വിഷ്ണുനഗർ, കരുമം പി.ഒ., തിരുവനന്തപുരം | 24.09.2018ലെ നിൽപ്പുതുക Rs.12,00,460/- | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ **നേമം വില്ലേജിൽ റീസർവ്വെ നം.225/12-1 ൽ ഉൾപ്പെട്ട ശ്രീ.സെന്തിൽകുമാർ എം.എസ് & ശ്രീമതി. സരിത എം.ജി** എന്നിവർ പേരിൽ സിദ്ധിച്ച **1.21 ആർസ്** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക്: കൃഷ്ണൻ നായർ വക വസ്തു, തെക്ക് : റോഡ്, കിഴക്ക് : വേലപ്പൻ നായർ വക വസ്തു, പടിഞ്ഞാറ് : ബ്രിജ മോഹൻ വക വസ്തു |
| | ഡിമാന്റ് നോട്ടീസ് തീയതി : 21.06.2018; കൈവശപ്പെടുത്തൽ തീയതി : 24.09.2018 | | |

മുകളിൽ പറയുന്ന വസ്തുക്കളിന്മേൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും ഏതെങ്കിലും വിധ ഇടപാടുകൾ നടത്തുന്നതാകയാൽ അത് **ഭാരതീയ സ്റ്റേറ്റ് ബാങ്കിന്** ഈടാക്കാനുള്ള മേൽപ്പറഞ്ഞ തുകയ്ക്കും പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കുമെന്നുള്ള വിവരം മേൽപ്പറഞ്ഞ വ്യക്തികളേയും പൊതുജനങ്ങളേയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. **ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫെയിസി നിയമത്തിന്റെ വകുപ്പ് 13 (8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.**

സ്ഥലം : തിരുവനന്തപുരം
തീയതി : 26.09.2018

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ


## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**കാരുണ്യ KR 364 നറുക്കെടുപ്പ് ഫലം 29.09.2018**

ഗോർകി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 80 ലക്ഷം രൂപ KA 428135 (എറണാകുളം)**

**സമാശ്വാസ സമ്മാനം 8000 രൂപ**

KB 428135, KC 428135, KD 428135, KE 428135, KG 428135, KH 428135, KJ 428135, KK 428135, KL 428135

**2-ാം സമ്മാനം 10 ലക്ഷം രൂപ** KJ 269250 (പാലക്കാട്)

**3-ാം സമ്മാനം 1 ലക്ഷം രൂപ**

| | | | | |
|---|---|---|---|---|
| KA488771 (കണ്ണൂർ) | KB698131 (തൃശ്ശൂർ) | KC473726 (തിരുവനന്തപുരം) | KD171047 (തിരുവനന്തപുരം) | KE670526 (മലപ്പുറം) |
| KG204008 (തൃശ്ശൂർ) | KH448642 (തൃശ്ശൂർ) | KJ279529 (തൃശ്ശൂർ) | KK513456 (കോട്ടയം) | KL201737 (തൃശ്ശൂർ) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | |
|---|---|---|---|---|---|---|
| 0216 | 0731 | 1049 | 1332 | 1925 | 2492 | 2671 |
| 2794 | 4379 | 5517 | 5858 | 6056 | 8696 | 9225 |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | |
|---|---|---|---|---|---|---|---|
| 0191 | 0536 | 2766 | 4461 | 4946 | 6475 | 8260 | 8562 |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0358 | 0893 | 1273 | 1355 | 1476 | 1935 | 2186 | 3041 | 3868 | 3884 |
| 3925 | 4194 | 4256 | 4496 | 4540 | 4604 | 4764 | 4886 | 5103 | 5483 |
| 5688 | 5869 | 5899 | 6049 | 6711 | 6819 | 6836 | 6907 | 7349 | 7399 |
| 7974 | 8195 | 8446 | 8678 | 8698 | 9222 | 9490 | 9657 | | |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0239 | 0380 | 0513 | 0626 | 0957 | 0993 | 0999 | 1095 | 1111 |
| 1196 | 1399 | 1456 | 1526 | 1640 | 1646 | 1786 | 1795 | 2059 | 2164 |
| 2192 | 2401 | 2939 | 3261 | 3425 | 3494 | 3547 | 3629 | 3635 | 3927 |
| 4022 | 4593 | 4648 | 4701 | 4858 | 4883 | 4972 | 5029 | 5037 | 5120 |
| 5157 | 5880 | 5893 | 5962 | 6057 | 6135 | 6263 | 6327 | 6462 | 6534 |
| 6559 | 6675 | 6724 | 6850 | 6916 | 7034 | 7320 | 7630 | 7655 | 7803 |
| 8052 | 8165 | 8179 | 8380 | 8671 | 8693 | 8919 | 8954 | 9003 | 9039 |
| 9100 | 9139 | 9552 | 9556 | 9869 | | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0089 | 0151 | 0237 | 0404 | 0419 | 0495 | 0560 | 0674 | 0866 | 1060 |
| 1132 | 1319 | 1376 | 1402 | 1470 | 1508 | 1815 | 1871 | 2122 | 2286 |
| 2441 | 2469 | 2509 | 2577 | 2740 | 2755 | 2824 | 2863 | 2911 | 2965 |
| 3054 | 3094 | 3168 | 3236 | 3361 | 3372 | 3410 | 3433 | 3491 | 3569 |
| 3576 | 3914 | 3944 | 4229 | 4301 | 4529 | 4646 | 4976 | 4985 | 5357 |
| 5499 | 5535 | 5614 | 5667 | 5850 | 5863 | 5911 | 6010 | 6076 | 6167 |
| 6264 | 6268 | 6294 | 6335 | 6337 | 6355 | 6394 | 6467 | 6511 | 6623 |
| 6764 | 6914 | 6952 | 7169 | 7192 | 7233 | 7289 | 7299 | 7312 | 7400 |
| 7687 | 7730 | 7979 | 7998 | 8028 | 8061 | 8074 | 8320 | 8345 | 8435 |
| 8438 | 8510 | 8578 | 8626 | 8862 | 8878 | 8880 | 8910 | 8917 | 8969 |
| 9010 | 9240 | 9316 | 9352 | 9463 | 9591 | 9612 | 9622 | 9926 | 9994 |

(ഒപ്പ്) ടി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടേറ്റ് ഒഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത കാരുണ്യ KR 365 നറുക്കെടുപ്പ് 06.10.2018-ന് ഗോർകി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം.


### സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969 - ലെ കേരള സഹകരണ ചട്ടം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്)

നമ്പർ: ഇ(1) 6574/2018/എസ്.സി.ഇ.സി തിരുവനന്തപുരം, 24.09.2018.

1517-ാം നമ്പർ **പഴയകുന്നുമ്മേൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ** പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി **ചിറയിൻകീഴ്** സഹകരണസംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ഇലക്ടറൽ ഓഫീസറായും ടി ഓഫീസിലെ **കിളിമാനൂർ യൂണിറ്റ്** ഇൻസ്പെക്ടറെ വരണാധികാരിയായും നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും പൊതുഅറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

#### തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 12 (പന്ത്രണ്ട്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ :
   - A. ജനറൽ 7 (ഏഴ്)
   - B. 10,000/- രൂപയോ കൂടുതലോ നിക്ഷേപമുള്ള അംഗങ്ങളിൽ നിന്ന് 1 (ഒന്ന്)
   - C. വനിതാ സംവരണം 3 (മൂന്ന്)
   - D. പട്ടികജാതി/പട്ടികവർഗ്ഗ സംവരണം 1 (ഒന്ന്)
   - ആകെ 12 (പന്ത്രണ്ട്)
3. പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും : 01.10.2018 പകൽ 11 മണിക്ക് - സംഘം ഓഫീസ് നോട്ടീസ്ബോർഡിൽ.
4. വോട്ടർപട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ : 01.10.2018 പകൽ 11 മണിമുതൽ 08.10.2018 പകൽ 5 മണി വരെ
5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും : 09.10.2018 പകൽ 11 മണി മുതൽ 1 മണി വരെ - സംഘം ഓഫീസിൽ വച്ച്.
6. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും : 10.10.2018 പകൽ 11 മണിക്ക് - സംഘം ഓഫീസ് നോട്ടീസ്ബോർഡിൽ
7. നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും തീയതിയും സമയവും : 15.10.2018 പകൽ 11 മണിമുതൽ 1 മണിവരെ - സംഘം ഓഫീസിൽ വച്ച്
8. പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയും സമയവും : 16.10.2018 പകൽ 11 മണി മുതൽ -സംഘം ഓഫീസിൽ വച്ച്.
9. പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും സമയവും : 17.10.2018 പകൽ 5 മണി വരെ - സംഘം ഓഫീസിൽ വച്ച്.
10. വോട്ടെടുപ്പ് വേണ്ടിവരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും തീയതിയും സമയവും : **2018 നവംബർ മാസം 4-ാം തീയതി ഞായറാഴ്ച പകൽ 8 മണി മുതൽ 4 മണി വരെ- കിളിമാനൂർ ഗവൺമെന്റ് ടൗൺ യു.പി സ്കൂളിൽ വച്ച്.**

*(പ്രത്യേകശ്രദ്ധയ്ക്ക്: വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)*

**(ഒപ്പ്) എം. വിജയകുമാർ,**
**സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ.**

### പഴയകുന്നുമ്മേൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ : 1517

**കിളിമാനൂർ പി.ഒ, തിരുവനന്തപുരം - 695 601, ഫോൺ : 0470 - 2672363**

### ഭരണസമിതി തെരഞ്ഞെടുപ്പ് പൊതുയോഗ നോട്ടീസ്


മാന്യരേ,

1517-ാം നമ്പർ പഴയകുന്നുമ്മേൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം 2018 നവംബർ മാസം 4-ാം തീയതി ഞായറാഴ്ച പകൽ 8 മണി മുതൽ 4 മണി വരെ കിളിമാനൂർ ഗവൺമെന്റ് ടൗൺ യു.പി സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ എല്ലാ 'എ' ക്ലാസ്സ് അംഗങ്ങളെയും പ്രസ്തുത യോഗത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. ബാങ്കിൽ നിന്ന് തിരിച്ചറിയൽ കാർഡ് വാങ്ങിയിട്ടുള്ളവരിൽ, ബാങ്കിന്റെ ഭേദഗതി ചെയ്ത നിയമാവലി പ്രകാരമുള്ള വർദ്ധിപ്പിച്ച ഓഹരിത്തുകയായ 100/- രൂപ അടച്ച് 'എ' ക്ലാസ്സ് അംഗത്വം നിലനിറുത്താത്തവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. തിരിച്ചറിയൽ കാർഡിന്റെ വിതരണം 01.11.2018 വൈകുന്നേരം 4 മണിക്ക് നിറുത്തിവയ്ക്കുന്നതാണ്. ബാങ്കിൽ നിന്ന് വാങ്ങിയിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൊണ്ടുവരുന്ന 'എ' ക്ലാസ്സ് അംഗങ്ങൾക്ക് മാത്രമേ പ്രസ്തുത യോഗത്തിൽ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ.

ആജ്ഞാനുസരണം,
കിളിമാനൂർ, 30.09.2018. (ഒപ്പ്) സെക്രട്ടറി.

### ഗുരുമാർഗം

**ഇ**നിമേൽ സദാ കർമ്മവാസനകളെ പാടെ ഇല്ലാതാക്കുന്ന ഭഗവത് രൂപം, കോലത്തുകര ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയായ അല്ലയോ ഭഗവാൻ, എനിക്ക് ഓർമ്മിച്ച് കഴിയാൻ അനുഗ്രഹിക്കണം.



www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

രോഹിണി 47 - 30
പഞ്ചമി 02 - 00
ഷഷ്ഠി 57 - 32
1940 ആശ്വിനം 08
1439 മുഹറം 19
1194 കന്നി 14

# യതിപൂജയുടെ ഉദ്ദേശ്യം



## മാനവദർശനം

മുനി നാരായണ പ്രസാദ്

**ഒ**രു സന്ദർശകൻ. ശിവഗിരിയിൽ നിന്നാണ് വരുന്നത്. അവിടെ നടക്കുന്ന യതിപൂജാ സന്നാഹങ്ങൾ കണ്ട് സംതൃപ്തനായാണ് വന്നിരിക്കുന്നത്. അദ്ദേഹം ചോദിക്കുന്നു:

"എന്താണ് ഈ യതിപൂജകൊണ്ട് ഉദ്ദേശിക്കുന്നത്? മഹാജനങ്ങളും സന്യാസിമാരും ചേർന്ന് ഗുരുവിനെ പൂജിക്കുന്നതാണോ?"

"അല്ല. യതിമാരെ പൂജിക്കുന്ന ഒരു ചടങ്ങാണത്."

"എന്തിനാണത്?"

"ഒരു സന്യാസിശ്രേഷ്ഠൻ ബ്രഹ്മലീനനായിത്തീരുമ്പോൾ, അദ്ദേഹത്തിന്റെ അനന്തരഗാമികൾ നിർവഹിക്കുന്ന ഒരു ചടങ്ങാണിത്! യതി എന്നാൽ യമനശീലമുള്ളവൻ. ഇന്ദ്രിയ സംയമനവും മനഃസംയമനവും ഉള്ളവർ അഥവാ ആത്മസംയമനമുള്ളവരാണ് യതികൾ. ത്യാഗവും ജ്ഞാനവും മാത്രമാണ് അവരുടെ സമ്പത്ത്. ബ്രഹ്മലീനനായ യതിവര്യൻ ത്യാഗപാരമ്പര്യത്തിന്റെയും ജ്ഞാനപാരമ്പര്യത്തിന്റെയും മൂർത്തരൂപമായിരുന്നു. ആ പാരമ്പര്യം തങ്ങൾ ഒരു ഊനവും കൂടാതെ തുടർന്നുപോകും എന്ന പ്രതിജ്ഞ അദ്ദേഹത്തിന്റെ അനന്തരഗാമികളായ ശിഷ്യന്മാർ എടുക്കുന്ന ഒരു ചടങ്ങാണ് യതിപൂജ. അവർ പ്രതിജ്ഞാവചകം ചൊല്ലുകയല്ല ചെയ്യുന്നത്. പകരം ത്യാഗധനന്മാരും ജ്ഞാനധനന്മാരുമായ സന്യാസിമാരെ ക്ഷണിച്ചുവരുത്തി അവരെ ഔപചാരികമായി പൂജിക്കുക വഴിയാണ് ആ പ്രതിജ്ഞയെടുക്കുന്നത്.

"സന്യാസിമാർ നിഃസ്വന്മാരാണ്. അവർക്കു പൂജ അർപ്പിച്ചശേഷം വസ്ത്രം, ജലപാത്രം, ആഹാരം കഴിക്കാനുള്ള പാത്രങ്ങൾ, കുട, ചെരുപ്പ് തുടങ്ങിയവ ദക്ഷിണയോടൊപ്പം ഔപചാരികമായി അർപ്പിക്കുകയും അതിനുശേഷം ഭിക്ഷ നൽകുകയും ചെയ്യുന്ന ചടങ്ങാണിത്.

"ഭാരതത്തിന്റെ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ കാവൽഭടന്മാർ നിസ്വന്മാരായ സന്യാസിമാരാണ്. ഈ പാരമ്പര്യം അഭംഗുരം തുടർന്നു പോകേണ്ടതിന്റെ ആവശ്യകത ബ്രഹ്മലീനനായ സന്യാസിവര്യന്റെ ശിഷ്യന്മാർ ഉൾക്കൊള്ളുകയും ആ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ തങ്ങളുടെ ദൃഢവ്രതതത്വം ആത്മസമർപ്പണത്തോടുകൂടി അവരവരോടുതന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്ന അതിപവിത്രവും പ്രതീകാത്മകവുമായ ഒരു ചടങ്ങാണിത്."

# മദ്യം ആകാമെങ്കിൽ നിർമ്മാണശാലയുമാകാം

**മോ**ദി സർക്കാരിന്റെ റാഫേൽ യുദ്ധവിമാന ഇടപാടിൽ വൻ അഴിമതി ആരോപിച്ച് കോൺഗ്രസ് പാർട്ടി രാജ്യവ്യാപകമായി കൊട്ടും പ്രക്ഷോഭത്തിലാണ്. അതുപോലെ കേരളത്തിൽ എൽ.ഡി.എഫ് സർക്കാർ ഏതാനും മദ്യനിർമ്മാണശാലകൾ അനുവദിച്ചതിനു പിന്നിൽ വലിയ തോതിലുള്ള അഴിമതി നടന്നിട്ടുണ്ടെന്ന ആരോപണവുമായി യു.ഡി.എഫ് സംസ്ഥാനത്തൊട്ടാകെ വമ്പൻ പ്രക്ഷോഭത്തിന് ഒരുങ്ങുകയാണ്. മന്ത്രിസഭയിൽ പോലും വയ്ക്കാതെ അതീവ രഹസ്യമായിട്ടാണ് മൂന്ന് ബിയർ നിർമ്മാണ യൂണിറ്റുകൾക്കും ഒരു വിദേശമദ്യ ഉത്പാദന യൂണിറ്റിനും അനുമതി നൽകിയതെന്നാണ് പ്രതിപക്ഷ നേതാക്കളുടെ ആരോപണം. ഇതേക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നും അവർ ആവശ്യപ്പെട്ടുകഴിഞ്ഞു. നിയമസഭയിൽ പ്രഖ്യാപിക്കുകയോ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്യാതെ മദ്യനിർമ്മാണ യൂണിറ്റുകൾ അനുവദിച്ചത് പിടിപ്പത് കോഴ വാങ്ങിയശേഷമാണെന്ന ആരോപണം ഉന്നയിക്കുന്ന യു.ഡി.എഫ് നേതാക്കൾ സമര പരമ്പര തന്നെയാണ് ഇതിന്റെ പേരിൽ നടത്താൻ പോകുന്നത്.

മദ്യനിർമ്മാണ യൂണിറ്റുകൾക്ക് അനുമതി നൽകിയതിന് പിന്നിലെ വീഴ്ചയോ ആരോപിക്കപ്പെടുന്ന അഴിമതിയോ ഒന്നുമല്ല ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. മൂന്ന് ബിയർ ഉത്പാദകശാലകളും ഒരു വിദേശ മദ്യനിർമ്മാണശാലയും സംസ്ഥാനത്ത് പുതുതായി എത്തിയാൽ സംസ്ഥാനത്തിനോ ജനങ്ങൾക്കോ അതുകൊണ്ട് എന്തെങ്കിലും നഷ്ടമോ അരക്ഷിതത്വമോ ഉണ്ടാകുമോ എന്നതാണ് പ്രസക്തമായ ചോദ്യം. മദ്യ ഉപഭോഗത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം മറ്റു പല നിത്യോപയോഗ സാധനങ്ങൾക്കും എന്നപോലെ മദ്യത്തിനായി ആശ്രയിക്കുന്നതും അന്യസംസ്ഥാനങ്ങളെയാണ്. ഇതുവഴി എത്രയോ കോടി രൂപയാണ് മദ്യവിലയായി അയൽനാടുകളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ മദ്യ ഉപഭോഗം പ്രതിവർഷം 12000 കോടി രൂപയ്ക്കടുത്തുവരുമെന്നാണ് ഏറ്റവും ഒടുവിലത്തെ കണക്ക്. ഓരോ വർഷവും ഇത് കൂടുന്നതല്ലാതെ കുറയുന്നില്ല. സംസ്ഥാനത്ത് നിലവിൽ ഏതാനും മദ്യനിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യമായതിന്റെ പത്ത് ശതമാനം പോലും നേരിടാൻ അവയ്ക്ക് ശേഷിയില്ല. കേരളത്തിന് പുറത്തുപ്രവർത്തിക്കുന്ന മദ്യനിർമ്മാണശാലകൾ തങ്ങളുടെ വിവിധയിനം മദ്യങ്ങൾ ഇവിടെ വിറ്റഴിക്കാൻ പ്രയോഗിക്കുന്ന കച്ചവട തന്ത്രങ്ങളെക്കുറിച്ച് ഏവർക്കും അറിവുള്ളതാണ്.

> **വെള്ളംപോലെ മദ്യം ഒഴുകുന്ന നാട്ടിൽ മദ്യനിർമ്മാണ ശാലകളോട് മാത്രം ചതുർത്ഥി തോന്നേണ്ട കാര്യമില്ല. എത്രയോ തൊഴിലവസരങ്ങളാണ് ഇതുവഴി ഉണ്ടാകാൻ പോകുന്നത്. തീരുവ ഇനത്തിൽ സർക്കാരിന് ലഭിക്കാവുന്ന ഭീമമായ വരുമാനം വേറെ. നേരിട്ടും അല്ലാതെയും ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കുമെന്നതാണ് ഏറ്റവും ആകർഷണീയമായ മറ്റൊരു കാര്യം**

വെള്ളംപോലെ മദ്യം ഒഴുകുന്ന നാട്ടിൽ മദ്യനിർമ്മാണശാലകളോട് മാത്രം ചതുർത്ഥി തോന്നേണ്ട കാര്യമില്ല. എത്രയോ തൊഴിലവസരങ്ങളാണ് ഇതുവഴി ഉണ്ടാകാൻ പോകുന്നത്. തീരുവ ഇനത്തിൽ സർക്കാരിന് ലഭിക്കാവുന്ന ഭീമമായ വരുമാനം വേറെ. നേരിട്ടും അല്ലാതെയും ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കുമെന്നതാണ് ഏറ്റവും ആകർഷണീയമായ മറ്റൊരു കാര്യം. ഇതൊക്കെ കിറുകൃത്യമായി മദ്യശാലകൾക്കെതിരെ സമരത്തിനു കോപ്പുകൂട്ടുന്നവർക്കും നന്നായി അറിയാം. കേരളത്തിൽ കൂടുതൽ മദ്യ ഉത്പാദന യൂണിറ്റുകൾ തുടങ്ങിയാൽ തങ്ങളുടെ കച്ചവടം കുറയുമെന്ന് മറ്റിടങ്ങളിലെ മദ്യനിർമ്മാണ കമ്പനികൾക്ക് ആശങ്കയുണ്ടാവുക സ്വാഭാവികമാണ്. എന്ത് വില കൊടുത്തും അത്തരം നീക്കങ്ങൾക്ക് ഇടങ്കോലിടാൻ അവർ ശ്രമിക്കുകയും ചെയ്യും. അതിന് തിരഞ്ഞെടുക്കുന്ന മാർഗങ്ങൾ ഇന്ന രൂപത്തിലുള്ളവയാകുമെന്ന് പറയാനും പ്രയാസമാണ്. പത്തൊൻപതുവർഷമായി സംസ്ഥാനം പിന്തുടരുന്ന പൊതുനയം മാറ്റിമറിച്ചാണ് മദ്യനിർമ്മാണശാലകൾക്ക് എൽ.ഡി.എഫ് സർക്കാർ അനുമതി നൽകിയതെന്നാണ് യു.ഡി.എഫ് നേതൃയോഗം ആക്ഷേപിച്ചത്. ജനങ്ങളുടെ ഭൂരിപക്ഷ പിന്തുണയോടെ അധികാരത്തിലിരിക്കുന്ന ഒരു സർക്കാരിന് തങ്ങൾക്ക് യുക്തമെന്ന് തോന്നുന്ന ഏത് രൂപത്തിലുള്ള നയംമാറ്റത്തിനും അധികാരമുണ്ട്. ഏതാനും ബ്രൂവറികളും ഡിസ്റ്റിലറിയും വന്നുവെന്നുകരുതി ജനങ്ങൾക്ക് ഒരു ചേതവും ഉണ്ടാകാൻ പോകുന്നില്ല.

മദ്യനിർമ്മാണ ശാലകൾ മാത്രമല്ല സംസ്ഥാനത്ത് പുതുതായി ഏത് സംരംഭം വന്നാലും അതിനെതിരെ മുടന്തൻ ന്യായങ്ങളുമായി എത്തി അന്തരീക്ഷം കലുഷമാക്കുന്നത് പൊതു സ്വഭാവമായിക്കഴിഞ്ഞു. കപ്പൽശാലയായാലും തുറമുഖമായാലും വാതക പൈപ്പായാലും ദേശീയ പാത വികസനമായാലും എതിർത്ത് തോല്പിക്കുന്നതിലാണ് സാമർത്ഥ്യം . വാതകപൈപ്പ് ലൈൻ മൂന്നുവർഷം മുമ്പേ തീർന്നിരുന്നുവെങ്കിൽ പ്രതിവർഷം ആയിരം കോടിരൂപ നികുതിയിനത്തിൽ സർക്കാരിൽ വന്നു ചേരുമായിരുന്നു. രാഷ്ട്രീയക്കാർ കൃത്രിമമായി സൃഷ്ടിച്ച ആശങ്ക കാരണമാണ് പുതുവയ്പിലെ ഐ.ഒ.സിയുടെ പാചകവാതക സംഭരണിയുടെ പണി ഇടയ്ക്കുവച്ച് നിലച്ചുപോയത്. വികസനം മുരടിക്കുന്നു എന്ന് ആക്ഷേപിക്കുന്നവർതന്നെ ഏത് വികസന പദ്ധതിക്കെതിരെയും പ്രതിഷേധവുമായി രംഗത്തെത്തുന്നു. ഇത്തരം എണ്ണമറ്റ ഇരട്ടത്താപ്പുകളിലൂടെയാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. മദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ രാഷ്ട്രീയ നേതൃത്വങ്ങൾ കാപട്യം മാറ്റിവച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്.

# വിമാനമെങ്കിൽ വിമാനം

## വാരവിശേഷം

ദ്രോണർ

**നെ**ഞ്ചിന്റെ ആരം, പൈ, വ്യാസം എന്നിവ കണക്കാക്കി നെഞ്ചളവ് എത്രയെന്ന് കൃത്യമായി കണ്ടുപിടിക്കാമെന്ന സൂത്രവാക്യം രാഹുൽമോന് അറിയില്ല. കണക്ക് പഠിക്കാൻ കുറുക്കുവഴികൾ എന്ന പേരിൽ അമിത് ഷാ ജി എഴുതിയ കിത്താബ് വായിച്ച് പഠിക്കാത്തതിന്റെ കുഴപ്പമാണ്. ന.മോ.ജിയുടെ നെഞ്ചളവ് അമ്പത്തിയാറ് ഇഞ്ചാണെന്ന് അറിയാത്ത ഒരു രാജ്യസ്നേഹിയും ഈ ഭൂലോകത്ത് ജീവിച്ചിരിപ്പില്ല. അമിത് ഷാ ജിയുടെ പുസ്തകം വായിച്ച് പഠിച്ചശേഷമാണ് മാലോകരെല്ലാം അത് കണ്ടുപിടിച്ചത്. അറിയാത്ത ചില രാജ്യദ്രോഹികളുണ്ടാവും. അമിത് ഷാ ജി അക്കൂട്ടത്തിൽ രാഹുൽമോനെ ഒരുകാലത്തും പെടുത്തിയിട്ടില്ല. അല്ലറ ചില്ലറ പ്രശ്നങ്ങളുണ്ടെന്നതൊഴിച്ചാൽ രാഹുൽമോന് അജ്ഞാതി കുഴപ്പങ്ങളൊന്നുമില്ലെന്നാണ് ന.മോ.ജി പോലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ലോകസഭയിലെ ആ ആലിംഗനവും കണ്ണിറുക്കിക്കളിയും കണ്ട മാത്രയിൽ തന്നെ ന.മോ.ജി രാഹുൽമോനുള്ള രാജ്യസ്നേഹ സർട്ടിഫിക്കറ്റ് മുൻകാല പ്രാബല്യത്തോടെ ഒപ്പിട്ട് കൊടുത്തെന്നും ആയതിന്റെ പകർപ്പ് അമിതണ്ണന് കൈമാറിയെന്നുമാണ് വിവരം.



അമിത് ഷാ ജിയുടെ കിത്താബിൽ നെഞ്ചളവ് നോക്കി എങ്ങനെ ഹൃദയവിശാലത അളക്കാം എന്ന അദ്ധ്യായത്തിൽ 56 ഇഞ്ചിന്റെ സവിശേഷത പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ട്. 56 ഇഞ്ച് നെഞ്ചളവിൽ മാത്രമേ ലോകത്തിന്നുവരെ ഒരു മനുഷ്യനുമില്ലാത്തത്ര ഹൃദയവിശാലത ഉൾക്കൊള്ളാനാവൂ എന്ന സത്യമായിരുന്നു അത്. കണക്ക് പഠിക്കാനുള്ള കുറുക്കുവഴികളിൽ നെഞ്ചളവ് കണക്കാക്കുന്നതെങ്ങനെ എന്ന അദ്ധ്യായത്തിലെ ഭാഗമാണ് തുടക്കത്തിൽ വിവരിച്ചത്. പണ്ടേ ഇമ്മാതിരി പുസ്തകങ്ങൾ വായിച്ച് പഠിക്കാത്തതിന്റെ കുഴപ്പം രാഹുൽമോന് ഉള്ളത് കൊണ്ട്, ന.മോ.ജിയുടെ ഹൃദയവിശാലത തിരിച്ചറിഞ്ഞിട്ടില്ലാത്ത രാഹുൽമോനെ ഓർത്ത് ആരും കുണ്ഠിതപ്പെട്ടില്ല.

പക്ഷേ അങ്ങനെ കുണ്ഠിതപ്പെടേണ്ടിയിരുന്നു എന്നാണ് നിർമ്മല സീതാരാമൻജി തൊട്ട് ശ്രീധരൻപിള്ളച്ചേട്ടൻ വരെ ഇപ്പോൾ വിചാരിക്കുന്നത്. ഹൃദയവിശാലത ഉൾക്കൊള്ളാനുള്ള കപ്പാസിറ്റി ഉള്ള നെഞ്ച് തിരിച്ചറിയാത്ത മാത്രയിൽ ഏത് വാൽമാക്രിയും രാജ്യദ്രോഹിയായി മാറും. അതുകൊണ്ട് ഏത് രാഹുൽമോനെയും നിസ്സാരനായി കാണാവുന്നതല്ല.

റഫാലെന്നോ മറ്റോ പറഞ്ഞ് കുറച്ച് വിമാനങ്ങൾ ചില്ലറ കൊടുത്ത് വാങ്ങാൻ സദ്ബുദ്ധി തോന്നിയാലും രാജ്യദ്രോഹികൾ കയറെടുക്കുമെന്ന് ന.മോ.ജിക്ക് അറിയാമായിരുന്നു. പക്ഷേ 56 ഇഞ്ച് നെഞ്ചളവ്, അതും ഹൃദയവിശാലതയുടെ കപ്പാസിറ്റിയും തമ്മിലുള്ള ഇക്വേഷൻ എന്നിവ കൃത്യമായി അറിയാവുന്ന രാജ്യസ്നേഹികളുടെ ഹൃദയത്തിൽ നിന്ന് വരിക സന്തോഷത്തിന്റെ ചുടുനിശ്വാസം മാത്രമായിരിക്കും. ഹൃദയവിശാലത കൂടിയാൽ അംബാനി മുതലാളിയെന്നോ അദാനിമുതലാളിയെന്നോ നോട്ടമുണ്ടാവില്ല. സ്നേഹിച്ച് നക്കിക്കൊല്ലില്ലെന്നേയുള്ളൂ. കാൽക്കാശിന് ഗതിയില്ലാതെ ലോട്ടറിവിറ്റ് നടക്കാനൊരുമ്പെട്ട അംബാനി മുതലാളി ന.മോ.ജിയുടെ ഉള്ളത്തിൽ ഒരു നീറ്റലായി കത്തിപ്പടർന്നത് അങ്ങനെയാണ്. അതുകൊണ്ട് വിമാനമെങ്കിൽ വിമാനം, പോയി നന്നാവൂ എന്ന് ന.മോ.ജി നല്ലവാക്ക് പറഞ്ഞെന്ന് മാത്രം. ക്രോണി കാപ്പിറ്റലിസം എന്നെല്ലാം യെച്ചൂരിസഖാവ് പറയുമായിരിക്കും. സഖാവിന് പണ്ടേ ഇമ്മാതിരി പറച്ചിലിലാണല്ലോ താത്പര്യം.

എന്നുവച്ച് രാഹുൽമോൻ ഇതിൽ കേറിപ്പിടിക്കുമെന്ന് കരുതിയതല്ല. രാജ്യദ്രോഹിയായി പതുക്കെപ്പതുക്കെ രാഹുൽമോൻ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നത് ഉത്കണ്ഠയോടെ കണ്ടിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനിപ്പോൾ വഴിയില്ല. വരാനുള്ളത് വഴിയിൽ തങ്ങില്ലല്ലോ. ■

പി.എം.എൻ.വി.വൈ സ്കീം രാജ്യത്ത് നടപ്പാക്കിയതെന്തിനായിരുന്നു സുഹൃത്തുക്കളേ? കോടിക്കണക്കിന് ജനങ്ങൾ ന.മോ.ജിയുടെ അജയ്യഭാരതത്തിലേക്ക് നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽ പെട്ട മാത്രയിലായിരുന്നു അമിത് ഷാ ജിയുടെ ഉള്ളത്തിൽ ഈയൊരു ഐഡിയ ഉദിച്ചത്. വാട്ട് ആൻ ഐഡിയ സർജീ എന്ന് അപ്പോൾ ന.മോ.ജി അറിയാതെ പറഞ്ഞുപോയി!

കോടിക്കണക്കിന് ആളുകൾ ഇങ്ങോട്ട് നുഴഞ്ഞുകയറിയാൽ നമ്മൾ വിട്ടുകൊടുക്കരുത് എന്ന് അമിതണ്ണന് അറിയാം. കോടിക്കണക്കിനൊന്നും ഇല്ലെങ്കിലും ബാങ്കുകൾ കൊടുത്ത കുറേ കോടികളും പോക്കറ്റിലിട്ട് കുഴിയെണ്ണിക്കളിക്കുന്ന കുറച്ചുപേർ നമ്മൾക്കുമുണ്ട്. അവരെ ലണ്ടനിലോട്ടും ആഫ്രിക്കയിലോട്ടും നമുക്കും കടത്തിവിടാം. വേല വേലായുധനോട് വേണ്ട എന്നും പറഞ്ഞാണ് ന.മോ.ജിയും അമിത് ഷാ ജിയും ചേർന്ന് പി.എം.എൻ.വി.വൈ സ്കീം ആവിഷ്കരിച്ചത്. പ്രൈംമിനിസ്റ്റർ നാടുവിടൽ യോജന എന്ന പേര് കേട്ട മാത്രയിലേ ആദ്യത്തെ അപേക്ഷ മല്യാജി വകയായിരുന്നു. മല്യാജിക്ക് അപേക്ഷിക്കാമെങ്കിൽ ന.മോ.ജിയുടെ ഗുജറാത്തികൾക്ക് എന്തുകൊണ്ടായിക്കൂടാ എന്ന് ചിന്തിച്ചാണ് നീരവ് മോദി, മെഹുൽ ചോക്സി, നിതിൻ സന്ദേശര, ചേതൻ സന്ദേശര എന്നിത്യാദി ഘടാഘടിയന്മാർ കൂടി പുതിയ സ്കീമിലേക്ക് അപേക്ഷ നൽകിയത്. അപേക്ഷ പരിശോധിച്ചപ്പോൾ എല്ലാം പെർഫെക്ട്. നുഴഞ്ഞുകയറ്റക്കാരോട് പകരം വീട്ടാൻ ഇതുതന്നെ ഏറ്റവും വലിയ ആയുധം. അങ്ങനെയാണ് പദ്ധതി ഹിറ്റായിക്കൊണ്ടിരിക്കുന്നത്. മല്യാജിയുടെ അപേക്ഷ പരിശോധിച്ച ജെയ്റ്റ്ലിജി അപേക്ഷ വായിച്ച് പരിസരം മറന്നിരുന്ന് പോയത്രെ. പിന്നീട് മല്യാജി തന്നെ പറഞ്ഞപ്പോഴാണ് നാടുവിടും മുമ്പ് പഹയൻ തന്നെ കണ്ടല്ലോയെന്ന് ജെയ്റ്റ്ലിജി ഓർത്തെടുത്തത്!

വിദേശബാങ്കുകളിൽ നിന്ന് പിടിച്ച കള്ളപ്പണത്തിൽ നിന്ന് 15ലക്ഷം വീതം ഓരോരുത്തരുടെയും പോക്കറ്റിലിട്ട്കൊടുത്ത ന.മോ.ജിയോടാണോ കളി എന്നാണ് ഏറ്റവുമൊടുവിൽ നിതിൻ സന്ദേശരയുടെ നൈജീരിയൻ നുഴഞ്ഞുകയറ്റം കൂടി കണ്ടതോടെ നമ്മുടെ കണ്ണന്താനം മന്ത്രി പോലും ചിന്തിച്ച് വശക്കേടാവുന്നത്.

*ഇ-മെയിൽ: dronar.keralakaumudi@gmail.com*

# പ്രളയാനന്തരം ; ചില ചോദ്യങ്ങൾക്ക് ഉത്തരം

▶ ജയറാം ജി.എസ്.

**ഇ**ക്കഴിഞ്ഞ ആഗസ്റ്റിൽ കനത്ത മഴമൂലം കേരളത്തിലുണ്ടായ ദുരന്തത്തിന് ശേഷം നവകേരള നിർമാണവുമായി സർക്കാർ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ, ഉടലെടുത്ത കുറച്ച് ചോദ്യങ്ങളും പരിഹാരങ്ങളും പങ്കിടുന്നു.

## വീടുകൾ

വീട് നിർമ്മാണത്തിൽ സാമ്പത്തിക ശേഷിയുള്ളവർ കൂടുതൽ നിർമാണ വസ്തുക്കൾ ഉപയോഗിക്കുന്നു. തന്മൂലം അവയുടെ ലഭ്യത കുറയുകയും വസ്തുക്കൾക്ക് വില ആനുപാതികമായി കൂടുകയും ചെയ്യുന്നു. ഇതിന്റെ തിക്തഫലം അനുഭവിക്കുന്നതാകട്ടെ പാവപ്പെട്ടവരും.

ഇത് നിയന്ത്രിക്കാൻ രണ്ട് മാർഗങ്ങൾ സ്വീകരിക്കാം : 1. കഴിയും വിധം വീട് നിർമാണത്തിലെ ആഡംബരം കുറയ്ക്കുക. 2 . ആഡംബര വീടുകൾക്ക് ഇപ്പോഴുള്ള തുച്ഛമായ വീട്ടുകരം പതിന്മടങ്ങു വർധിപ്പിക്കുക.

എന്തിനെ ആധാരമാക്കിയാണ് 3000 ചതുരശ്രയടിക്ക് മുകളിൽ മാത്രം ആഡംബര നികുതി? ശരാശരി ഒരു മലയാളിക്ക് വസിക്കാൻ 500 ചതുരശ്രയടി വീട് ധാരാളമല്ലേ? (കേന്ദ്ര ഗവണ്മെന്റ് ഭവന നിർമാണ പ്രൊജെക്ടുകൾ ഒരു കുടുംബത്തിന് 500 ചതുരശ്രയടിയിൽ താഴെ മാത്രമാണ്). അങ്ങനെയെങ്കിൽ നാലുപേരടങ്ങുന്ന ഒരു കുടുംബത്തിന് 2000 ചതുരശ്രയടി ധാരാളമാണ്.

3000 ചതുരശ്ര അടിയിൽ താഴെ ഉള്ള കുടുംബങ്ങൾ ആഡംബര നികുതി അടക്കേണ്ടേ? അങ്ങനെ എങ്കിൽ ആഡംബര നികുതി ഒരു വീടിനു എന്നുള്ളതിന് പകരം ഒരാൾക്ക് 500 ചതുരശ്ര അടി എന്ന് മാറ്റിക്കൂടെ?

നവകേരളനിർമാണം പൂർത്തിയാക്കാൻ അഞ്ച് വർഷം വേണമെന്നാണ് സർക്കാർ പറഞ്ഞിട്ടുള്ളത്. ആ കാലയളവിനുള്ളിൽ ഈ നികുതിപ്പണം സംഭരിച്ചാൽ പുനർനിർമാണത്തിനുള്ള മൂലധന മുതൽക്കൂട്ടാകും കേരളത്തിലെ ആഡംബര വീടുകളുടെ നിർമാണത്തിൽ ആർക്കിടെക്ടിനു തീർച്ചയായും വലിയ പങ്കുണ്ട് . തന്റെ കലാമേന്മ കാണിക്കാനും കൂടുതൽ വരുമാനം ഉണ്ടാക്കാനും ആണ് നല്ലൊരു ശതമാനം ആർക്കിടെക്ടുകളും ഉത്സാഹിക്കുന്നത്. ആ ചിന്താഗതി മാറ്റി വീട് വയ്ക്കാൻ താത്പര്യപ്പെടുന്നവനെ വസ്തുതകൾ പറഞ്ഞു മനസിലാക്കി വീടിന്റെ വലിപ്പവും നിർമാണ സാധനങ്ങളുടെ ഉപഭോഗവും കുറയ്ക്കാൻ ശ്രമിക്കുക. ലാറി ബേക്കറിനെ ഇപ്പോഴെങ്കിലും സ്മരിക്കുക. പാവപ്പെട്ടവനും പണക്കാരനും ഒരേ കാഴ്ചപ്പാടോടു കൂടി പ്രകൃതിയെ അധികം നോവിക്കാതെ അദ്ദേഹം വീടുകൾ നിർമിച്ചു നൽകി.

## മതിലുകൾ

മലയാളി സമൂഹത്തിൽ മാത്രം കണ്ടു വരുന്ന പ്രവണതയാണ് വീടിനു ചുറ്റും നിർമിക്കുന്ന ആഡംബര മതിലുകൾ. രണ്ടുനില വീട് നിർമിക്കാൻ ആവശ്യമായ അടിസ്ഥാനവും അതിനു മുകളിൽ കോൺക്രീറ്റ് ബെൽറ്റും പിന്നെ കൂറ്റൻ മതിലുകളും അതിന് ഭംഗി കൂട്ടാൻ ക്ലാഡിങ് ടൈൽസും മറ്റും. ഈ നിർമാണ വസ്തുവകൾ ഉണ്ടായിരുന്നെങ്കിൽ എത്ര ഭവനരഹിതർക്ക് വീട് വയ്ക്കാമായിരുന്നു. അത് ചെയ്യാതെ ഇരുന്നെങ്കിൽ എത്ര മലകൾ നമുക്ക് നിലനിറുത്താമായിരുന്നു . ഇത് നിയന്ത്രിക്കാനും രണ്ടു മാർഗങ്ങളുണ്ട്.

■ ആഡംബര മതിലുകൾ ഉപേക്ഷിക്കുക . വസ്തുവിന്റെ അതിർ തിരിക്കാൻ ചെടികൾ നട്ടുപിടിപ്പിക്കുകയോ നിർമാണ വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുകയോ ചെയ്യുക.

■ മതിലുകൾക്കു വീട്ടുകരം പോലെ നികുതി ഈടാക്കുക . നവകേരള നിർമാണത്തിന് മൂലധനവും ആകും . കൂറ്റൻ മതിൽക്കെട്ടുകൾ ഇല്ലാതെയാകുമ്പോൾ വെള്ളപ്പൊക്കത്തിൽ മാത്രം പരസ്പരം കാണുന്ന അയൽക്കാർ തമ്മിൽഎന്നും കാണുകയും ആകാം .

## ചെടികളും മരങ്ങളും

എന്താണ് കാലാവസ്ഥാ വ്യതിയാനങ്ങൾക്കു കാരണമാകുന്നത് ? നമ്മുടെയെല്ലാം പറമ്പിൽ ഉണ്ടായിരുന്ന മരങ്ങളെല്ലാം വെട്ടി നശിപ്പിക്കുകയും കെട്ടിടങ്ങൾ കെട്ടിപ്പൊക്കുകയും ചെയ്യുന്നതാണോ നമ്മുടെ കൊച്ചു കേരളത്തിന്റെ പുരോഗതിയുടെ അളവുകോൽ ? നിലവിലുള്ള നിയമപ്രകാരം നിശ്ചിത കവറേജും എഫ് .എ .ആറും അനുസരിച്ചു കെട്ടിയ കെട്ടിടങ്ങൾ മാത്രമാണോ നമ്മുടെ കേരളത്തിലുള്ളത്? വസ്തുവിന്റെ 35 - 40 ശതമാനം സ്ഥലം തുറസായി ഇടണം എന്ന് പറയുമ്പോൾ അവിടെയെല്ലാം കോൺക്രീറ്റ് ഇട്ട് ഒരു പുല്ലു പോലും മുളപ്പിക്കാതെയും ഒരു തുള്ളി മഴവെള്ളം പോലും ഭൂമിയിൽ താഴ്ത്താതെയും വൃത്തിയായി സൂക്ഷിക്കുക എന്നാണോ ഉദ്ദേശിക്കുന്നത് ? ഇതിനും രണ്ടു വഴികളാണ് ഉള്ളത്.

■ നിശ്ചിത കവറേജ് ഏരിയയിൽ കൂടുതൽ കെട്ടിടം കെട്ടുകയും നിലത്ത് കോൺക്രീറ്റ് നിരത്തുകയും ചെയ്യുന്നവരിൽ നിന്ന് വലിയ പിഴ ഈടാക്കുക. കെട്ടിടം നിർമിക്കാൻ അനുമതിയുള്ള കവറേജ് ഏരിയയുടെ ബാക്കിയുള്ള സ്ഥലം പ്രകൃതിക്ക് യോജിച്ച ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കാൻ നിർബന്ധിതരാക്കുക. സ്ഥലപരിമിതിയുള്ളവർ തുറസായ ടെറസിൽ കൃഷി നിർബന്ധിതമാക്കുക. ചെയ്യാൻ സമയവും ആൾബലവും ഇല്ലാത്തവർ മറ്റുള്ളവർക്ക്ജോലി വാഗ്ദാനം ചെയ്യുക. ഫലമായി വിഷമില്ലാത്ത പച്ചക്കറി ലഭ്യമാകും. കാലാവസ്ഥാ വ്യതിയാനം കുറയ്ക്കാനുമാകും.

■ നാം സ്വയമറിഞ്ഞ് പ്രകൃതിക്ക് അനുയോജ്യമായത് ചെയ്യുക. വികസനത്തിന്റെ പേരിൽ കുറെയേറെ കെട്ടിടങ്ങളും റോഡുകളും വരുന്നതിനോടൊപ്പം പച്ചപ്പും വളരട്ടെ.

> **രണ്ടുനില വീട് നിർമിക്കാൻ ആവശ്യമായ അടിസ്ഥാനവും അതിനു മുകളിൽ കോൺക്രീറ്റ് ബെൽറ്റും പിന്നെ കൂറ്റൻ മതിലുകളും അതിന് ഭംഗി കൂട്ടാൻ ക്ലാഡിങ് ടൈൽസും മറ്റും. ഈ നിർമാണ വസ്തുവകൾ ഉണ്ടായിരുന്നെങ്കിൽ എത്ര ഭവനരഹിതർക്ക് വീട് വയ്ക്കാമായിരുന്നു. അത് ചെയ്യാതെ ഇരുന്നെങ്കിൽ എത്ര മലകൾ നമുക്ക് നിലനിറുത്താമായിരുന്നു**

പ്രളയാന്തര നവകേരളം ഏകദേശം അമ്പതിനായിരം കൂടി രൂപയുടെ വികസനം എന്നാണ് പറയുന്നത്. റോഡുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും വീടുകളും ആണല്ലോ അതിൽ പ്രധാനം. ഇതിന് ആവശ്യമായ പാറയ്ക്കും മണ്ണിനും വേണ്ടി നാം വീണ്ടും മലയും കുന്നുകളും ഇടിച്ചു നിരത്തുന്നതാണോ വികസനം. അതിനു പകരം സർക്കാർ നടപ്പിലാക്കുന്ന ഇൻഫ്രാസ്ട്രക്ചർ പണികൾക്കുള്ള പാറയും മണ്ണും എങ്കിലും നാം 'നിർമാണവസ്തു മിച്ച' സംസ്ഥാനങ്ങളായ ഗുജറാത്തും രാജസ്ഥാനിൽ നിന്നും കൊണ്ടുവരികയാണെങ്കിൽ നമ്മുടെ നാടിനെ രക്ഷിച്ചു കൂടേ? വീട്‌വയ്ക്കാൻ ആവശ്യമായ വസ്തുക്കൾക്ക് ദൗർലഭ്യം നേരിടുകയും ഇല്ല.

*(ലേഖകൻ ആർക്കിടെക്ടും നഗരാസൂത്രണ വിദഗ്ധനുമാണ്)*



### അയ്യപ്പനെ കല്യാണം കഴിക്കാനല്ല സ്ത്രീകൾ ശബരിമലയിൽ പോകുന്നത്: മന്ത്രി സുധാകരൻ

കോഴിക്കോട്: അയ്യപ്പനെ കല്ല്യാണം കഴിക്കാനല്ല സ്ത്രീകൾ ശബരിമലയിൽ പോകുന്നതെന്ന് പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ പറഞ്ഞു. സ്വാമി അയ്യപ്പൻ നിത്യബ്രഹ്മചാരിയാണ്. ആ നിലയിൽ യുവതികൾ ശബരിമലയിൽ പോകുന്നത് ശരിയാണോ എന്ന മാദ്ധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.50 കഴിഞ്ഞാൽ സ്ത്രീത്വം ഇല്ലാതാവുന്നില്ല.50 വയസ്കാരിക്ക് പോകാമെങ്കിൽ 49കാരിക്ക് എന്തുകൊണ്ട് പോയിക്കൂട. ആരെയും നിർബന്ധിച്ച് കൊണ്ട് പോകുന്നില്ല. ശബരിമലയിൽ പോകണമെന്ന് താത്പര്യമുള്ളവർക്ക് പോകാം.

www.keralakaumudi.com www.facebook.com/keralakaumudi

## തുല്യ പരിഗണനയ്ക്കും വിശ്വാസികളുടെ വികാരത്തിനുമൊപ്പം: പി.എസ്. ശ്രീധരൻ പിള്ള

തിരുവനന്തപുരം : ശബരിമലയെ വിവാദ വിഷയമാക്കുന്നത് സംസ്ഥാന സർക്കാരാണെന്ന് ബി.ജെ. പി സംസ്ഥാന പ്രസിഡന്റ് പി. എസ്. ശ്രീധരൻ പിള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു. റിവ്യൂ ഹർജി നൽകുമെന്ന് ചിലർ പറയുമ്പോഴും അതിനായി കാത്തുനിൽക്കാതെ സർക്കാർ നടപടികളുമായി മുന്നോട്ട് പോകുന്നത് വിവാദമുണ്ടാക്കാനാണ്. താൻ കോടതിവിധിയെ സ്വാഗതം ചെയ്തിട്ടുമില്ല, തള്ളിപ്പറഞ്ഞിട്ടുമില്ല. വിധിപ്പകർപ്പ് കിട്ടിയിട്ട് കൂടുതൽ അഭിപ്രായം പറയാം. സ്ത്രീകൾക്ക് തുല്യ പരിഗണന എന്നതിനോട് തത്വത്തിൽ യോജിപ്പാണെങ്കിലും വിശ്വാസികളുടെ വികാരത്തിനൊപ്പമാണ് തങ്ങളെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ തീരുമാനം അടിച്ചേല്പിക്കാൻ ശ്രമിച്ചാൽ അതിനോട് യോജിക്കാനാകില്ല. ശബരിമലയിൽ യുവതികൾ പ്രവേശിക്കുന്നതിനെക്കുറിച്ച് വിശ്വാസികളായ സ്ത്രീകളുടെ ഇടയിൽ മഹിളാമോർച്ച സർവേ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

## ശബരിമല വിധി പുനഃപരിശോധിക്കണം: കെ. സുധാകരൻ

കണ്ണൂർ: വെളിവില്ലാത്ത ജഡ്ജിമാർ പുറപ്പെടുവിച്ച വിധികൾ പുനഃപരിശോധിക്കണമെന്ന് കോൺഗ്രസ് നേതാവ് കെ. സുധാകരൻ പറഞ്ഞു. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം കണ്ണൂരിൽ എത്തിയ സുധാകരന് സ്റ്റേഡിയം കോർണറിൽ നൽകിയ സ്വീകരണയോഗത്തിൽ സംസാരിക്കവെയാണ് കഴിഞ്ഞ ദിവസങ്ങളിലെ സുപ്രീംകോടതി വിധിക്കെതിരേ സുധാകരൻ ആഞ്ഞടിച്ചത്.

ഒരുക്ഷേത്രത്തിന്റെ ആചാരങ്ങൾ നിയമജ്ഞരല്ല വ്യാഖ്യാനിക്കേണ്ടത്. നിയമംകൊണ്ട് വ്യാഖ്യാനിക്കാൻ സാധിക്കുന്നതല്ല വിശ്വാസം. ആ ക്ഷേത്ര വിശ്വാസത്തിന്, അതിന്റേതായ മാർഗങ്ങളുണ്ട്, അവർ തീരുമാനിക്കണം, കോടതിയല്ല തീരുമാനിക്കേണ്ടതെന്നും സുധാകരൻ പറഞ്ഞു.

## ബാലഭാസ്കറിന്റെ നിലയിൽ പുരോഗതി

തിരുവനന്തപുരം: അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വയലിനിസ്റ്റ് ബാലഭാസ്കറിന്റെ ആരോഗ്യനിലയിൽ പുരോഗതി. ബാലഭാസ്കറിന് ഇന്നലെ ബോധം തെളിഞ്ഞു. എന്നാൽ പൂർണമായി ബോധം വീണിട്ടില്ല. രക്തസമ്മർദ്ദം സാധാരണ നിലയായി. ഇന്നലെ രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനുള്ള ഉപകരണം മാറ്റാൻ കഴിഞ്ഞു. ശ്വസന പ്രക്രിയ ഉപകരണ സഹായത്തോടെയാണ്. ഇതിലും ഗുണപരമായ മാറ്റമുണ്ടായാൽ ചികിത്സയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കും.

ബാലഭാസ്കറിന്റെ വലതുകാൽ ശാസ്ത്രക്രിയയ്ക്ക് വിധേയമാക്കി. തലച്ചോറിന്റെയും ശ്വാസകോശത്തിന്റെയും ക്ഷതത്തിന് മരുന്നുപയോഗിച്ചുള്ള ചികിത്സ മതിയെന്ന നിഗമനത്തിലാണ് മെഡിക്കൽ സംഘം. വെന്റിലേറ്ററിൽ തന്നെയാണ് ഇപ്പോഴുള്ളത്. ബാലഭാസ്കറിന്റെ ഭാര്യ ലക്ഷ്മിയുടെ ആരോഗ്യനില തൃപ്തികരമാണ്. ലക്ഷ്മിയും വെന്റിലേറ്ററിലാണ്. ഡ്രൈവർ അനൂപിന്റെ ആരോഗ്യനിലയും മെച്ചപ്പെട്ടു.

## വിമാനനിരക്ക് ഇരട്ടിയാക്കിയത് പിൻവലിക്കണം: ചെന്നിത്തല

തിരുവനന്തപുരം: യു.എ.ഇയിൽ നിന്ന് മൃതശരീരങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള വിമാന നിരക്ക് ഇരട്ടിയാക്കിയ എയർ ഇന്ത്യയുടെ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി സുരേഷ് പ്രഭുവിന് കത്ത് നൽകി.

കിലോഗ്രാമിന് 15 ദിർഹം എന്ന നിരക്ക് തന്നെ സാധുക്കളായ മറുനാടൻ മലയാളികൾക്ക് താങ്ങാനാവാതിരിക്കെയാണ് ഇരട്ടിയാക്കിയത്. താണ വരുമാനക്കാരും ജോലിയില്ലാത്തവരുമായ മറുനാടൻ മലയാളികൾ മരിക്കുമ്പോൾ അവിടെയുള്ള സന്നദ്ധ സംഘടനകളാണ് മൃതശരീരം നാട്ടിലേക്ക് അയയ്ക്കുന്നത്. വലിയമനുഷ്യസേവനമാണ് അവർ നടത്തുന്നത്. നിരക്ക് ഇരട്ടിയാക്കിയത് അവർക്കും കനത്ത ആഘാതമാണെന്ന് ചെന്നിത്തല പറഞ്ഞു.

## ശിവസേന ഹർത്താൽ ആഹ്വാനം പിൻവലിച്ചു

തിരുവനന്തപുരം: ശിവസേന തിങ്കളാഴ്ച ആഹ്വാനം ചെയ്തിരുന്ന സംസ്ഥാന വ്യാപക ഹർത്താൽ പിൻവലിച്ചതായി സംസ്ഥാന കമ്മിറ്റി അറിയിച്ചു. സംസ്ഥാനത്ത് ചില ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർത്താൽ പിൻവലിക്കുകയാണെന്ന് സെക്രട്ടറി പേരൂർക്കട ജി. ഹരികുമാർ പറഞ്ഞു.

# മാമ്പഴക്കണ്ണീരിൽ നിന്ന് തേനൂറും ജീവിതത്തിൽ

KAUMUDI SPECIAL

▸ഭാസി പാങ്ങിൽ

തൃശൂർ: പട്ടിണിയുടെ കയ്പും കണ്ണീരും കുടിച്ച ബാല്യം; ടൺ കണക്കിന് തേനെടുത്ത്, കിലോക്കണക്കിന് തേൻ കുടിച്ച് മധുരിച്ച യൗവനം. ഇപ്പോൾ 54 വയസ്. 'ഹണിമാൻ' സജയകുമാറിന്റെ ജീവിതമാകെ തേൻപ്രവാഹമാണ്. അതിൽ അലിഞ്ഞ് ഭാര്യ സിന്ധു. തേനീച്ചകൾ നൽകിയ ജീവിതത്തിൽ പ്രകൃതിയും തേനും നിറഞ്ഞപ്പോൾ പുത്രന്മാർക്ക് പേരിട്ടു - നേച്ചർ. നെക്ടർ...

അവിണിശ്ശേരി മഠത്തിപറമ്പിൽ സജയകുമാറിന്റെ ആരോഗ്യ രഹസ്യം തേനാണ്. രോഗങ്ങളൊന്നും അടുക്കില്ല. അടുത്തിടെ വീണ് കാലൊടിഞ്ഞപ്പോഴാണ് ആദ്യമായി ആശുപത്രിയിൽ പോയത്. ഇൻജക്ഷൻ എടുക്കാനെത്തിയ നഴ്സിനോട് പറഞ്ഞു: 'വേണ്ട, തേനാണ് എന്റെ ഭക്ഷണം. മരുന്നുകൾ ഉപയോഗിക്കില്ല.'

ഡോക്ടർ മുഖം ചുളിച്ചു. നാല് ഡോക്ടർമാരുടെ സംഘം കൂടിയാലോചിച്ച് പറഞ്ഞു: 'ശരി, ഒരു പരീക്ഷണത്തിന് ഞങ്ങളും തയ്യാർ'. പ്ലാസ്റ്ററിട്ട് സജയകുമാർ മടങ്ങി. നാലു മാസത്തിന് ശേഷം സ്കാൻ ചെയ്തപ്പോൾ മുറിവിന്റെ പാടുപോലുമില്ല. എല്ലൊടിഞ്ഞാൽ ഒരു പാടുണ്ടാകാറുണ്ടല്ലോ എന്നോർത്ത് ഡോക്ടർമാർ ഞെട്ടി. അവർ ഡയറ്റ് ചോദിച്ചു: -ദിവസം 250 ഗ്രാം തേനും 800 മില്ലിലിറ്റർ വെള്ളവും അഞ്ച് നേരമായി കഴിക്കും. പിന്നെ പാഷൻഫ്രൂട്ട് അല്ലെങ്കിൽ ചെറുനാരങ്ങ.


### മാമ്പഴം മോഷ്ടിച്ചെങ്കിലതേ...

മാമ്പഴം മോഷ്ടിച്ചതിനാണ് 16-ാം വയസിൽ സജയകുമാറിനെ നാട്ടുകാർ തല്ലിയോടിച്ചത്. അമ്മ ആസ്ത്മാരോഗിയായി ആശുപത്രിയിൽ. അച്ഛന് വയനാട് മരക്കമ്പനിയിലായിരുന്നു പണി. ദിവസങ്ങളോളം അനുജനും ചേട്ടനും സജയകുമാറും പട്ടിണിയിലായി. ഒരു വിഷുനാളിൽ അനുജൻ വിശന്ന് കരഞ്ഞപ്പോൾ ഒന്നും ഓർത്തില്ല, അയൽ വീട്ടിലെ മാവിലെ മാമ്പഴം പറിച്ചു. നാട്ടുകാർ പിടിച്ചു. അടിയോടടി.

ഒടുവിൽ അയൽക്കാരൻ ചിമ്മിനി ഡാമിനടുത്തുള്ള കാട്ടിലെ തേനീച്ചവളർത്തൽ കേന്ദ്രത്തിൽ കാവൽക്കാരനായി ജോലി തന്നു. കൂലിയില്ല. ഭക്ഷണം മാത്രം. അവിടെ ജീവിതം വഴി തിരിഞ്ഞു. തേനീച്ചയുടെ മധുരജീവിതം പഠിച്ചു.

വർഷങ്ങൾക്കു ശേഷം നാട്ടിലെത്തി തേനീച്ചക്കൃഷി തുടങ്ങി. നാല്പതിറ്റാണ്ട് തേനീച്ചകൾക്കൊപ്പം. വർഷം 100 - 150 പേർക്ക് പരിശീലനം നൽകി. ബഹുമതികളേറെ നേടി തേനീച്ച കർഷകനായി. തേൻവ്യാപാരിയായി. ജീവിതം കെട്ടിപ്പടുത്തു.

ഭാര്യ സിന്ധു അദ്ധ്യാപികയാണ്. മക്കളായ നേച്ചർ ബി.എസ്.സി. അഗ്രികൾച്ചറും നെക്ടർ ബി.എസ്.സി. ഫുഡ്ടെക്നോളജിയും പഠിക്കുന്നു.



*വീട്ടുവളപ്പിൽ വളർത്തുന്ന തേനീച്ചകളുടെ അടയിൽ നിന്ന് തേനെടുക്കുന്ന സജയകുമാർ*

### ■ 9 വർഷത്തെ തേൻ തെറാപ്പി

മത്സ്യവും മാംസവും കഴിക്കില്ല. 2009ൽ തേൻ മാത്രം ഭക്ഷണമാക്കി. ഭാര്യ നിർബന്ധിച്ചപ്പോൾ മറ്റ് ഭക്ഷണം കഴിച്ചു - പഴങ്ങളും വേവിക്കാത്ത പച്ചക്കറിയും മാത്രം. ഒമ്പതു വർഷത്തിനിടെ 20 മാസത്തോളം പല ഇടവേളകളിലായി 'തേൻഉപവാസം'. കന്നി ഒന്നിന് വീണ്ടും തുടങ്ങി. തേൻ കഴിച്ചാൽ ദിവസവും 200 ഗ്രാം ശരീരഭാരം കുറയുമെന്ന് സജയകുമാർ പറയുന്നു. ഒരു മാസം കഴിഞ്ഞാൽ കാര്യമായി കുറയില്ല.

## കൊള്ളപ്പലിശക്കാരൻ മഹാരാജയെ പൊലീസ് സാഹസികമായി പിടികൂടി

- പിടിച്ചത് ചെന്നൈയിലെ വീട്ടിൽ നിന്ന്
- ഇന്ന് വിമാനത്തിൽ കൊച്ചിയിലെത്തിക്കും
- പൊലീസിനെ തടയാൻ വൻസംഘം

▸സ്വന്തം ലേഖകൻ

കൊച്ചി: സംസ്ഥാനത്ത് 500 കോടിയിലധികം രൂപയുടെ കൊള്ളപ്പലിശ ഇടപാട് നടത്തിയ മഹാരാജാ മഹാദേവനെ കൊച്ചി സിറ്റി പൊലീസ് ഇന്നലെ ചെന്നൈയിലെ വീട്ടിൽ നിന്ന് അതിസാഹസികമായി പിടികൂടി.

ഇയാളെ രക്ഷപ്പെടുത്താൻ വൻസംഘം തടിച്ചുകൂടിയതോടെ പള്ളുരുത്തി സി. ഐ. അനീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് ആകാശത്തേക്ക് വെടിവച്ചു. ആളുകൾ ചിതറിയോടിയതോടെ മഹാരാജയെ വാഹനത്തിൽ കയറ്റി കോടതിയിലെത്തിച്ചു. വിമാനമാർഗം ഇന്ന് പ്രതിയെ കൊച്ചിയിലെത്തിക്കും.

ചെന്നൈ നടേശൻ നഗറിലുള്ള വീട്ടിലെത്തിയ പൊലീസിനെ ഇയാൾ തുടക്കത്തിൽ ചെറുത്തെങ്കിലും കീഴടക്കി. എന്നാൽ, അനുയായികൾ ഗ്രാമവാസികളെ സംഘടിപ്പിച്ചതോടെ പൊലീസ് പ്രതിരോധത്തിലായി. പിന്നീട് സ്വയരക്ഷയ്ക്കായി ആകാശത്തേക്ക് വെടിവയ്ക്കുകയായിരുന്നു.

ജൂലായ് 28 ന് മഹാരാജയെ പള്ളുരുത്തി പൊലീസ് പിടികൂടി കൊച്ചിയിലേക്ക് കൊണ്ടുവരുന്നതിനിടെ കോയമ്പത്തൂരിൽ വച്ച് ഇയാളുടെ സംഘം മോചിപ്പിച്ചു. ടോൾ ബൂത്തിൽവച്ച് പൊലീസ് വാഹനം തടഞ്ഞ സംഘം വടിവാൾ വീശി പൊലീസിനെ ഓടിച്ച് മഹാരാജയുമായി രക്ഷപ്പെടുകയായിരുന്നു.

പള്ളുരുത്തി എം. എൽ. എ റോഡിൽ വീട് വാടകയ്ക്ക് എടുത്തായിരുന്നു സംസ്ഥാനത്തെ പലിശ ഇടപാടുകൾ മഹാരാജ നിയന്ത്രിച്ചിരുന്നത്. പ്രശസ്തമായ തുണിക്കടകൾക്കും ആശുപത്രികൾക്കും ഇയാൾ കോടികൾ നൽകിയിട്ടുണ്ട്. കൊച്ചിയിൽ പണം വാങ്ങിയ ഒരാൾ മുതലും പലിശയും നൽകിയെങ്കിലും മഹാരാജ ഇയാളുടെ കാർ പിടിച്ചുവച്ചു. ഇതോടെ പൊലീസിനെ സമീപിക്കുകയായിരുന്നു. കേസ് രജിസ്റ്റർ ചെയ്തതോടെ മഹാരാജ മുങ്ങി. സംഘാംഗങ്ങൾ പിടിയിലാകുകയും ചെയ്തു.

ഇതിനുശേഷം മഹാരാജയെ പിടികൂടാനുള്ള കഠിനപ്രയത്നത്തിലായിരുന്നു പൊലീസ്. തമിഴ്നാട് രാഷ്ട്രീയ നേതൃത്വങ്ങളുമായി അടുപ്പം പുലർത്തുന്നതിനാൽ വൻസഹായവും ഇയാൾക്ക് ലഭിച്ചിരുന്നു.

## പവാറിന്റെ പ്രതികരണം: സംസ്ഥാന എൻ.സി.പിയിലും ആശയക്കുഴപ്പം

▸സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: റാഫേൽ ഇടപാടിൽ പ്രധാനമന്ത്രിക്കും കേന്ദ്രസർക്കാരിനുമെതിരെ പ്രതിപക്ഷം ആക്രമണം ശക്തിപ്പെടുത്തവേ, എൻ.സി.പി അദ്ധ്യക്ഷൻ ശരദ് പവാറിന്റെ മോദി അനുകൂല വിവാദപ്രതികരണം സംസ്ഥാന എൻ.സി.പി നേതൃത്വത്തിലും തർക്കം വിതച്ചു.

കഴിഞ്ഞ ദിവസം ചേർന്ന എൻ.സി.പി സംസ്ഥാന നേതൃയോഗത്തിൽ പവാറിനെ അനുകൂലിച്ചും എതിർത്തും നേതാക്കൾ രണ്ട് ചേരിയായി. ഗോവയിലെ പാർട്ടിയുടെ ഏക എം.എൽ.എ ബി.ജെ.പിയെ തുണയ്ക്കുന്നതും പ്രഫുൽ പട്ടേലിന്റെ നിലപാടുകളും ആശയക്കുഴപ്പം ഉണ്ടാക്കുന്നതായും ഒരു വിഭാഗം ആരോപിച്ചു. പവാറിന്റെ പ്രതികരണത്തിലെ ഒരു ഭാഗം അടർത്തിയെടുത്ത് വളച്ചൊടിച്ചതാണെന്ന് ന്യായീകരിച്ച് ദേശീയ ജനറൽ സെക്രട്ടറി ടി.പി. പീതാംബരൻ രംഗത്തെത്തി.

പവാറിന്റെ നിലപാട് സംസ്ഥാന നേതൃത്വത്തെ വെട്ടിലാക്കിയെന്ന് സംസ്ഥാന കമ്മിറ്റിയിൽ ഒരു വിഭാഗം വിമർശിച്ചു. ഇത് പ്രതിപക്ഷം എൽ.ഡി.എഫിനെതിരെ പോലും ആയുധമാക്കിയേക്കുമെന്ന അഭിപ്രായവുമുയർന്നു. എന്നാൽ വ്യക്തിപരമായി പ്രധാനമന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യേണ്ടതില്ലെന്ന് മാത്രമേ പവാർ പറഞ്ഞുള്ളൂ എന്നാണ് പീതാംബരൻ വിശദീകരിച്ചത്. റാഫേൽ ഇടപാടിൽ വ്യക്തത വരുത്താനുള്ള സംയുക്ത പാർലമെന്ററി സമിതിയുടെ അന്വേഷണത്തെ എന്തിന് ഭയപ്പെടുന്നു എന്നും പവാർ പറഞ്ഞിട്ടുണ്ടെന്ന് പീതാംബരൻ ചൂണ്ടിക്കാട്ടി. ഇടപാടിന്റെ വിശദാംശങ്ങൾ അറിയണമെന്ന് തന്നെയാണ് പവാറിന്റെ മകൾ സുപ്രിയ സുലെയും വ്യക്തമാക്കിയത്. ദേശീയ ജനറൽസെക്രട്ടറി സ്ഥാനവും എം.പി സ്ഥാനവും രാജിവച്ച താരിഖ് അൻവറിനെ അനുനയിപ്പിക്കാൻ ശ്രമിക്കുകയാണെന്നും പീതാംബരൻ അറിയിച്ചു.

കേരളത്തിലെ മുന്നണിയെയോ പാർട്ടി നിലപാടിനെയോ വിവാദങ്ങൾ ബാധിക്കില്ലെന്നാണ് സംസ്ഥാന നേതൃത്വത്തിന്റെയും ഇടതുമുന്നണി നേതൃത്വത്തിന്റെയും നിലപാട്.

റാഫേലിന്റെ പേരിൽ കോൺഗ്രസ് പ്രസിഡന്റ് രാഹുൽ ഗാന്ധി നടത്തുന്ന പോരാട്ടത്തിന്റെ നിറം കെടുത്തുന്നതാണ് പരാമർശമെന്നാണ് ദേശീയതലത്തിൽ പ്രതിപക്ഷത്തിന്റെ വ്യാഖ്യാനം. സംസ്ഥാനങ്ങളിൽ ബി.ജെ.പിക്കെതിരായ വിശാല സഖ്യമുണ്ടാക്കാനുള്ള ചർച്ചകൾക്ക് കോൺഗ്രസ് ശരദ് പവാറിനെ ചുമതലപ്പെടുത്തിയിരിക്കെയാണ് വിവാദം. ഇത് ബി.ജെ.പിക്കും സന്തോഷകരമായി.

## നല്ല മദ്യം നൽകുകയാണ് എൽ.ഡി.എഫ് നയം: കാനം

മലപ്പുറം: ആവശ്യക്കാർക്ക് നല്ല മദ്യം നൽകുകയാണ് എൽ.ഡി.എഫ് നയമെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. ബ്രൂവറി അനുവദിച്ചതിൽ നിലവിലുള്ള നിയമത്തിന് വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല. മലപ്പുറത്ത് മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അബ്കാരി നിയമം പാസായി കഴിഞ്ഞാൽ പിന്നെ മുന്നണിക്കെന്താ കാര്യം. മദ്യനയം ഇടതുമുന്നണി അംഗീകരിച്ചതാണ്. എൽ.ഡി.എഫിന്റെ പ്രകടനപത്രികയ്ക്ക് വിരുദ്ധമായി ഒന്നും ഇപ്പോൾ സംഭവിച്ചില്ല. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് എൽ.ഡി.എഫ് നയം. അത് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങൾ അംഗീകരിച്ചതാണ്. ഇത്തരം സാഹചര്യത്തിൽ മദ്യനിരോധനത്തെ പറ്റി ഇനിയും പറഞ്ഞു കൊണ്ടിരിക്കുന്നതിൽ കാര്യമില്ല. മറ്റ് സംസ്ഥാനത്ത് നിന്നും കൊണ്ട് വന്ന് മദ്യം കൊടുക്കാമെന്നോ, ഇവിടെ നിർമ്മിക്കേണ്ടയെന്നോ ഞങ്ങൾ പറഞ്ഞിട്ടില്ല. പ്രതിപക്ഷത്തിന് ആരോപണങ്ങൾ ഉന്നയിക്കാം. തെളിവുകൾ അവർ കൊണ്ടുവരട്ടെ. മറുപടി പറയാനുള്ള കാര്യങ്ങൾ എക്സൈസ് മന്ത്രി പറഞ്ഞുകൊള്ളും.

# ബ്രൂവറിയിൽ കോടികളുടെ അഴിമതിയെന്ന്

# 10 ചോദ്യങ്ങളുമായി ചെന്നിത്തല

കോഴിക്കോട്: മന്ത്രിസഭയിൽ ചർച്ച ചെയ്യാതെയും ഘടക കക്ഷികളെ അറിയിക്കാതെയും ബ്രൂവറികൾ അനുവദിച്ചതിൽ കോടികളുടെ അഴിമതിയാണ് നടന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.



ആക്ഷേപങ്ങൾക്ക് എക്സൈസ് മന്ത്രി മറുപടി നൽകണം. അഴിമതിയിൽ വ്യവസായ വകുപ്പിനും പങ്കുണ്ട്. ബ്രൂവറിക്കായി കൊച്ചി കിൻഫ്ര പാർക്കിൽ പത്ത് ഏക്കർ ഭൂമി അനുവദിച്ചു. വ്യവസായ വകുപ്പ് അറിയാതെ കിൻഫ്രയിൽ ഭൂമി അനുവദിക്കാനാവില്ല. ബ്രൂവറികൾ തുടങ്ങാൻ ആരാണ് ഉത്തരവ് നൽകിയതെന്ന് എക്സൈസ് മന്ത്രി വ്യക്തമാക്കണം. ഇതിന് ഉത്തരവിട്ടെങ്കിൽ ആ ഉത്തരവ് പുറത്ത് വിടണം. ആരാണ് ഉത്തരവിൽ ഒപ്പുവച്ചത്?. താൻ ഉന്നയിക്കുന്ന കാര്യങ്ങൾ തെറ്റാണെങ്കിൽ അന്വേഷണം നടത്തി തെളിയിക്കാൻ എക്സൈസ് മന്ത്രി തയ്യാറാണോയെന്നും ചെന്നിത്തല ചോദിച്ചു.

കൊച്ചിയിൽ അനുവദിച്ച ബ്രൂവറിയുടെ ഒരു വിവരവും സർക്കാർ വെബ്സൈറ്റിൽ നൽകിയിട്ടില്ല. ബ്രൂവറിക്കും ഡിസ്റ്റിലറിക്കും ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് അദ്ദേഹം ചോദിച്ചു.

ഇതുമായി ബന്ധപ്പെട്ട് പത്തു ചോദ്യങ്ങളും ചെന്നിത്തല ഉന്നയിച്ചു.

### ചെന്നിത്തലയുടെ ചോദ്യങ്ങൾ

1. *1999 മുതൽ നിറുത്തി വച്ചിരുന്ന ഡിസ്റ്റിലറി, ബ്രൂവറി ലൈസൻസ് നൽകൽ ഉത്തരവിന്റെ പകർപ്പ് പുറത്തു വിടാമോ?*
2. *എപ്പോഴത്തെ അബ്കാരി നയമനുസരിച്ചാണ് മൂന്ന് ബ്രൂവറികളും ഒരു ഡിസ്റ്റിലറിയും അനുവദിച്ചത്?*
3. *ഇടതു മുന്നണി ഏകോപന സമിതിയിൽ ഇക്കാര്യം ചർച്ച ചെയ്തോ?*
4. *ഏത് മന്ത്രിസഭാ യോഗത്തിലാണ് വിഷയം ചർച്ച ചെയ്തത്?*
5. *പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ?*
6. *പുതുതായി ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിക്കുന്ന വിവരം ഇപ്പോൾ അവ ലഭിച്ച നാല് പേർ മാത്രം എങ്ങനെ അറിഞ്ഞു?*
7. *1975 ലെ കേരള ഫോറിൻ ലിക്കർ (കോംപൗണ്ടിംഗ്, ബ്ലെൻഡിംഗ് ആൻഡ് ബോട്ട്‌ലിംഗ്) റൂൾ അനുസരിച്ച് എക്സൈസ് കമ്മിഷണർ ലൈസൻസ് നൽകുന്നത് ഏറ്റവും ഒടുവിലായി നടക്കേണ്ട സാങ്കേതിക കാര്യം മാത്രമാണെന്ന വസ്തുത എക്സൈസ് മന്ത്രി എന്തിനാണ് മറച്ചു വയ്ക്കുന്നത്?*
8. *ശ്രീചക്ര ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡിന് വിദേശ മദ്യത്തിന്റെ കോംപൗണ്ടിംഗ്, ബ്ലെൻഡിംഗ് ആൻഡ് ബോട്ട്‌ലിംഗ് യൂണിറ്റ് തുടങ്ങാൻ തൃശൂർ ജില്ലയിൽ എവിടെയാണ് അനുമതി നൽകിയത്?*
9. *തൃശൂർ എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ എക്സൈസ് കമ്മിഷണർക്ക് ശുപാർശ നൽകിയിരുന്നോ?*
10. *2006ലെ ഇടതു മുന്നണി സർക്കാരിന്റെ കാലത്ത് നിരവധി ഡിസ്റ്റിലറികൾക്കുള്ള അപേക്ഷകൾ നിരസിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?*

## കിൻഫ്ര ഭൂമി നൽകിയിട്ടില്ല: ഇ.പി. ജയരാജൻ

തിരുവനന്തപുരം: ബ്രൂവറിക്കായി കൊച്ചി കിൻഫ്ര പാർക്കിൽ ഭൂമി അനുവദിച്ചിട്ടില്ലെന്നും അനുവദിക്കാത്ത ഭൂമിയുടെ പേരിലാണ് വിവാദമുണ്ടാക്കുന്നതെന്നും വ്യവസായമന്ത്രി ഇ. പി ജയരാജൻ പറഞ്ഞു.

വ്യവസായം തുടങ്ങാൻ ഭൂമിയും അടിസ്ഥാനസൗകര്യങ്ങളും നൽകുന്നതിനുള്ള സംവിധാനമാണ് കിൻഫ്ര. അതനുസരിച്ച് ആർക്കും വ്യവസായത്തിന് യോജ്യമായ ഭൂമിയുണ്ടോയെന്ന് ക്രിൻഫ്രയിൽ അന്വേഷിക്കാം. ആര് ആവശ്യപ്പെട്ടാലും സ്ഥലം ലഭ്യമാണെങ്കിൽ കിൻഫ്ര അറിയിക്കും. വ്യവസായ ലൈസൻസ് ലഭിച്ചവർക്ക് നടപടി ക്രമങ്ങൾ അനുസരിച്ച് ഭൂമി നൽകും. ബ്രൂവറിക്കായി പവർഇൻഫ്രാടെക്കിന് പത്തേക്കർ അനുവദിച്ചെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്.

ബ്രൂവെറിക്ക് അനുമതി നൽകുമ്പോൾ സ്ഥലം പരിശോധിച്ചിട്ടില്ലെന്ന് എക്സൈസ് മന്ത്രി ടി. പി. രാമകൃഷ്ണൻ പറഞ്ഞിരുന്നു. അനുമതി നൽകാൻ തീരുമാനം മാത്രമാണ് എടുത്തത്. ആർക്കും ലൈസൻസ് നൽകിയിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

## ആരോപണം തെളിയിക്കണം: ടി.പി. രാമകൃഷ്ണൻ

കോഴിക്കോട്: യു. ഡി. എഫ് സർക്കാരിന്റെ ശീലം വച്ച് എൽ. ഡി. എഫ് സർക്കാരിനെയോ മന്ത്രിമാരെയോ വിലയിരുത്തരുതെന്ന് എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ മാദ്ധ്യമങ്ങളോട് പറഞ്ഞു.

ആരോപണം ഉന്നയിക്കുന്നവർ അത് തെളിയിക്കാനുള്ള ഉത്തരവാദിത്വം കാണിക്കണം. ലൈസൻസ് നൽകാമെന്ന് തത്വത്തിൽ ധാരണയായിട്ടുണ്ടെങ്കിലും ഒരു സ്ഥാപനത്തിനും ഇതേവരെ ലൈസൻസ് അനുവദിച്ചിട്ടില്ല. വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ലൈസൻസ് അനുവദിക്കുക. എല്ലാ മാനദണ്ഡങ്ങളും പരിശോധിച്ച് ലൈസൻസ് നൽകാൻ എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നടന്നത് പ്രാഥമിക നടപടികൾ മാത്രമാണ്. എൽ. ഡി. എഫ് സർക്കാറിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിലാണ് ബ്രൂവറികൾക്ക് അനുമതി നൽകിയത്.

പ്രതിപക്ഷ നേതാവ് ഉന്നയിച്ച ചോദ്യങ്ങളിൽ ആവശ്യമുള്ളവക്ക് പിന്നീട് മറുപടി നൽകുമെന്നും മന്ത്രി പറഞ്ഞു.

# കന്യാസ്ത്രീകളെ സ്വാധീനിക്കാനുള്ള വികാരിയുടെ ശ്രമം തകർന്നു

▸സ്വന്തം ലേഖകൻ

കൊച്ചി: ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകിയ കുറവിലങ്ങാട് സെന്റ് ഫ്രാൻസിസ് മിഷൻ ഹോമിലെ കന്യാസ്ത്രീയെ പിന്തുണയ്ക്കുന്നവരെ സ്വാധീനിക്കാനുള്ള എറണാകുളം കോടനാട് പള്ളി വികാരി ഫാ. നിക്കോളാസ് മണിപ്പറമ്പിലിന്റെ ശ്രമങ്ങൾ എട്ടുനിലയിൽ പൊട്ടി. കന്യാസ്ത്രീകളുടെ ചോദ്യങ്ങൾക്ക് മുമ്പിൽ ഉത്തരം മുട്ടിയ നിക്കോളാസ് അരമണിക്കൂറിനുള്ളിൽ മഠത്തിലെ കുടിക്കാഴ്ച അവസാനിപ്പിച്ച് മടങ്ങി. കുറവിലങ്ങാട് മഠത്തിലെത്തിയായിരുന്നു കൂടിക്കാഴ്ച. പരാതിക്കാരിയായ കന്യാസ്ത്രീയോട് സംസാരിച്ചില്ല. സമരത്തിന് നേതൃത്വം നൽകിയ കന്യാസ്ത്രീകളായ അനുപമ, ആൽഫി, ആൻസിറ്റ എന്നിവരെ സമ്മർദ്ദത്തിലാക്കാനായിരുന്നു ശ്രമം. കന്യാസ്ത്രീകൾ നിലപാടിലുറച്ച് നിന്നതോടെ സഭയിൽ നവീകരണം അനിവാര്യമെന്ന് പറഞ്ഞാണ് ഫാ. നിക്കോളാസ് മടങ്ങിയതെന്ന് സിസ്റ്റർ അനുപമ 'കേരളകൗമുദി'യോട് വ്യക്തമാക്കി.



*ഫാ. നിക്കോളാസ്*

ആദ്യഘട്ടത്തിൽ പരാതിക്കാരിയായ കന്യാസ്ത്രീയെ പരസ്യമായി പിന്തുണച്ചയാളാണ് ഫാ. നിക്കോളാസ്. പിന്നീട് കന്യാസ്ത്രീ തന്നെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്ന് പറഞ്ഞ് മലക്കം മറിഞ്ഞു. ഖേദം പ്രകടിപ്പിക്കാൻ സന്നദ്ധനാണെന്ന് നിക്കോളാസ് കന്യാസ്ത്രീയുടെ സഹോദരനെ അറിയിച്ചതോടെയാണ് കന്യാസ്ത്രീകൾ ഇന്നലെ കൂടികാഴ്ചയ്ക്ക് അനുമതി നൽകിയത്. പരാതിക്കാരിയെയും സഹപ്രവർത്തകരെയും സ്വാധീനിക്കാൻ ശ്രമിച്ചതിന് നിക്കോളാസിനെതിരെ കേസെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് അന്വേഷണസംഘം അറിയിച്ചു.

### ■ നിക്കോളാസ് നടത്തിയ സംഭാഷണത്തെക്കുറിച്ച് കന്യാസ്ത്രീകൾ പറഞ്ഞത്

**■ ഫാ. നിക്കോളാസ്**

ബിഷപ്പിനെതിരെ പരാതി നൽകിയതും കർദ്ദിനാളിന്റെ ശബ്ദരേഖ പുറത്തുവിട്ടതും തെറ്റായി. സഭയിൽ പരാതി നൽകിയിട്ട് പൊലീസിനെ സമീപിച്ചത് ശരിയായില്ല. നിങ്ങൾ എന്തിന് മറ്റ് മതസ്ഥർക്കൊപ്പം സമരം ചെയ്തു. സഭയെ പ്രതിസന്ധിയിലാക്കുകയാണ് ചെയ്തത്.

**■ കന്യാസ്ത്രീകൾ**

*സമരം ചെയ്ത ഞങ്ങൾ എങ്ങനെ വിജാതീയർ ആയി? സഭയിൽ നിന്ന് നീതി കിട്ടാതെ വന്നതോടെയാണ് സമരത്തിനിറങ്ങിയത്. സഭ ഒരു സമരപ്പന്തൽ കെട്ടി തന്നിരുന്നെങ്കിൽ ഞങ്ങൾ പുറത്തുപോകുമായിരുന്നില്ല. നല്ലവരായ മനുഷ്യരാണ് സമരത്തിന് പിന്തുണ നൽകിയത്.*

**■ ഫാ. നിക്കോളാസ്**

എന്തായാലും നിങ്ങൾ ചെയ്തത് ശരിയല്ല. ഇനിയും കാത്തിരിക്കണമായിരുന്നു. സഭയെ നാണംകെടുത്തി എന്നതിൽ തർക്കമില്ല.

**■ കന്യാസ്ത്രീകൾ**

*ഇത്രയും നാൾ കാത്തിരുന്നിട്ടും സഭയിൽ നിന്ന് ഒരു മറുപടിയുമുണ്ടായില്ലല്ലോ. ബിഷപ്പ് ഫ്രാങ്കോ തന്നെയാണ് ഞങ്ങളുടെ കുടുംബക്കാർക്കെതിരെ പരാതി നൽകിയത്. അത് എന്തിനെന്ന് പൊലീസ് ചോദിച്ചപ്പോൾ മുഴുവൻ കാര്യങ്ങളും വെളിപ്പെടുത്തേണ്ടി വന്നു. പിന്നീട് പരാതി നൽകേണ്ട ഘട്ടത്തിലെത്തിച്ചു. അച്ചൻ ഞങ്ങൾക്കെതിരെ ഇടവകയിൽ പ്രസംഗിച്ചത് ശരിയായില്ല.*

**■ ഫാ. നിക്കോളാസ്**

തെളിവുകളുള്ള കന്യാസ്ത്രീയുടെ ഫോൺ നഷ്ടപ്പെട്ടെന്ന വാർത്ത കേട്ടുകൊണ്ടാണ് ഇടവകയിൽ അങ്ങനെ പ്രസംഗിച്ചത്.

**■ കന്യാസ്ത്രീകൾ**

*പ്രസംഗിക്കുന്നതിന് മുമ്പ് ഞങ്ങളെ വിളിച്ച് അക്കാര്യത്തിൽ വ്യക്തത വരുത്തണമായിരുന്നു*

**കൂടിക്കാഴ്ച നടന്നത് കുറവിലങ്ങാട് മഠത്തിൽ**

## എൽ.ഡി.എഫ് അഴിമതിയുടെ ചെളിക്കുണ്ടിൽ: ഉമ്മൻ ചാണ്ടി

കോട്ടയം : ബാറുകൾ പൂട്ടിയതിന്റെ പേരിൽ യു. ഡി. എഫിനെ പ്രതിക്കൂട്ടിൽ നിറുത്തിയവർ ഇപ്പോൾ അഴിമതിയുടെ ചെളിക്കുണ്ടിൽ വീണിരിക്കുകയാണെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി ഉമ്മൻചാണ്ടി പറഞ്ഞു. ജോസ്. കെ.മാണി എം.പിയുടെ വികസന രേഖ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കോടികൾ കോഴ വാങ്ങി ബ്രൂവറികളും മദ്യശാലകളും ആരംഭിക്കുകയാണ്. ക്രമവിരുദ്ധമായാണ് കാര്യങ്ങൾ നടന്നതെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ പോലും പറഞ്ഞു. റാഫേൽ ഇടപാടിൽ കോടികളുടെ അഴിമതി നടന്നിട്ടും ഒരക്ഷരം പോലും പറയാൻ പ്രധാനമന്ത്രി നരേന്ദ്രമോദി തയ്യാറായിട്ടില്ല. എല്ലാ വാഗ്ദാനങ്ങളും ലംഘിച്ചാണ് മോദിയുടെയും പിണറായിയുടെയും ഭരണം മുന്നോട്ടു പോകുന്നത്. യു. ഡി. എഫിന്റെ അഭാവം ജനങ്ങൾ തിരിച്ചറിയുന്നു.

## റേഷൻ വിതരണത്തിനുള്ള സമയപരിധി നീട്ടി

തിരുവനന്തപുരം: സെപ്തംബർ മാസത്തേക്കുള്ള റീട്ടെയിൽ റേഷൻ വിതരണത്തിനുള്ള സമയപരിധി ഒക്ടോബർ ആറ് വരെ നീട്ടി. മുൻഗണനേതര വിഭാഗത്തിനുള്ള അധിക വിഹിതം, തോട്ടം തൊഴിലാളികൾക്കുള്ള സൗജന്യ അരി വിതരണം, നോർമൽ പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിതരണമടക്കമാണ് നീട്ടിയത്.



## ഭാരതത്തിന്റെ പൈതൃക സംസ്കാരത്തെ തകർക്കുമെന്ന്

തിരുവനന്തപുരം: ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചത് ഭാരതീയ സമൂഹത്തിന്റെ തകർച്ചക്ക് വഴിവയ്ക്കുമെന്ന് അഖില കേരള വിശ്വകർമ്മ മഹാസഭ ഡയറക്ടർ ബോർഡ് പറഞ്ഞു. സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയത് സ്ത്രീ വിവേചനമായി കണക്കാക്കാനാവില്ല, സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.ആർ. ദേവദാസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽസെക്രട്ടറി പി.വാമദേവൻ, മഹിളാസംഘം സംസ്ഥാന പ്രസിഡന്റ് സരസ്വതി അമ്മാൾ എന്നിവർ സംബന്ധിച്ചു.



*ഭാരതീയ ദളിത് സാഹിത്യ അക്കാഡമിയുടെ 2018 ലെ ഡോ. ബി.ആർ. അംബേദ്കർ ദേശീയ ഫെല്ലോഷിപ്പ് അവാർഡ് നേടിയ യുവ സാഹിത്യകാരൻ സുരേഷ് ഗംഗാധരൻ. തമസ്കരിക്കപ്പെട്ടുപോയ ചരിത്ര രചനകളുടെ പഠനങ്ങളെയാണ് അവാർഡിനായി തിരഞ്ഞെടുത്തത്. കൊട്ടമൺ കൈതക്കുഴിക്കൽ വീട്ടിൽ കെ.ഇ. ഗംഗാധരന്റെയും വി.ആർ. ഭാരതിയുടെയും മകനാണ്. ഡിസംബർ 9ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും.*



## ഗാന്ധിയൻ സേവന പുരസ്കാരം എസ്. വിജയനാഥിന്

തിരുവനന്തപുരം: മഹാത്മാഗാന്ധി മെമ്മോറിയൽ നാഷണൽ സെന്റർ ഏർപ്പെടുത്തിയ ഗാന്ധിയൻ സേവന പുരസ്കാരം കേരള സർവോദയ ഫാർമ മാനേജിംഗ് ഡയറക്ടർ എസ്. വിജയനാഥിന്. 10001 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന പുരസ്കാരം ഒക്ടോബർ 2ന് തിരുവനന്തപുരം പ്രസ്ക്ലബ് ഹാളിൽ നടക്കുന്ന മഹാത്മാഗാന്ധി 150-ാമത് ജന്മദിനാഘോഷ ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി വിജയനാഥിന് സമ്മാനിക്കും. ആയുർവേദ രംഗത്തെ സംഭാവനകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതാണ് പുരസ്കാരം.

## ഗുരുവായൂരിൽ വഴിപാട് നിരക്ക് കുത്തനെ വർദ്ധിപ്പിച്ചു

ഗുരുവായൂർ: ക്ഷേത്രത്തിൽ വഴിപാടുകളുടെ നിരക്ക് കുത്തനെ വർദ്ധിപ്പിച്ചു. പലതിനും പത്തിരട്ടിയോളമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. പുതിയ നിരക്കുകൾ നാളെ മുതൽ നിലവിൽ വരും. ക്ഷേത്ര സന്നിധിയിൽ വിവാഹം നടത്തുന്നതിന് 250ൽ നിന്ന് 500 രൂപയായാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ലിറ്ററിന് 140 രൂപയുണ്ടായിരുന്ന പാൽപായസം 180 രൂപയും നെയ്പായസം 200 രൂപയിൽ നിന്ന് 240 രൂപയുമാക്കി. വിശ്വരൂപം വഴിപാട് 100ൽ നിന്ന് 1000 രൂപയാക്കി. കുട്ടികൾക്കുള്ള ചോറൂൺ വഴിപാട് 20 രൂപയുണ്ടായിരുന്നത് 100 രൂപയാക്കി. തുലാഭാരത്തിന്റെ തട്ടിൽ പണം അഞ്ച് രൂപയുണ്ടായിരുന്നത് നൂറ് രൂപയാക്കി വർദ്ധിപ്പിച്ചു. രണ്ടായിരം രൂപയുണ്ടായിരുന്ന കൃഷ്ണനാട്ടം കളിക്ക് പുതുക്കിയ നിരക്ക് മൂവായിരം രൂപയാണ്.

# 17 കമ്പനികളുടെ വിമാനങ്ങൾ കണ്ണൂരിൽ നിന്ന് പറക്കും



തിരുവനന്തപുരം: കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് സർവീസ് നടത്താൻ 11 അന്താരാഷ്ട്ര കമ്പനികളും ആറ് ആഭ്യന്തര കമ്പനികളും സമ്മതം അറിയിച്ചതായി വിമാനത്താവള കമ്പനി ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എമിറേറ്റ്സ്, ഇത്തിഹാദ്, ഫ്ലൈ ദുബായ്, എയർ അറേബ്യ, ഒമാൻ എയർ, ഖത്തർ എയർവെയ്സ്, ഗൾഫ് എയർ, സൗദിയ, സിൽക്ക് എയർ, എയർ ഏഷ്യ, മലിൻഡോ എയർ എന്നിവയും ഇന്ത്യൻ കമ്പനികളായ എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ്, ജെറ്റ് എയർവെയ്സ്, ഇൻഡിഗോ, സ്പൈസ് ജെറ്റ്, ഗോ എയർ എന്നിവയുമാണവ. കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

റൺവേയും എയർസൈഡ് വർക്കുകളും ഉൾപ്പെട്ട 694 കോടിരൂപയുടെ കരാർജോലി പൂർത്തിയായി. ടെർമിനൽ കെട്ടിടം, ടെർമിനലിനകത്തെ ഡി.എഫ്.എം.ഡി, എച്ച്.എച്ച്.എം.ഡി, ഇൻലൈൻ എക്സ്റേ മെഷീൻ, ബാഗേജ് ഹാൻഡ്ലിംഗ് സിസ്റ്റം, ചെക്ക് ഇൻ കൗണ്ടറുകൾ, എമിഗ്രേഷൻ ചെക്ക് പോയിന്റുകൾ, ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ് എന്നിവയ്ക്കായി 498 കോടിരൂപയുടെ ജോലികളും പൂർത്തിയായി.

ഇന്റർനാഷണൽ എയർ കാർഗോ കോംപ്ലക്സ്, നാലുനിലയിലുള്ള എയർപോർട്ട് ഓഫീസ് സമുച്ചയം, അഞ്ചുനിലയിലുള്ള സി.ഐ.എസ്.എഫ് പാർപ്പിട സമുച്ചയം, ചുറ്റുമതിലിനോട് ചേർന്ന് 23 കിലോമീറ്റർ നീളം വരുന്ന റോഡിന്റെയും ലൈറ്റിംഗിന്റെയും നിർമ്മാണം, എയർപോർട്ട് പരിസരം മോടി പിടിപ്പിക്കുന്നതിനാവശ്യമായ ലാൻഡ്സ്കേപ്പിംഗ് എന്നിവയ്ക്കായി 113 കോടിരൂപയുടെ പ്രവൃത്തി മോണ്ടികാർലോ ലിമിറ്റഡ് കമ്പനി നടത്തും. ഒന്നരവർഷത്തിനുള്ളിൽ ഈ ജോലികൾ പൂർത്തിയാവും.

റൺവേ ദൈർഘ്യം 3050 മീറ്ററിൽനിന്നു 4000 മീറ്ററാക്കി വർദ്ധിപ്പിക്കാൻ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുന്നു. ഇതോടെ കേരളത്തിലെ ഏറ്റവും വലിയ എയർപോർട്ട് ആയി മാറും. വിവിധ തസ്തികകളിൽ 180ഓളം പേരെ നിയമിച്ചുതുടങ്ങി. പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ വീട് നഷ്ടപ്പെട്ട കുടുംബങ്ങളിലെ ഒരു അംഗത്തിനുവീതം ജോലി നൽകും. വിമാനത്താവളത്തിന് ഉടൻ ലൈസൻസ് ലഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എ.കെ. ശശീന്ദ്രൻ, എം.ഡി വി. തുളസീദാസ്, ഡയറക്ടർ ബോർഡ് അംഗം എം.എ. യൂസഫലി തുടങ്ങിയവർ പങ്കെടുത്തു.

## മാനവിക സൗഹൃദ സംഗമം നടത്തി

തിരുവനന്തപുരം: ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ തിരുവനന്തപുരം താലൂക്ക് സംഘടിപ്പിച്ച മാനവിക സൗഹൃദ സംഗമം പ്രസ്ക്ലബ് ഹാളിൽ നടന്നു. കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷൻ പ്രസിഡന്റ് കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി ഉദ്ഘാടനം ചെയ്തു. ഡി.കെ.ജെ.യു. താലൂക്ക് പ്രസിഡന്റ് ചക്കമല ഷംസുദ്ദീൻ മന്നാനി അദ്ധ്യക്ഷത വഹിച്ചു. തൊടിയൂർ മുഹമ്മദ്കുഞ്ഞ് മൗലവി, സ്വാമി അശ്വതി തിരുനാൾ, ഫാദർ. ഡോ. നിക്കോളാസ്. ടി.കെ.പി. അബൂബക്കർ ഹസ്രത്ത് തുടങ്ങിയവർ പങ്കെടുത്തു.

## ദുരിതാശ്വാസ നിധിയിലേക്ക് 10 ലക്ഷം കൈമാറി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആസ്ട്രാസെനിക ഫാർമ ഇന്ത്യ ലിമിറ്റഡ് ഫാർമസ്യൂട്ടിക്കൽ കമ്പനി ജീവനക്കാർ 10 ലക്ഷം രൂപ സംഭാവന ചെയ്തു. ആസ്ട്രാസെനിക ഡയബറ്റിസ് ബിസിനസ് ഹെഡ് മാണിക് കൗൾ 10 ലക്ഷം രൂപയുടെ ചെക്ക് കേരള ആരോഗ്യ സെക്രട്ടറി രാജീവ് സദാനന്ദന് കൈമാറി. ആസ്ട്രാസെനിക എച്ച്.ആർ വൈസ് പ്രസിഡന്റ് സ്മിതാ സാഹ, എൻ.എച്ച്.എം ഡയറക്ടർ കേശവേന്ദ്ര കുമാർ തുടങ്ങിയവർ പങ്കെടുത്തു.

### പ്രളയ ദുരിതാശ്വാസം

## ഗൃഹോപകരണ വായ്പാപദ്ധതി മുദ്രപ്പത്രത്തിൽ കുടുങ്ങി

▸ സി.പി.ശ്രീഹർഷൻ

തിരുവനന്തപുരം: പ്രളയ ദുരന്തത്തിനിരയായവർക്ക് ഗൃഹോപകരണങ്ങൾ വാങ്ങാൻ പ്രഖ്യാപിച്ച ഒരു ലക്ഷം രൂപയുടെ പലിശരഹിത വായ്പാവിതരണം മുദ്രപ്പത്രക്കുരുക്കിൽപെട്ട് അനിശ്ചിതത്വത്തിലായി. ഓരോ ഇടപാടിലും ബന്ധപ്പെട്ട ബാങ്കുമായി 200 രൂപ മുദ്രപ്പത്രത്തിൽ ഇന്റർസേ കരാറിലേർപ്പെടണമെന്ന റിസർവ് ബാങ്കിന്റെ പൊതുനിബന്ധനയാണ് കുരുക്കായത്. ഉപഭോക്താക്കളെ കണ്ടെത്തുന്നതും വായ്പ വിതരണം ചെയ്യുന്നതും കുടുംബശ്രീ അയൽക്കൂട്ട സംവിധാനം വഴിയാണ്. 90,000 കുടുംബങ്ങൾക്ക് വായ്പയ്ക്ക് അർഹതയുള്ളതായാണ് കണക്ക്. ഇവർക്കെല്ലാംകൂടി മുദ്രപ്പത്രത്തിന് 1.80 കോടി രൂപ ചെലവുവരും. സാധാരണ ബാങ്ക് വായ്പകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഉപഭോക്താവിൽ നിന്നാണ് ഈടാക്കുന്നത്. ഇവിടെ അത് കുടുംബശ്രീയാണ് വഹിക്കേണ്ടിവരിക. അത് ഒഴിവാക്കിക്കിട്ടാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിരിക്കയാണ്. രജിസ്ട്രേഷൻ വകുപ്പാണ് തീരുമാനമെടുക്കേണ്ടത്. റവന്യൂ വകുപ്പിലിരിക്കുന്ന ഈ ഫയലിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. റിസർജന്റ് കേരള ലോൺ സ്കീം എന്ന പേരിലുള്ള വായ്പാപദ്ധതി അംഗീകരിച്ച് സെപ്തംബർ ഏഴിനിറക്കിയ ഉത്തരവിന്മേലുണ്ടായ അനിശ്ചിതത്വം വായ്പ പ്രതീക്ഷിച്ച ദുരിതബാധിതരെ നിരാശപ്പെടുത്തുകയാണ്.

ഇതോടൊപ്പം പ്രഖ്യാപിച്ച 10 ലക്ഷം രൂപയുടെ വ്യാപാര, വാണിജ്യ വായ്പാപദ്ധതി സംബന്ധിച്ച അന്തിമതീരുമാനവും ഇതുവരെയായിട്ടില്ല. ഇതിന്റെ വിവിധ വശങ്ങൾ റവന്യൂ അഡിഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ചുവരികയാണത്രെ. രണ്ട് പദ്ധതികളും ഒരുമിച്ച് പ്രഖ്യാപിച്ചതിനാൽ ഒറ്റ ഫയലായാണ് റവന്യൂ സെക്രട്ടറിയുടെ പക്കലുള്ളത്.

**പദ്ധതിയുടെ സവിശേഷത**

9 ശതമാനമാണ് പലിശ. ഇത് പൂർണമായും സർക്കാർ വഹിക്കുന്ന തരത്തിലാണ് പദ്ധതി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് ഇത് നൽകുന്നത്. വായ്പാതിരിച്ചടവിന് 6 മാസ മോറട്ടോറിയം, തിരിച്ചടവിന് 3 മുതൽ 4 വർഷം വരെ എന്നിവയും പദ്ധതിയുടെ ആകർഷകഘടകങ്ങളാണ്.

## ബി.ജെ.പിയിൽ അധികാര സിംഹങ്ങളും അലങ്കാര സിംഹികളും

▸ കെ.പി.കൈലാസ്നാഥ്

തിരുവനന്തപുരം: സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ബി.ജെ.പി ദേശീയതലം മുതൽ ബൂത്തുതലം വരെ പാർട്ടി കമ്മിറ്റികളിൽ വനിതകൾക്ക് പ്രാതിനിദ്ധ്യം നൽകിയപ്പോൾ കേരള ബി.ജെ.പിയിലെ വനിതാ നേതാക്കൾക്ക് പാർട്ടി ഭാരവാഹിത്വം അലങ്കാരം മാത്രം.

മുപ്പത് സംസ്ഥാന ഭാരവാഹികളിൽ ഏഴ് വനിതകളുണ്ട്. പക്ഷേ അവർക്ക് സംഘടനാ ചുമതലകൾ നൽകാൻ നേതൃത്വത്തിന് മടി. ബി.ജെ.പിയുടെ നാല് സംസ്ഥാന ജനറൽ സെക്രട്ടറിമാരിലെ ഏക വനിതയും തീപ്പൊരി നേതാവുമായ ശോഭാ സുരേന്ദ്രനും ഈ അവഗണന നേരിട്ടു. മറ്റ് ജനറൽ സെക്രട്ടറിമാർക്ക് നാലും അഞ്ചും ജില്ലകളടങ്ങിയ മേഖലകളുടെ ചുമതല നൽകിയപ്പോൾ ശോഭയ്ക്ക് മാത്രം ചുമതലയില്ല.

കെ. സുരേന്ദ്രന് എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളടങ്ങിയ മദ്ധ്യമേഖലയുടെയും എം.ടി. രമേശിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ഉൾപ്പെടുന്ന ദക്ഷിണ മേഖലയുടെയും എ.എൻ. രാധാകൃഷ്ണന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളടങ്ങിയ വടക്കൻ മേഖലയുടെയും ചുമതലയാണ് നൽകിയത്.

മറ്റ് സംസ്ഥാന ഭാരവാഹികൾക്കായി ജില്ലകൾ വീതിച്ചപ്പോഴും വനിതകളെ അവഗണിച്ചു. സംസ്ഥാന ഭാരവാഹികളല്ലാത്തവർക്ക് വരെ ജില്ലാ ചുമതല നൽകിയപ്പോൾ സ്ത്രീകൾക്കാർക്കും നൽകിയില്ല. ഏഴ് വൈസ് പ്രസിഡന്റുമാരിൽ വനിതകളായി എം.എസ്. സമ്പൂർണ, പ്രമീള നായിക് എന്നിവരാണുള്ളത്. എട്ട് സെക്രട്ടറിമാരിൽ മൂന്നുപേർ വനിതകളാണ്. രേണു സുരേഷ്, രാജി പ്രസാദ്, ടി. ലീലാവതി എന്നിവർ. സംസ്ഥാന ഭാരവാഹികൾ പോലുമല്ലാത്തവർക്കും ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയുടെ ചുമതലയുള്ള വെള്ളിയാകുളം പരമേശ്വരനും വയനാടിന്റെ ചുമതലയുള്ള വി.വി. രാജനും പാലക്കാടിന്റെ ചുമതലയുള്ള കെ. നാരായണൻ നമ്പൂതിരിയും മേഖലാ ഭാരവാഹികൾ മാത്രമാണ്.

**മറ്റ് ജില്ലാ ചുമതലക്കാർ**



കൊല്ലം- സി.ശിവൻകുട്ടി, പത്തനംതിട്ട- എം.എസ്.കുമാർ, ആലപ്പുഴ- ബി.ഗോപാലകൃഷ്ണൻ, എറണാകുളം- ജെ.ആർ.പദ്മകുമാർ, ഇടുക്കി- എ.കെ.നസീർ, തൃശൂർ- സി.കൃഷ്ണകുമാർ, മലപ്പുറം - എൻ. ശിവരാജൻ, കോഴിക്കോട്- പി.എം. വേലായുധൻ, കണ്ണൂർ- ചേറ്റൂർ ബാലകൃഷ്ണൻ, കാസർകോട്- വി.കെ.സജീവൻ




*സ്വച്ഛ് സർവേക്ഷൺ ശില്പശാലയുടെ ഉദ്ഘാടനം ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ നിർവഹിക്കുന്നു*

## സ്വച്ഛ് സർവ്വേക്ഷൺ 2019ന് തുടക്കമായി

തിരുവനന്തപുരം : 2019 ജനുവരിയിൽ നടത്തുന്ന ശുചിത്വ സർവേയുമായി (സ്വച്ഛ് സർവേക്ഷൺ) ബന്ധപ്പെട്ട് സംസ്ഥാനത്തെ നഗരസഭാ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കുമായി ശില്പശാല നടത്തി. ശില്പശാലയുടെ ഉദ്ഘാടനം ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ നിർവഹിച്ചു. തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത്, കൊച്ചി മേയർ സൗമിനി ജയൻ, പിറവം മുനിസിപ്പൽ ചെയർമാൻ സാബു. കെ. ജേക്കബ്, വടകര മുനിസിപ്പൽ ചെയർമാൻ കെ. ശ്രീധരൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ, നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. ഉമ്മു സെൽമ തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്ര പൊതുജന ആരോഗ്യ പരിസ്ഥിതി സംഘടന അഡ്വൈസർ രോഹിത് കക്കർ, ദേശീയ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ടെക്നിക്കൽ കൺസൾട്ടന്റ് ഫൗസ്റ്റീന ഗോമസ് തുടങ്ങിയവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

നഗരസഭ മേയർമാർ, മുനിസിപ്പൽ കോർപ്പറേഷൻ ചെയർപേഴ്സൺമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, മുനിസിപ്പൽ കോർപ്പറേഷൻ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ശുചിത്വ മാലിന്യസംസ്കരണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ നഗരസഭകളെ റാങ്കിംഗ് ചെയ്യുന്ന പരിപാടിയാണ് സ്വച്ഛ് സർവ്വേക്ഷൺ.

## സൗജന്യ ഹ്രസ്വകാല കോഴ്സുകൾ

തിരുവനന്തപുരം: കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം വെള്ളനാട്ടുള്ള സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എൻജിനിയറിംഗ് കോളേജിൽ 18 ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കും. ട്യൂഷൻ ഫീസില്ലാതെ പ്രാക്ടിക്കൽ സഹിതം പഠിപ്പിക്കുന്ന ഈ കോഴ്സുകൾ പാസായാൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റും കോളേജിൽ സ്വയംതൊഴിൽ പദ്ധതി തുടങ്ങാനുള്ള സഹായവും ലഭിക്കും.

അഡ്മിഷനായി ആധാർ കാർഡിന്റെ കോപ്പിയും ഒരു പാസ്പോർട്ട്സൈസ് ഫോട്ടോയോടുകൂടി sist pmkvy ഓഫീസിൽ വന്ന് അപേക്ഷ സമർപ്പിക്കണം. ഫോൺ: 9037082870, 9446527755. വിലാസം: പി.എം.കെ.വി.വൈ നോഡൽ ഓഫീസർ, സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, വെള്ളനാട് പി.ഒ, തിരുവനന്തപുരം, 695543. വെബ്സൈറ്റ്: www.sist.in

## സംസ്ഥാനത്തുനിന്ന് നാല് സ്പെഷ്യൽ ട്രെയിൻ സർവീസുകൾ



തിരുവനന്തപുരം: ഒക്ടോബർ ആദ്യആഴ്ച എറണാകുളത്തുനിന്ന് ഹൈദരാബാദിലേക്കും ചെന്നൈയിലേക്കും സ്പെഷ്യൽ ട്രെയിനും കൊച്ചുവേളിയിൽ നിന്ന് ഹൈദരാബാദ് സ്പെഷ്യൽ, കൊല്ലത്തുനിന്ന് താംബരം സ്പെഷ്യലും സർവീസ് നടത്തും. ഒക്ടോബർ ഒന്നുമുതൽ എറണാകുളം - കൊച്ചിൻ ടെർമിനസ് ഡെമു സർവീസ് ടൈംടേബിളിലും മാറ്റം വരുത്തി.

കൊല്ലത്തുനിന്ന് താംബരത്തേക്ക് ഒക്ടോബർ 2,4,6,9,11 തീയതികളിൽ രാവിലെ 11.30 നും താംബരത്തുനിന്ന് 1,3,5,8,10 തീയതികളിൽ വൈകിട്ട് 5.15 ന് കൊല്ലത്തേക്കുമാണ് സ്പെഷ്യൽ സർവീസ്. ട്രെയിൻ നമ്പർ: 06027/06028.

ചെന്നൈയിൽ നിന്ന് എറണാകുളത്തേക്കുള്ള സ്പെഷ്യൽ ട്രെയിൻ ചെന്നൈയിൽ നിന്ന് ഒക്ടോബർ 5 ന് രാത്രി 8.40 നും എറണാകുളത്തുനിന്ന് 7ന് വൈകിട്ട് 7 നുമാണ് പുറപ്പെടുക. ട്രെയിൻ നമ്പർ: 06005/06006.

എറണാകുളത്തുനിന്ന് ഹൈദരാബാദിലേക്കുള്ള സ്പെഷ്യൽ ട്രെയിൻ ഒക്ടോബർ 4ന് രാത്രി 9.30 ന് പുറപ്പെട്ട് പിറ്റേന്ന് രാത്രി 10.55ന് ഹൈദരാബാദിലെത്തും. ട്രെയിൻ നമ്പർ. 07118. കൊച്ചുവേളിയിൽ നിന്ന് ഹൈദരാബാദിലേക്കുള്ള സ്പെഷ്യൽ ട്രെയിൻ ഒക്ടോബർ 8 ന് രാവിലെ 7.45 ന് പുറപ്പെട്ട് പിറ്റേന്ന് ഉച്ചയ്ക്ക് 2 ന് ഹൈദരാബാദിലെത്തും. ട്രെയിൻ നമ്പർ :07116.

## കെ.എസ്.ആർ.ടി.സിയിൽ 5,000 പേർക്ക് സ്ഥലം മാറ്റം

■ കരട് പട്ടിക പ്രസിദ്ധീകരിച്ചു ■ 10 വരെ ആക്ഷേപം അറിയിക്കാം

▸ സ്വന്തം ലേഖകൻ



തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയിൽ ചരിത്രത്തിലാദ്യമായി അയ്യായിരം ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റുന്നു. സിംഗിൾ ഡ്യൂട്ടി സംവിധാനം ഫലപ്രദമാക്കാൻ കണ്ടക്ടറും ഡ്രൈവറും ഉൾപ്പെടെയുള്ള ജീവനക്കാരെയാണ് സ്ഥലം മാറ്റുന്നത്. ഈ സ്ഥലം മാറ്റം നല്ലതിനാണ്. ജീവനക്കാരുടെ വീടിനടുത്തുള്ള യൂണിറ്റുകളിലേക്കാണ് മാറ്റം.

ഇതിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചു. സിംഗിൾ ഡ്യൂട്ടി സംവിധാനത്തിൽ ജീവനക്കാർ ആഴ്ചയിൽ ആറുദിവസവും ജോലിക്ക് എത്തണം. ഇതിന് സഹായകരമായ ക്രമീകരണമാണ് സ്ഥലമാറ്റത്തിലൂടെ നടത്തുന്നത്. സുതാര്യമാണ് നടപടികളെന്ന് മാനേജ്മെന്റ് അറിയിച്ചു.

പൊതുസ്ഥലം മാറ്റ പട്ടികയുടെ മാതൃകയിലാണ് നടപടി. ആക്ഷേപം ഒഴിവാക്കാൻ കരട് പട്ടിക ഇന്നലെ പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ 10 വരെ സമർപ്പിക്കാം.

അതിന് ശേഷം അന്തിമപട്ടിക പ്രസിദ്ധീകരിക്കും. അച്ചടക്ക നടപടി നേരിടുന്നവരെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരക്കാർ പട്ടികയിൽ ഉണ്ടെങ്കിൽ ജീവനക്കാർക്ക് അറിയിക്കാം.

എല്ലാ യൂണിറ്റുകളിലും കരട് പട്ടിക നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്ന് എം.ഡി ടോമിൻ തച്ചങ്കരി കർശന നിർദ്ദേശം നൽകി.

മാതൃയൂണിറ്റിലേക്ക് മാറ്റം നൽകിയിട്ടുണ്ടെങ്കിലും മറ്റു യൂണിറ്റുകളിലേക്ക് മാറാൻ ആഗ്രഹമുള്ളവർക്ക് വീണ്ടും അപേക്ഷ നൽകാം. ജീവനക്കാരുടെ പുനർവിന്യാസത്തിന് മാനേജ്മെന്റ് ഏറെക്കാലമായി ശ്രമിക്കുന്നുണ്ടായിരുന്നു.

കണ്ടക്ടർമാരിൽ ഭൂരിഭാഗവും തെക്കൻ ജില്ലക്കാരും ഡ്രൈവർമാരിൽ ഭൂരിപക്ഷം വടക്കൻ ജില്ലക്കാരുമാണ്. ഇവരെ ഫലപ്രദമായി വിന്യസിക്കാനുള്ള നീക്കമാണ് നടക്കുന്നത്. മുൻ വർഷങ്ങളിൽ തൊഴിലാളി സംഘടനകൾ നൽകുന്ന ലിസ്റ്റ് കൂടി പരിഗണിച്ചാണ് സ്ഥലമാറ്റം നൽകിയിരുന്നത്. ഇത്തവണ ആ പതിവ് തന്നെ പൊളിച്ചാണ് പട്ടിക തയ്യാറാക്കുന്നത്.

# വിളംബരം

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം മുഖേന ന്യൂനപക്ഷ വിഭാഗങ്ങളിൽ (മുസ്ലീം/ ക്രിസ്ത്യൻ/ സിഖ്/ ബുദ്ധ/ പാർസി/ ജൈന) ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള (201819) ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/ റിന്യൂവൽ) ഒക്ടോബർ 31 വരെ സ്വീകരിക്കും. www.scholarships.gov.in ലൂടെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

### പരീക്ഷയക്ക് അപേക്ഷിക്കാം

2018-19 വർഷത്തെ ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷകളും, 9,10 ക്ലാസുകളിൽ പഠിക്കുന്ന അംഗവൈകല്യമുള്ള കുട്ടികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷകളും (ഫ്രഷ്/ റിന്യൂവൽ) ഓൺലൈൻ ആയി സമർപ്പിക്കാനുള്ള അവസാന തിയതി ഒക്ടോബർ 15 വരെ നീട്ടി. 2018-19 വർഷത്തെ ഫ്രഷ്/ റിന്യൂവൽ അപേക്ഷകളുടെ സൂക്ഷ്മപരിശോധന ഒക്ടോബർ 15നകം പ്രഥമാധ്യാപകൻ പൂർത്തിയാക്കണം. അപേക്ഷ സമർപ്പണത്തിനും, സൂക്ഷ്മ പരിശോധനയ്ക്കും തിയതി നീട്ടി നൽകില്ല.



### തിരുവനന്തപുരം

### താൽക്കാലിക ഒഴിവ്

തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിൽ (സി.ഇ.റ്റി) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ (എം.സി.എ) ട്രേഡ്സ്മാൻ തസ്തികയിൽ താത്കാലിക ഒഴിവുണ്ട്. ഐ. ടി. ഐ/ ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് മെയിന്റനൻസ്/ ഇൻഫർമേഷൻ ടെക്നോളജി) യോഗ്യത ഉള്ളവർ ഒക്ടോബർ അഞ്ചിന് രാവിലെ 10ന് ബയോഡാറ്റയും, വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം എം.സി.എ ഡിപ്പാർട്ട്മെന്റിലെത്തണം. ടെസ്റ്റ്/ ഇന്റർവ്യൂ നടത്തി തയാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. മുൻപരിചയം ഉള്ളവർക്ക് മുൻഗണന നൽകും.

### അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന റെഫ്രിജറേഷൻ ആൻഡ് എയർകണ്ടീഷനിംഗ് ഹ്രസ്വകാല കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് 0471 236061

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

നവംബർ 1 മുതൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ. എൽ. ബി/ ബി.കോം. എൽ. എൽ. ബി/ ബി.ബി.എ. എൽ. എൽ. ബി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ8 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം കെ. എൻ. എം ഗവൺമെന്റ് കോളേജ് കാഞ്ഞിരംകുളം, പി. എം.ജി ജംഗ്ഷനിലെ സി.എ.സി. ഇ.ഇ കേന്ദ്രം എന്നിവിടങ്ങളിൽ ഒക്ടോബർ 23 മുതൽ നവംബർ 5 വരെ നടത്തുന്ന സി.എൽ.ഐ. എസ്.സി പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 8 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 250 രൂപ പിഴയോടെ ഒക്ടോബർ 17 വരെയും അപേക്ഷിക്കാം. പ്രോജക്റ്റിപ്പോർട്ട് പിഴ കൂടാതെ ഒക്ടോബർ 15 വരെയും 100 രൂപ പിഴയോടെ ഒക്ടോബർ 21 വരെയും അതത് കേന്ദ്രങ്ങളിൽ സമർപ്പിക്കാം. പരീക്ഷാഫീസ് 1170 രൂപ. ഫോൺ നമ്പർ: 0471 - 2302523.

### എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് ആൻഡ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി ഒഴിവുള്ള മൂന്ന് സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 3ന് രാവിലെ 10ന് കാര്യവട്ടം സർവകലാശാലയുടെ ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ ഹാജരാകേതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2308167

### എം.ജി
www.mgu.ac.in

### ഫൈനൽ അലോട്ട്മെന്റ്

സർവകലാശാലയുടെ ഏകജാലകം വഴിയുള്ള പി. ജി, ബി. പി. എഡ്, ബി. എൽ. ഐ. എസി പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിന് ഒക്ടോബർ 5 മുതൽ 6ന് വൈകിട്ട് അഞ്ചുവരെ പുതുതായി ഓപ്ഷൻ നൽകാം. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്ട്മെന്റിൽ പരിഗണിക്കാത്തവർക്കും ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും ഫീസടയ്ക്കാതെ തന്നെ ഓപ്ഷൻ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷൻ നൽകാം. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവരും ഇതേ രീതിയിൽ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യണം. ഓപ്ഷൻ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. വിവിധ കോളേജുകളിൽ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം ക്യാപ് വെബ്സൈറ്റിൽ ഒക്ടോബർ അഞ്ചിന് പ്രസിദ്ധീകരിക്കും.

### പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2016 അഡ്മിഷൻ റഗുലർ/2013 2015 അഡ്മിഷൻ റീ അപ്പിയറൻസ്) ബിരുദ പരീക്ഷകൾ ഒക്ടോബർ 24ന് ആരംഭിക്കും.

### പ്രാക്ടിക്കൽ

ഒന്നും രണ്ടും സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി എല്ലാ ബ്രാഞ്ചുകളും) ജൂലായ് 2018ന്റെ പ്രാക്ടിക്കൽ ഒക്ടോബർ 8 മുതൽ നടക്കും.

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് ജൂലായ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 8 മുതൽ നടക്കും.

### പരീക്ഷാഫലം

മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ തമിഴ് (സി.എസ്.എസ്. റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എഡ് മേഴ്സി ചാൻസ് (2009 -2012, 2006-2008 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

മേയിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് മൈക്രോബയോളജി (പി.ജി സി.എസ്.എസ് റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ആരോഗ്യരംഗം

# കുഴഞ്ഞുവീണുള്ള മരണം ഒഴിവാക്കാനാകുമോ?

മൃതസഞ്ജീവനി ആരോഗ്യരംഗം



ഡോ.സി.ഭരത് ചന്ദ്രൻ

ഹൃദയാരോഗ്യ വിദഗ്ദ്ധൻ



പന്ത്രണ്ട് വർഷം മുൻപുള്ള അനുഭവമാണ്. ഹൃദയാഘാതമുണ്ടായി ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ് സുഖമായി വീട്ടിൽ പോയ ഒരു അൻപതുകാരനെ നെഞ്ചുവേദനയുമായി വീണ്ടും ആശുപത്രിയിലെത്തിച്ചു. അത്യാഹിതവിഭാഗത്തിൽ എത്തിയ ഉടൻ അദ്ദേഹം കുഴഞ്ഞുവീണു. ഉടൻ തന്നെ 'cardiac resuscitation, ' ( ഹൃദയപുനരുജ്ജീവനം) എന്ന ചികിത്സയ്ക്ക് വിധേയനാക്കി ഐ.സി.യു വിൽ എത്തിച്ച് തുടർ ചികിത്സകൾ നൽകി.

കാർഡിയാക് cardiac resuscitation ൽ ഏറ്റവും പ്രധാനം നെഞ്ചിന്റെ മധ്യഭാഗത്ത് മിനിറ്റിൽ 100 തവണക്രമമായി അമർത്തുന്നതാണ്. ഈ 'നെഞ്ചമർത്തൽ ' (chest compression) കൊണ്ട് ഹൃദയത്തിൽനിന്നും രക്തം മസ്തിഷ്കത്തിലേക്കും കൊറോണറി ധമനികളിലേക്കും എത്തിയ്ക്കാൻ കഴിയുന്നു. ഇതുകൊണ്ട് ജീവൻനിലനിറുത്താനും മസ്തിഷ്ക ക്ഷതം കുറയ്ക്കാനും ചിലപ്പോൾ ഒഴിവാക്കാൻ തന്നെയും സഹായിക്കുന്നു. ഐ. സി.യുവിൽ എത്തിച്ച രോഗിക്ക് ഡി.സി ഷോക്, കൃത്രിമശ്വാസം എന്നിവ നല്കി, സ്ഥിതിഗതികൾ വിലയിരുത്തി മരുന്നുകളും നല്കി. നെഞ്ചമർത്തൽ ക്രമത്തോടെ തുടർന്നുകൊണ്ടിരുന്നു. ഇവയുടെ എല്ലാം ഫലമായി ഹൃദയമിടിപ്പും രക്തസമ്മർദ്ദവും നിയന്ത്രണ വിധേയമായി. വൈകാതെ ആൻജിയോഗ്രാഫിക്ക് വിധേയനാക്കി. ഈ രോഗിയുടെ ഹൃദയത്തിൽ ആദ്യ ആഘാതമുണ്ടായപ്പോൾ സ്ഥാപിച്ചിരുന്ന സ്റ്റെന്റ് രക്തം കട്ടപിടിച്ച് അടഞ്ഞുപോയതായി ആൻജിയോഗ്രാഫിയിൽ മനസിലായി. രക്തം കട്ടപിടിക്കുന്നത് ഒഴിവാക്കാൻ സഹായിയ്ക്കുന്ന മരുന്നുകൾ കഴിയ്ക്കുന്നതിലുണ്ടായ അശ്രദ്ധയായിരിക്കാം ഇതിനു കാരണം. ഈ തടസം ബലൂൺ ചികിത്സ വഴി മാറ്റി. അസുഖമെല്ലാം മാറി പൂർണമായും രോഗവിമുക്തിനേടി രോഗി വീട്ടിലേക്ക് പോയി.



കഥ അവിടെത്തീർന്നില്ല. രണ്ടാഴ്ച കഴിഞ്ഞതേയുള്ളൂ, അദ്ദേഹം വീണ്ടും വീട്ടിൽ കുഴഞ്ഞു വീണു. ബോധമോ ശ്വാസമോ ഹൃദയമിടിപ്പോ ഇല്ല. വീട്ടിൽ ഉണ്ടായിരുന്നവർ ഉടൻ തന്നെ രോഗിയെ കാറിൽ കിടത്തി ആശുപത്രിയിലേക്കു കൊണ്ടുവന്നു. കുഴഞ്ഞുവീണപ്പോൾ തുടങ്ങിയ 'നെഞ്ചമർത്തൽ ' കൂടെയുണ്ടായിരുന്ന സഹോദരന്മാർ ആശുപത്രിയിലേക്കുള്ള അഞ്ച് കിലോമീറ്റർ വഴിയിലും ട്രാഫിക് തടസത്തിൽ പെപെട്ടപ്പോഴും ഇടതടവില്ലാതെ മാറിമാറി ചെയ്തുകൊണ്ടിരുന്നു. തുടർച്ചയായ നെഞ്ചമർത്തൽ കാരണം ആശുപത്രിയിൽ എത്തുമ്പോൾ രോഗിക്ക് ജീവനുണ്ടായിരുന്നു. ഉടനെ നല്കിയ ഡി സി ഷോക് താളംതെറ്റിയ ഹൃദയസ്പന്ദനം ക്രമത്തിലാക്കി. നീണ്ടനേരത്തെ കൃത്രിമശ്വാസം വേണ്ടിവന്നില്ല. അധികം വൈകാതെതന്നെ വീണ്ടും ആൻജിയോഗ്രാഫി നടത്തിയപ്പോൾ സ്റ്റെന്റിനോ മറ്റ് കൊറോണറി ധമനികൾക്കോ ഒരു പ്രശ്നവുമില്ല.

ഈ രോഗിയ്ക്ക് ശരിയായ ചികിത്സയ്ക്കു ശേഷവും ഹൃദയത്തിന്റെ സ്പന്ദനം തെറ്റി ഹൃദയം നിശ്ചലമാകുന്ന അവസ്ഥയുണ്ടായി.

ഇത്തരം താളം തെറ്റലുകളായ വെൻട്രികുലാർ റ്റാകികാർഡിയയും (Ventricular Tachycardia) വെൻട്രിക്കുലാർ ഫൈബ്രില്ലേഷനും (Ventricular Fibrillation) ഹൃദയാഘാതവുമായി ബന്ധപ്പെട്ട് എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. ഇത് ഒരിക്കൽ സംഭവിച്ചാൽ വീണ്ടും ഉണ്ടായി കുഴഞ്ഞുവീണ് മരിയ്ക്കാതിരിക്കാൻ പേസ് മേക്കർ പോലുള്ള ഉപകരണം നെഞ്ചിൽ വെച്ചുപിടിപ്പിക്കണം. ഹൃദയസ്പന്ദനം താളം തെറ്റുന്ന വേളയിൽ തന്നെ ഷോക് കൊടുത്ത് ഹൃദയതാളം ക്രമപ്പെടുത്താൻ ഇത് സഹായിക്കുന്നു. ഐ.സി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇംപ്ലാന്റബിൾ കാർഡിയാക് ഡിഫിബ്രിലേറ്റർ (Implantable Cardiac Defibrillator) എന്ന ഈ ഉപകരണം ഘടിപ്പിച്ച രോഗി ഇപ്പോഴും ജോലിയും ചെയ്ത് സുഖമായി കഴിയുന്നു.

രണ്ടുപ്രാവശ്യം കുഴഞ്ഞു വീണിട്ടും രക്ഷനേടാൻ കഴിഞ്ഞ ഈ ഭാഗ്യവാന്റേത് ഒരു ഒറ്റപ്പെട്ട ചരിത്രം. രോഗിയുടെ സഹോദരന്മാർ നെഞ്ചമർത്തൽ വേണ്ടരീതിയിൽ ചെയ്തുകൊണ്ട് കഴിയും വേഗം ആശുപത്രിയിൽ എത്തിച്ചതുകൊണ്ടുമാത്രമാണ് അദ്ദേഹത്തിന് രണ്ടാമത്തെ പ്രാവശ്യം രക്ഷപ്പെടാനായത്.

ആശുപത്രിയ്ക്കു പുറത്തുവച്ച് ഇങ്ങനെ കുഴഞ്ഞുവീഴുന്നവരിൽ അഞ്ചു ശതമാനം പേരും അമേരിക്കയിൽ പോലും രക്ഷപെടുന്നില്ല. ഹൃദയത്തിന്റെ താളം തെറ്റി ഉണ്ടാകുന്ന കുഴഞ്ഞുവീണുള്ള മരണങ്ങൾ എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു നിന്ന മന്ത്രിക്ക് ഉണ്ടായിട്ടുണ്ട്. മേളത്തിൽ ഭാഗഭാക്കായിരുന്ന വാദ്യകലാവിദഗ്ധന് ഉണ്ടായിട്ടുണ്ട്. നൃത്തവും തുള്ളലും കഥകളിയും അവതരിപ്പിക്കവേ ഉണ്ടായിട്ടുള്ള കുഴഞ്ഞു വീണുള്ള മരണങ്ങളും കേരളം കണ്ടിട്ടുണ്ട്.

ഹൃദയത്തിന്റെ പ്രവർത്തനം പെട്ടെന്ന് നിൽക്കുന്നതാണ് കുഴഞ്ഞുവീണുള്ള മരണങ്ങൾക്ക് പ്രധാനകാരണം. കാര്യമായ ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതെ ദൈനംദിനജീവിതത്തിൽ മുഴുകിക്കഴിയുന്ന ആൾ പെട്ടെന്ന് കുഴഞ്ഞു വീണ് മരിക്കുന്നതിനെ പെട്ടെന്നുണ്ടാകുന്ന ഹൃദ്രോഗമരണം (Sudden Cardiac Death: SCD) എന്നു പറയുന്നു.

## പ്രഥമശുശ്രൂഷ രക്ഷകൻ

കുഴഞ്ഞുവീണാലുടൻ നല്കേണ്ട പ്രഥമചികിത്സയിൽ ഏറ്റവും പ്രധാനം മിനിറ്റിൽ 100 തവണയെങ്കിലും ഇടവിടാതെ ചെയ്യേണ്ട ശക്തിയായ നെഞ്ചമർത്തൽ . ഇതു ചെയ്യുന്ന സമയത്ത് കൃത്രിമശ്വാസം നല്കേണ്ടതില്ല. കാരണം, ഹൃദയം നിലച്ച് പത്തുമിനിട്ടോളം സമയം ഹൃദയത്തിലും മഹാധമനികളിലുമുള്ള രക്തത്തിൽ ഓക്സിജൻ എന്ന വേണ്ടത്ര ഉണ്ടായിരിക്കും. ഇത് മസ്തിഷ്ക്കത്തിലേക്കും കൊറോണറിധമനികളിലേക്കും എത്തിച്ചാൽ മതി.



**മരണകാരണങ്ങളിൽ ഏറ്റവും മുൻപന്തിയിലുള്ള കൊറോണറി ഹൃദ്രോഗം വരാതിരിക്കാനും അഥവാ ഉണ്ടെങ്കിൽ മാരകപ്രശ്നമായി മാറാതിരിക്കാനും വേണ്ടത് ആരോഗ്യകരമായ ജീവിതരീതിയാണ്.**

## മരണത്തിൽനിന്ന് രക്ഷിക്കാം

ശരിയായ പരിശോധനകളും സമയത്തുള്ള ചികിത്സയും കൊണ്ട് കുഴഞ്ഞു വീണുള്ള മരണങ്ങൾ പലതും ഒഴിവാക്കാൻ സാധിക്കുന്നതാണ്. ആർക്കൊക്കെയാണ് ഇത് വേണ്ടതെന്ന് നിശ്ചയിക്കുന്നതിലുള്ള പ്രായോഗിക പ്രശ്നങ്ങൾ ചെറുതല്ല. മരണകാരണങ്ങളിൽ ഏറ്റവും മുൻപന്തിയിലുള്ള കൊറോണറി ഹൃദ്രോഗം വരാതിരിക്കാനും അഥവാ ഉണ്ടെങ്കിൽ അതൊരു മാരകപ്രശ്നമായി മാറാതിരിക്കാനും വേണ്ടത് ആരോഗ്യകരമായ ജീവിതരീതിയാണ്. രോഗം ബാധിച്ചവർക്ക് ഹൃദയാഘാതമോ ഹൃദയസ്തംഭനമോ ഒഴിവാക്കാൻ രോഗത്തിന്റെ ഏതുഘട്ടത്തിലും ശരിയായ ചികിത്സാ ഇടപെടലുകൾ നല്ലൊരു പരിധിവരെ സാധിക്കും.

ചുരുക്കത്തിൽ , കൊറോണറി രോഗങ്ങൾ മൂലമുണ്ടാകുന്ന കുഴഞ്ഞുവീണുള്ള മരണങ്ങൾ തികച്ചും ലളിതമായ പ്രതിരോധ നടപടികളിലൂടെ ഏറ്റവും ഫലപ്രദമായി പ്രതിരോധിയ്ക്കാൻ കഴിയും. പല തലങ്ങളിൽ, പല ഘട്ടങ്ങളിൽ ചെയ്യേണ്ട പ്രതിരോധനടപടികളുണ്ട്. പരമപ്രധാനമായ കാര്യം എത്ര ചെറിയ രോഗമായാലും രോഗലക്ഷണമായാലും അവഗണിക്കാതിരിക്കുക എന്നതാണ്. ചെറിയ രീതിയിലുണ്ടാകുന്ന നെഞ്ചിടിപ്പ്, പെട്ടെന്നു മാറുന്ന തലകറക്കം, ബോധക്ഷയം എന്നിവയെ ഒരിക്കലും നിസ്സാരമായിക്കരുതരുത്. ആയാസമുളവാക്കുന്ന പ്രവൃത്തികൾ ചെയ്യുന്നവർ ശരിയായ രീതിയിൽ ഹൃദയപരിശോധന നടത്തിയിരിയ്ക്കണം. ഹൃദയസ്തംഭനമുണ്ടാകാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തിയാൽ മരുന്നുകൊണ്ടും ഐ.സി ഡി എന്ന ഉപകരണം ഘടിപ്പിച്ചും അകാലമരണങ്ങൾ ഒഴിവാക്കാൻ സാധിക്കും.

# പൊലീസ് കൺസ്യൂമർ സഹകരണ സംഘം തിരഞ്ഞെടുപ്പ് റദ്ദാക്കി

തിരുവനന്തപുരം: ഇന്ന് നടത്തേണ്ടിയിരുന്ന സിറ്റി പൊലീസ് കൺസ്യൂമർ സഹകരണ സംഘം ഭരണ സമിതിതിരഞ്ഞെടുപ്പ്റദ്ദാക്കിക്കൊണ്ട് സഹകരണ തിരഞ്ഞെടുപ്പ് കമ്മിഷണർ വിജയകുമാർ ഇന്നലെ ഉത്തരവിറക്കി. രാഷ്ട്രീയസമ്മർദ്ദമാണ് ഇതിനുപിന്നിലെന്ന് യു.ഡി.എഫ് പ്രതിനിധികൾ ആരോപിച്ചു. കമ്മിഷനെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്നും അവർ പറഞ്ഞു.

നിലവിൽ യു.ഡി.എഫ് ഭരണത്തിലുള്ള സംഘത്തിലെ 11 സീറ്റുകളിൽ രണ്ടെണ്ണത്തിലേക്ക് യു.ഡി.എഫ് സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ശേഷിച്ച 9 സീറ്റുകളിലേക്കാണ് ഇന്ന് തിരഞ്ഞെടുപ്പ് നിശ്ചയിച്ചിരുന്നത്. വിരമിച്ചവരെയും ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലംമാറിപ്പോയവരെയും വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കിയെന്നും തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്നശേഷം 500 പേർക്ക് പുതുതായി അംഗത്വം നൽകിയെന്നും കണ്ടെത്തിയാണ് തിരഞ്ഞെടുപ്പ് റദ്ദാക്കിയത്. എന്നാൽ ഭരണസമിതിയുടെ നേരത്തേയുള്ള തീരുമാനപ്രകാരമാണ് സിറ്റി പൊലീസ് കമ്മീഷണറുടെ പരിധിയിലില്ലാത്തവരെ ഒഴിവാക്കിയതെന്നും വിരമിക്കുന്നവർ സ്വമേധയാ പട്ടികയിൽ നിന്ന് ഒഴിവാകുമെന്നും യു.ഡി.എഫ് പ്രതിനിധികൾ പറഞ്ഞു.

സംഘത്തിന്റെ മുൻ ഭാരവാഹികൾക്കെതിരെ വിജിലൻസ് അന്വേഷണമുണ്ടായിരുന്നു. നഷ്ടം തിരിച്ചുപിടിക്കാനുള്ള നടപടികളും തുടങ്ങിയിരുന്നു. നേരത്തേ സ്പെഷ്യൽബ്രാഞ്ച് സി.ഐ.ജി സ്റ്റാഫ് സഹകരണ സംഘത്തിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗ്രസ് അനുകൂല വിഭാഗം വിജയിച്ചിരുന്നു.

# വീടുവിട്ടിറങ്ങിയ പെൺകുട്ടിയുടെ മൃതദേഹം കല്ലടയാറ്റിൽ

പത്തനാപുരം: അച്ഛൻ മൊബൈൽ ഫോൺ പിടിച്ച് വാങ്ങി നശിപ്പിച്ചതിന്റെ പേരിൽ വീടുവിട്ടിറങ്ങിയ പെൺകുട്ടിയുടെ മൃതദേഹം കല്ലടയാറ്റിൽ കണ്ടെത്തി. കമുകുംചേരി കുഴിവേലി വടക്കേതിൽ പ്രഭാകരൻനായർ - രമാദേവി ദമ്പതികളുടെ മകൾ പ്രവീണയെയാണ് (21) മരിച്ചനിലയിൽ കണ്ടെത്തിയത്.

വെള്ളിയാഴ്ച പുലർച്ചെ മുതൽ പെൺകുട്ടിയെ കാണാനില്ലെന്ന പരാതിയുമായി രക്ഷിതാക്കൾ പത്തനാപുരം പൊലീസിനെ സമീപിച്ചിരുന്നു. ഇന്നലെ രാവിലെ 9.30ഓടെയാണ് കുറുമ്പുറത്ത് കടവിൽ മൃതദേഹം കണ്ടെത്തിയത്. ഫയർഫോഴ്സ് എത്തി മൃതദേഹം കരയ്ക്കെത്തിച്ചു. ആത്മഹത്യയാണെന്നാണ് പൊലീസിന്റെ നിഗമനം. ആത്മഹത്യാക്കുറിപ്പ് വീട്ടിലെ കിടപ്പുമുറിയിൽ നിന്ന് പൊലീസ് കണ്ടെടുത്തു.



പ്രവീണ

കൊട്ടാരക്കര റൂറൽ ഫോറൻസിക് ഓഫീസർ ശീതളിന്റെ നേതൃത്വത്തിൽ ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി.

പുനലൂർ യു. എ. ഐ. എം കോളേജിലെ ഒന്നാം വർഷ എം. ബി.എ വിദ്യാർത്ഥിനിയായിരുന്ന പ്രവീണ. തൃശ്ശൂരിൽ താമസിച്ചിരുന്ന പ്രഭാകരൻ നായരും കുടുംബവും അടുത്തിടെയാണ് കമുകുംചേരിയിലെത്തിയത്. പ്രദീപ് നായർ സഹോദരനാണ്.

# ചെമ്പരിക്ക ഖാസി ആത്മഹത്യ ചെയ്തെന്ന് വീണ്ടും സി.ബി.ഐ

കൊച്ചി: കാസർകോട്ടെ ചെമ്പരിക്ക ഖാസി സി.എം. അബ്ദുല്ല മൗലവി ആത്മഹത്യ ചെയ്തതാണെന്ന് മൂന്നാം തവണയും സി.ബി.ഐയുടെ റിപ്പോർട്ട്. കേസന്വേഷണം അവസാനിപ്പിച്ചതായി എറണാകുളം സി.ജെ.എം കോടതിയിൽ സി.ബി.ഐയുടെ തിരുവനന്തപുരം യൂണിറ്റ് അറിയിച്ചു.

ഖാസിയെ കൊലപ്പെടുത്തിയെന്നായിരുന്നു സംശയം. അദ്ദേഹത്തിന്റെ ശരീരത്തിലോ താമസിച്ചിരുന്ന വീട്ടിലോ കൊലപാതകം സൂചിപ്പിക്കുന്ന തെളിവുകൾ ലഭിച്ചില്ല. 2017 ജനുവരിയിൽ അന്വേഷണം അവസാനിപ്പിച്ചെങ്കിലും ഹൈക്കോടതിനിർദ്ദേശപ്രകാരം വീണ്ടും അന്വേഷിക്കുകയായിരുന്നു. ഓട്ടോറിക്ഷ ഡ്രൈവർ ആദൂർ അഷ്റഫ് നൽകിയ മൊഴിപ്രകാരമായിരുന്നു മൂന്നാമതും അന്വേഷിച്ചത്.

ചെമ്പരിക്കകടപ്പുറത്തെകടുക്കക്കല്ല് പാറക്കെട്ടിനു സമീപം 2010 ഫെബ്രുവരി 15 നാണ് ഖാസിയുടെ മൃതദേഹം കണ്ടെത്തിയത്. മരണത്തിന് മുമ്പ് ആറു തവണ രണ്ടു പേരെ ഖാസിയുടെ വീട്ടിൽ താൻ കൊണ്ടുപോയതായി അഷ്റഫ് മൊഴി നൽകിയിരുന്നു. ഖാസിയുടെ മരണവുമായി ഇവർക്ക് ബന്ധമുണ്ടെന്ന സംശയത്തിലാണ് വീണ്ടും അന്വേഷിച്ചത്. ഓട്ടോ ഡ്രൈവറുടെ മൊഴികളിൽ വസ്തുതയില്ലെന്ന് സി.ബി.ഐ വിലയിരുത്തിയാണ് റിപ്പോർട്ട് നൽകിയത്. ഖാസിയുടെ മകൻ മുഹമ്മദ് ഷാഫി നൽകിയ ഹർജിയിലാണ് അന്വേഷണത്തിന് കോടതി ഉത്തരവിട്ടത്.

# കോൺട്രാക്ടർമാർക്ക് അക്കാഡമി തുടങ്ങും: മന്ത്രി സുധാകരൻ

കോഴിക്കോട്: സർക്കാർ കോൺട്രാക്ടർമാരുടെ പരിശീലനത്തിനായി അക്കാഡമി തുടങ്ങണമെന്ന് പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ പറഞ്ഞു.

കോഴിക്കോട് കോടതിയുടെ ദ്വൈശതാബ്ദി വാർഷികത്തോടനുബന്ധിച്ച് നിർമിച്ച സ്മാരക സമുച്ചയത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചില കോൺട്രാക്ടർമാർ യാതൊരു ഉത്തരവാദിത്വവുമില്ലാതെയാണ് പെരുമാറുന്നത്. ഇതിന് മാറ്റം വേണം. അവർക്ക് പരിശീലനം നൽകണം. നവീനമായ യന്ത്രങ്ങൾ ഉപയോഗിച്ചാവണം പ്രവൃത്തികൾ നടത്തേണ്ടത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോടതികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള ഒരു ഫയലും നിരാകരിച്ചിട്ടില്ല. ഇതുവരെ 91.37 കോടി രൂപ ചെലവഴിച്ചു. 54 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 121 കോടിയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും നൽകി.

മൊത്തം 266.39 കോടി രൂപയാണ് ചെലവഴിക്കുന്നത്. കോടതിയുമായി യാതൊരു ഏറ്റുമുട്ടലിനും സർക്കാരില്ല. ഇക്കാര്യത്തിൽ ഞങ്ങൾ അതീവ ശ്രദ്ധാലുവാണ്- അദ്ദേഹം പറഞ്ഞു.

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

## വില്പനയ്ക്ക്

തിരുവനന്തപുരം കഴക്കൂട്ടം ടെക്നോപാർക്കിനും UST Global-നും എതിർവശം വി.എസ്.എസ്.സി ക്ക് സമീപം സ്റ്റേഷൻകടവ് ഗെയിം വില്ലേജ് റോഡിൽ ബിൽഡിംഗ് പെർമിറ്റോടുകൂടിയ ഹൗസ്പ്ലോട്ടുകൾ.
9447767668, 9567218460.

വില്പനയ്ക്ക്
വിഴിഞ്ഞത്ത് 30 സെന്റ് Square Plot, റോഡ് ഫ്രണ്ടേജ്.
9447072312, 7510663333.

തിരുവനന്തപുരം പൗഡിക്കോണം ജംഗ്ഷന് സമീപം മൂന്നു നിലയ്ക്കുള്ള ഫൗണ്ടേഷൻ ബേസ്മെന്റോടുകൂടി 4 സെന്റ്. മൊത്തം 18 ലക്ഷം.
9961406140, 9387754719.

വർക്കല കല്ലംകോണത്ത് 3½ സെന്റ്, സ്കൂട്ടർ കയറുന്ന വഴി.
9947014252

വർക്കല സ്റ്റാർ തിയേറ്ററിന് പിറകിൽ റോഡ് സൈഡിൽ 8 സെന്റ്.
9446634346

ആറ്റിങ്ങൽ കൊടുമൺ മീമ്പാട്ട് ക്ഷേത്രത്തിന് സമീപം റോഡ് ഫ്രണ്ടേജ് 24 സെന്റ്. പ്ലോട്ടുകളായും വില്ക്കപ്പെടും. സെന്റിന് 1.5 Lakhs.
9349340403

55 സെന്റ് (പ്ലോട്ടുകളായും), കഴക്കൂട്ടം, കിൻഫ്രാ റോഡ്, സെന്റ് തോമസ് കോളേജിന് സമീപം.
Phone : 9747649547, 7012955401.

പൂതക്കുളം നെല്ലേറ്റിൽ പരവൂർ റോഡിൽ തോണിപ്പാറയ്ക്ക് സമീപം അയ്യപ്പൻകുന്നിൽ 10 സെന്റിൽ ചെറിയ വീട്, കിണർ, ലൈറ്റ് സൗകര്യവും ചുറ്റും കായൽക്കാഴ്ചയുള്ളതും. വില മൊത്തം 12 ലക്ഷം.
9961406140

തിരുവനന്തപുരം ശ്രീകാര്യം ചാവടി മുക്ക് എൻജിനീയറിംഗ് കോളേജിന് സമീപം CRP നഗറിൽ 12 സെന്റ്. ഒന്നിച്ചോ പ്ലോട്ടുകളായോ. വില: 6 ലക്ഷം.
9961406140, 9387754719.

കല്ലമ്പലം മണമ്പൂർ ആശുപത്രി ജംഗ്ഷന് സമീപം 4½ സെന്റും ഇരുനില വീടും.
9946481495

വർക്കല എസ്.എൻ കോളേജിന് സമീപം 8½ സെന്റ് വില്പനയ്ക്ക്.
8547208089

Trivandrum City - 18 cents, near RBI, Museum. Cent 20 lakhs.
9456255040
sxkantony@gmail.com.
E-mail better

6 ഏക്കർ വില്പനയ്ക്ക്
കല്ലുവാതുക്കൽ നിന്ന് 3 കിലോമീറ്റർ മാറി 6 ഏക്കർ വില്പനയ്ക്ക്. റബ്ബർ ഫാമിനും കൃഷിക്കും ഫ്ലാറ്റിനും അനുയോജ്യം.
9048986166

## RENTAL

2 BHK with Carparking 1st Floor at Thirumala, Tvpm.
9387644993

## വാടകയ്ക്ക്

മുറികൾ (Lodge), Near (1) NIMS, Medical College (2) K.A.L - Aralumoodu, Neyyattinkara.
9446449593

മാർക്കറ്റ് വിലയിലും കുറഞ്ഞ വിലയ്ക്ക്
പേയാട് പള്ളിമുക്കിന് സമീപം 24 സെന്റ് - കോമ്പൗണ്ട് വാളും ഗേറ്റുമുള്ള, പ്രകൃതി രമണീയമായ ലോറി സൈറ്റ്, സ്ക്വയർ പ്ലോട്ട്. വില 4¼. നെഗോഷ്യബിൾ.
9446571811

## ആവശ്യമുണ്ട്

ശുദ്ധമായി കേരള ഭക്ഷണം തയ്യാറാക്കാൻ പാചകക്കാരെ ആവശ്യമുണ്ട്. ബന്ധപ്പെടുക:
07020939653

കവടിയാർ കുറവൻകോണത്ത് വീട്ടുജോലിക്ക് 45-ൽ താഴെ പ്രായമുള്ള സ്ത്രീയെ ആവശ്യമുണ്ട്.
9605737733

തിരുവനന്തപുരത്ത് കടയിലേക്ക് Sales Girls-നെ ആവശ്യമുണ്ട്. Time : 7 p.m വരെ.
9847068898

ഒരു ചാരിറ്റബിൾ സ്ഥാപനത്തിലേക്ക് Representatives/ Agents ആവശ്യമുണ്ട്. Salary + Commission.
9847122065

## ആവശ്യമുണ്ട്

ലേഡീസ് ഹോസ്റ്റലിൽ കുക്കിംഗിന് ആളെ ആവശ്യമുണ്ട്.
ഫോൺ : 9946992893, 8606580677

## ആവശ്യമുണ്ട്

പ്രമുഖ പാർസൽ സർവ്വീസ് കമ്പനിയിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
ഡ്രൈവർ, ഹെൽപ്പർ, മാനേജർ
Mob: 9656390320, 8592827370

## WANTED

Food Distribution Firm. Accountant - Tally, Van Salesman.
9446105034 (ഇടവ)

## FLAT PURCHASE

Offers are invited from the owners of 2/3 BHK Flat in Trivandrum City for outright purchase. Brokers please excuse.
Mobile : 9846726986

## നഷ്ടപ്പെട്ടു

എന്റെ KL 20/2020 നമ്പർ പാസഞ്ചർ ബജാജ് ആട്ടോറിക്ഷയുടെ ആർ.സി. ബുക്ക് യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ നെയ്യാറ്റിൻകര ആർ.ടി.ഒ. യുമായി ബന്ധപ്പെടുക.
മനോഹരൻ

## ചികിത്സ

ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം–14
Phone : 2321289 2326569.

## നോട്ടീസ്

മാർച്ച് 2013 വർഷത്തെ 119870 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
സുജിത്. എസ്, ചെന്താരശ്ശേരി ഹൗസ്, TC-3/2467, MGRA-121, TKD Road. പട്ടം പി.ഒ, തിരുവനന്തപുരം - 695 004.

## നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ

വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് 100% ആയുർവ്വേദ ചികിത്സ. ഇതിന്റെ ഉപയോഗത്താൽ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, നപുംസകത എന്നിവമാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാന്ദസുഖം അനുഭവിച്ചറിയൂ.

സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം



ചികിത്സയ്ക്കായി ഫോൺ ചെയ്യുക
8750336928, 9540376105

## GAS PIPELINE INSTALLATION

CHIMNEY & HOB SALES & INSTALLATION
RT TRADERS, KUNJALUMMOODU.
Mobile : 7012863350, 9447243681.

## നഷ്ടപ്പെട്ടു

KL 16 7248 നമ്പർ Alto 800 കാറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ ആർ.ടി.ഒ.യുമായി ബന്ധപ്പെടണം.
D. NIMMIDAS

## നഷ്ടപ്പെട്ടു

KL/16/K/838-ാം നമ്പർ കാറിന്റെ ആർ.സി. ബുക്ക് പാരിപ്പള്ളി - വർക്കല റൂട്ടിൽ യാത്രയ്ക്കിടെ നഷ്ടപ്പെട്ടു. കിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
സുരേന്ദ്രൻ. സി.പി, 'ഗുലാബ്', ചാവർകോട്, പാരിപ്പള്ളി പി.ഒ.

## LOST

വസന്തകുമാരി എന്ന എന്റെ 1979 ൽ ഒന്നാംപുസ്തകം 2498-ാം നമ്പരിൽ കുന്നത്തുകാൽ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത വസ്തുവിന്റെ ഒറിജിനൽ പ്രമാണം നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ ദയവായി ഈ നമ്പരിൽ അറിയിക്കുക.
9388433233

## സന്നദ്ധപ്രവർത്തകരെ ആദരിച്ചു

തിരുവനന്തപുരം: കേരളം നേരിട്ട പ്രളയ ദുരന്തത്തിന് സമാശ്വസമായി അദാനി തുറമുഖ കമ്പനിയുടെ സാമൂഹ്യപ്രതിബദ്ധതാ വിഭാഗമായ അദാനി ഫൗണ്ടേഷൻ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്ത സന്നദ്ധപ്രവർത്തകരെ ആദരിച്ചു. കോവളം ആനിമേഷൻ സെന്ററിൽ നടന്ന ചടങ്ങിൽ അദാനി വിഴിഞ്ഞം തുറമുഖ കമ്പനി സി.ഇ.ഒയും എം.ഡിയുമായ രാജേഷ് ഝാ, പ്രോജക് ഡയറകടർ വിനയ് സിംഗാൾ, കോർപ്പറേറ്റ് വിഭാഗം മേധാവി സുശീൽ നായർ, സാമൂഹ്യ പ്രതിബദ്ധതാ വിഭാഗം മേധാവി ഡോ.അനിൽ ബാലകൃഷ്ണൻ എന്നിവർ ചേർന്ന് സന്നദ്ധപ്രവർത്തകരെ ആദരിച്ചു.





വലിയവേങ്കാട് വിളുരോദയം സാഹിത്യസംഘത്തിന്റെ 2017 ലെ സമഗ്ര സംഭാവനയ്ക്കുള്ളസാഹിത്യപുരസ്കാരം നേടിയ നോവലിസ്റ്റും കവിയുമായ കൈതയ്ക്കൽ സോമക്കുറുപ്പ്

## കോലത്തുകരയിൽ തിരുവാതിര പൂജ

കുളത്തൂർ: ശ്രീനാരായണ ഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കുളത്തൂർ കോലത്തുകര മഹാദേവ ക്ഷേത്രത്തിലെ തിരുവാതിര പൂജകൾ ചൊവ്വാഴ്ച രാവിലെ 6 ന് അഖണ്ഡനാമ യജ്ഞത്തോടെ ആരംഭിക്കും. തിരുവാതിര പൂജയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ കാലേകൂട്ടി ക്ഷേത്ര ഓഫീസുമായി ബന്ധപ്പെടണമെന്ന് ക്ഷേത്ര സമാജം സെക്രട്ടറി എസ്. സതീഷ്ബാബു അറിയിച്ചു.

## സിറ്റി ബ്രാഞ്ച് സമ്മേളനം

തിരുവനന്തപുരം: എൽ.ഐ.സി ഏജന്റ്സ് ഓർഗനൈസേഷൻ ഒഫ് ഇന്ത്യയുടെ (സി.ഐ.ടി.യു) സിറ്റി ബ്രാഞ്ച് ഒന്നിന്റെ സമ്മേളനം സി.ഐ.ടി.യു അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം ഡോ.പി.ജി.ദിലീപ് ഉദ്ഘാടനം ചെയ്തു. ഇ.അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. സി.കൃഷ്ണൻകുട്ടി, ടി.ജോൺ വില്യം, എസ്.ഹേമജിത്ത്, വി.ശശി, എസ്.സന്തോഷ്കുമാർ, എ.ജി.ഗോപകുമാർ, ജ്യോതിഷ്ബാബു, എസ്.സുരേഷ്ബാബു എന്നിവർ സംസാരിച്ചു. ഇ.അനിൽകുമാറിനെ പ്രസിഡന്റായും സെക്രട്ടറിയായി എസ്.സുരേഷ് ബാബുവിനെയും തിരഞ്ഞെടുത്തു. ഗോപകുമാർ കടകംപള്ളി, കെ.സുരേഷ് കുമാർ (വൈസ് പ്രസിഡന്റുമാർ) രാജപ്രിയ, മനോജ് കുമാർ.ജി.കെ (ജോയിന്റ് സെക്രട്ടറിമാർ) ആർ.പ്രദീപ് ചന്ദ്രൻ (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

### ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ സംഘർഷം

# 'നാക്' അക്രഡിറ്റേഷനെ ബാധിച്ചേക്കും

നെയ്യാറ്റിൻകര: നിരന്തരമുള്ള വിദ്യാർത്ഥി സംഘർഷവും സംഘർഷാവസ്ഥയും ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ അദ്ധ്യയനത്തോടൊപ്പം 'നാക്' അക്രഡിറ്റേഷനെയും അനിശ്ചിതത്വത്തിലാക്കി. ആധുനിക സൗകര്യത്തോടെ ഗവേഷണവകുപ്പുകളുടെ പ്രവർത്തനം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി അക്രഡിറ്റേഷൻ കമ്മിറ്റിയുടെ പരിശോധന നടന്ന വരുമ്പോഴാണ് വിദ്യാർത്ഥി സംഘർഷം കാരണം കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചിട്ടിരിക്കുന്നത്. കോളേജിൽ എ.ബി.വി.പി - എസ്.എഫ്.ഐ സംഘർഷം നിലനിൽക്കെ, ഇക്കഴിഞ്ഞ 14ന് അഖിൽ, വിപിൻ എന്നീ എസ്.എഫ്.ഐ വിദ്യാർത്ഥികളെ എ.ബി.വി.പിയിലെയും ആർ.എസ്.എസിലെയും ചിലർ ചേർന്ന് ഗേറ്റിന് പുറത്ത് മർദ്ദിച്ചിരുന്നു. നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ഇവർ ചികിത്സതേടുകയും പാറശാല



പൊലീസ് കേസെടുക്കുകയും ചെയ്തു. തുടർന്ന് എ.ബി.വി.പി പ്രവർത്തകരായ ആറ് വിദ്യാർത്ഥികളെ പ്രിൻസിപ്പൽ സസ്പെന്റ് ചെയ്തതോടെ കോളേജിൽ സംഘർഷം രൂക്ഷമായി. തുടർന്ന് പാറശാലയിൽ നടന്ന പ്രതിഷേധ യോഗത്തിൽ ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്. സുരേഷ് കോളേജ് അദ്ധ്യാപികമാർക്കെതിരെ നടത്തിയ പരാമർശമാണ് പ്രശ്നം രൂക്ഷമാക്കിയത്. ഇതിൽ പ്രതിഷേധിച്ച് കോളേജ് അദ്ധ്യാപികമാർ റോഡിൽ പ്രതിഷേധ പ്രകടനം നടത്തി. അദ്ധ്യാപികമാരുടെ പരാതിയിൽ സുരേഷിനെതിരെ പൊലീസ് കേസെടുക്കുകയും ചെയ്തു. തുടർന്ന് സി.പി.എം പ്രതിഷേധ സമരം ഏറ്റെടുത്തിരിക്കുകയാണ്.

### മാറിവരുന്ന ചരിത്രം

ആദ്യകാലത്ത് കെ.എസ്.യുവിനും എൻ.എസ്.എസിന്റെ വിദ്യാർത്ഥി സംഘടനയായ ഡി.എസ്.യുവിനും മാത്രം ആധിപത്യമുണ്ടായിരുന്ന കലാലയത്തിൽ അന്ന് ഏറെ മർദ്ദനവുമേറ്റ എസ്.എഫ്.ഐക്കാർ പിന്നീട് മേധാവികളായി മാറി. ഇതിനിടെ എ.ബി.വി.പിയിലെ മുരുകാനന്ദനെന്ന വിദ്യാർത്ഥി ക്രിക്കറ്റ് ബാറ്റുകൊണ്ട് തലയ്ക്കടിയേറ്റ് മരിച്ചു. അന്ന് തുടങ്ങിയ എ.ബി.വി.പി - എസ്.എഫ്.ഐ സംഘർഷമാണ് ഇന്നും തുടരുന്നത്. കോളേജിന്റെ സമാധാന അന്തരീക്ഷം വീണ്ടെടുത്താലേ നാക് അക്രിഡിറ്റേഷൻ ലഭ്യമാവൂവെന്ന് കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റും കോളേജ് പി.ടി.എ ഭാരവാഹിയുമായ വി.എസ്. ബിനു പറയുന്നു. ഇതിനിടെ, അദ്ധ്യാപികമാരുടെ പരാതിയെ തുടർന്ന് സംഭവം തിരക്കിയെത്തിയ സി.കെ. ഹരീന്ദ്രൻ എം.എൽ.എയെ പാറശാല പൊലീസ് തടഞ്ഞതും സംഘർഷത്തിനിടയാക്കി. കോളേജ് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ജനപ്രതിനിധികളുടെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും യോഗം വിളിക്കണമെന്ന് രക്ഷിതാക്കളും നാട്ടുകാരും ആവശ്യപ്പെടുന്നു.

## ചേരിപ്പോര്: എൻ.ജി.ഒ അസോസിയേഷൻ നോർത്ത് ജില്ലാസമ്മേളനം അലങ്കോലപ്പെട്ടു

തിരുവനന്തപുരം: എൻ.ജി.ഒ അസോസിയേഷൻ നോർത്ത് ജില്ലാസമ്മേളനം പ്രവർത്തകരുടെ ചേരിതിരിഞ്ഞുള്ള ഏറ്റുമുട്ടലിൽ കലാശിച്ചു. സത്യൻ സ്മാരക ഹാളിൽ കൗൺസിൽ യോഗമായി സംഘടിപ്പിച്ച സമ്മേളനത്തിൽ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനെ ചൊല്ലിയായിരുന്നു തർക്കം.

ഭൂരിപക്ഷം ലഭിച്ച നിലവിലുള്ള ജില്ലാ സെക്രട്ടറിയെ മാറ്റി നിറുത്തി കുറഞ്ഞ വോട്ട് ലഭിച്ചയാളെ ജില്ലാ പ്രസിഡന്റാക്കാൻ സംസ്ഥാന പ്രസിഡന്റ് ഏകപക്ഷീയമായി ശ്രമിച്ചുവെന്നാരോപിച്ചായിരുന്നു എ,ഐ ഗ്രൂപ്പ് വ്യത്യാസമില്ലാതെ ഒരു വിഭാഗം പ്രതിഷേധവുമായിരംഗത്തിറങ്ങിയത്. വോട്ടെടുപ്പ് വേണമെന്നും അതുവരെ ഭാരവാഹി പ്രഖ്യാപനം പാടില്ലെന്നും ഇവർ ശഠിച്ചു. മറുപക്ഷം എതിർത്തതോടെയാണ് സംഘർഷത്തിലേക്ക് നീങ്ങിയത്. സംസ്ഥാന പ്രസിഡന്റ് വിട്ടുവീഴ്ചയ്ക്ക് തയാറാവാതിരുന്നതോടെ, ബഹളത്തിനൊടുവിൽ ഒരു വിഭാഗം പ്രവർത്തകർ ഇറങ്ങിപ്പോവുകയായിരുന്നു. സംസ്ഥാന പ്രസിഡന്റിന്റെ ഏകപക്ഷീയമായ നിലപാടിൽ പ്രതിഷേധിച്ച് സംഘടനാ പ്രവർത്തനം നിറുത്തിവയ്ക്കുമെന്നാണ് ഇറങ്ങിപ്പോയ ഭൂരിഭാഗം വരുന്ന പ്രവർത്തകർ ഭീഷണി മുഴക്കിയിരിക്കുന്നത്. പത്തനംതിട്ടയിൽ ജോലി ചെയ്യുന്നയാളെയാണ് മാനദണ്ഡം ലംഘിച്ച് ജില്ലാ പ്രസിഡന്റാക്കിയതെന്നും ഇവർ ആരോപിക്കുന്നു.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള മുനിസിപ്പൽ പെൻഷണേഴ്സ് ഫെഡറേഷന്റെ ആദ്യ ഗഡുവായി തിരുവനന്തപുരം കോർപ്പറേഷൻ യൂണിറ്റ് സംഭരിച്ച മൂന്നുലക്ഷം രൂപയുടെ രണ്ട് ചെക്കുകൾ യൂണിറ്റ് സെക്രട്ടറി എസ്. മോഹനൻ മുഖ്യമന്ത്രിക്ക് നൽകുന്നു. യൂണിറ്റ് പ്രസിഡന്റ് അഡ്വ. മുരളീധരൻ നായർ, ട്രഷറർ പി. രവീന്ദ്രൻ നായർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എസ്. കുമാരൻ, എസ്. വേലപ്പൻ, കെ. മോഹൻദാസ്, ശൈലേന്ദ്ര പ്രസാദ്, കുമാരി ലൈല എന്നിവർ സമീപം

## നന്മ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഗാന്ധിജയന്തി ദിനാഘോഷം

തിരുവനന്തപുരം: നന്മ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ 'എന്റെ ദൗത്യം 2018' എന്ന പേരിൽ ഗാന്ധിജയന്തി ദിനാഘോഷം സംഘടിപ്പിക്കുന്നു. രണ്ടിന് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലാണ് പരിപാടി.

രാവിലെ ഏഴിന് പേരൂർക്കട ലൈബ്രറി ജംഗ്ഷനിൽ നിന്ന് ബാൻഡ് മേളത്തോടു കൂടി റാലി ആരംഭിക്കും. 7.30ന് മാനസികാരോഗ്യ കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും.

ഉച്ചയ്ക്ക് ഒന്നിന് മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ.ടി. സാഗർ ഭക്ഷണവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് നാലിന് ചേരുന്ന സാംസ്കാരിക സന്ധ്യ ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്യും.

നന്മ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ എ.കെ. കടമ്പാട്ട് അദ്ധ്യക്ഷത വഹിക്കും. വി. മുരളീധരൻ എം.പി സാംസ്കാരിക പരിപാടിക്ക് ഭദ്രദീപം തെളിക്കും.

ഗാന്ധി വേഷധാരി ചാച്ചാ ശിവരാജനെയും ആശുപത്രി സൂപ്രണ്ട് ഡോ.ടി. സാഗറിനെയും കെ. മുരളീധരൻ എം.എൽ.എ ആദരിക്കും. മേയർ വി.കെ. പ്രശാന്ത് വസ്ത്രവിതരണം ഉദ്ഘാടനം ചെയ്യും. യുവജന കമ്മിഷൻ ചെയർപേഴ്സൺ ചിന്താ ജെറോം ഗാന്ധിജയന്തി ദിന സന്ദേശം നൽകും. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി എസ്. സിന്ധു, ബോർഡ് മെമ്പർ റവ. ഫാദർ ജോർജ് ജോഷ്വാ, കോവിൽമല ആദിവാസി രാജാവ് ശ്രീരാമൻ രാജമന്നാൻ, പാളയം ഇമാം വി.പി. മൗലവി സുബൈദ്, സി.കെ. രാജേന്ദ്രൻ, ശശി പൂങ്കാവ് തുടങ്ങിയവർ പങ്കെടുക്കും.

### പ്രഭാഷണം ഇന്ന്

തിരുവനന്തപുരം: ബ്രദേഴ്സ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കാലാവസ്ഥാവ്യതിയാനം എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു.

ഇന്ന് വൈകിട്ട് 6ന് ബ്രദേഴ്സ് അങ്കണത്തിൽ ചേരുന്ന യോഗത്തിൽ ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ ജില്ലാസെക്രട്ടറി ഷിബു അരുവിപ്പുറം പ്രഭാഷണം നടത്തും.

പ്രസിഡന്റ് കെ. മുരുകൻ, സെക്രട്ടറി എസ്. മോഹൻ, കരകുളം പ്രസിഡന്റ് എം.എസ്. അനില എന്നിവർ സംസാരിക്കും.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വെള്ളനാട് തായ്‌വീട് നാക്കര കുടുംബയോഗം സ്വരൂപിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് ട്രസ്റ്റ് പ്രസിഡന്റ് എൻ.ഡി. മാധവൻ നായർ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. വൈസ് പ്രസിഡന്റ് കെ.മുരളീധരൻ നായർ, സെക്രട്ടറി ജി.ആർ. ജയകുമാർ, ട്രഷറർ കെ.ആർ. രാമചന്ദ്രൻ, കൺവീനർ കെ.ജി. രവീന്ദ്രൻ നായർ, ജോ. സെക്രട്ടറി കെ.പി. ശ്രീകുമാരൻ നായർ, വാർത്താ പത്രിക എഡിറ്റർ കെ.ജി. ബാലകൃഷ്ണൻ നായർ എന്നിവർ സമീപം


## കേരളകൗമുദി Matrimonial ക്ലാസിഫൈഡ്സ് better choice faster response Bride Wanted

ഈഴവ യുവാവ് - 28, 173, M.Sc, LD Clerk. മഹാലക്ഷ്മി, നെയ്യാറ്റിൻകര. 9567689712

ഈഴവ യുവാവ് - 27, അബുദാബി, വിശാഖം, 3 പാപം, TVM. 9539500654

ഈഴവ യുവാവ് - 30, രോഹിണി, B.Com, Animation, ബിസിനസ്സ്, TVM. ബ്യൂറോ അല്ല. 9746969647, 9746611163.

ഈഴവ യുവാവ് - 28, 172, വിശാഖം, B.Tech, Assistant Engineer, Water Authority, തിരുവനന്തപുരം. 7902865545.

ഈഴവ യുവാവ് - 37, ചോതി, ശുദ്ധജാതകം, ദുബായ്, ലീവിലുണ്ട്. മാവേലിക്കര. 7902866731, 9495784157.

ഈഴവ യുവാവ് - 33, 170, രോഹിണി. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. E 3735127 8281972871.

ഈഴവ യുവാവ് - ആലപ്പുഴ, സിവിൽ എൻജിനീയർ (UAE), ഉത്രാടം, 5.11.1989, 10.12 a.m. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. 9747961202, 8129605068.

ഈഴവ യുവാവ് - അശ്വതി, B.Sc, B.Ed, MBA, അദ്ധ്യാപകൻ (Unaided College), 11.8.1982, 180, 5.55 p.m. പാപം. ID E 3771783 04792492360, 9387955755.

**BRIDE WANTED**
ഈഴവ യുവാവ് - 29, 170 cms, ചോതി, ശുദ്ധം, B.Tech, Civil, ഇരുനിറം, ആലപ്പുഴ ജില്ല, അദ്ധ്യാപകരുടെ മകൻ, ഇടത്തരം കുടുംബം, LDC, Rank No. 453. സമാനകുടുംബ പശ്ചാത്തലം ഉള്ളതും, സർക്കാർ ജോലി ഉള്ളതോ, ഉടൻ ജോലി കിട്ടാൻ സാദ്ധ്യത ഉള്ളതോ ആയ പെൺകുട്ടികളുടെ വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9446247498.

ഈഴവ യുവാവ് - 19.05.1987, 1.24 a.m, 3¼ പാപം, 162 cm. തിരുവോണം, സർക്കാർ ജീവനം, B.Tech, TVM. ബ്യൂറോ അല്ല. 8281530950

ഈഴവ യുവാവ് - 29 വയസ്സ്, 6½ പാപം, അശ്വതി, അബുദാബി, അക്കൗണ്ടന്റ്. ബ്യൂറോ അല്ല. 8086859480

ഈഴവ യുവാവ് - 31, 172 cm, തിരുവോണം, കൊല്ലം, (Dip. Mech.), ബിസിനസ്സ്, 15.06.1987, 12.05 p.m. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല. Phone : 9539351522.

Well - settled Ezhava boy - Trivandrum, 170, 29, B.Tech, Chathayam. Professionally qualified, employed girl preferred. 9446555504.

Ezhava boy - 36, 165, Aswathi, BFA, Artist, Permanent, Govt. Job, slight Hearing loss. 9496533081.

ഈഴവ യുവാവ് - 29, 163, കൊല്ലം, ആയില്യം, 7-ൽ പാപം, CC TV Technician, Graphic Designer, സൗദി അറേബ്യ. 9995049697.

ഈഴവ യുവാവ് - 35, പൂരാടം, Divorced, 7 പാപം, അബുദാബി. ബ്യൂറോ അല്ല. 9495581499, 0474 - 2761499.

ഈഴവ യുവാവ് - 30, കൊല്ലം, പൂയം, 5' 2'', എക്സിക്യൂട്ടീവ് കല്യാൺ ജുവലേഴ്സ് ഇന്ത്യ ലിമിറ്റഡ്, B.Com + Diploma in Computer Hardware & Networking. 9406534589.

ഈഴവ യുവാവ് - 28, 164, വിശാഖം, ചെറിയ പാപം, മസ്കറ്റ്. E-4143127, 9497640827.

**BRIDE WANTED**
ഈഴവ യുവാവ് - ദുബായ്, PG, 01.03.1989, 11.28 p.m, തൃക്കേട്ട. ഗവ. ജീവനക്കാർക്കും B.Sc നഴ്സ്, ദുബായിൽ ജോലിയുള്ളവർക്കും മുൻഗണന. ബ്യൂറോ അല്ല. 9400819011, 9400872011.

ഈഴവ യുവാവ് - 29, 178 cm, തിരുവാതിര, ശുദ്ധജാതകം, BCA, ദുബായ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, കൊല്ലം ജില്ല. ബ്യൂറോ അല്ല. 9526345531, 9526261288.

ഈഴവ യുവാവ് - കൊല്ലം ജില്ല, 31 വയസ്സ്, വിശാഖം, 180 cm, ദുബായിൽ കമ്പനി Asst. Manager. വിവാഹാലോചനകൾ ക്ഷണിക്കുന്നു. ID E 4327685 Mobile : 7558061899, 9747903740.

ഈഴവ യുവാവ് - കൊല്ലം, 5.10.1990, 11.42 a.m., രേവതി, പ്ലസ് ടു, ITI, ഗൾഫ്. ബ്യൂറോ അല്ല. 9061150707.

ഈഴവ യുവാവ് - 28.3.1990, 12.15 p.m, അശ്വതി, പ്ലസ് ടു, കൊല്ലം, വിദേശം. ബ്യൂറോ അല്ല. 9526280977.

ഈഴവ യുവാവ് - 29, 178 cm, ശുദ്ധജാതകം, അത്തം, ITT, സ്വന്തമായി Business, Thiruvananthapuram. 8547184214, 9744649978.

നിയമപരമായി ബന്ധം വേർപെടുത്തിയ, കുട്ടികളില്ലാത്ത ഈഴവ യുവാവ് - 39, പൂയം, കൊല്ലം ജില്ല, ഗൾഫിൽ ഗ്രാഫിക് ഡിസൈനർ. സമാനസ്ഥിതിയുള്ള യുവതികളുടെ വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9400681042, 9447591578.

ഈഴവ യുവാവ് - 34, കൊല്ലം, തൃക്കേട്ട, ഡിപ്ലോമ സിവിൽ (കോൺട്രാക്ടർ), 11.10.1983, 2.30 p.m., ഏഴിൽ പാപം. 0476 - 2181382, 9495368587.

ഈഴവ യുവാവ് - അവിട്ടം, 34, 175 cm, പ്രൈവറ്റ് കമ്പനിയിൽ ഡ്രൈവർ, +2, ITI, കൊല്ലം. 9895057818, 9539291414.

**BRIDE WANTED**
ഈഴവ യുവാവ് - 168 cm, 1.6.1989, 8.25 a.m., അശ്വതി, Asst. Manager, SBI, middle class family. Preference - Aided Teachers/Govt. Job. E 3718446, EZH 548441 9447958187.

ഈഴവ യുവാവ് - 28, B.Tech, ദുബായ് Airport എൻജിനീയർ, നേരിയ പാപം, ഫാമിലി വിസ ഉണ്ട്. ആലോചനകൾ ക്ഷണിക്കുന്നു. 7356173866

ഈഴവ യുവാവ് - 38, ഉത്രം, ഗൾഫ്. പുനർവിവാഹം പരിഗണിക്കും. 8547977477

ഈഴവ യുവാവ് - 28, 176, M.Sc Agriculture, അഗ്രികൾച്ചറൽ ഓഫീസർ. 9526677106, 9656188874.

ചിറയിൻകീഴ്, ഈഴവ യുവാവ് - +2, ചിത്തിര, 29, 165, ഗൾഫ്. ബ്യൂറോ അല്ല. 9745310450

Handsome Ezhava boy - 28 February 1990, 08 - 35 a.m, Revathy, Airline Executive. Financially sound. ID E 3571304 9495522163, 9188852163.

ഈഴവ യുവാവ് - 17.06.1987, 11.25 p.m, പൂരുരുട്ടാതി, 179 cm, വർക്കല, മെക്കാനിക്കൽ സൂപ്പർവൈസർ, മസ്ക്കറ്റ്. 9746563030, 7034456643.

ഈഴവ യുവാവ് - 31, അവിട്ടം, 4½ പാപം, +2, ITI, ജോലി (ഇലക്ട്രോ പ്ലേറ്റിംഗ്), സാധാരണ കുടുംബം, തിരുവനന്തപുരം. ബ്യൂറോ അല്ല. 7510775775

ഈഴവ യുവാവ് - 37, വിശാഖം, ഇലക്ട്രീഷ്യൻ, 1½ പാപം. 9947882269, 9539617513, 9895427338.

ഈഴവ യുവാവ് - 32, തിരുവോണം, 22.10.1985, 12.20 p.m, പൊക്കം 180 cm. അക്കൗണ്ടന്റ്, UAE-ൽ, ലീവിലുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലക്കാർക്ക് മുൻഗണന. Phone No. 8129952021

**BRIDE WANTED**
ഈഴവ യുവാവ് - പൂയം, 28.09.1986, 5 അടി 5 ഇഞ്ച്, 11.45 p.m, MBA (Marketing & Finance), അബുദാബി. MBA, M.Sc, M.Tech, B.Tech യോഗ്യതയുള്ള, 26 വയസ്സുവരെയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. 9847144849, 8921169817

Ezhava boy - 28, 172, B.Tech, MBA, SBI Asst. Manager. Seeks alliance. 8129999732

ഈഴവ യുവാവ് - ചിത്തിര, 172, 11.07.1989, 6.10 p.m, M.Com, പ്രൈവറ്റ് സ്ഥാപനത്തിൽ അക്കൗണ്ടന്റ്. സാമ്പത്തികം ഉണ്ട്. ബ്യൂറോ അല്ല. Phone No. 8606263273, 0471 - 2740401.

ഈഴവ യുവാവ് - 32, 170 cm, ചതയം, പ്രൈവറ്റ് ജോലി. ബ്യൂറോ അല്ല. 9746564446, 8129640768.

ഈഴവ യുവാവ് - അനിഴം, 29.04.1983, ബി.കോം, ഡിസ്ട്രിബ്യൂഷൻ ഏജൻസി, TVM. ബ്യൂറോ അല്ല. 9846339767

ഈഴവ യുവാവ് - എം.ബി.എ. ഈഴവ യുവാവ് - ബി.ടെക്. ബ്യൂറോ അല്ല. Phone : 8891912572, 8157945984.

ഈഴവ യുവാവ് - ചോതി, 43, ചിറയിൻകീഴ്, പെരുങ്കുഴി, പ്രവാസി ആയിരുന്നു. നാട്ടിൽ ഇലക്ട്രീഷ്യൻ കം പ്ലംബിംഗ്. സ്വന്തമായി വീടും പുരയിടവും ഉണ്ട്. 9061792612

ഈഴവ യുവാവ് - മകം, 36, 190 cm, PWD കോൺട്രാക്ടർ, ശുദ്ധജാതകം. 9895374967

ഈഴവ യുവാവ് - 26.01.1984, 11.50 p.m, വിശാഖം, ഇടത്തരം, Tvpm. 8547929222

ഈഴവ യുവാവ്, 34, ബി.എ, വിശാഖം, 5'6', വെളുത്തനിറം, ഇടുക്കി ജില്ല. 9447435314

www.classi cmar riagebur eau.net, 'Search' ചെയ്ത് 'Contact' എടുക്കാൻ പെയ്ഡ് മെമ്പറാകൂ. (മറ്റു സ്ഥാപനങ്ങൾക്കും ബ്രോക്കർ മാർക്കും കുറഞ്ഞ ഫീസിലോ പകരമോ തരാം) 9447737021

Ezhava boy, 29, 178 cm, white, doing DNB Ortho, financially sound, well educated family seeks alliance from doctors. 8086183621, 04812 374458, E 3922997.

ഈഴവ യുവാവ്, 2/9/1989, 12.55 PM, ഉത്രം, ഗൾഫ്, സൂപ്പർവൈസർ. 9446362398, 7025308377 ID. E414443

ഈഴവ യുവാവ്, 31, തിരുവോണം, ശുദ്ധജാതകം, മെക്കാനിക്ക്. ഫോൺ: 9526772320.

ഈഴവ യുവാവ്, കൊല്ലം, 26, 170, ഉത്രം, എയർപോർട്ടിൽ ജോലി. ബ്യൂറോ അല്ല. 9947208461.

ഈഴവ യുവാവ് - കൊല്ലം, 15.4.1982 - 9.15 PM, പൂരാടം. 183CM, ചന്ദ്രാൽ. 7-ൽ പാപം. അക്കൗണ്ടന്റ് (Private). 9387412474. E3886657

പുനർവിവാഹം, ഈഴവ യുവാവ്, 58, പൂരാടം, ബാദ്ധ്യത ഇല്ലാത്ത ഈഴവ യുവതികളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9946437730.

70 വയസുള്ള റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥന്റെ കൂടെ താമസിച്ച് മരണം വരെ സംരക്ഷിക്കുന്നതിന് ബാദ്ധ്യതയില്ലാത്ത 50 വയസിൽ താഴെയുള്ള പങ്കാളിയെ ആവശ്യമുണ്ട്. Ph: 9645240490.

**-പുനർവിവാഹം**
ഈഴവ യുവാവ് 36, പുണർതം, ശുദ്ധം, സുമുഖൻ, കുവൈറ്റ് എഞ്ചിനീയർ, ഉയർന്ന സാമ്പത്തികം. 7356807105.

ഈഴവ യുവാവ്, 29, 06.10.1988 2.47PM, മകം, ശുദ്ധ ജാതകം, ബികോം, ഡിപ്ലോമ, ഡിസൈനർ. ബ്യൂറോ അല്ല 8086282277, 9400904084

ഈഴവ യുവാവ്, ഉതൃട്ടാതി 44, 160 CM, BA വിദേശം. Ph: 9526193607, 7736183881

ഈഴവ യുവാവ്, കൊല്ലം, 9/12/1988, 1 PM, തൃക്കേട്ട 163 CM, ശുദ്ധജാതകം. Poly B Tech. പ്രമുഖ കമ്പനിയിൽ ജോലി. Ph: 7558837182

ഈഴവ യുവാവ്, 32, കാർത്തിക, M.Tech, ബാങ്ക് ഉദ്യോഗസ്ഥൻ അമേരിക്ക 8848633251ൽ 8921863305

**ഈഴവ യുവാവ്**
കാർത്തിക, 30/170, Slim, ഇരുനിറം, Bsc - Dubai, Ordinary - Village, Alappuzha. 7012816976, Whatsapp +971502798676

ഈഴവ യുവാവ് 31, 170, പൂയം, ദുബായിൽ എൻജിനീയർ, നാട്ടിലുണ്ട്. വിദ്യാസമ്പന്നരായ യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു. എറണാകുളം ജില്ല. ബ്യൂറോ അല്ല 9995576932

**പുനർവിവാഹം**
ഈഴവ യുവാവ് - 32, ചിത്തിര, 31.01.1986, 9.30 p.m, B.Com, Hotel Management, നാട്ടിൽ ബിസിനസ്സ്. 9745721117 (വർക്കല) 9995443522

**പുനർവിവാഹം**
ഈഴവ യുവാവ് - ചെങ്ങന്നൂർ, 25.07.1982, 11.50 p.m., അത്തം, ഒരു കുട്ടിയുണ്ട്, കൂടെയില്ല. 9645410666.

**പുനർവിവാഹം**
ഈഴവ യുവാവ് - 45, തൃക്കേട്ട, ഗവൺമെന്റ് ജോലി. ബാദ്ധ്യതയില്ല. 8281746479, 9747656532.

**ഈഴവ യുവാവ്**
26.3.1987, അവിട്ടം, ബിസിനസ്സ്, സാമ്പത്തികഭദ്രതയുള്ള കുടുംബം. ബ്യൂറോ അല്ല. 9207080788.

**7-ൽ ചൊവ്വ (കാർത്തിക)**
ഈഴവ യുവാവ് - 12.12.1978, 6.40 p.m., ഡിഗ്രി, Private Firm. ആലോചനകൾ ക്ഷണിക്കുന്നു. 9447857572, 8113090108.

**പുനർവിവാഹം**
ഈഴവ യുവാവ് - 43, പുണർതം, ബിസിനസ്സ്, ബാദ്ധ്യതയില്ല, നല്ല സാമ്പത്തികം. (മറ്റ് ഡിമാൻഡുകളില്ല). 8078128381.

**ഈഴവ യുവാവ്**
36, 172, തിരുവാതിര, ഏഴിൽ പാപം, ഗൾഫ്. ഡിമാൻഡില്ല. ബ്യൂറോ അല്ല. 9447858579, 9995084015.

ഈഴവ യുവാവ്, 164, ശുദ്ധ ജാതകം, പൂരം, ITI, സാധാരണ കുടുംബം, അർദ്ധ സർക്കാർ കമ്പനിയിൽ ഇലക്ട്രീഷ്യൻ. 9544349034 9497047875

ഈഴവ യുവാവ്, 37/160, ഉത്രാടം, ഡിപ്ലോമ, ബിസിനസ്, ഡിമാന്റില്ല, ബ്യൂറോയല്ല. 9447695156

**Ezhava Ayurveda Dr. MD**
29-169, Punartham Upper Middle Class, Pathanamthitta (Dist), invites proposal from fair, professionally qualified or employed girls parents. 9744948982, 9447861480

**7ൽ ചൊവ്വ**
ഈഴവ യുവാവ്, 24, ഉത്രം, 174, ദുബായിൽ മറൈൻ മെക്കാനിക്, ഇടത്തരം കുടുംബം, നാട്ടിലുണ്ട്. ബ്യൂറോയല്ല. 9747242806, 7902576478

ഈഴവ യുവാവ്, 31, തിരുവോണം, ശുദ്ധം, ഇടത്തരം, അബുദാബി, അടൂർ, ബ്യൂറോയല്ല. 9946478591

പത്തനംതിട്ട ജില്ല, ഈഴവ, 50, പുണർതം, അവിവാഹിതൻ, ബാധ്യതകളില്ല, നല്ല സാമ്പത്തികവും സ്വന്തമായ വീടും. നേരിൽ കണ്ടാൽ പ്രായം തോന്നുകയില്ല. ബാധ്യതകളില്ലാത്ത പുനർവിവാഹിതരേയും പരിഗണിക്കും. 6282776359

ഈഴവ യുവാവ്, 35, മകയിരം, അടൂർ, വിദേശത്ത് ജോലി, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോയല്ല. 9847019473 9495705202

ഈഴവ യുവാവ്, പൂയം, 165cm, 15/02/1984, 6½ പാപം, BA, Collection agent, പത്തനംതിട്ട ജില്ല. 8547301061, 8301851061

**www.intimate matrimony.com 999 രൂപമാത്രം**
ഈഴവ യുവാവ് 27/168 BTech Engineer Abudhabi ആലോചനകൾ ക്ഷണിക്കുന്നു matrimony id MOB693796HEM. 9446302700

**www.intimate matrimony.com 999 രൂപമാത്രം**
ഈഴവ യുവാവ് 27/168 BTech Engineer Dubai ആലോചനകൾ ക്ഷണിക്കുന്നു matrimony id WEB690223HEM. 9446315574


## മത്തായിയുടെ മരണം ഇന്ന് അരങ്ങിൽ

തിരുവനന്തപുരം: ആനുകാലിക, സാമൂഹിക പ്രസക്തിയുള്ള വിഷയത്തെ ആധാരമാക്കി രാജേഷ് ചന്ദ്രൻ സംവിധാനം ചെയ്ത മത്തായിയുടെ മരണം എന്ന നാടകം ഇന്ന് അരങ്ങേറും.

തമ്പിന്റെ പ്രതിമാസ പരിപാടിയുടെ ഭാഗമായി വൈകിട്ട് 6.45ന് പേരൂർക്കട വിന്നേഴ്സ് നഗറിലാണ് നാടകാവതരണം.


## വെള്ളനാട് മിനി സ്റ്റേഡിയം നിർമ്മിക്കും

തിരുവനന്തപുരം: വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വെള്ളനാട്ട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് മിത്രാനികേതൻ ഒരേക്കർ സ്ഥലം അനുവദിച്ചതായി മിത്രാനികേതൻ ഡയറക്ടർ സേതു വിശ്വനാഥൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

പത്മശ്രീ മിത്രനികേതൻ വിശ്വനാഥൻ മെമ്മോറിയൽ സ്റ്റേഡിയം എന്ന് പേരിടുന്ന സ്റ്റേഡിയം ആധുനിക സൗകര്യങ്ങളോടെയായിരിക്കും നിർമ്മിക്കുക.

പഞ്ചായത്ത് പ്രസിഡന്റ് വെള്ളനാട് ശശി, വൈസ് പ്രസിഡന്റ് സജിത എസ്.ഡബ്ല്യു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## കഞ്ചാവ് കച്ചവടം നടത്തിയ ആൾ അറസ്റ്റിൽ



നിസാമുദീൻ

കോവളം: വിഴിഞ്ഞത്തും പൂന്തുറ തീരപ്രദേശങ്ങളിലും കഞ്ചാവ് കച്ചവടം നടത്തുന്ന പ്രതിയെ പൂന്തുറ പൊലീസ് അറസ്റ്റ് ചെയ്തു. പൂന്തുറ പുതുവൽ പുരയിടം വീട്ടിൽ നിസാമുദീൻ (42) ആണ് അറസ്റ്റിലായത്. തമിഴ്നാട്ടിലെ കമ്പത്തു നിന്ന് ബസ് മാർഗം തീരപ്രദേശങ്ങളിലെ ചില്ലറ സംഘത്തിന് കഞ്ചാവ് എത്തിക്കുകയായിരുന്നു.

ഇയാളുടെ കൈവശം സൂക്ഷിച്ചിരുന്ന ഒരു കിലോ കഞ്ചാവ് പൊലീസ് പിടിച്ചെടുത്തു. സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് ഇയാളെ പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

### കെട്ടിടനികുതി ഇന്ന് സ്വീകരിക്കും

തിരുവനന്തപുരം: അവധിദിനമായ ഇന്നും നഗരസഭയിൽ കെട്ടിട നികുതി അടയ്ക്കാം. നഗരസഭാ മെയിൻ ഓഫീസിലും എല്ലാ സോണൽ ഓഫീസുകളിലും രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒന്നുവരെ കെട്ടിട നികുതി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. 2018-19 അർദ്ധവർഷം 30ന് അവസാനിക്കുന്നതിനാലാണ് ഞായറാഴ്ചയും നികുതികൾ പിഴ കൂടാതെ ഒടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്.



### എൽ.കെ.ജി അഡ്മിഷൻ

തിരുവനന്തപുരം: മാർത്തോമാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള സെന്റ് തോമസ് സ്കൂളുകളുടെ മുക്കോലയ്ക്കൽ, കുമാരപുരം, കഴക്കൂട്ടം കാമ്പസുകളിൽ 2019-20 അദ്ധ്യയന വർഷത്തേക്കുള്ള എൽ.കെ.ജി ക്ലാസ് അഡ്മിഷൻ ആരംഭിക്കുന്നു.

അപേക്ഷിക്കാനുള്ള പ്രായപരിധി: 2014 ഡിസംബർ 1 മുതൽ 2015 നവംബർ 30 വരെ. 2018 ഒക്ടോബർ 1 മുതൽ ഒക്ടോബർ 12 വരെ www.截sthomastvm.edu.in എന്ന സ്കൂൾ വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2511122.

### അനുസ്മരണ യോഗം

തിരുവനന്തപുരം: പാറശ്ശേരി അക്കാഡമി ഭരണസമിതി അംഗമായിരുന്ന സി. വസന്തകുമാരിയുടെ ആറാം ചരമവാർഷിക അനുസ്മരണ യോഗം ഇന്ന് രാവിലെ 11ന് ചാക്ക ഐ.ടി.ഐ ജംഗ്ഷനിലുള്ള പാറശ്ശേരി അക്കാഡമി ഹാളിൽ നടക്കും. അക്കാഡമി ഡയറക്ടർ ആർ. ഗിരീശൻ അദ്ധ്യക്ഷനാകും. പ്രിൻസിപ്പൽ ജി.എം. മേനോൻ മുഖ്യപ്രഭാഷണം നടത്തും. ഡയറക്ടർ ബോർഡ് അംഗങ്ങളായ എ. രാജ്കുമാർ, ആർ. മനോഹരൻ, എം. കിരൺ എന്നിവർ സംസാരിക്കും.

### തെരുവ് വിളക്കുകൾ നശിപ്പിച്ചു

കോവളം: പാച്ചല്ലൂരിൽ സാമൂഹ്യ വിരുദ്ധർ തെരുവ് വിളക്കുകൾ എറിഞ്ഞുടച്ചു. പാച്ചല്ലൂർകുമിളി - കന്യാകുളങ്ങര റോഡിൽ നഗരസഭ സ്ഥാപിച്ച ആറോളം വൈദ്യുത ബൾബുകളാണ് നശിപ്പിച്ചത്. വെള്ളിയാഴ്ച അർദ്ധ രാത്രിയിലാണ് സംഭവമെന്ന് കരുതുന്നു. അടുത്തിടെ ഇവിടെ രാത്രിയിൽ മദ്യപസംഘം തമ്പടിയ്ക്കുന്നതായും അപരിചിതമായ ചില ബൈക്കുകൾ വന്ന് പോകുന്നതായും നാട്ടുകാർ പറയുന്നു. രാത്രികാലങ്ങളിൽ പൊലീസ് പട്രോളിംഗ് ശക്തമാക്കണമെന്നാവശ്യപ്പെട്ട് പാച്ചല്ലൂർ കുമിളി റസി. അസോസിയേഷൻ ഭാരവാഹികൾ തിരുവല്ലം പൊലീസിൽ പരാതി നൽകിയിരിക്കുകയാണ്.

# റോഡ് സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം വേണം: ജില്ലാ വികസന സമിതി യോഗം



തിരുവനന്തപുരം: വാഹനാപകടങ്ങൾ കുറയ്ക്കാൻ റോഡ് സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് ഇന്നലെ ജില്ലാ കളക്ടർ ഡോ. കെ. വാസുകിയുടെ അദ്ധ്യക്ഷതയിൽ നടന്ന ജില്ലാ വികസന സമിതി യോഗം വിലയിരുത്തി.

അപകടങ്ങൾ വർദ്ധിച്ചുവരുന്ന കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗങ്ങളിൽ യാത്രക്കാരെ ബോധവത്കരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കണമെന്ന് യോഗത്തിൽ കെ. ആൻസലൻ എം.എൽ.എ പറഞ്ഞു. ആർ.ടി.ഒയ്ക്ക് ഇതുസംബന്ധിച്ച നിർദ്ദേശം നൽകി.

ക്ലാസ് 3 ജീവനക്കാർക്ക് ആറു ദിവസത്തെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നിർബന്ധമാക്കും. 30 പേരടങ്ങുന്ന സംഘങ്ങളായി തിരിച്ചാണ് പരിശീലനം നൽകുക.

വകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിലാകും ജീവനക്കാരെ പരിശീലനത്തിന് അയയ്ക്കുന്നത്. ക്ലാസ് 3 ജീവനക്കാരുടെ പട്ടിക അടിയന്തരമായി നൽകണമെന്നും വകുപ്പ് മേധാവികളോട് യോഗം ആവശ്യപ്പെട്ടു. എം.എൽ.എമാരായ ഡി.കെ. മുരളി, ഐ.ബി. സതീഷ്, കെ. മുരളീധരൻ, അസിസ്റ്റന്റ് കളക്ടർ ജി. പ്രിയങ്ക, എ.ഡി.എം വി.ആർ. വിനോദ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ബോംബേറ് കേസിലെ പ്രതികൾ അറസ്റ്റിൽ

കഴക്കൂട്ടം: പുളിയൻകോട് അംബേദ്കർ നഗറിലുള്ള ഗോപാലന്റെ വീടിന് നേരെ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച കേസിലെ പ്രായപൂർത്തിയാകാത്ത പ്രതി ഉൾപ്പെടെ രണ്ട് പേരെ കഴക്കൂട്ടം ഇൻസ്പെക്ടർ എസ്.എച്ച്.ഒ എസ്.വൈ. സുരേഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തു.

ഒളിവിലായിരുന്ന പ്രായപൂർത്തിയാകാത്ത പ്രതിയും മറ്റൊരു പ്രതിയായ വെമ്പായം മരുതുംമൂട് ഗുരുമന്ദിരത്തിനു സമീപം അപ്പു എന്ന അഖിൽ വയസ് 22 എന്നിവരാണ് പിടിയിലായത്. ഈ കേസിലെ മൂന്ന് പ്രതികൾ നേരത്തെ അറസ്റ്റിലായിയിരുന്നു.

പരാതിക്കാരന്റെ മക്കൾ പ്രതികളെ അസഭ്യം പറഞ്ഞതിന്റെ മുൻവിരോധമാണ് അക്രമത്തിനിടയാക്കിയതെന്ന് പൊലീസ് പറഞ്ഞു.

ജൂലായ് 30നാണ് സംഭവം. രണ്ട് ബൈക്കുകളിലായി വന്ന് സംഘം വീടിലേക്ക് ബോംബെറിയുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു.

# ഈ മൂന്നുവയസുകാരനായി ചൊരിയാം ആവോളം കരുണ

▶ഷാജിമോൻ



കുഞ്ഞ് ആദിഷ് അമ്മയുടെ കൈയിൽ

വിഴിഞ്ഞം: കുഞ്ഞു പല്ലുകൾ കാട്ടിയുള്ള ആദിഷിന്റെ ചിരി, ആരുടെയും മനം കവരും. അവന്റെ അവസ്ഥയറിഞ്ഞാൽ കരളലിവുള്ളോർ കരഞ്ഞുപോകും. ഓടിച്ചാടി നടക്കേണ്ട പ്രായത്തിൽ ഈ മൂന്നുവയസുകാരൻ വിധിയുടെ ക്രൂരതയോട് മല്ലിടുകയാണ്.

വിഴിഞ്ഞം പൂവൻ വിളാകം വീട്ടിൽ ഷിജി - അരുളപ്പൻ ദമ്പതികളുടെ മകൻ ആദിഷിന് മൂന്നു വയസായെങ്കിലും ആകെ അറിയാവുന്നത് ആഹാരത്തിനായി കരയാനും നിഷ്കളങ്കമായി ചിരിക്കാനും മാത്രം. നിവർന്നിരിക്കാൻ പോലും കഴിയില്ല ഈ കുഞ്ഞിന്. കഴുത്തൊന്നുറയ്ക്കണമെങ്കിൽ രണ്ട് സർജറിയും തുടർചികിത്സയും നടത്തണം.

പക്ഷേ, ഇതുവരെയുള്ള ചികിത്സയ്ക്കായി മത്സ്യത്തൊഴിലാളിയായ അരുളപ്പന്റെ സകല സമ്പാദ്യവും ചെലവായി. കുഞ്ഞിന് ദ്രവരൂപത്തിലുള്ള വിലകൂടിയ ഭക്ഷണം നൽകാൻ അന്നന്നു കിട്ടുന്ന വരുമാനം തികയാതായി. പൊന്നോമനയുടെ ചികിത്സയ്ക്കായി സുമനസുകളുടെ സഹായം തേടുകയാണ് ഈ കുടുംബം. പ്രസവിക്കുന്നതുവരെ കുഞ്ഞിന് യാതൊരു തകരാറുമില്ലായിരുന്നു.

പ്രസവാനന്തരം കുഞ്ഞ് കരഞ്ഞപ്പോഴാണ് തൊണ്ടയിലെ തകരാർ ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെട്ടത്. ചില സർജറികൾ നടത്തിയാൽ എല്ലാം ശരിയാകുമെന്ന് ഡോക്ടർമാർ ഉറപ്പുനൽകി. 20 ദിവസം പ്രായമുള്ളപ്പോൾ ആദിഷിന്റെ ശരീരം നീല നിറത്തിലായി. തുടർ ചികിത്സയും മറ്റുമായി നിറവ്യത്യാസത്തിന് മാറ്റം വന്നെങ്കിലും ഉറച്ച കഴുത്തുമായി നിവർന്നിരിക്കാൻ പോലും കഴിയാതായി.

കഴിക്കുന്ന ഭക്ഷണം മൂക്കിൽകൂടി പുറത്തേക്ക് വരാൻ തുടങ്ങിയതോടെ വില കൂടിയ പ്രോട്ടീൻ പൗഡറുകൾ ദ്രവരൂപത്തിലാക്കി നൽകാൻ ഡോക്ടർമാർ നിർദ്ദേശിച്ചു.

മീൻ പിടിച്ച് കിട്ടുന്ന തുച്ഛമായ വരുമാനം കുഞ്ഞിന് മാത്രമായി നൽകിയതോടെ കുടുംബം ദാരിദ്ര്യത്തിന്റെ പടുകുഴിയിലായി. കൂടാതെ മാസത്തിൽ അഞ്ച് പ്രാവശ്യം പരിശോധനയ്ക്കായി എസ്.എ.ടി ആശുപത്രിയിൽ എത്തണം.

4 വയസുള്ള മൂത്തമകൾ ലക്ഷ്യയും ഭാര്യയും അമ്മയും അടങ്ങിയ കുടുംബത്തെ പോറ്റാൻ പാടുപെടുന്ന അരുളപ്പൻ കരുണയുള്ളവരുടെ സഹായം തേടുകയാണ്.

അതിനായി എസ്.ബി.ഐ വിഴിഞ്ഞം ശാഖയിൽ 67249031891 എന്ന നമ്പരിൽ അക്കൗണ്ട് തുറന്നു. ഐ.എഫ്.എസ്.സി. കോഡ് - SBIN 0070325.

## സി.പി.എം മാർച്ച് നടത്തിയ സ്ഥലത്ത് സംഘപരിവാർ പ്രവർത്തകർ ചാണകവെള്ളം തളിച്ചു



സി.പി.എം പ്രകടനം നടത്തിയ റോഡിൽ ഒരു സംഘപരിവാർ പ്രവർത്തകൻ ചാണകം തളിക്കുന്നു

കുന്നുകാൽ: ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ വനിതാ അദ്ധ്യാപകരെ അധിക്ഷേപിച്ച സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം സി.പി.എം മാർച്ച് നടത്തിയതിന് പിന്നാലെ സംഘപരിവാർ പ്രവർത്തകർ പ്രദേശത്ത് ചാണകവെള്ളം തളിച്ചു. എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കാൻ സാഹചര്യം ഉണ്ടാകണമെന്നും അദ്ധ്യാപകരെ അധിക്ഷേപിച്ച ബി.ജെ.പി ജില്ലാ പ്രസിഡന്റിനെതിരെ നടപടി വേണമെന്നും അവശ്യപ്പെട്ട് സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നഗപ്പന്റെ നേതൃത്വത്തിലാണ് മാർച്ച് നടന്നത്. ഇതിന് ശേഷം സംഘടിച്ചെത്തിയ സംഘപരിവാർ പ്രവർത്തകർ കൊടികൾ നശിപ്പിക്കുകയും റോഡിൽ ചാണകവെള്ളം തളിക്കുകയുമായിരുന്നു. സംഘർഷാവസ്ഥ കണക്കിലെടുത്ത് നെയ്യാറ്റിൻകര ഡിവൈ.എസ്.പി ബി. ഹരികുമാറിന്റെ നേതൃത്വത്തിൽ വൻ പൊലീസ് സംഘം പ്രദേശത്ത് ക്യാമ്പ് ചെയ്യുന്നു.

### ചിത്രപ്രദർശനം ആരംഭിച്ചു

തിരുവനന്തപുരം: കേരള ലളിതകലാ അക്കാഡമി സംഘടിപ്പിച്ച ആർട്ടിസ്റ്റ് ടി.ആർ. ഉദയകുമാറിന്റെ ഏകാംഗ ചിത്രപ്രദർശനം ശശിതരൂർ എം.പി ഉദ്ഘാടനം ചെയ്തു.

കാറ്റലോഗ് പ്രകാശനം അക്കാഡമി ചെയർമാൻ നേമം പുഷ്പരാജ് നിർവഹിച്ചു. കാനായി കുഞ്ഞിരാമൻ അദ്ധ്യക്ഷത വഹിച്ചു. വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ചടങ്ങിൽ കാരയ്ക്കാമണ്ഡപം വിജയകുമാർ, പി.ടി. ചാക്കോ, പ്രൊഫ. കാട്ടൂർ നാരായണപിള്ള, രാധാ ഗോമതി, പ്രസന്നകുമാർ, ബാബു ചെറിയാൻ എന്നിവർ സംസാരിച്ചു.

'കണ്ടിന്യൂയിംഗ് എഫിമെറ' എന്ന പേരിൽ അക്കാഡമി ആർട്ട്ഗാലറിയിൽ നടക്കുന്ന പ്രദർശനം ഒക്ടോബർ 7ന് സമാപിക്കും. രാവിലെ 11 മുതൽ രാത്രി 7 വരെ ആണ് പ്രവേശനം.



ചിത്രപ്രദർശനം ശശിതരൂർ എം.പി ഉദ്ഘാടനം ചെയ്യുന്നു. കാനായി കുഞ്ഞിരാമൻ, ടി.ആർ. ഉദയകുമാർ, കാരയ്ക്കാമണ്ഡപം വിജയകുമാർ തുടങ്ങിയവർ സമീപം


## കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice faster response

## Matrimonial — Groom Wanted

ഈഴവ യുവതി - 23, 157 cm, 19.09.1995, 3.48 p.m, പുണർതം, B.Tech, തിരുവനന്തപുരം ജില്ല. സർക്കാർ ജോലിയുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
Phone : 9447450353, 9495901961.

ഈഴവ യുവതി - 28, മകയിരം, 15.03.1989, 2.42 a.m, 150, +2, തെറാപ്പിസ്റ്റ്, ഇടത്തരം കുടുംബം. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. വക്കം.
07293839391, 9947088673.

**ഈഴവ യുവതി - 24, 160, M.Sc, Biochemist. മഹാലക്ഷ്മി, നെയ്യാറ്റിൻകര.**
9567689712

**ഈഴവ യുവതി - 21, 160, very fair, B.Tech final, ഉയർന്ന സാമ്പത്തികം. ആലോചനകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം.**
7025896467

ഈഴവ യുവതി - 27, അത്തം, 153, B.Sc Nurse. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബ്യൂറോ അല്ല.
8086451777, 9496271962.

**GROOM WANTED**

ഈഴവ ഗേൾ - തിരുവാതിര, 9.49 a.m, 23.06.1990, 5½ പാപം, B.Sc, MBA, Kollam. 9539688530

സ ഗു

| | | | |
|---|---|---|---|
| മാ കു | 〃 | ശു ബു | ച ര ഗു മാ |
| ല ശു 〃 | ഗ്രഹനില | | ല ശി |
| കു ച സ | | | 〃 ബു |
| മന്ദാ | 〃 | 〃 | 〃 |

ര മ ശ

**ഈഴവ യുവതി - B.Tech, 23, മൂലം, സൗത്ത് ഇന്ത്യൻ ബാങ്കിൽ ക്ലാർക്ക്, 161 cm. സർക്കാർ ഉദ്യോഗമുള്ള യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.**
Mobile No. 9497623506, 9495623506, 9746990527.

തിരുവനന്തപുരം, ഈഴവ യുവതി - 05.01.1994, 4.50 a.m, അത്തം, M.Tech, Professor. ബ്യൂറോ അല്ല.
9496592332

ഈഴവ യുവതി - കൊല്ലം, 33, അവിട്ടം, 163, MA, B.Ed, Govt. High School Teacher.
8301018052

ഈഴവ യുവതി - 27, 155, B.Tech, Egr. (Private Company), വി ശാഖം, പാപമുണ്ട്. ബ്യൂറോ അല്ല.
9400092479, 8078067278.

Ezhava girl - MBBS, PG doing, 27, Thrikkettah. Seeks alliance from PG Doctors or PG Government Engg. No bureau.
Phone : 7025549508

ഈഴവ യുവതി - 22, പൂരാടം, 3½ പാപം, 150, B.Com, M.Com doing, ഇടത്തരം കുടുംബം. ബ്യൂറോ അല്ല.
9961646403, 0474 - 2726403.

ഈഴവ യുവതി - 23, രോഹിണി, 7-ൽ ചൊവ്വ, ബാങ്ക് ഉദ്യോഗസ്ഥ, Clerk, BOI.
9746011799

Ezhava girl - Uthruttathi, 08.06.1988, 11.20 a.m, 165 cm, fair, Asst. Manager, SBI, upper middle class, Trivandrum. Seeks alliance from well-educated & employed boys.
9446003606

ഈഴവ യുവതി - 24, പുണർതം, ശുദ്ധം, MA ഇംഗ്ലീഷ്, UGC, NET.
9446662499, ID EZH 598086.

ഈഴവ യുവതി - 28, 155, പുണർതം, MCA, Clerk, Nationalised Bank, upper middle class.
9142481461

ഏഴിൽ ചൊവ്വയുള്ള ഈഴവ യുവതി - കാർത്തിക, 10.10.1987, 6.15 p.m, TVM, 160 cm, M.Sc, GIS, UK ബേസ്ഡ് കമ്പനിയിൽ ജോലി. അനുയോജ്യമായ വിദ്യാഭ്യാസവും ജോലിയുമുള്ളവർ മാത്രം ബന്ധപ്പെടുക.
9447655085

ഈഴവ യുവതി - മാവേലിക്കര, ആലപ്പുഴ, 31.03.1993, 12.15 a.m, 152 cm, തിരുവാതിര, ചെറിയ പാപം, BDS. പ്രൊഫഷണൽ ഡിഗ്രിയുള്ളവർക്ക് മുൻഗണന.
7869593499, E 3878537.

ഈഴവ യുവതി - 04.01.1995, 11 a.m, അവിട്ടം, 6½ പാപം, BA failed.
9946259827

**Ezhava girl -24, 160, fair, B.Tech, L.D Clerk, Govt. Seeks alliance.**
9746991469

ഈഴവ യുവതി അവിട്ടം 25 എംബിബിസ്, Practicing as Doctor
6238190466
7907775726

**EZHAVA GIRL MBBS, MD doing**
29/160, Moolam, Ernakulam District. KMID-E3983397. Medical Professionals preferred.
9746458819
9895218819

ഈഴവ യുവതി - B.Sc, BLISE, 20.04.1991 രാത്രി 9.30, തിരുവനന്തപുരം. പുണർതം നക്ഷത്രം, സ്വകാര്യ CBSE സ്കൂളിൽ ലൈബ്രേറിയൻ. സർക്കാർ ജോലിയുള്ള യുവാക്കളുടെ രക്ഷാകർത്താക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല. നേരിട്ട് ബന്ധപ്പെടുക.
9447495756

ഈഴവ യുവതി, 27/157, അനിഴം. 17-8-1991, 8.50pm, B.Tech., സോഫ്റ്റ് വെയർ എൻജിനീയർ, പൂന. ബ്യൂറോയല്ല.
09893329085
8943009623

ഈഴവ യുവതി, ഗവ. ടീച്ചർ, 22, പൂയം, 150cm, പത്തനംതിട്ട, കൊല്ലം, കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്നുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ ആലോചനകൾ ക്ഷണിക്കുന്നു.
9961328577

Ezhava girl, 27, Uthrittathi, 160 cm, M Tech, Private Engineering College. 8301941897.

**ശുദ്ധജാതകം**
ഈഴവ യുവതി - 21 വയസ്സ്, വെളുപ്പുനിറം, കാർത്തിക, 171 cm. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
9747590971

**പുനർവിവാഹം**
ഈഴവ യുവതി - 36 വയസ്സ്, ചൊവ്വാദോഷം, ബാങ്കിൽ ജോലി. ബാദ്ധ്യതയില്ല.
Phone No. 7736258968

**പുനർവിവാഹം**
ഈഴവ യുവതി - തിരുവനന്തപുരം, അശ്വതി, 28, വിദ്യാഭ്യാസം : MBA. ബാദ്ധ്യതകൾ ഇല്ല. സാമ്പത്തികഭദ്രതയുണ്ട്. ബ്യൂറോ അല്ല.
Phone : 8589939724, 9745960804.

**പുനർവിവാഹം**
സുന്ദരിയായ ഈഴവ യുവതി - TVM, 36, 157, ഉത്രാടം, 07.07.1982, 7.10 a.m, B.Sc. ബ്യൂറോ അല്ല.
9544551024

**പുനർവിവാഹം**
ഈഴവ യുവതി - പൂരാടം, 29, 6 വയസ്സുള്ള മകൾ. ബാദ്ധ്യതയില്ല.
9605046347

**കൃഷി ഓഫീസർ**
ഈഴവ യുവതി - കൊല്ലം, 26, മൂലം, 162 cm, M.Sc, NET. ഗവ. ജോലിയുള്ളവർ മാത്രം ബന്ധപ്പെടുക. ബ്യൂറോ അല്ല.
9497132314

**7-ൽ ചൊവ്വ**
ഈഴവ യുവതി - കൊല്ലം, അനിഴം, 30, MA, B.Ed, SET, Teacher. അനുയോജ്യമായത് ക്ഷണിക്കുന്നു.
8010284510

**ഈഴവ യുവതി 23**
Degree സുന്ദരി സാധാരണ കുടുംബം ജോലിയേതുമാകാം ഡിമാന്റുകളില്ല ആലോചനകൾ ക്ഷണിക്കുന്നു
9744737762

**ഈഴവ യുവതി 27 ഡിഗ്രി**
ജില്ല സാമ്പത്തികം പ്രശ്നമല്ല
8138081952, 9207242332

**SC യുവതി 23 Degree ഇടത്തരം Family**
വിദ്യഭ്യാസം ജോലി ജില്ല സാമ്പത്തികം നോക്കുന്നില്ല SC യിൽ ഏതുമാവാം
9995383533, 7593093505

**ഈഴവ യുവതി 23**
Degree ഇടത്തരം സാമ്പത്തികം വരന്റെ തൊഴിലേതുമാവാം
9946441013, 9946441215

**MBBS, PG (Doing)**
Ezhava girl - 30, Chathayam, 164, TVM. Invited from the parents of professionally qualified and well-employed boys.
8281882135

**ഈഴവ യുവതി 27**
ഡിഗ്രി സാമ്പത്തികമുണ്ട് വരന്റെ തൊഴിലേതുമാകാം ജില്ല സാമ്പത്തികം പ്രശ്നമല്ല ഡിമാന്റുകളില്ല
9633975528, 8593844077

**ഈഴവ ടീച്ചർ 23 ശുദ്ധം**
Bed ഇടത്തരം വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
9895149425, 9746327517

**ഈഴവ യുവതി 32**
ഡിഗ്രി ഇടത്തരം വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല പുനർവിവാഹവുമാകാം ഡിമാന്റുകളില്ല
8086069799, 9746244247

**ഈഴവ ടീച്ചർ 25**
Bed സാമ്പത്തികമുണ്ട് വരന്റെ തൊഴിലേതുമാകാം ജില്ല സാമ്പത്തികം പ്രശ്നമല്ല ഡിമാന്റുകളില്ല
9895173527, 9961438450

**ഈഴവ ടീച്ചർ ശുദ്ധം 23**
Bed സാമ്പത്തികമുണ്ട് വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
9048027070, 7902342230

**ഈഴവ സുന്ദരി ടീച്ചർ 27**
Bed ഉയർന്ന സാമ്പത്തികം വരന്റെ തൊഴിലേതുമാകാം ജില്ല പ്രശ്നമല്ല
7593989798, 9061517250

ഈഴവ യുവതി, 31, ഉത്രാടം, 163 cm, M Com, CA Inter (Info park ൽ ജോലി), Rtd. സർക്കാർ ഉദ്യോഗസ്ഥരുടെ മകൾ.
9496722733
9048356361

ഈഴവ യുവതി, പൂരുരുട്ടാതി, 157 cm, MCA, ഇടത്തരം കുടുംബം, ചെറിയ പാപം, ഗവ. ജീവനക്കാരുടെ ആലോചനകൾ ക്ഷണിക്കുന്നു.
9447132560

ഈഴവ യുവതി, 156cm, ചോതി, 9/7/1992, 08.07 a.m, M.A., M.Phil., NET, JRF, Asst. Professor, ബ്യൂറോ അല്ല.
9447440028

ഈഴവ യുവതി, കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥ, മൂലം, 16-05-1987, 9.15 a.m.
ID: E4218971
8921955137

**ഈഴവ പെൺകുട്ടി**
അവിട്ടം, 4-2-1992, 2.10pm, 155cm, 3½ പാപം, M.Sc. M.Phil, Guest Lecturer at SN College. വിദ്യാഭ്യാസവും പാപസാമ്യവും ഉള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9497817338, 04692711733

**www.intimate matrimony.com 999 രൂപമാത്രം**
ഈഴവയുവതി 24/159 MCADoing ആലോചനകൾ ക്ഷണിക്കുന്നു matrimony id - WEB671884HEF
9446442500

**www.intimate matrimony.com 999 രൂപമാത്രം**
ഈഴവയുവതി 26/153MBA Banglore ആലോചനകൾ ക്ഷണിക്കുന്നു matrimony id TPR440233HEF.
9446002416

**www.intimate matrimony.com 999 രൂപമാത്രം**
ഈഴവയുവതി 23/163 BTech Bank employee ആലോചനകൾ ക്ഷണിക്കുന്നു matrimony id PTA694371HEF.
9074557930


## തട്ടിപ്പ് വീരൻ പിടിയിൽ



മധുസൂദനൻ നായർ

തിരുവനന്തപുരം: ഹാർഡ് വെയർ, സിമന്റ് കട, കമ്പിക്കട എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് വർക്ക് സൈറ്റിൽ സാധനം ഇറക്കിത്തരാം എന്ന വ്യാജേന ലക്ഷങ്ങളുടെ തട്ടിപ്പ് നടത്തിയ ആൾ ആര്യൻകോട് പൊലീസിന്റെ പിടിയിലായി.

ബാലരാമപുരം എരുത്താവൂർ പുണർതത്തിൽ മധുസൂദനൻ നായരാണ് (60) അറസ്റ്റിലായത്. ഹോൾസെയിൽ കടകളിൽ ചെറിയ തുക അഡ്വാൻസായി നൽകിയ ശേഷം ബാക്കി തുകയ്ക്ക് ചെക്കുകൾ നൽകി വൻ തുകയ്ക്ക് നിർമ്മാണ സാമഗ്രികൾ വാങ്ങിയശേഷം വർക്ക് സൈറ്റുകളിൽ ഈ സാധനങ്ങൾ നൽകി പണം തട്ടുകയാണ് ഇയാളുടെ രീതി.

ആര്യൻകോട് പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള എസ്.എസ് ഹാർഡ് വെയർ, പൂഴനാട് ഉണ്ണീസ് ഹാർഡ് വെയർ തുടങ്ങി നിരവധി കടകളിലും വെള്ളറട, കാട്ടാക്കട, നെയ്യാറ്റിൻകര, നരുവാമൂട് പൊലീസ് സ്റ്റേഷൻ പരിധികളിലുള്ള നിരവധി കടകളിലും ഈ രീതിയിലുള്ള തട്ടിപ്പ് നടത്തിയിട്ടുണ്ട്.

ആര്യൻകോട് എസ്.എച്ച്.ഒ സൈജുവിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

## മോക്ക്ഡ്രിൽ സംഘടിപ്പിച്ചു

കഴക്കൂട്ടം: ലോക ഹൃദയദിനത്തോടനുബന്ധിച്ച് കഴക്കൂട്ടം ജംഗ്ഷനിൽ മോക്ക്ഡ്രിൽ സംഘടിപ്പിച്ചു. ഒരാൾക്ക് ഹൃദയാഘാതം ഉണ്ടായാൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കഴക്കൂട്ടം എ.ജെ. ഹോസ്പിറ്റൽ, എ.ജെ. സ്കൂൾ ഒഫ് നഴ്സിംഗ്.

എ.ജെ. കോളേജ് ഒഫ് പാരാമെഡിക്കൽ സയൻസും സംയുക്തമായാണ് മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. രാവിലെ 9ന് ഹൃദയം സംരക്ഷിക്കണമെന്നുള്ള സന്ദേശവുമായി നഴ്സിംഗ് വിദ്യാർത്ഥികളും പാരാമെഡിക്കൽ വിദ്യാർത്ഥികളും മാരത്തോണും സംഘടിപ്പിച്ചു. നഴ്സിംഗ് കോളേജിന് മുന്നിൽ നിന്നു ആരംഭിച്ച മാരത്തോൺ അസിസ്റ്റന്റ് കമ്മിഷണർ അനിൽകുമാർ ഫ്ലാഗ് ഓഫ് ചെയ്തു. കഴക്കൂട്ടം ജംഗ്ഷനിൽ ഫ്ലാഷ് മോബ് അവതരിപ്പിച്ചു. എം.ഡി. അസ്മ ജബ്ബാർ, ജനറൽ മാനേജർ ഉസ്മാൻ കോയ തുടങ്ങിയവർ പങ്കെടുത്തു.




കഴക്കൂട്ടം പൊലീസ് അസിസ്റ്റന്റ് കമ്മിഷണർ മാരത്തോൺ ഫ്ലാഗ് ഓഫ് ചെയ്യുന്നു

## ചെവള മടം ശ്രീ നാഗരാജ ക്ഷേത്രം

കിളിമാനൂർ: ചെവള മടം ശ്രീ നാഗരാജ ക്ഷേത്രത്തിലെ കന്നിമാസ നാഗരൂട്ടും ആയില്യ പൂജയും ഓടോബർ 5ന് നടക്കും



## ഗാന്ധിജയന്തി ആഘോഷം

വർക്കല: അയിരൂർ എം.ജി.എം മോഡൽ സ്കൂളിൽ ഗാന്ധിജയന്തി ആഘോഷം ഒക്ടോബർ 2 ന് വിവിധ പരിപാടികളോടെ നടക്കും. ഗാന്ധിയൻ വി.കെ.എം.പണിക്കർ ഉദ്ഘാടനം ചെയ്യും. ദീപക്ചന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. ഡോ. പി.കെ. സുകുമാരൻ, എസ്. പൂജ, അമൽഅജയ് എന്നിവർ സംസാരിക്കും. ഡോക്യുമെന്ററി, ശുചീകരണം, ക്വിസ് മത്സരം, ചിത്രരചനാമത്സരം തുടങ്ങിയവ ഉണ്ടായിരിക്കും.

## ക്ഷേത്ര പൊതുയോഗം

വർക്കല: തച്ചൻകോണം ഭദ്രഭുവനേശ്വരി ക്ഷേത്ര പൊതുയോഗം ഒക്ടോബർ 2ന് വൈകുന്നേരം 3ന് നടക്കും.

## ഇലകമൺ കൃഷിഭവൻ

വർക്കല: ഇലകമൺ കൃഷിഭവൻ പരിധിയിൽ നാളികേരാധിഷ്ഠിത ബഹുനില വിള പ്രദർശനത്തോട്ടം പദ്ധതിയിലെ ഗുണഭോക്താക്കൾ ഒക്ടോബർ 15നകം ഗുണഭോക്തൃവിഹിതം കൃഷിഭവനിൽ അടയ്ക്കണം.

## പരാതി നൽകി

കിളിമാനൂർ: കിളിമാനൂർ മേഖലയിലെ വിദ്യാർത്ഥികൾക്ക് യഥാസമയം ക്യാംപസുകളിൽ എത്താനുള്ള ഇക്ബാൽ കോളേജ് ബസ് സർവീസ് ഉൾപ്പെടെയുള്ള സർവീസുകൾ കെ.എസ്.ആർ.ടി.സി നിർത്തലാക്കിയതിനെതിരെ കെ.എസ്.യു കിളിമാനൂർ മേഖല കമ്മിറ്റി പ്രസിഡന്റ് യാസീൻ ഷെരീഫ് യൂത്ത് കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി ഷിജാസും ചേർന്ന് കിളിമാനൂർ എ.ടി. ഒയ്ക്ക് പരാതി നൽകി.

## എൻ.ബി.എസ് പുസ്തകോത്സവം

കിളിമാനൂർ: കോട്ടയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെയും കിളിമാനൂർ കലാ സാഹിത്യ വേദിയുടെയും സംയുക്താഭിമുഖ്യത്തിൽ എൻ.ബി.എസ് പുസ്തകോത്സവം ഓടോബർ ഒന്നു മുതൽ എട്ട് വരെ ശ്രീലക്ഷ്മി ആഡിറ്റോറിയത്തിൽ നടക്കും. ഒന്നിന് രാവിലെ 9.30ന് ബി.സത്യൻ എം.എൽ.എ. പുസ്തകോത്സവം ഉത്ഘാടനം ചെയ്യും. ജി.ബിപിൻ, കുടിയേല ശ്രീകുമാർ, കാഞ്ഞിരംപാറ മോഹനൻ എം.ഷാജഹാൻ, എം.വിജയകുമാർ, ശശിധരൻ വെള്ളല്ലൂർ കെ.ജി ശ്രീകുമാർ എന്നിവർ പങ്കെടുക്കും

## വാർഷിക സമ്മേളനം

വർക്കല: ഇൻകംടാക്സ് ആൻഡ് സെയിൽസ്ടാക്സ് ഹെൽപ്ലൈൻ കോൺഗ്രസിന്റെ യോഗം പ്രസിഡന്റ് ചെറുന്നിയൂർ ഗണേഷിന്റെ അദ്ധ്യക്ഷതയിൽ നടന്നു. നവംബർ 27ന് തിരുവനന്തപുരത്ത് നടക്കുന്ന അഞ്ചാം വാർഷിക സമ്മേളനത്തിന്റെ നടത്തിപ്പിനായി എം. നസീർ, പി. ശിവകുമാരൻനായർ, ഡോ. ജി. ഗണേഷ് ബാബു, സുനിൽവാസവൻ, കട്ടിംഗ് അശോകൻ, വി. മണിദാസ് എന്നിവരെ ചുമതലപ്പെടുത്തി.

## നീന്തൽ പരിശീലനം

നെടുമങ്ങാട്: നഗരസഭ പരിധിയിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ നീന്തൽ പരിശീലന പദ്ധതി വേങ്കവിള റോയൽ സ്വിമ്മിംഗ് പൂളിൽ ആരംഭിച്ചു. നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.ആർ.സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുത്ത 140 കുട്ടികൾ പങ്കാളികളാവുന്ന പരിശീലന പദ്ധതിയിൽ നീന്തൽ ഉപകരണങ്ങളുടെ വിതരണവും നടന്നു. നെടുമങ്ങാട് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശരത്ചന്ദ്രന്റെ അദ്ധ്യക്ഷതയിൽ മഞ്ച ബോയ്സ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് റസീന സ്വാഗതവും പരിശീലകൻ രാജേഷ് നന്ദിയുംപറഞ്ഞു.

## പൊതുയോഗം

വർക്കല: ജനതാമുക്ക് എസ്.എൻ നഗർ ഗുരുമന്ദിരത്തിന്റെ വാർഷിക പൊതുയോഗം ഇന്ന് വൈകുന്നേരം 4ന് നടക്കും.

# കുട്ടി കൂട്ടായ്മയുടെ കരുത്ത്: കിടപ്പുരോഗിക്ക് സ്വപ്ന ഭവനം

■ താക്കോൽദാനം 7 ന്

▸ വിജയൻ പാലാഴി

ആറ്റിങ്ങൽ: കുഞ്ഞു മനസുകളിൽ നന്മ വിരിഞ്ഞപ്പോൾ നിർദ്ധന കുടുംബത്തിന് സ്വപ്ന ഭവനമായി. പൂവണത്തിൻ മൂട്ടുള്ള കുട്ടികളുടെ കൂട്ടായ്മയായ ബാലജ്യോതിയുടെ നേതൃത്വത്തിലാണ് നിർദ്ധന കുടുംബത്തിന് 6ലക്ഷം രൂപ മുതൽ മുടക്കിൽ വീട് വച്ചു നൽകിയത്.

12 വർഷമായി നട്ടെല്ലു തകർന്ന് കിടപ്പിലായ പതിനെട്ടാം മൈൽ മുണ്ടക്കൽ വീട്ടിൽ ശ്രീകുമാറിന് വേണ്ടിയാണ് ഇവരുടെ സ്നേഹകൂടാര പദ്ധതിയുടെ ആദ്യ ഭവനം നിർമ്മിച്ചത്.

500 ചതുരശ്ര അടിയുള്ള കോൺക്രീറ്റ് വീടാണ് ഇവർ ഒരുക്കിയത്. വീടിന്റെ താക്കോൽ ദാന ചടങ്ങ് ഒക്ടോബർ 7 ന് വൈകിട്ട് 3 ന് സിനിമാതാരം സുരേഷ് ഗോപി എം.പി നിർവഹിക്കും.

ഇതോടനബന്ധിച്ച് നടക്കുന്ന സ്നേഹ സംഗമം ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്യും.

അഡ്വ. ബി. സത്യൻ എം.എൽ.എ, ഡോ. പി. രാധാകൃഷ്ണൻ നായർ, പൂവണത്തിൻമൂട് മണികണ്ഠൻ എന്നിവർ സംസാരിക്കും. ചടങ്ങിൽ അവനവഞ്ചേരി എച്ച്.എസ്, ഇളമ്പ എച്ച്.എസ്.എസ്, അയിലം എച്ച്.എസ് എന്നീ സ്കൂളുകളിൽ നിന്നും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കും.



ബാലജ്യോതി കുട്ടികളുടെ ശ്രമഫലമായി നിർധന കിടപ്പുരോഗിയായ ശ്രീകുമാറിനായി നിർമ്മിച്ച സ്നേഹ കൂടാരം

### നാടിന് മാതൃകയായി ബാലജ്യോതി

ആറ്റിങ്ങൽ പൂവണത്തിൻ മൂട് സ്വദേശികളായ എട്ട് കുട്ടികൾ സാമൂഹ്യ പ്രവർത്തകനായ പൂവണത്തിൻ മൂട് മണികണ്ഠന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘടനയാണ് ബാലജ്യോതി. ഇവരുടെ ജീവകാരുണ്യ പ്രവർത്തനങ്ങളും കലാ പരിപോഷണ പ്രവർത്തനങ്ങളും കണ്ട് മറ്റു കുട്ടികളും വന്നു ചേരുകയായിരുന്നു.

ഇപ്പോൾ 50 കുട്ടികളാണ് ഈ സംഘടനയുടെ കരുത്ത്. ഇതിന്റെ പോഷക സംഘടനയെന്ന നിലയിൽ മാതൃസമിതിയും ശക്തമായി പ്രവർത്തിക്കുന്നുണ്ട്.

എല്ലാ ആഴ്ചയിലും കൃത്യമായി ഇവർ ഒത്തുകൂടുകയും സമൂഹത്തിലെ കാലിക പ്രശ്നങ്ങളെക്കുറിച്ച് ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കുട്ടികളുടെ പ്രവർത്തന മികവ് കണ്ട് സഹായിക്കാൻ നിരവധി സുമനസുകളും ഒപ്പമുണ്ട്. ആ പിൻബലത്തിലാണ് നിർദ്ധനർക്ക് വീടു വച്ചു നൽകുക എന്ന വലിയ പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിയുടെ ആദ്യ വീട് പൂർത്തിയായ സന്തോഷത്തിലാണ് കുട്ടികൾ.

വയോജന പരിപാലനം, ജൈവകൃഷി പരിപോഷണം, രോഗികൾക്ക് സഹായ ധനം സമാഹരിച്ച് നൽകൽ, കലാ കായിക മികവുള്ളവരെ കണ്ടെത്തി പരിശീലനം നൽകൽ തുടങ്ങി മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ സംഘടന നടപ്പിലാക്കി വരുന്നത്.

# കിണറ്റിൽ വീണ ദമ്പതികളെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി

വർക്കല: കിണറ്റിൽ വീണ ദമ്പതികളെ ഫയർഫോഴ്സ് എത്തി രക്ഷപ്പെടുത്തി. ഇടവ വെൺകുളം കല്ലുവിളവീട്ടിൽ വിപിൻബാബു (25) ഭാര്യ പ്രവീണ (20) എന്നിവരാണ് കഴിഞ്ഞ ദിവസം രാത്രിയിൽ വീടിനു മുന്നിലെ അൻപതടിയോളം താഴ്ചയുള്ള കിണറ്റിൽ വീണത്.

സംഭവം അറിഞ്ഞ് എത്തിയ നാട്ടുകാരായ രണ്ടുപേർ കിണറ്റിലിറങ്ങി രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും ഫലം കണ്ടില്ല. തുടർന്ന് വർക്കലയിൽ നിന്നും സ്റ്റേഷൻ ഓഫീസർ ദീപേഷിന്റെ നേതൃത്വത്തിൽ ലീഡിംഗ് ഫയർമാൻ ഡി. രാജൻ, ഫയർമാൻമാരായ സാബു.എ.എസ്, സാബു.ആർ.എൽ, വിനോദ്, അരുൺകുമാർ, ഉണ്ണികൃഷ്ണൻ, സജിത്ത്, ഡ്രൈവർമാരായ സുരേഷ് കുമാർ, പ്രിയരാഗ് എന്നിവരുൾപ്പെട്ട സംഘമാണ് ഇരുവരെയും കരയ്ക്കെത്തിച്ച്. ഇരുവരെയും താലൂക്കാശുപത്രിയിൽ എത്തിച്ച് പ്രാഥമിക ചികിത്സ നൽകി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർചെയ്തു.



വർക്കല നോർത്ത് റസിഡന്റ്സ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്വരൂപിച്ച 50000 രൂപ പ്രസിഡന്റ് ജി. സത്യദേവൻ, സെക്രട്ടറി ആർ.എസ്. രാജൻനായർ എന്നിവരുടെ നേതൃത്വത്തിൽ അസോസിയേഷൻ ഭാരവാഹികൾ അഡ്വ. വി. ജോയി എം.എൽ.എക്ക് കൈമാറുന്നു

# കാട്ടാക്കട സബ് ആർ.ടി.ഓഫീസിന് പ്രായം ഒരാഴ്ച; രജിസ്റ്റർ ചെയ്തത് 250 വാഹനങ്ങൾ

കാട്ടാക്കട: കാട്ടാക്കട സബ് ആർ.ടി ഓഫീസ് നിലവിൽ വന്ന് ഒരാഴ്ചയ്ക്കകം രജിസ്റ്റർ ചെയ്തത് 250 ഓളം വാഹനങ്ങൾ. പക്ഷേ, KL 74 - 1 നമ്പർ സ്വന്തമാക്കാൻ ആരുമെത്തിയില്ല. ഒരു ലക്ഷം രൂപയാണ് ഫീസ് എന്നതാണ് പലരെയും പിന്നോട്ടടിക്കുന്നത്. എന്നാൽ കാട്ടാക്കട സ്വദേശി വിജയകുമാർ KL 74 - 4 സ്വന്തമാക്കി പുതിയ ഓഫീസിൽ നിന്നും ആദ്യ വാഹനം പുറത്തിറക്കി.


ആധുനിക സംവിധാനങ്ങളോടെ ആരംഭിച്ച ഓഫീസിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള എല്ലാ സേവനങ്ങളും കമ്പ്യൂട്ടർ അധിഷ്ഠിതമാണ്.

90 ശതമാനം സേവനങ്ങൾക്കും ഓൺലൈനായി പണം അടക്കാനുള്ള സംവിധാനമുണ്ട്.

ട്രാൻസ്പോർട്ട്, സ്വകാര്യ വാഹനങ്ങൾക്ക് ഓൺലൈനായി തന്നെ ടാക്സ് അടക്കാനും പ്രിന്റ് നൽകാനും കഴിയും. നേരിട്ട് അപേക്ഷ നൽകുന്നവർക്കായി എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 4.30 വരെ പ്രവർത്തിക്കുന്ന ഫാസ്റ്റ് ട്രാക്ക് കൗണ്ടറിലൂടെ അന്ന് തന്നെ സേവനം ലഭ്യമാകും. ഡ്രൈവിംഗ് - കണ്ടക്ടർ ലൈസൻസ് പുതുക്കൽ, ഉടമാവകാശം മാറ്റൽ, ആർ.സി ബുക്കിലെ മേൽവിലാസം മാറ്റൽ, പെർമിറ്റ് പുതുക്കൽ, ഹൈപ്പോത്തിക്കേഷൻ രേഖപ്പെടുത്തൽ തുടങ്ങി ഒൻപത് സേവനങ്ങൾ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ മുഖേന ലഭിക്കും.

കാട്ടാക്കട ടൗണിൽ സ്വകാര്യവും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ നിരവധി ഗ്രൗണ്ടുകളുള്ളപ്പോഴാണ് കിലോമീറ്ററുകൾ മാറി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം മലയിൻകീഴ് വലിയറത്തലയിൽ ഒരുക്കിയിരിക്കുന്നത്. മാറനല്ലൂർ പഞ്ചായത്തിലെ കണ്ടല സ്റ്റേഡിയം പഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറാകാത്തതാണ് ഡ്രൈവിംഗ് ടെസ്റ്റ് വലിയറത്തലയിലേയ്ക്ക് മാറ്റാനിടയാക്കിയത്.





മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്പ്രിംഗ് ഫീൽഡ് മലയാളി അസോസിയേഷൻ (ഓസ്ട്രേലിയ, ബ്രിസ്ബേൻ) സമാഹരിച്ച് നൽകിയ 260000 രൂപയുടെ ചെക്ക് സി.പി.എം നേമം ഏരിയ കമ്മിറ്റി അംഗം എം. ബാബുജാൻ, ബാലരാമപുരം സൗത്ത് ലോക്കൽ കമ്മിറ്റി സെക്രട്ടറി ഫെഡറിക് ഷാജി, ബ്രാഞ്ച് സെക്രട്ടറി ബെന്നി എന്നിവർ ചേർന്ന് മുഖ്യമന്ത്രിക്ക് കൈമാറുന്നു.

## സൗജന്യ ആയുർവേദ മെഡിക്കൽക്യാമ്പ്

പാലോട്: മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ പച്ച തുരുത്തിന്റെയും അമ്പലംമുക്ക് സത്യസായി സേവാ സമിതിയുടെയും ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 10ന് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഫോൺ: 8086741511



ചെങ്കൽ മഹേശ്വരം ശ്രീ ശിവപാർവതി ക്ഷേത്രത്തിൽ എത്തി ഗണപതി വിഗ്രഹങ്ങൾ ദർശിക്കാനായി എത്തിയ ഭക്ത ജനങ്ങളുടെ തിരക്ക്.

## ചെങ്കൽ മഹേശ്വരം ശ്രീ ശിവപാർവതീ ക്ഷേത്രത്തിൽ ഭക്തജനത്തിരക്കേറുന്നു

പാറശാല: ചെങ്കൽ മഹേശ്വരം ശ്രീ ശിവപാർവതീ ക്ഷേത്രത്തിൽ നടന്ന 32 ഗണപതി വിഗ്രഹങ്ങളുടെ പ്രതിഷ്ഠ ദർശിക്കാനെത്തുന്ന ഭക്തജനങ്ങളുടെ തിരക്ക് ദിനംപ്രതി ഏറുന്നു. ഒരേ സ്ഥലത്തെ 32 ഭാവങ്ങളിലെ ഗണപതി ദർശനത്തിലൂടെ സർവ വിഘ്നങ്ങളും മാറി അഭീഷ്ടം സാധിക്കുമെന്നാണ് വിശ്വാസം. ഗണപതി വിഗ്രഹങ്ങങ്ങൾക്ക് പുറമെ ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള 12 ജ്യോതിർലിംഗങ്ങളും, ലോകത്തിലെ ഏറ്റവും വലിയ ശിവലിംഗവും മറ്റൊരിടത്തും കാണാൻ കഴിയില്ലെന്നതും ഈ ക്ഷേത്രത്തിലെ ഭക്തജന തിരക്കിന് കാരണമായിട്ടുണ്ട്.

## കൊയ്ത്തുത്സവം

കിളിമാനൂർ: കസ്തൂർബാ സർവീസ് സഹകരണ ബാങ്ക് ഐരുമൂല പാടശേഖര സമിതിയുമായി ചേർന്ന് സഹകരിച്ച് കൃഷിക്കാരിൽ നിന്നും ഏറ്റെടുത്തു നടത്തിയ നെൽകൃഷിയുടെ കൊയ്ത്തുത്സവം ഒക്ടോബർ 2 ന് രാവിലെ 8ന് ബി. സത്യൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജലക്ഷ്മി അമ്മാൾ, വൈസ് പ്രസിഡന്റ് എ. ദേവദാസ്, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, കാർഷിക വികസന ബാങ്ക് മുൻ പ്രസിഡന്റ് ജയചന്ദ്രൻ, കസ്തൂർബാ സർവീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗം ജി.സോമരാജ കുറുപ്പ്, പാടശേഖര സമിതി കൺവീനർ ജി. ബാലൻ, ബാങ്ക് ഭരണസമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുമെന്നും, ചടങ്ങിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബാങ്ക് ജീവനക്കാർ ഒരുമാസത്തെ ശമ്പളം സംഭാവനയായി എം.എൽ.എക്ക് നൽകുമെന്നും ബാങ്കിൽ വിളിച്ചു ചേർത്ത പത്ര സമ്മേളനത്തിൽ ബാങ്ക് പ്രസിഡന്റ് എസ്. വിദ്യാനന്ദകുമാർ അറിയിച്ചു.

## ഡോ. വിൻസെന്റ് സാമുവലിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ലത്തീൻ രൂപതാ ബിഷപ് ഡോ. വിൻസെന്റ് സാമുവലിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. നെയ്യാറ്റിൻകര ബിഷപ് ഹൗസിൽ നടന്ന ചടങ്ങിൽ രൂപതയിലെ വിവിധ അൽമായ സംഘടനകളുടെ പ്രതിനിധികളും വൈദികരും, രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പ്രമുഖരും പങ്കെടുത്തു.

ഇന്നലെ രാവിലെ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്.

ഉച്ചക്ക് നടന്ന അനമോദന സമ്മേളനത്തിൽ രൂപതാ ശുശ്രൂഷ കോ- ഓർഡിനേറ്റർ ഫാ. വി.പി. ജോസ്, നെയ്യാറ്റിൻകര റീജിയൻ കോ ഓർഡിനേറ്റർ ഫാ. ഡി. സെൽവരാജ്, ശശിതരൂർ എം.പി, എം. വിൻസെന്റ് എം.എൽ.എ, ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്ന ഫാ. വിൻസെന്റ്, രൂപതാ ചാൻസിലർ ഡോ. ജോസ് റാഫേൽ, ഫാ. ഡോ. ക്രിസ്തുദാസ് തോംസൺ, കെ.എൽ.സി.എ രൂപതാ പ്രസിഡന്റ് ഡി. രാജു, ഫാ. കെ.ജെ. വിൻസെന്റ്, ഫാ. ബെൻബോസ്, സിസ്റ്റർ ദീപ തുടങ്ങിയവർ പ്രസംഗിച്ചു.



നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസെന്റ് സാമുവലിന്റെ നാമഹേതുക തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിക്കുന്നു. ഫാ. ഡി. സെൽവരാജൻ സമീപം

## ഹോണ്ട ടൂ വീലർ വില്പന മേള

വെഞ്ഞാറമൂട്: എസ്.എൻ.ഡി.പി യോഗം വാമനപുരം യൂണിയൻ, മാക്സ് വാല്യൂ ഫൈനാൻസ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ വായ്പ മേള സംഘടിപ്പിക്കും.

ആദ്യ തവണ ഒരു രൂപ മാത്രം അടച്ച് ഹോണ്ടയുടെ ആക്ടീവ 5G, ആക്ടിവ 125, ഡിയോ, ഗ്രാസിയ, ഏവിയേറ്റർ, ആക്ടിവ I, ക്ലീക്, നവി എന്നീ വാഹനങ്ങൾ മേളയിൽ നിന്ന് സ്വന്തമാക്കാം. കൂടാതെ എക്സ്ചേഞ്ച് ബോണസും ലഭിക്കും. എല്ലാ കളറുകളിലും, ഓപ്ഷനുകളിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് വാമനപുരം എസ്.എൻ.ഡി.പി ഓഫിസുമായി ബന്ധപ്പെടുക.

## പൊലീസ് ഓഫീസേഴ്സിന്റെ കൂട്ടനടത്തം

നെയ്യാറ്റിൻകര: ലോക ഹൃദയ ദിനമായ ഇന്നലെ കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന ഹൃദയാരോഗ്യ ബോധവത്കരണ കൂട്ട നടത്തം നെയ്യാറ്റിൻകര ഡിവൈ. എസ്.പി. ബി.ഹരികുമാർ ഫ്ലാഗ് ഓഫ് ചെയ്തു.

ടൗൺ ഹാളിൽ നടന്ന ബോധവത്കരണ സെമിനാർ നിംസ് എം.ഡി. ഫൈസൽഖാൻ ഉദ്ഘാടനം ചെയ്തു. ഡോ. മധുശ്രീധരൻ, ഡോ.കാവ്യ തുടങ്ങിയവർ ക്ലാസെടുത്തു. അസോസിയേഷൻ റൂറൽ ജില്ലാ പ്രസിഡന്റ് എസ്. ഷാജി, സെക്രട്ടറി എസ്.പി. ഷിബു, ക്രിസ്റ്റരാജ്, ഹരിലാൽ തുടങ്ങിയവർ പങ്കെടുത്തു.



കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന കൂട്ട നടത്തം ഡിവൈ.എസ്.പി. ബി.ഹരികുമാർ ഫ്ലാഗ് ഓഫ് ചെയ്യുന്നു. എസ്.ഷാജി, എസ്.പി. ഷിബു തുടങ്ങിയവർ സമീപം.

## ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം

നെടുമങ്ങാട്: പരുത്തിക്കുഴി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ കന്നിമാസത്തിലെ ആയില്യം ഒക്ടോ. അഞ്ചിന് നടക്കും. രാവിലെ പതിവ് പൂജകൾക്ക് പുറമെ, നൂറും പാലും നേർച്ചയും നാഗരൂട്ടും ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി കെ. വേലായുധൻ ആശാരി അറിയിച്ചു.

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ചെക്ക ചിവന്ത വാനം (T- 11.15, 7.00pm, 10.15pm) JHONNY ENGLISH STRIKES AGAIN (E- 2.00pm, 4.45pm)
■SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30, 9.30)
■SCREEN 3 - തീവണ്ടി (M- 11.15, 2.30, 6.30, 9.30)
■ശ്രീകുമാർ (2331222) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■ശ്രീപത്മനാഭ (2473999) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: സാമി -2 (T- 11.00, 2.30, 9.30) പടയോട്ടം (M- 6.00)
■അജന്ത (2472825) :: No Shows
■കൃപ :: ലില്ലി (M- 11.00, 7.00pm) ചെക്ക ചിവന്ത വാനം (T- 1.00, 4.00, 7.30pm, 1030pm) ചാലക്കുടിക്കാരൻ ചങ്ങാതി (M - 1.10pm) JHONNY ENGLISH STRIKES AGAIN (E- 4.40pm) SUI DAAGA MADE IN INDIA (H- 9.30pm)
■കലാഭവൻ :: ലില്ലി (M- 11.30) പടയോട്ടം (M- 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30) ചെക്ക ചിവന്ത വാനം (T- 6.30, 9.30)
■ധന്യ (2476773) :: സാമി -2 (T- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ലില്ലി (M- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - സാമി -2 (T- 11.15, 2.45, 6.30, 10.15)
■Audi 2 - തീവണ്ടി (M - 11.30, 3.00, 6.30, 10.00)
■Audi 3 - MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H- 1.45pm) THE NUN (E- 5.00pm, 10.15pm) THE EQUALIZER (E- 7.15pm),
■Audi 4 - പടയോട്ടം (M- 11.30am, 3.00pm, 6.45pm, 10.00pm)
■Audi 5 - THE NUN (E- 10.00am) വരത്തൻ (M- 12.00pm, 3.00pm, 6.45pm, 10.00pm) THE
■Audi 6 - ഇമൈക്കാനൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm, 10.15pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
ചാലക്കുടിക്കാരൻ ചങ്ങാതി (M- 10.00, 3.00, 9.45pm)
ചെക്ക ചിവന്ത വാനം (T- 10.30, 1.30, 4.30, 7.30, 10.30pm)
ദേവദാസു (Telugu- 4.45pm)
JHONNY ENGLISH STRIKES AGAIN (E- 10.35, 2.45, 6.30, 10.30pm)
ലില്ലി (12.45, 8.30pm, 10.30pm)
മംഗല്യം തന്തുനാനേന (M- 1.30)
പടയോട്ടം (9.45am, 1.00pm, 4.40pm, 7.00pm, 10.00pm)
സാമി -2 (T- 10.15am, 4.00pm)
SUI DHAAGA (H- 12.30pm, 8.00pm)
തീവണ്ടി (M- 10.00am, 1.15pm, 4.40pm, 7.00pm, 10.45pm)
വരത്തൻ (M- 10.00am, 12.45pm, 3.30pm, 6.15pm, 7.45pm, 9.00pm, 11.35pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 6.15, 9.30) പടയോട്ടം (M- 2.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 9.30) വരത്തൻ (M- 6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■ screen 1 : തീവണ്ടി (M- 11.15, 2.30, 6.15, 9.30)
■screen 2 : IMAIKKA NODIGAL (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30) തീവണ്ടി (M- 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
■ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: സാമി -2 (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: ലില്ലി (M- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: വരത്തൻ (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: ചെക്ക ചിവന്ത വാനം (T- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 9.30) തീവണ്ടി (M- 6.15)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : സാമി -2 (T- 11.00, 2.15) വരത്തൻ (M- 6.30, 9.30)
■screen 2 : പടയോട്ടം (M- 11.15, 2.30, 6.15) സാമി -2 (T- 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: മറഡോണ (T- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3 - KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4 - കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5 - JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എൻബത് മടമൈയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■Tela 2 - ലില്ലി (M- 11.00, 6.00, 8.00) തീവണ്ടി (M- 2.15, 10.00)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M - 11.15, 2.30, 9.30) പടയോട്ടം (M- 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■ screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■ screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T- 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 11.00, 2.00pm, 6.30pm, 10.30pm) തീവണ്ടി (M- 8.10pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■ സ്വരം - വരത്തൻ (M- 11.15, 2.15, 6.15, 9.15)
■ലയ - മംഗല്യം തന്തുനാനേന (M- 11.30, 6.30) പടയോട്ടം (M- 2.30, 9.30)

## ഇന്ന്

**ജി**മ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം: ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ് സമാപനം, ഗവർണർ പി.സദാശിവം-4ന്

**കാ**ർത്തിക തിരുനാൾ തീയേറ്റർ: കേരള നാട്യോത്സവം ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ -5.30ന്

**എസ്.**എം.വി സ്കൂൾ: കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ നവകേരള നിർമ്മാണം പ്രളയാനന്തര കർമ്മപദ്ധതി സംസ്ഥാനതല ശില്പശാല-10ന്

**ക**രിയം ദേവീ ക്ഷേത്രം ഉത്രം ആഡിറ്റോറിയം: കരിയം സോമശേഖരന്റെ 'രാമായണക്കാഴ്ചകൾ' പുസ്തകപ്രകാശനം-4.30ന്

**ല**ളിത കലാ അക്കാഡമി ആർട്ട് ഗാലറി: ടി.ആർ ഉദയകുമാറിന്റെ ചിത്ര പ്രദർശനം-10ന്

**പേ**രൂർക്കട വിന്നേഴ്സ് നഗർ: തമ്പിന്റെ പ്രതിമാസ പരിപാടിയിൽ നാടകം 'മത്തായിയുടെ മരണം'-6.45ന്

**തൈ**ക്കാട് ഗണേശം: സൂര്യ ഫിലിം ഫെസ്റ്റിവെലിൽ 'മസ ബിർബിരാ'-4.30ന്, 'അരവിന്ദന്റെ അതിഥികൾ'-6.45ന്

## കെ.പി.സി.സിയുടെ ഗാന്ധി ജയന്തി ആഘോഷം

തിരുവനന്തപുരം: മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് കെ.പി.സി.സിയുടെ ആഘോഷ പരിപാടികൾ ഒക്ടോബർ 2ന് ഇന്ദിരാഭവനിൽ നടക്കുമെന്ന് പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ അറിയിച്ചു. രാവിലെ 10 മണിക്ക് പുഷ്പാർച്ചനയും പ്രാർത്ഥനാ സംഗമവും സംഘടിപ്പിക്കും. നവംബർ 19 വരെ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ പദയാത്രയും ഗാന്ധി എക്സിബിഷനും ഗാന്ധി സാഹിത്യോത്സവവും സംഘടിപ്പിക്കും. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ ഗാന്ധിജിയുടെ പ്രസക്തിയെക്കുറിച്ച് സെമിനാറുകൾ ഉണ്ടാകും.





സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ മെമ്പറായി നിയമിതയായ അഡ്വക്കേറ്റ് ബീനാ കുമാരി



കേരള സർവകലാശാലയിൽ നിന്ന് ഫിലോസഫിയിൽ ഡോക്ടറേറ്റ് നേടിയ അമ്പിളി എസ്. (അസിസ്റ്റന്റ് പ്രൊഫസർ, ഗവ.കോളേജ് ഫോർ വിമൻ തിരുവനന്തപുരം). മുട്ടട സത്യചന്ദ്രയിൽ വി.ചന്ദ്രന്റെയും , ബി.സത്യഭാമയുടെയും മകളും നാലാഞ്ചിറ അക്ഷയ ഗാർഡൻസിൽ ജി.വി.മഹേഷിന്റെ ഭാര്യയുമാണ്

## കുടുംബശ്രീ വിറ്റത് ഏഴുകോടിയുടെ ഭാഗ്യക്കുറി

തിരുവനന്തപുരം: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണത്തിനുമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച നവകേരള ഭാഗ്യക്കുറിയുടെ വില്പന ഏഴുകോടിരൂപയിലെത്തിച്ചിരിക്കുകയാണ് കുടുംബശ്രീ. ഒക്ടോബർ മൂന്നിനാണ് നറുക്കെടുപ്പ്.

ആകെ 90 ലക്ഷം ടിക്കറ്റുകൾ വിൽക്കാനാണ് ഭാഗ്യക്കുറി വകുപ്പ് ലക്ഷ്യമിടുന്നത്. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം തൊണ്ണൂറ് പേർക്ക് ലഭിക്കും. കൂടാതെ രണ്ടാം സമ്മാനമായി അയ്യായിരം രൂപ വീതം ഒരുലക്ഷത്തി എണ്ണൂറ് പേർക്കും ലഭിക്കും. ഭാഗ്യക്കുറി വില്പനയുടെ ഭാഗമായി 1021 കുടുംബശ്രീ സി.ഡി.എസുകൾ കാഷ്വൽ ഏജൻസിയെടുത്തിരുന്നു.

## സി.വി.കുഞ്ഞുരാമനും പത്രാധിപർ കെ. സുകുമാരനും

# സാമൂഹ്യമാറ്റത്തിന്റെ കൊടുങ്കാറ്റ് വിതച്ച അച്ഛനും മകനും



ശിവഗിരിയിൽ നടന്ന ആചാര്യസ്മൃതി സമ്മേളനത്തിൽ എസ്.എൻ.ഡി.പി യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ.ഡി.രമേശ് സി.വി.കുഞ്ഞുരാമൻ, പത്രാധിപർ കെ.സുകുമാരൻ ദിന പ്രഭാഷണം നടത്തുന്നു. സ്വാമി ഗുരുപ്രകാശം, ഷാജിബത്തേരി, ശാരദാനന്ദൻ എന്നിവർ സമീപം

ശിവഗിരി: സാമൂഹ്യമാറ്റത്തിന്റെ കൊടുങ്കാറ്റ് വിതച്ചുകൊണ്ട് ഒരു പുരുഷായുസ്സു മുഴുവൻ സമുദായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച അച്ഛനും മകനുമാണ് സി.വി. കുഞ്ഞുരാമനും പത്രാധിപർ കെ. സുകുമാരനുമെന്ന് എസ്.എൻ.ഡി.പി യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ.ഡി.രമേശ് പറഞ്ഞു. ശ്രീനാരായണ ഗുരുദേവ മഹാസമാധി നവതി ആചരണത്തോടനുബന്ധിച്ച് ശിവഗിരിയിൽ നടക്കുന്ന ആചാര്യസ്മൃതി സമ്മേളനത്തിൽ സി.വി. കുഞ്ഞുരാമൻ, പത്രാധിപർ കെ. സുകുമാരൻ ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തിരയടങ്ങാത്ത മഹാസമുദ്രം പോലെയായിരുന്നു സി.വി. കുഞ്ഞുരാമന്റെയും പത്രാധിപർ കെ.സുകുമാരന്റെയും ജീവിതം. ശ്രീനാരായണ ഗുരുദേവനൊപ്പം നിന്ന് സമുദായ ക്ഷേമത്തിനുവേണ്ടിയും ജാതിവ്യവസ്ഥയ്ക്കെതിരെയും ഉജ്ജ്വല പോരാട്ടം നടത്തിയ സമുദായ സ്നേഹിയായിരുന്നു സി.വി.കുഞ്ഞുരാമൻ. ഈഴവസമുദായാംഗം എന്ന നിലയിൽ സ്വയം അഭിമാനിക്കുകയും അക്കാര്യം വെട്ടിത്തുറന്നു പറയാൻ മടി കാണിക്കാതിരിക്കുകയും ചെയ്ത സി.വി പ്രഗല്ഭനായ വാഗ്മിയും കരുത്തനായ പത്രാധിപരും മഹാനായ സാഹിത്യകാരനുമായിരുന്നു.

സി.വി.കുഞ്ഞുരാമന്റെ പുത്രനാണ് പത്രാധിപർ കെ.സുകുമാരൻ. പിന്നാക്ക അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഇരുവരും തൂലിക പടവാളാക്കി. ഒരു വിട്ടുവീഴ്ചയ്ക്കും ഇട കൊടുക്കാതെ സമുദായത്തിനുവേണ്ടി അച്ഛനും മകനും നടത്തിയ പോരാട്ടങ്ങളുടെ സ്മരണ എന്നും നിലനിൽക്കുമെന്നും കെ.ഡി. രമേശ് പറഞ്ഞു.

എസ്.എൻ.ഡി.പി യോഗത്തിന്റെ പിറവിദിനത്തിലാണ് കെ.സുകുമാരന്റെ ജനനം. ഈഴവ സമുദായത്തിലെ ഉദ്യോഗസ്ഥവൃന്ദം ഇന്ന് കൈവശം വച്ച് അനുഭവിക്കുന്ന എല്ലാ അവകാശ അധികാരങ്ങളും യോഗത്തിന്റെ സംഭാവനയാണ്. അതു നേടിയെടുക്കുന്നതിന് കേരളകൗമുദിയും പത്രാധിപർ കെ.സുകുമാരനും നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം പിന്നാക്ക സമുദായങ്ങൾ ഇനിയും തിരിച്ചറിയേണ്ടതുണ്ട്. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഭരണപരിഷ്കാര കമ്മിഷന്റെ തീരുമാനങ്ങൾ മഹാഭൂരിപക്ഷം വരുന്ന പിന്നാക്ക സമുദായ അംഗങ്ങളെ അരാജകത്വത്തിലേക്കും അന്ധകാരത്തിലേക്കും തള്ളിവിടുമെന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ അക്കാര്യം ഉറക്കെ വിളിച്ചുപറയുകയും ചെയ്ത പത്രാധിപരെ നന്ദിയോടെയല്ലാതെ സമുദായത്തിന് സ്മരിക്കാനാവില്ല. ചരിത്രപ്രസിദ്ധമായ ആ കുളത്തൂർ പ്രസംഗം സമുദായ ചരിത്രത്തിൽ എക്കാലവും തങ്കലിപികളിൽ തിളങ്ങിനിൽക്കും.

ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ ക്കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, യോഗം അസി. സെക്രട്ടറി ഷാജി ബത്തേരി, ബത്തേരി യൂണിയൻ ചെയർപേഴ്സൺ ശാരദാനന്ദൻ, പന്തളം യൂണിയൻ പ്രസിഡന്റ് സിനിൽ മുണ്ടപ്പള്ളി, യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ രാജേഷ് നെടുമങ്ങാട്, പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജ്, സൈബർസേന സംസ്ഥാന കമ്മിറ്റി ചെയർമാൻ കിരൺചന്ദ്രൻ, ശിവഗിരി യൂണിയൻ സെക്രട്ടറി അജി.എസ്.ആർ.എം, അടിമാലി യൂണിയൻ പ്രസിഡന്റ് അനിൽ തറനിലം, ചെമ്പഴന്തി യൂണിയൻ പ്രസിഡന്റ് സുഭാഷ് മഞ്ഞമല, സെക്രട്ടറി രാജേഷ് ഇടവക്കോട്, ചിറയിൻകീഴ് യൂണിയൻ സെക്രട്ടറി ശ്രീകുമാർ പെരുങ്കുഴി, വിപിൻ ഡി. രാജ്, കരുനാഗപ്പള്ളി യൂണിയൻ പ്രസിഡന്റ് സുശീലൻ, സെക്രട്ടറി സോമരാജൻ തുടങ്ങിയവർ സംബന്ധിച്ചു.

മാനന്തവാടി, ബത്തേരി യൂണിയനുകളുടെ നേതൃത്വത്തിൽ ശാഖാപ്രവർത്തകർ ഉൾപ്പെടെയുള്ള ശ്രീനാരയണീയർ ഇന്നലെ ശിവഗിരിയിൽ വിശ്വശാന്തി ഹവനം, ജപയജ്ഞം എന്നിവയിൽ പങ്കെടുത്തു.

### ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തിഹവനം. വൈകിട്ട് 3ന് ആചാര്യസ്മൃതി സമ്മേളനം (സ്വാമി ശ്രീനാരായണതീർത്ഥർ, സ്വാമി അമൃതാനന്ദ ദിനം). പ്രഭാഷണം: കുറിച്ചി അദ്വൈതവിദ്യാശ്രമം സെക്രട്ടറി സ്വാമി ധർമ്മ ചൈതന്യ

## വയലാർ അവാർഡ് പുന്നപ്രയുടെ ഇതിഹാസത്തിന്

കോവളം സതീഷ്കുമാർ



ഉഷ്ണരാശി നോവൽ കവർ ചിത്രം

തിരുവനന്തപുരം: ചേർത്തലയിലെ തെക്കുമുറി വീട്ടിൽ നിന്നു വയലാറിലെയും പുന്നപ്രയിലെയും ചോര വീണണങ്ങിയ മണ്ണിലൂടെ ഒരു പാട് ചോദ്യങ്ങൾക്കുത്തരം തേടി, സമരവീര്യത്തിന്റെ ചരിത്രം തേടി കെ.വി.മോഹൻ കുമാർ നടത്തിയ യാത്രയും പഠനവും ഗവേഷണവുമാണ് മലയാളത്തിന് 'ഉഷ്ണരാശി-കരപ്പുറത്തിന്റെ ഇതിഹാസം' എന്ന നോവൽ സമ്മാനിച്ചത്.

കരപ്പുറത്ത് ജനിച്ച് അരക്ഷിത ബാല്യത്തിന്റെ തീപിടിച്ച നാളുകളിൽ അമ്മയിൽ നിന്നു പുന്നപ്ര വയലാർ സമരചരിത്രം കേട്ടുവളർന്ന ഒരെഴുത്തുകാരൻ എന്ന നിലയ്ക്ക് ഇതെഴുതാതെ പോയാൽ ചരിത്രം എന്നെ കുറ്റക്കാരനെന്ന് വിളിക്കും എന്ന ആമുഖത്തോടെയാണ് നോവലിസ്റ്റ് അനുവാചകരെ ക്ഷണിക്കുന്നത്. പുന്നപ്ര സ്വദേശി സത്യദാസിന്റെയും ബംഗാളി എഴുത്തുകാരി സ്നേഹലത ചാറ്റർജിയുടെയും മകൾ അപരാജിത അച്ഛൻ സത്യദാസിന്റെ മരണത്തിനു ശേഷം കൂട്ടുകാരി ദിശയോടൊപ്പം സ്വന്തം വേരുകൾ തേടി പുന്നപ്രയിൽ എത്തുന്നതും ആ നാടിന്റെ സമരചരിത്രം 'കരപ്പുറത്തിന്റെ ഇതിഹാസം' എന്നപേരിൽ എഴുതുന്നതുമാണ് ഇതിവൃത്തം.

സമരത്തിൽ പങ്കെടുത്തവരിൽ ജീവിച്ചിരിക്കുന്നവരെ കെ. വി. മോഹൻകുമാർ നേരിട്ടു കണ്ടിരുന്നു. 90 പിന്നിട്ടവരാണേറെയും. അവരുടെ ഓർമ്മകളിൽ നിന്നും നോവൽ നിർമ്മിതിക്കാവശ്യമായ വസ്തുതകൾ കണ്ടെത്തി. "എന്റെ നാടിന്റെ ചരിത്രമാണ് ഞാൻ തേടിയത്. അതിൽ സത്യത്തിന്റെ അംശം ഏറിയിരിക്കണമെന്ന് നിർബന്ധവുമുണ്ടായിരുന്നു. വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ള സമരനേതാക്കളെ കണ്ടു". ഒരു പത്രപ്രവർത്തകന്റെ മനസോടെയായിരുന്നു അന്വേഷണം. ചെഗുവേരയുടെ കടുത്ത ആരാധികയാണ് നോവലിലെ നായിക. "അവളുടേത് എന്റെ മനസു തന്നെയാണ്. എന്നിൽ വീര്യം നിറച്ച ജീവിച്ചിരുന്ന ഇതിഹാസ കഥാപാത്രമാണ് ചെഗുവേര"-മോഹൻകുമാർ പറഞ്ഞു. സമരനായകന്മാർ മാത്രം നിറഞ്ഞുനിൽക്കുന്ന വിപ്ലവചരിത്രത്തിൽ കൈത്തറ പാപ്പി എന്ന ധീരവനിതയെ അവതരിപ്പിക്കുന്നുണ്ട് നോവലിൽ. "കെ.സി.ജോർജ്ജിന്റെ പുന്നപ്ര വയലാർ എന്ന പുസ്തകത്തിൽ പട്ടാളക്യാമ്പിൽ കൊണ്ടു പോയി ക്രൂരമായി ബലാത്സംഗത്തിനിരയാക്കിയ കൈത്തറ പാപ്പിയെക്കുറിച്ച് ഒരു പരാമർശം ഉണ്ട്. അവരെക്കുറിച്ച് കൂടുതലന്വേഷിച്ചു. അപരാജിതയുടെ അച്ഛമ്മയായിട്ടാണ് നോവലിൽ പാപ്പി എത്തുന്നത്." വർത്തമാനകാലത്തിൽ നിന്നും ചരിത്രത്തിലേക്കും തിരികെ വർത്തമാനകാലത്തേക്കുമുള്ള സഞ്ചാരം കൂടിയാണ് ഈ നോവൽ.

### കെ.വി. മോഹൻകുമാർ

ചേർത്തല സ്വദേശിയായ മോഹൻകുമാർ കെ. വേലായുധൻപിള്ളയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനാണ്. കേരളകൗമുദിയിൽ പത്രപ്രവർത്തകനായിരുന്നു. പിന്നീട് ഡെപ്യൂട്ടി കളക്ടറായി. പാലക്കാട്ടും കോഴിക്കോട്ടും കളക്ടറായിരുന്നു. ശിവൻ സംവിധാനം ചെയ്ത 'കേശു' എന്ന കുട്ടികളുടെ സിനിമയ്ക്ക് തിരക്കഥയെഴുതി. ആദ്യ നോവലായ ശ്രാദ്ധശേഷം 'മഴനീർത്തുള്ളികൾ' എന്നപേരിൽ വി.കെ. പ്രകാശ് സിനിമയാക്കി. ചെന്നൈയിലെ ആശാൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നു മലയാളം ഐച്ഛികമായിയെടുത്ത് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പത്താം ക്ലാസ് ജയിക്കുന്ന വിദ്യാർത്ഥിക്കുള്ള 5000 രൂപയുടെ സ്കോളർഷിപ്പും ചടങ്ങിൽ സമ്മാനിക്കും.



ലോക ഹൃദയദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ഹൃദയാലയ ഹാർട്ട് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് തിരുവനന്തപുരം നഗരസഭ മേയർ വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്യുന്നു. നഗരസഭ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ശ്രീകുമാർ, കാർഡിയോളജിസ്റ്റും ഹൃദയാലയ ഹാർട്ട് ഫൗണ്ടേഷൻ ചെയർമാനുമായ ഡോ. വി. ജയപാൽ, അഡ്വ. വേണുഗോപാലൻ നായർ, തമ്പാനൂർ രാജീവ്, എഡിസൺ, പ്രൊഫ. കരുണൻ തമ്പി, പി. മുരളീധരൻ, ജെ. രാജൻ, തുളസീധരൻ, വിശാഖ്, ദീപ്തി ജയപാൽ, ബിന്ദു തുടങ്ങിയവർ സമീപം



സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പി. കേശവദേവ് രേഖാ സംരക്ഷണ പദ്ധതിയുടെ ഉദ്ഘാടനത്തിന് തിരുവനന്തപുരം മുടവൻമുഗളിലെ പി. കേശവദേവിന്റെ വസതിയിലെത്തിയ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പി. കേശവദേവിന്റെ ഭാര്യ സീതാലക്ഷ്മി ദേവിൽ നിന്ന് കൈയെഴുത്ത് രേഖകൾ ഏറ്റുവാങ്ങുന്നു. മകൻ ഡോ. ജ്യോതിദേവ് കേശവദേവ്, ജോർജ് ഓണക്കൂർ, ജി.ശങ്കർ എന്നിവർ സമീപം

## ബാലഭാസ്കറിന്റെ നിലയിൽ പുരോഗതി

തിരുവനന്തപുരം: അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വയലിനിസ്റ്റ് ബാലഭാസ്കറിന്റെ ആരോഗ്യനിലയിൽ പുരോഗതി. ബാലഭാസ്കറിന് ഇന്നലെ ബോധം തെളിഞ്ഞു. എന്നാൽ പൂർണമായി ബോധം വീണിട്ടില്ല. രക്തസമ്മർദ്ദം സാധാരണ നിലയായി. ഇന്നലെ രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനുള്ള ഉപകരണം മാറ്റാൻ കഴിഞ്ഞു. ശ്വസന പ്രക്രിയ ഉപകരണ സഹായത്തോടെയാണ്.

ബാലഭാസ്കറിന്റെ വലതു കാൽ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. തലച്ചോറിന്റെയും ശ്വാസകോശത്തിന്റെയും ക്ഷതത്തിന് മരുന്നുപയോഗിച്ചുള്ള ചികിത്സ മതിയെന്ന നിഗമനത്തിലാണ് മെഡിക്കൽ സംഘം. വെന്റിലേറ്ററിൽ തന്നെയാണ് ഇപ്പോഴുള്ളത്. ബാലഭാസ്കറിന്റെ ഭാര്യ ലക്ഷ്മിയുടെ ആരോഗ്യനില തൃപ്തികരമാണ്. ലക്ഷ്മിയും വെന്റിലേറ്ററിലാണ്. ഡ്രൈവർ അനൂപിന്റെ ആരോഗ്യനിലയും മെച്ചപ്പെട്ടു.

## ബാലഭാസ്കറിന്റെ ചികിത്സ; ശശിതരൂർ എയിംസിന്റെ സഹായം തേടി

തിരുവനന്തപുരം: ബാലഭാസ്കറിന്റെ ചികിത്സയുമായിബന്ധപ്പെട്ട് ശശി തരൂർ എം.പി ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡറക്ടറുടേയും കേന്ദ്ര ആരോഗ്യമന്ത്രിയുടെയും സഹായം അഭ്യർത്ഥിച്ചു. ഇതു സംബന്ധിച്ച വിവരങ്ങൾ ട്വിറ്ററിലൂടെയാണ് തരൂർ പുറത്തുവിട്ടത്. ബാലഭാസ്കറിന്റെ ചികിത്സാർത്ഥം എയിംസിലെ ഒരു ന്യൂറോ സർജനെ അയയ്ക്കാൻ കേന്ദ്ര ആരോഗ്യമന്ത്രി സമ്മതിച്ചതായും തരൂർ ട്വിറ്ററിലൂടെ അറിയിച്ചു.

ബാലഭാസ്കറിന്റെയും ഭാര്യയുടെയും ചികിത്സയ്ക്കായി എയിംസിൽ നിന്നും ഡോക്ടർമാരുടെ സംഘത്തെ എത്തിക്കുന്നതിനെകുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടെന്ന് ആരോഗ്യമന്ത്രി കെ.കെ ശൈലജ നേരത്തേ വ്യക്തമാക്കിയിരുന്നു.

## അർദ്ധരാത്രി ആളറിയാതെ വാഹനം തടഞ്ഞ് ഊതിച്ച പൊലീസുകാർക്ക് ഡി.ഐ.ജിയുടെ പാരിതോഷികം



ഡി.ഐ.ജി ഷെഫീൻ അഹമ്മദ്

തിരുവനന്തപുരം: അർദ്ധരാത്രിയിൽ ആളറിയാതെ ഡി.ഐ.ജി സഞ്ചരിച്ച സ്വകാര്യ വാഹനം തടഞ്ഞ് പരിശോധിക്കുകയും ബ്രീത്ത് അനലൈസറിൽ ഊതിക്കുകയും ചെയ്ത പൊലീസുകാരുടെ നെഞ്ചിലെ ഭാരമൊഴിഞ്ഞു. ശിക്ഷാനടപടി പേടിച്ചിരുന്ന അവർക്ക് മാന്യമായ കൃത്യനിർവഹണത്തിന് ഗുഡ്സർവീസ് എൻട്രിയും കാഷ് അവാർഡും സമ്മാനിച്ചിരിക്കുകയാണ് ബറ്റാലിയൻ ഡി.ഐ.ജി ഷെഫീൻ അഹമ്മദ്.

ആഗസ്റ്റ് 26ന് രാത്രി 12.15 നാണ് തിരുവനന്തപുരം തകരപ്പറമ്പ് ജംഗ്ഷനിൽ വഞ്ചിയൂർ സ്റ്റേഷനിലെ സീനിയർ സി.പി.ഒ ജയകുമാർ, സി.പി.ഒമാരായ അജിത്കുമാർ, അനിൽകുമാർ എന്നിവരാണ് ഡി.ഐ.ജിയുടെ വാഹനം തടഞ്ഞത്. എവിടെനിന്ന് വരുന്നെന്നും എങ്ങോട്ട് പോകുന്നെന്നും ചോദിച്ചറിഞ്ഞു. ഡി.ഐ.ജിയാകട്ടെ താനാരാണെന്ന് വെളിപ്പെടുത്തിയതുമില്ല. വാഹനത്തിന്റെ ഉൾവശം പരിശോധിച്ചശേഷം മദ്യപിച്ചിട്ടുണ്ടോ എന്നറിയാൻ ബ്രീത്ത് അനലൈസറിൽ ഊതാൻ ആവശ്യപ്പെട്ടു. ശബ്ദം കേൾക്കാതിരുന്നപ്പോൾ മൊബൈൽ നമ്പർ തന്നിട്ട് പോകാമെന്ന് അറിയിച്ചു. നമ്പർ കുറിച്ചെടുക്കുന്നതിനിടെ സീനിയർ സി.പി.ഒ ജയകുമാർ, കാറിലുള്ളത് ഡി.ഐ.ജിയാണെന്ന് മനസിലാക്കി. നൈറ്റ്പട്രോളിംഗിന്റെ ഭാഗമായ പരിശോധനയാണെന്നും ആളറിയാതെയാണ് പരിശോധിച്ചതെന്നും പൊലീസുകാർ പറഞ്ഞതോടെ ഡി.ഐ.ജി കാറോടിച്ച് പോയി.

ആളറിയാതെ പരിശോധിച്ചതിന് തങ്ങൾക്കെതിരെ നടപടിയെടുക്കരുതെന്ന് പൊലീസുകാർ ചില ഉദ്യോഗസ്ഥർ മുഖേന ഡി.ഐ.ജിയോട് അഭ്യർത്ഥിച്ചു. കൃത്യമായി ഡ്യൂട്ടി ചെയ്ത പൊലീസുകാർക്ക് 500 രൂപ വീതം പാരിതോഷികം നൽകി ഡി.ഐ.ജി 22ന് ഉത്തരവിറക്കി. ബറ്റാലിയൻ ഡി.ഐ.ജിയുടെ ഔദ്യോഗിക ഫണ്ടിൽ നിന്നാണ് പണം അനുവദിച്ചത്. കാഷ് അവാർഡ് നേരിട്ട് കൈമാറുമെന്നും ഗുഡ് സർവീസ് എൻട്രി സർവീസ് ബുക്കിൽ രേഖപ്പെടുത്തുമെന്നും ഡി.ഐ.ജി ഷെഫീൻ അഹമ്മദ് കേരളകൗമുദിയോട് പറഞ്ഞു.

## സ്കൂട്ടർ യാത്രക്കാരിക്ക് ലോറിക്കടിയിൽ ദാരുണാന്ത്യം



രാഖി എസ്. കൃഷ്ണ

നേമം : പാർക്ക് ചെയ്തിരുന്ന കാറിൽ തട്ടിയതിനെ തുടർന്ന് റോഡിലേക്ക് തെറിച്ചു വീണ സ്കൂട്ടർ യാത്രക്കാരി ലോറിക്കടിയിൽപ്പെട്ട് മരിച്ചു. നേമം പൊന്നുമംഗലം വാർഡിൽ കൃഷ്ണകൃപയിൽ രാധാകൃഷ്ണകുറുപ്പിന്റെയും സുവർണ കുമാരിയുടെയും മകൾ രാഖി എസ്. കൃഷ്ണയാണ് (29) മരിച്ചത്. വി.എസ്.എസ്.സിയുടെ വലിയമല എൻജിനിയറിംഗ് കോളേജ് ഐ.ഐ.എസ്.ടിയിൽ കരാർ ജീവനക്കാരിയായിരുന്നു. ഇന്നലെ രാവിലെ 10.30ന് കൈമനം വനിത പോളിടെക്നിക്കിന് എതിർവശത്തായിരുന്നു അപകടം.

കരമന പ്രാവച്ചമ്പലം റോഡിൽ ഇടറോഡിനോട് ചേർന്ന് പാർക്ക് ചെയ്തിരുന്ന കാറിന് പിന്നിൽ രാഖിയുടെ സ്കൂട്ടർ തട്ടിയിരുന്നു. തുടർന്ന് നിയന്ത്രണം വിട്ട് റോഡിലേക്ക് വീണ രാഖിയുടെ തലയിലൂടെ തമിഴ്നാട് രജിസ്ട്രേഷനുള്ള ലോറിയുടെ പിൻചക്രങ്ങൾ കയറിയിറങ്ങുകയായിരുന്നു.

കൈമനത്തെ ക്ഷേത്ര ദർശനത്തിനു ശേഷം മംഗലശ്ശേരിലെയിനിലുള്ള കൂട്ടുകാരിയെ കണ്ട് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് അപകടമുണ്ടായത്. ഹൈവേയിലെ അനധികൃത പാർക്കിംഗാണ് അപകടകാരണമെന്ന് നാട്ടുകാർ പറയുന്നു. സഹോദരി : രശ്മി എസ്. കൃഷ്ണ. കരമന പൊലീസ് തുടർ നടപടികൾ സ്വീകരിച്ചു.



**ഇതാണാ രേഖ...** കോട്ടയം കെ.പി.എസ് മേനോൻ ഹാളിൽ പ്രകാശനം ചെയ്ത ജോസ് കെ. മാണി എം.പിയുടെ വികസനരേഖ കെ. എം മാണി എം.എൽ.എ, ഉമ്മൻചാണ്ടി, അനൂപ് ജേക്കബ് എം.എൽ.എ തുടങ്ങിയവർ നോക്കുന്നതിനിടയിൽ പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്ന ജോസ് കെ. മാണി എം.പി

## വാഹനാപകടത്തിൽ പ്രളയ രക്ഷകന് ദാരുണാന്ത്യം



ജിനീഷ്

തിരുവനന്തപുരം : പ്രളയം ഉത്തെറിഞ്ഞ ചെങ്ങന്നൂരിൽ നിന്ന് നൂറുകണക്കിന് പേരെ രക്ഷിച്ച മത്സ്യത്തൊഴിലാളി യുവാവ് വാഹനാപകടത്തിൽ മരിച്ചു. പൂന്തുറ പള്ളിയിടംപുരയിടത്തിൽ ജെറോൺ - സെൽവി ദമ്പതികളുടെ മകൻ ജിനീഷ് ജെറോണാണ് (24) മരിച്ചത്. ജിനീഷിനൊപ്പം ബൈക്കിന് പിന്നിലിരുന്ന പൂന്തുറ സ്വദേശി ജഗന് പരിക്കേറ്റു.

വെള്ളിയാഴ്ച ഉച്ചയ്ക്ക് കൊല്ലങ്കോട് തിരുമന്നം ജംഗ്ഷനിലായിരുന്നു അപകടം. തമിഴ്നാട്ടിലെ രാമന്തുറയിലേക്ക് പോവുകയായിരുന്ന ജിനീഷും ജഗനും സഞ്ചരിച്ച ബൈക്ക് വളവിൽ നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. റോഡിലേക്ക് തെറിച്ച് വീണ ജിനീഷിന്റെ ദേഹത്തുകൂടി എതിരെ വന്ന ലോറി കയറിയിറങ്ങി. ജിനീഷിന്റെ അരയ്ക്ക് താഴെയാണ് ചക്രം കയറിയിറങ്ങിയത്. രക്തംവാർന്നു കിടന്ന ജിനീഷിനെ നാട്ടുകാരാണ് ആംബുലൻസിൽ ആശുപത്രിയിലെത്തിച്ചത്. നെയ്യാറ്റിൻകരയിലെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ ഇന്നലെ പുലർച്ചെ നാലിന് മരിച്ചു. കാലിനും കഴുത്തിനും സാരമായി പരിക്കേറ്റ ജഗനും ചികിത്സയിലാണ്. മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. സംസ്കാരം: ഇന്ന് രാവിലെ 11.30ന് പൂന്തുറ സെന്റ്തോമസ് ചർച്ചിൽ നടക്കും. സഹോദരങ്ങൾ : ജോബി, ജിബിൻ.

### കുടുംബത്തിന്റെ ആശ്രയം

പ്രളയകാലത്ത് അഞ്ചു ദിവസമാണ് ജിനീഷ് രക്ഷാപ്രവർത്തനത്തിനിറങ്ങിയത്. രക്ഷയ്ക്കെത്തിയ ആദ്യ മത്സ്യത്തൊഴിലാളി സംഘത്തിൽ അംഗമായിരുന്നു. പുതിയതുറ സ്വദേശിയായ ജോണി ചെക്കിട്ടയുടെ നേതൃത്വത്തിലാണ് ജിനീഷുൾപ്പെടെ ആറുപേർ 'കോസ്റ്റൽ വാരിയേഴ്സ്' എന്ന പേരിൽ രക്ഷാപ്രവർത്തനത്തിനിറങ്ങിയത്. ആഗസ്റ്റ് 17ന് പാണ്ടനാടെത്തിയ സംഘം 21നാണ് മടങ്ങിയത്. 850 പേരെയാണ് രക്ഷിച്ചത്.

മൂത്തമകനായ ജിനീഷായിരുന്നു കുടുംബത്തിന്റെ ആശ്രയവും. മത്സ്യത്തൊഴിലാളിയായ ജെറോണിന് ശാരീരിക അവശത കാരണം പണിക്ക് പോകാൻ കഴിയാതായതോടെയാണ് പ്ലസ്ടുവിന് ശേഷം ജിനീഷ് കടലിൽപോകാൻ തുടങ്ങിയത്. അനുജൻമാരെ പഠിപ്പിക്കുന്നതും ജിനീഷാണ്. രാമന്തുറയിൽ നിന്ന് മത്സ്യബന്ധനത്തിന് പോകുന്ന വള്ളങ്ങളിൽ ജോലിതേടിയാണ് ജനീഷും ജഗനും വെള്ളിയാഴ്ച ഉച്ചയ്ക്ക് പൂന്തുറയിൽ നിന്ന് പുറപ്പെട്ടത്.



രക്ഷാപ്രവർത്തനത്തിനിടെ ജിനീഷ്

ഐ.എസ്.എല്ലിൽ ഇന്നത്തെ മത്സരം
ബംഗളുരു - ചെന്നൈയിൻ
വൈകിട്ട് 7.30 മുതൽ
ലൈവ്: സ്റ്റാർ സ്പോർട്സ് ചാനലുകളിൽ

"എപ്പോൾ അവസരം ലഭിച്ചാലും ക്യാപ്ടൻ സി ഏറ്റെടുക്കാൻ തയ്യാറാണ്. ഏഷ്യാകപ്പ് കിരീടം നേടാനായതിൽ അഭിമാനവും സംതൃപ്തിയുമുണ്ട്. സീനിയർ താരങ്ങളുടെ അഭാവത്തിൽ യുവതാരങ്ങൾ മികച്ച പ്രകടനമാണ് പുറത്തെടുത്തത്.
രോഹിത് ശർമ്മ





*തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന എട്ടാമത് ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം യോഗാസനത്തിൽ ഇന്ത്യൻ താരവും മലയാളിയുമായ അരുൺ ആനന്ദന്റെ പ്രകടനം.*
*ഫോട്ടോ: അജയ് മധു*



# ആദ്യത്തെ ബ്ലാസ്റ്റ് ആശാന്റെ നെഞ്ചത്ത്

## ഐ.എസ്.എൽ അഞ്ചാം സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന് വിജയത്തുടക്കം

കൊൽക്കത്ത: ഐ.എസ്.എൽ അഞ്ചാം സീസണിൽ മലയാളികളുടെ സ്വന്തം ടീം കേരള ബ്ലാസ്റ്റേഴ്സിന് വിജയത്തുടക്കം. അതുംമുമ്പ് കളി പഠിപ്പിച്ച 'ആശാന്റെ' ടീമിനെ വീഴ്ത്തി. മുൻ പരിശീലകൻ സ്റ്റീവ് കോപ്പൽ ഇപ്പോൾ പരിശീലിപ്പിക്കുന്ന, തങ്ങളെ രണ്ട് ഫൈനലുകളിൽ കണ്ണീരു കുടിപ്പിച്ച എ.ടി.കെയെ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് വീഴ്ത്തിയാണ് അഞ്ചാം സീസണിൽ ബ്ലാസ്റ്റേഴ്സ് പടയോട്ടം തുടങ്ങിയത്. ഗോൾരഹിതമായ ആദ്യ പകുതിക്ക് ശേഷം രണ്ടാം പകുതിയുടെ 76-ാം മിനിറ്റിൽ സ്ലോവേനിയൻ താരം മറ്റെജ് പോപ്ലാട്നിക്, 86-ാം മിനിറ്റിൽ സെർബിയൻ താരം സ്ലാവിസ സ്റ്റോജനോവിച്ച് എന്നിവരാണ് ബ്ലാസ്റ്റേഴ്സിന്റെ ജയമുറപ്പിച്ച ഗോളുകൾ നേടിയത്. മത്സരത്തിൽ നിന്ന് മൂന്ന് പോയിന്റും ബ്ലാസ്റ്റേഴ്സ് സ്വന്തമാക്കി.

ഏവരെയും അദ്ഭുതപ്പെടുത്തി മലയാളി സെൻസേഷൻ സി.കെ. വിനീതിനെ പകരക്കാരുടെ ബഞ്ചിലിരുത്തിയാണ് ഡേവിഡ് ജയിംസ് കൊൽകത്തയിലെ സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ബ്ലാസ്റ്റേഴ്സിനെ ഇറക്കിയത്. കറേജ് പെക്കുസനും ആദ്യ ഇലവനിൽ അവസരം കിട്ടിയില്ല. അതേസമയം മലയാളി താരം സഹൽ അബ്ദുൽ സമദിന് ആദ്യ ഇലവനിൽ ഇടം നൽകി ജയിംസ് ആരാധകരെ ഞെട്ടിച്ചു. അണ്ടർ 17 ലോകകപ്പിലെ ഇന്ത്യയുടെ പറക്കുംഗോളി ധീരജ് സിംഗ് തന്നെയാണ് ഗോൾ വല കാത്തത്. നെമാഞ്ച പെസിച്ച്, നിക്കോള ക്രമാരവിച്ച്, സ്ലാവിസ സ്റ്റോജനോവിച്ച്, സീമെൻലെൻ ഡൂംഗൽ, മാറ്റെജ് പോപ്ലാട്നിക്, മുഹമ്മദ് റാക്കിപ്, ഹോളിചരൺ നർസാരി, സന്ദേശ് ജിംഗാൻ, ലാൽറുവാത്താര എന്നിവരാണ് ആദ്യ ഇലവനിൽ ഇടംനേടിയ മറ്റ് താരങ്ങൾ. എവർട്ടൺ സാന്റോസ്, മാനുവൽ ലാൻസറോട്ടി, ബൽവന്ത് സിംഗ് എന്നിവരെ മുൻനിറുത്തിയാണ് കോപ്പലാശാൻ എ.ടി.കെയെ കളത്തിൽ വിന്യസിച്ചത്.

സെർബിയ-സ്ലോവേനിയ ദ്വയമായ പോപ്ലാട്നിക് - സ്റ്റോജനോവിച്ച് സഖ്യത്തിന്റെ നേതൃത്വത്തിൽ എതിരാളികളുടെ താരത്തിളക്കമോ കാണികളുടെ പിന്തുണയോ വകവയ്ക്കാതെ ആക്രമിച്ചുകയറിയ ബ്ലാസ്റ്റേഴ്സ് ആദ്യ പത്ത് മിനിറ്റുകളിൽ തന്നെ ശ്രദ്ധേയമായ ഗോളവസരങ്ങൾ സൃഷ്ടിച്ചു. സഹൽ അബ്ദുൽ സമദും മികച്ച ചില ഗോൾശ്രമങ്ങളുമായി കയ്യടി നേടി. പതിയെ കരുത്താർജിച്ച എ.ടി.കെ ബ്ലാസ്റ്റേഴ്സ് ഗോൾമുഖത്തും ഭീഷണി സൃഷ്ടിച്ചു. ഇടയ്ക്ക് എവർട്ടൻ സാന്റോസ് ഉതിർത്ത ലോങ് ഷോട്ട് ക്രോസ് ബാറിന് ഇഞ്ചുകൾ മാത്രം മുകളിലൂടെ ഗാലറിയിലേക്ക് പോകുന്ന കാഴ്ച ബ്ലാസ്റ്റേഴ്സ് ആരാധകർ തലയിൽ കൈവച്ചാണ് കണ്ടിരുന്നത്. രണ്ടാം പകുതിയിൽ പോപ്ലാട്നിക്കിന്റെ ഹെഡ്ഡറിലൂടെയാണ് ബ്ലാസ്റ്റേഴ്സ് ലീഡ് നേടുന്നത്. 76-ാം മിനിറ്റിൽ മികച്ചൊരു മുന്നേറ്റത്തിനൊടുവിൽ സ്റ്റോജനോവിച്ച് തൊടുത്ത ഷോട്ട് എ.ടി.കെ താരം ജേഴ്സന്റെ കാലിൽത്തട്ടി തെറിച്ചു. ഓടിയെത്തിയ പോപ്ലാട്നിക് തകർപ്പൻ ഹെഡറിലൂടെ ലക്ഷ്യം കാണുകയായിരുന്നു.

പത്ത് മിനിറ്റിനുള്ളിൽ ബ്ലാസ്റ്റേഴ്സ് ലീഡ് വർധിപ്പിച്ചു. ആദ്യ ഗോളിനു വഴിയൊരുക്കിയ സ്റ്റോജനോവിച്ചാണ് ഇക്കുറി ലക്ഷ്യം കണ്ടത്. ഹാളിചരൺ നർസാരിയിൽ നിന്ന് കിട്ടിയ പന്തുമായി ജേഴ്സനെ കടന്നു മുന്നോട്ടു കയറി സെർബിയൻ താരം തൊടുത്ത കിടിലൻ ഷോട്ട് വല തുളയ്ക്കുകയായിരുന്നു.



*പോപ്ലാട്നിക് ബ്ലാസ്റ്റേഴ്സിന്റെ ആദ്യ ഗോൾ നേടിയപ്പോൾ*

## ടെസ്റ്റ് ടീമിനെ പ്രഖ്യാപിച്ചു: ധവാനെ ഒഴിവാക്കി

ന്യൂഡൽഹി: വെസ്റ്റിൻഡീസിനെതിരായ രണ്ട് ടെസ്റ്റുകൾക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. വിരാട് കൊഹ്‌ലി നായകനായ ടീമിൽ കർണാടക ബാറ്റ്സ്മാൻ മായങ്ക് അഗർവാളാണ് പുതുമുഖം. പ്രിഥ്വി ഷായ്ക്കും അവസരം നൽകി. അതേസമയം ശിഖർ ധവാനെയും ദിനേഷ് കാർത്തിക്കിനേയും കരുൺ നായരേയും ഒഴിവാക്കി. ജസ്പ്രീത് ബുംരയ്ക്കും ഭുവനേശ്വർ കുമാറിനും വിശ്രമം അനുവദിച്ചപ്പോൾ പരിക്കിന്റെ പിടിയിലായ ഹാർദ്ദിക് പാണ്ഡ്യയേയും ഇഷാന്ത് ശർമ്മയേയും പരിഗണിച്ചില്ല.

ടീം: കൊഹ്‌ലി, രാഹുൽ, പ്രിഥ്വി ഷാ, മായങ്ക്, പുജാര, രഹാനെ, വിഹാരി, പന്ത്, അശ്വിൻ, ജഡേജ, കുൽദീപ്, ഷാമി, ഉമേഷ്, സിറാജ്, ഷർദ്ദുൽ.

## സന്നാഹം: അങ്കിത് ബവ്നെയ്ക്ക് സെഞ്ച്വറി

വഡോദര: ഇന്ത്യയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്ക് മുന്നോടിയായുള്ള ദ്വിദിന സന്നാഹ മത്സരം കളിക്കുന്ന വെസ്റ്റിൻഡീസിനെതിരെ ബോർഡ് പ്രസിഡന്റ്സ് ഇലവൻ ഒന്നാം ദിനം 360/6 എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തു. കരുൺ നായരുടെ നേതൃത്വത്തിലിറങ്ങിയ ബോർഡ് പ്രസിഡന്റ്സ് ഇലവനായി മധ്യനിര താരം അങ്കിത് ബവ്നെ (പുറത്താകാതെ 116) സെഞ്ച്വറി നേടി. 191 പന്ത് നേരിട്ട് 15 ഫോറുൾപ്പെട്ടതാണ് ബവ്നെയുടെ ഇന്നിംഗ്സ്. ഓപ്പണർ മായങ്ക് അഗർവാൾ (90), പാതി മലയാളി ശ്രേയസ് അയ്യർ (61) എന്നിവരും തിളങ്ങി.

വെസ്റ്റിൻഡീസ് നിരയിൽ ഏഴ് പേർ ബൗൾ ചെയ്തിട്ടും ബോർഡ് പ്രസിഡന്റ്സ് താരങ്ങൾക്ക് ഭീഷണി ഉയർത്താനായില്ല. ഒരോവറിൽ നാല് റൺസ് നിരക്കിൽ അനായാസം ബാറ്റ് ചെയ്യാൻ അവർക്ക് കഴിഞ്ഞു. സ്പിന്നർ ദേവേന്ദ്രോ ബിഷു വിൻഡീസിനായി 3 വിക്കറ്റ് വീഴ്ത്തി. ഷാനൺ ഗബ്രിയേൽ രണ്ടും ഷെർമൻ ലൂയിസ് ഒരു വിക്കറ്റും നേടി. ബോർഡ് പ്രസിഡന്റ്സ് നിരയിൽ മലയാളി പേസർ ബേസിൽ തമ്പിയും ഉണ്ട്.

# ഏഴഴകിൽ ടീം ഇന്ത്യ



**ഫൈനലിലെ സ്കോർ ബോർഡ്:**
ബംഗ്ലാദേശ് 222/8 (48.3 ഓവർ)
ഇന്ത്യ 223/7 (50 ഓവർ)

ദുബായ്: ക്രിക്കറ്റിന്റെ എല്ലാ നാടകീയതയും നിറഞ്ഞ, അവസാന പന്തുവരെ അനിശ്ചിതത്ത്വം നീണ്ട് നിന്ന ഫൈനൽ പോരാട്ടത്തിനൊടുവിൽ ബംഗ്ലാദേശിനെ മൂന്ന് വിക്കറ്റിന് കീഴടക്കി ഇന്ത്യ ഒരിക്കൽ കൂടി ഏഷ്യൻ കിരീടം തലയിൽ ചൂടി.

ലിറ്റൺദാസിന്റെ(121) സെഞ്ച്വറിയുടെ ചിറകിലേറി ബംഗ്ലാദേശ് തുടക്കത്തിൽ നടത്തിയ കുതിപ്പ് ഇന്ത്യയെ പരിഭ്രാന്തിയിലാക്കിയെങ്കിലും സ്പിൻമികവിൽ ഇന്ത്യ തിരിച്ചുവരവ് നടത്തുകയായിരുന്നു. കേദാർ ജാദവും കുൽദീപ് യാദവും യുസ്‌വേന്ദ്ര ചാഹലും അവസരത്തിനൊത്തുയർന്നതോടെ ബംഗ്ലാദേശ് ബാറ്റിംഗ് നിര ചീട്ട്കൊട്ടാരം പോലെ തകരുകയായിരുന്നു. ബംഗ്ലാദേശ് ഇന്നിംഗ്സിന്റെ പകുതിയിലധികം റൺസും ലിറ്റണിന്റെ സംഭാവനയാണ്. എട്ട് ബംഗ്ലാദേശ് താരങ്ങളാണ് രണ്ടക്കം കാണാതെ പുറത്തായത്.

അനായാസ ചെയ്സിംഗ് ലക്ഷ്യം വച്ച് മറുപടിക്കിറങ്ങിയ ഇന്ത്യ പക്ഷേ ഏറെ വിയർത്താണ് ബംഗ്ലാ ബൗളർമാരുടെ വെല്ലുവിളി മറികടന്നത്.

മുസ്തഫിസുറിന്റെയും മൊർത്താസയുടെയും റൂബൽ ഹുസൈന്റെയുമെല്ലാം കൃത്യതയുള്ള ബൗളിംഗിനുമുന്നിൽ പകച്ചു പോയ ഇന്ത്യയ്ക്ക് നിശ്ചിത ഇടവേളകളിൽ വിക്കറ്റുകൾ നഷ്ടമായിക്കൊണ്ടിരുന്നു. ടീം സ്കോർ 160ൽ വച്ച് ധോണിയും മടങ്ങിയതോടെ ഇന്ത്യ പ്രതിസന്ധിയിലായി. എന്നാൽ പരിക്കേറ്റ് പിൻവാങ്ങേണ്ടി വന്നിട്ടും നിർണായക സമയത്ത് തിരിച്ചെത്തി കേദാർ ജാദവ് ഇന്ത്യയെ വിജയ തീരത്തടുപ്പിക്കുകയായിരുന്നു. മുൻനിര മടങ്ങിയിട്ടും രവീന്ദ്ര ജഡേജയുടേയും (23), ഭുവനേശ്വർ കുമാറിന്റെയും (21) ചെറുത്ത് നിൽപ്പും നിർണായകമായി.

പതറിയെങ്കിലും വീഴാതെ ഏഴാം ഏഷ്യാകപ്പ് കിരീടം സ്വന്തമാക്കിയെങ്കിലും ഇന്ത്യൻ മദ്ധ്യനിരയുടെ ദൗർബല്യത്തിലേക്കും അസ്ഥിരതയിലേക്കും വീണ്ടും വിരൽ ചൂണ്ടുന്നതായി ഫൈനൽ. അതേസമയം ഫീൽഡിംഗിലും ബൗളിംഗിലും ഇന്ത്യ മികവ് നിലനിറുത്തി.

### ഏഷ്യാകപ്പ് ഒറ്റ നോട്ടത്തിൽ

- ഇന്ത്യയുടെ ഏഴാം ഏഷ്യാകപ്പ് കിരീടം
- കഴിഞ്ഞ തവണയും (2016, ട്വന്റി-20) ബംഗ്ലാദേശിനെ ഫൈനലിൽ കീഴടക്കിയാണ് ഇന്ത്യ ഏഷ്യാ കപ്പിൽ മുത്തമിട്ടത്.
- ശിഖർ ധവാനാണ് പ്ലെയർ ഒഫ് ദ സീരിസ്. ഏറ്റവും കൂടുതൽ റൺസ് നേടിയതും ധവാനാണ്.
- കുൽദീപ് യാദവ്, മുസ്തഫിസുർ റഹ്മാൻ, റാഷിദ് ഖാൻ എന്നിവർ വിക്കറ്റ് വേട്ടയിൽ ഒന്നാം സ്ഥാനക്കാരായി (പത്ത് വിക്കറ്റ് വീതം).
- ഇത് മൂന്നാം തവണയാണ് ബംഗ്ലാദേശ് ഫൈനലിൽ തോൽക്കുന്നത്.

## ആർട്ടിസ്റ്റിക് സ്കേറ്റിംഗ് ലോക ചാമ്പ്യൻഷിപ്പ്: അഭിജിത് അമൽരാജ് ഫ്രാൻസിലേക്ക്



പത്തനംതിട്ട: ഫ്രാൻസിലെ ലാവെൻഡയിൽ നടക്കുന്ന ആർട്ടിസ്റ്റിക് സ്കേറ്റിംഗ് ലോക ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്നുള്ള ഏക താരമായി അഭിജിത് അമൽ രാജ് പങ്കെടുക്കും. ഒക്ടോബർ മൂന്നു മുതൽ 13വരെയാണ് മത്സരങ്ങൾ. പത്തനംതിട്ട പ്രമാടം നേതാജി ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിയാണ് അഭിജിത്. നാലാം തവണയാണ് അഭിജിത് ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്. ഇന്ത്യയിൽ നിന്ന് ഏഴു താരങ്ങളും അഞ്ച് ഒഫിഷ്യൽസും അടക്കം 12പേർ പങ്കെടുക്കും.

2016, 17 ടൂർണമെന്റുകളിൽ ഇന്ത്യക്കു വേണ്ടി വെള്ളിമെഡൽ നേടിയിട്ടുണ്ട് അഭിജിത്.



*മാഞ്ചസ്റ്റർ യുണൈറ്റഡിനെതിരെ ഗോൾ നേടിയ വെസ്റ്റ്ഹാമിന്റെ ഫിലിപ്പെ ആൻഡേഴ്സൺ*

# നാണംകെട്ട് യുണൈറ്റഡ്

ലണ്ടൻ: ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ സൂപ്പർ ക്ലബ് മാഞ്ചസ്റ്റർ യുണൈറ്റഡിന് ഞെട്ടിക്കുന്ന തോൽവി. സീസണിൽ മോശം ഫോം തുടരുന്ന യുണൈറ്റഡിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് വെസ്റ്റ്ഹാം യുണൈറ്റഡാണ് വീഴ്ത്തിയത്. ഫിലിപ്പെ ആൻഡേഴ്സണിലൂടെ അഞ്ചാം മിനിറ്റിൽ മുന്നിലെത്തിയ വെസ്റ്റ് ഹാമിന്റെ അക്കൗണ്ടിൽ 43-ാം മിനിറ്റിൽ യുണൈറ്റഡ് താരം ലിൻഡലോഫിന്റെ വകയായി സെൽഫ് ഗോളും എത്തി. 71-ാം മിനിറ്റിൽ റാഷ്ഫോർഡ് യുണൈറ്റഡിനായി ഒരു ഗോൾ മടക്കി. എന്നാൽ 74-ാം മിനിറ്റിൽ അർണൗട്ടോവിക്ക് വെസ്റ്റ് ഹാമിന്റെ മൂന്നാം ഗോൾ നേടിയതോടെ യുണൈറ്റഡിന്റെ പതനം പൂർത്തിയാവുകയായിരുന്നു. ഇതുവരെ കളിച്ച ഏഴ് മത്സരങ്ങളിൽ നിന്ന് പത്ത് പോയിന്റേ യുണൈറ്റഡിന് നേടാനായിട്ടുള്ളൂ.

ആർസനൽ സ്വന്തം തട്ടകത്തിൽ നടന്ന മത്സരത്തിൽ വാറ്റ്ഫോർഡിനെ 2-0 ത്തിന് കീഴടക്കി. ഓസിൽ ആഴ്സനലിനായി ലക്ഷ്യം കണ്ടു. വാറ്റ്ഫോർഡിന്റെ കാത്ത്കാറ്റിന്റെ സെൽഫ്ഗോളും ആഴ്സനലിന്റെ അക്കൗണ്ടിൽ വീണു. നിലവിലെ ചാമ്പ്യൻമാരായ മാഞ്ചസ്റ്റർ സിറ്റിയും ഇതേ സ്കോറിന് ബ്രൈറ്റൺ ഹോവ് ആൽബിയോണിനെ കീഴടക്കി. റഹിം സ്റ്റെർലിംഗ്, സെർജിയോ അഗ്യൂറോ എന്നിവരാണ് സിറ്റിയ്ക്കായി ലക്ഷ്യം കണ്ടത്. മറ്റ് മത്സരങ്ങളിൽ എവർട്ടൺ 3-0ത്തിന് ഫുൾഹാമിനെയും ടോട്ടനം 2-0ത്തിന് ഹഡ്ഴേഴ്സ്ഫീൽഡിനെയും ലെസ്റ്റർ 2-0ത്തിന് ന്യൂകാസിലിനെയും കീഴടക്കി.

### ബാഴ്സയ്ക്ക് സമനില

കാമ്പ്നൗ: സ്പാനിൽ ലാലിഗയിൽ നിലവിലെ ചാമ്പ്യൻമാരായ ബാഴ്സലോണയ്ക്ക് സമനിലക്കുരുക്ക്. ഇന്നലെ സ്വന്തം തട്ടകത്തിൽ നടന്ന മത്സരത്തിൽ അത്‌ലറ്റിക്കോ ബിൽബാവോയ്ക്കെതിരെയാണ് ബാഴ്സ സമനില വഴങ്ങിയത്. ഡിമാർക്കോസിന്റെ ഗോളിൽ 42-ാം മിനിറ്റിൽ മുന്നിലെത്തിയ ബിൽബാവോയ്ക്കെതിരെ 84-ാം മിനിറ്റിൽ മുനീർ നേടിയ ഗോളിലാണ് ബാഴ്സ ഒപ്പമെത്തിയത്. കഴിഞ്ഞ ദിവസം ലെഗാനെസിനെതിരെ ബാഴ്സ 1-2ന് തോറ്റിരുന്നു.



### കെ.കൃഷ്ണമ്മ
**തിരുവനന്തപുരം:** ശ്രീകാര്യം, ചെറുവയ്ക്കൽ ദേവിഭവനിൽ പരേതനായ എസ്. രാമചന്ദ്രന്റെ (പേട്ട കൊന്നക്കുട്ടം) ഭാര്യ കെ.കൃഷ്ണമ്മ (73) നിര്യാതയായി. മക്കൾ: കെ.മോഹൻദാസ്, കെ.സുദർശനൻ, കെ.രാജേന്ദ്രൻ, കെ.ആനന്ദസുമുഖി (ലത), കെ.ദേവികാറാണി, കെ.ആമിനാറാണി, കെ.ആനന്ദസുമുഖൻ (കുട്ടൻ). മരുമക്കൾ: ഗീന, ചന്ദ്രിക, വൈ. സുജാത, കെ.വി.സാന്ദ, ഡി. രാജൻ, വിശ്വംഭരൻ.ജി. (ഇ.എസ്.ഐ, ഡിപ്പാർട്ട്മെന്റ്), എസ്. മിനിമോൾ (ചെമ്പക സ്കൂൾ, കല്ലയം). സംസ്കാരം ഇന്ന് രാവിലെ 11.30ന് മുട്ടത്തറ മോക്ഷകവാടത്തിൽ. സഞ്ചയനം: ഒക്ടോബർ 3ന് രാവിലെ 8.30ന്. ഫോൺ: 9995879722, 9633470202.



### അസുമബീവി
**നെടുമങ്ങാട്:** അഴിക്കോട് മസ്ജിദ് നഗർ ബഹ്ജത് മൻസിലിൽ പരേതനായ കാസിംബാവ ഉസ്താദിന്റെ ഭാര്യ അസുമബീവി (82) നിര്യാതയായി. മക്കൾ: അബ്ദുൽ സത്താർ (റിട്ട. ഇ.എസ്.ഐ ഹോസ്പിറ്റൽ), ഹബ്സബീവി, സൈനബബീവി, നദീറബീവി, പരേതരായ നാസർ, സഫറബീവി. മരുമക്കൾ: സുബൈദ ബിവി (റിട്ട. ടീച്ചർ), സിറാജുദീൻ, അബ്ദുഇമജീദ്, അബ്ദുൽറഹിം, പരേതനായ അബ്ദുൽ റഷീദ്.

### പ്രിയങ്ക
**ചിറയിൻകീഴ്:** കോട്ടപ്പുറം പുള്ളിത്തോപ്പിൽ പരേതയായ സുപ്രിയയുടെ മകൾ പ്രിയങ്ക (21) നിര്യാതയായി. ഭർത്താവ്: അരുൺ. മരണാനന്തര ചടങ്ങ്: 3ന് രാവിലെ 8.30ന്.

### വാസന്തി
**പൂങ്കുളം:** ശരണ്യഭവനിൽ ശിശുപാലന്റെ ഭാര്യ വാസന്തി (52) നിര്യാതയായി. മക്കൾ: ശരണ്യ, വൈഷ്ണവി. മരുമക്കൾ: രതീഷ്, മനോജ്. സഞ്ചയനം: 5ന് രാവിലെ 8ന്. ഫോൺ: 8129839650.

### രാജമ്മ
**നെല്ലിക്കാക്കുഴി:** പരണിയം നമ്പ്യാതി വീട്ടിൽ സത്യനേശന്റെ ഭാര്യ രാജമ്മ (75) നിര്യാതയായി. മക്കൾ: രാജൻ ജോയി, ജോണി, അനിൽ ജോസ്. മരുമക്കൾ: ശാന്ത, ഷീജ, ലീല, ഷീന. മരണാനന്തര ചടങ്ങ്: ചൊവ്വാഴ്ച രാവിലെ 7.30ന്. ഫോൺ: 9946725374.

### രാധ
**കരിയിൽ:** കാട്ടുകുളത്തിൽ വീട് രാധ (65) നിര്യാതയായി. മക്കൾ: അനിതരാജ്, വിക്രമൻ. മരുമക്കൾ: രാജൻ, സുനിത. സഞ്ചയനം: 4ന് രാവിലെ 8ന്.



### സരസ്വതിഅമ്മ
**തിരുമല:** പ്ലാവിള ആനയിടവഴി പാറപ്പൊറ്റയിൽ ലൈൻ വെങ്കോട്ടുവീട്ടിൽ രാമകൃഷ്ണൻ നായരുടെ ഭാര്യ സരസ്വതി അമ്മ (70) നിര്യാതയായി. മക്കൾ: ഗീത, ജ്യോതികുമാർ (മനോരമ, ഏജന്റ്, കേരളകൗമുദി ഏജന്റ്), അനിൽകുമാർ (ജന്മഭൂമി ഏജന്റ്). മരുമക്കൾ: എൻ. ഗിരി കുമാർ, ശ്രീലത. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്. ഫോൺ: 8606782827.



### പാറുകുട്ടിയമ്മ
**ആയൂർ:** ചെറുവക്കൾ അഞ്ജു വിലാസത്തിൽ പരേതനായ കുട്ടപ്പൻ നായരുടെ ഭാര്യ പാറുകുട്ടിയമ്മ (89) നിര്യാതയായി. മക്കൾ: തങ്കമണി, ഗിരിജ, ദേവി, ഇന്ദിരാദേവി, രമാദേവി, രേണുകാ ദേവി, ശ്രീദേവി. മരുമക്കൾ: ശ്രീധരൻ, ദിവാകരൻ നായർ, മോഹനൻ, മോഹനൻ നായർ, പരേതനായ ഗോപിനാഥൻ നായർ.

### സൈനബാബീവി
**കിളിമാനൂർ:** തട്ടത്തുമല വാഴോട് കടയിൽ വീട്ടിൽ പരേതനായ മുഹമ്മദ് ഇബ്രാഹിമിന്റെ ഭാര്യ സൈനബാബീവി (86) നിര്യാതയായി. മക്കൾ: ഫാത്തിമാബീവി, പരേതനായ ബഷീർ, ഷൈജീനത്ത് ബീവി, നബീസാബീവി, ഷാനിഫ, റഷീദ്, സലിം, റഹിം, റസിയ. മരുമക്കൾ: വാഹീദ്, ഹാഷിം, നാസർ, ഷൈലാബീവി, ഷീജാബീവി, റജീനബീവി, നദീറബീവി, പരേതരായ ബഷീർ, നസീർ.

### വസുമതി
**പെരുമ്പഴുതൂർ:** സാധുമന്ദിരം പന്താവിള വസുമതി (75) നിര്യാതയായി. മക്കൾ: അനിതകുമാരി, പത്മകുമാർ (ഫയർ ഫോഴ്സ്, പൂവാർ), അനിൽകുമാർ (ഗവ. പ്രസ്). മരുമക്കൾ: ചന്ദ്രൻ (റിട്ട. ഗവ. പ്രസ്), സജിത, സുമ (കേരള പൊലീസ്). സഞ്ചയനം ചൊവ്വാഴ്ച 9ന്.

### ഫൗസിയ ബീവി
**പാളയംകുന്ന്:** ബിസ്മിയിൽ എം.കെ. അൻസാരി ആശാന്റെ ഭാര്യ ഫൗസിയ ബീവി (62) നിര്യാതയായി. മക്കൾ: സോഫിയ, സോണിയ, സാബിയ, സാദിയ. മരുമക്കൾ: സജിൻ, മുഹമ്മദ് അസ്ലം, ഫസിൽ, മുഹമ്മദ് യാസർ.

### ഗോമതി
**കടയ്ക്കാവൂർ:** ഒറ്റൂർ ഞായലിൽ ഗോമതി (72) നിര്യതയായി. മകൻ: ഷിബു. മരുമകൾ: വിജി. സഞ്ചയനം: ബുധനാഴ്ച രാവിലെ 8-30ന്.



### എൻ. കൃഷ്ണൻ
**അരുമാനൂർ:** കൃഷ്ണസദനത്തിൽ എൻ. കൃഷ്ണൻ (96) നിര്യാതനായി. ഭാര്യ: സുമാംഗി. മക്കൾ: ബാഹുലേയൻ (മുൻ പഞ്ചായത്ത് പ്രസിഡന്റ്, പൂവാർ), ശിവരാജൻ, അനിത. മരുമകൻ: സുരേഷ് (കെ.എസ്.ഇ.ബി). സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന്. ഫോൺ: 8089388010.



### രവീന്ദ്രൻ
**പാലോട്:** നന്ദിയോട് ബിന്ദു ഭവനിൽ രവീന്ദ്രൻ (രഘു, 76) നിര്യാതനായി. സംസ്കാരം: ഇന്ന് രാവിലെ 10ന് വസതിയിൽ. ഭാര്യ: ഹൈമവതി. മക്കൾ; ബിന്ദു, ബിനോദ്. മരുമക്കൾ: ബിന്ദു (കണ്ണൻ), എസ്.എസ്. ഗീത. സഞ്ചയനം 4ന് രാവിലെ ഒമ്പതിന്.



### മൈതീൻകണ്ണ്
**പൂവാർ:** കൊടിവിളാകം വീട്ടിൽ മൈതീൻകണ്ണ് (85) നിര്യാതനായി. ഭാര്യ: പരേതരായ സുലൈഖാബീവി. മക്കൾ: ബദർനിസ, എം.എം.എ. ഖാദർ (ഐ.എൻ.ടി.യു.സി കോൺഗ്രസ് മത്സ്യത്തൊഴിലാളി), നൂഹു, എം.എം. ഹാജ. മരുമക്കൾ: സലിം, ആയിഷ, ഷീജ, ഫസീല. കബറടക്കം പൂവാർ മുസ്ലിം ജമാ അത്ത് കബർസ്ഥാനിൽ.



### ജോൺ
**പാറോട്ടുകോണം:** നവോദയ ഗാർഡൻ 11 ൽ ഉമ്മന്നൂർ വലിയവീട്ടിൽ വി. ജോൺ (80, റിട്ട. വി.എസ്.എസ്.സി) നിര്യാതനായി. ഉമ്മന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ സ്ഥാപക സെക്രട്ടറിയുമായിരുന്നു. ഭാര്യ: റാഹേലമ്മ. മക്കൾ: അനിൽ, ആനി. മരുമക്കൾ: രഞ്ചു, സജി. സംസ്കാരം: നാളെ രാവിലെ 10ന് ഭവനത്തിലെ പ്രാർത്ഥനയ്ക്ക് ശേഷം. ശുശ്രൂഷ: 11ന് പരുത്തിപ്പാറ ഇമ്മാനവേൽ മാർ ത്തോമാ പള്ളി സെമിത്തേരിയിൽ. ഫോൺ: 7561881361.

### സി.വി. അച്യുതൻപിള്ള
**മാന്നാർ:** ഇരമത്തൂർ കോമാട്ട് തെക്കേതിൽ വീട്ടിൽ സി.വി. അച്യുതൻ പിള്ള (96) നിര്യാതയായി. മക്കൾ: വേണുഗോപാൽ, ബാലഗോപാൽ, ജ്യോതി വേണുഗോപാൽ, പരേതനായ രാജഗോപാൽ. മരുമക്കൾ: ഇന്ദിര, ബിന്ദു, ശ്രീവിദ്യ, വേണുഗോപാൽ. സംസ്കാരം ഇന്ന് ഉച്ചക്ക് 2ന് വീട്ടുവളപ്പിൽ.



### തങ്കപ്പൻ നായർ
**ആറ്റിങ്ങൽ:** ആറ്റിങ്ങൽ മാർക്കറ്റ് റോഡിലെ പ്രമുഖ അങ്ങാടി വ്യാപാരി തോട്ടവാരം ഭഗവതീമന്ദിരത്തിൽ തങ്കപ്പൻ നായർ (86) നിര്യാതനായി. ഭാര്യ: ശാന്തമ്മ. മക്കൾ: വിജയകുമാർ, ജയന്തി, അനിൽകുമാർ, അജിത് കുമാർ, ബിജു. മരുമക്കൾ: മിനി, സന്തോഷ്, രോഹിണി, പ്രീത, ജീജ. മരണാനന്തര ചടങ്ങ്: 14ന് രാവിലെ 9ന്.



### എൻ.കേശവൻ നായർ
**പാറശാല:** അയിര നെല്ലിത്താനം ശാരദത്തിൽ (കേശവ വിലാസം) എൻ.കേശവൻ നായർ (74) നിര്യാതനായി. ഭാര്യ: പരേതയായ ശാരദാമ്മ. മക്കൾ: കെ.അജയകുമാർ, കെ.ശ്യാം കുമാർ. എസ്.കെ. ആശാ ദേവി, മരുമക്കൾ: ആർ.രാജലക്ഷ്മി, ബി.ജെ.രാജലക്ഷ്മി. കെ.ഉദയകുമാർ. സഞ്ചയനം: 7ന് രാവിലെ 8.30ന്.



### ആർ.കൃഷ്ണപിള്ള
**പാറശാല:** കൊല്ലങ്കോട് കൃഷ്ണഭവനിൽ ആർ.കൃഷ്ണപിള്ള (86) നിര്യാതനായി. ഭാര്യ: പരേതയായ പങ്കജാക്ഷി തങ്കച്ചി. മക്കൾ: പി.ലതാകുമാരി തങ്കച്ചി, ആർ.ചന്ദ്രശേഖരൻ തമ്പി. മരുമക്കൾ: കെ.രഘുനാഥ്, സിന്ധു എസ്.നായർ. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9ന്.



### രത്നമ്മ
**വലിയറത്തല:** മാർത്താണ്ഡേശ്വരം, കൈമുട്ടിൽ ഹൗസ് പരേതനായ നാരായണപിള്ളയുടെ ഭാര്യ രത്നമ്മ (88) നിര്യാതയായി. മക്കൾ: പരേതയായ ശാന്തകുമാരി, ശശിധരൻപിള്ള, പ്രസന്നകുമാരി, രാധാമണി, മോഹനൻപിള്ള, മുരളീധരൻപിള്ള, ഉഷാകുമാരി. മരുമക്കൾ: പരേതനായ സോമസുന്ദരൻപിള്ള, ശാന്തകുമാരി, പരേതനായ ചെല്ലപ്പൻപിള്ള, ബാലകൃഷ്ണപിള്ള, പുഷ്പാമോഹൻ, വനജകുമാരി, പ്രസന്നൻപിള്ള. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.30ന്.

### വിശ്വനാഥനാചാരി
**കായംകുളം:** പുതുപ്പള്ളിവടക്ക് നിരന്നകാലായിൽ വിശ്വനാഥനാചാരി (76) നിര്യാതനായി. ഭാര്യ: തങ്കമ്മാൾ. മക്കൾ: ജലജ, ജയശ്രീ, സുരേഷ്. മരുമക്കൾ: കൃഷ്ണൻകുട്ടി, പ്രകാശൻ, സതി. സഞ്ചയനം വ്യാഴം 9ന്.



### ജോസഫ്സഹായം
**ആനയറ:** കിളിക്കുന്നത്ത് ലെയ്നിൽ ടി.സി 76/520 ൽ ജോസഫ് സഹായം (56) നിര്യാതനായി. ഭാര്യ: മുത്തു. മക്കൾ: പ്രവീൺ, പ്രഭ, പ്രദീപ്. മരുമക്കൾ: ജോസ്, അജിത. പ്രാർത്ഥന: വ്യാഴാഴ്ച വൈകിട്ട് 4ന് ദിവ്യബലി തൈക്കാട് പരലോകമാതാ ദേവാലയത്തിൽ. ഫോൺ: 6282369646.



### എം.രവീന്ദ്രൻ നായർ
**പാറശാല:** മഞ്ചവിളാകം പാങ്കോട്ടുകോണം കുന്നില്പവിള മേക്കുംകര വീട്ടിൽ എം. രവീന്ദ്രൻ നായർ (68) നിര്യാതനായി. കൊല്ലയിൽ നെയ്ത്ത് സംഘം മുൻ പ്രസിഡന്റും നിലവിലെ ഭരണ സമിതി അംഗവുമാണ്. ഭാര്യ: പരേതയായ കൃഷ്ണകുമാരി. മക്കൾ: ശ്യാം ആർ.കെ നായർ, ശാന്തികൃഷ്ണ കെ. ആർ. മരുമക്കൾ: വി.എസ്. അനു, ഗോപാലകൃഷ്ണൻ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 9ന്.



### കുമരേശൻ ആശാരി
**പാറശാല:** പൂഴിക്കുന്ന്, കീഴമ്മാകം, കുഴിഞ്ഞകാലപുത്തൻവീട്ടിൽ പരേതനായ എൻ. അപ്പുക്കുട്ടൻ ആശാരിയുടെ സഹോദരൻ എൻ. കുമരേശൻ ആശാരി (69, കുമാരൻ) നിര്യാതനായി. സഞ്ചയനം: ഞായറാഴ്ച രാവിലെ 9ന്



### സദാശിവൻ പിള്ള
**ഭരതന്നൂർ:** തൃക്കോവിൽവട്ടം ശ്രീ ശൈല ത്തിൽ റിട്ട: പ്രഥമാദ്ധ്യാപകൻ സദാശിവൻ പിള്ള (74) നിര്യാതനായി. ഭാര്യ: സി.അംബിക കുമാരി (റിട്ട: അദ്ധ്യാപിക ഭരതന്നൂർ സ്കൂൾ) മക്കൾ വിമൽ, രാജേഷ്, (ടീച്ചർ താജ് എൽ.പി.എസ്. വി.കെ. പൊയ്ക) അമൃത. മരുമക്കൾ സബാന, രാജി (ടീച്ചർ താജ് എൽ.പി.എസ്. വി.കെ. പൊയ്ക) ശരത്. സഞ്ചയനം 4.10.2018 വ്യാഴാഴ്ച രാവിലെ 8ന്.

### സി.ടി.തോമസ്
**ചേർത്തല:** നഗരസഭ 28-ാം വാർഡ് ചെറുവള്ളിക്കാട്ട് സി.ടി.തോമസ് (ടോമിച്ചൻ-60) ചെന്നൈയിൽ നിര്യാതനായി. സംസ്കാരം ചെന്നൈയിൽ നടത്തി. ഭാര്യ: ക്ലാര. മക്കൾ: ലോയിഡ്, ലിയോൺ.



### വേലായുധൻ
**പേട്ട:** ആനയറ, കുടവൂർ സുഗതൻ റോഡ് കെ.ആർ.എ 47 (എ) എസ്. വേലായുധൻ (76) നിര്യാതനായി. ഭാര്യ: വിജയകുമാരി. മക്കൾ: അജികുമാർ, അജിതകുമാരി, സുനിൽകുമാർ. മരുമക്കൾ: പ്രീത, അഞ്ജുസുനിൽ, ശിവകുമാർ. മരണാനന്തര ചടങ്ങുകൾ: തിങ്കളാഴ്ച 12ന് ശാന്തികവാടത്തിൽ. ഫോൺ: 9895565465.



### ഡോ. ഫൈസൽ സലിം
**കണിയാപുരം:** ക്രസന്റിൽ ഡോ. ഫൈസൽ സലിം (46) നിര്യാതനായി. പിതാവ്: എം.അബ്ദുൽസലാം. മാതാവ്: പി. സുബൈദ. സഹോദരൻ: ഡോ. ഫൈസൽ അസീം.



### രാജേഷ്കുമാർ
**പൂഴിക്കുന്ന്:** കീഴമ്മകം ശ്രീരാഗത്തിൽ വി. രാജേഷ്കുമാർ (45, ടൗൺ പ്ലാനിംഗ്, തിരു.) നിര്യാതനായി. ഭാര്യ: ലക്ഷ്മി (പൊൻവിള സർവീസ് സഹകരണ ബാങ്ക്). അച്ഛൻ: പരേതനായ വിക്രമൻനായർ. അമ്മ: രാധാകുമാരിഅമ്മ (റിട്ട. അദ്ധ്യാപിക). സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9ന്.



### കെ.ബാബു
**പൂഴിക്കുന്ന്:** കിഴമ്മാകം കുഴിഞ്ഞ കല പ്ലാഞ്ചേരി വീട്ടിൽ കെ. ബാബു (71) നിര്യാതനായി. ഭാര്യ: വസന്ത ബാബു. മക്കൾ: ബീനാബാബു (ഐ.ടി, തിരു.). മരുമകൻ: അഭിഷേക് (കേരള വാട്ടർ അതോറിട്ടി). പ്രാർത്ഥന: ഇന്ന് വൈകിട്ട് 3ന്.



### മംഗലാദേവി
**തിരുവനന്തപുരം:** മുറിഞ്ഞപാലം ഇലഞ്ഞിമൂട് ലെയ്ൻ ആനന്ദമന്ദിരത്തിൽ (എം.പി.ആർ.എ 18) മംഗലാദേവി (89) നിര്യാതയായി. ഭർത്താവ്: പരേതനായ ഭാർഗവൻനായർ. മക്കൾ: സുഗതകുമാരി, വത്സലകുമാരി, വേണുഗോപാൽ, ഹരിപ്രിയ. മരുമകൻ: സതീഷ് കുമാർ (റിട്ട. റെയിൽവേ). മരണാനന്തര ചടങ്ങ് 4ന് രാവിലെ 8.30ന്. ഫോൺ: 8593809134.



### വി. ജയകുമാർ
**വെങ്ങാനൂർ:** പനങ്ങോട് ഷാർഗി ഭവനിൽ വി. ജയകുമാർ (53, വിമുക്തഭടൻ) നിര്യാതനായി. ഭാര്യ: രാധാദേവി. മക്കൾ: ഷാർഗി, വിഘ്നേഷ്. മരുമകൻ: രാഹുൽ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8ന്.



### പി.രവീന്ദ്രൻ
**ഊരൂട്ടമ്പലം:** ഊരൂട്ടമ്പലം മണ്ണടിക്കോണം ആർ. വി നിവാസിൽ പി. രവീന്ദ്രൻ (71) നിര്യാതനായി. ഭാര്യ: വസുമതി. മക്കൾ: അഭിലാഷ്, രതീഷ്, വിനോദ്. മരുമക്കൾ: സിജിമോൾ, ചിക്കുഗോപൻ, രാഗി. സഞ്ചയനം: 30ന് രാവിലെ 10ന് വീട്ടുവളപ്പിൽ. ഫോൺ: 9495638338.



### ബാലചന്ദ്രൻനായർ
**മേക്കൊല്ല:** വാണീ വിലാസത്തിൽ പരേതനായ കെ. രാഘവൻ പിള്ളയുടെ മകൻ ആർ. ബാലചന്ദ്രൻനായർ (73, ബാംഗ്ലൂർ എച്ച്. എ. എൽ) നിര്യാതനായി. ഭാര്യ: ശോഭന. മക്കൾ: അഭിലാഷ്, അവിനാഷ്, നിഷ. മരുമക്കൾ: കിരൺ, നീതു. സഞ്ചയനം: ഒക്ടോബർ 5ന്.



### സുരേഷ്നായർ
**പ്രാവച്ചമ്പലം:** പാലൂർകോണം പുഷ്പമംഗലത്ത് സുരേഷ് നായർ (75) നിര്യാതനായി. ഭാര്യ: ശാന്തകുമാരി. മക്കൾ: പ്രകാശ്, പ്രിയ, പ്രീജ. മരുമക്കൾ: സന്ധ്യ, ശിവൻകുട്ടി നായർ. സഞ്ചയനം: ഒക്ടോബർ 4ന് രാവിലെ 8.30ന്.

### ആർ. പങ്കജാക്ഷൻ
**പന്തളം:** പൂഴിക്കാട് പുളിവിളയിൽ റിട്ട. ഡപ്യൂട്ടി കളക്ടർ ആർ. പങ്കജാക്ഷൻ (73) നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് വീട്ടുവളപ്പിൽ. ഭാര്യ രത്നമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: മഞ്ജു, പ്രമോദ് (ഇരുവരും യു.എസ്.എ). മരുമക്കൾ: രവി, ദീപ്തി (ഇരുവരും യു.എസ്.എ). സഞ്ചയനം വ്യാഴാഴ്ച രാവിലെ 9ന്. ഫോൺ: 9447462330



### പരമേശ്വരൻ നായർ
**ശ്രീകാര്യം:** വെഞ്ചാവോട് സി.വി.ആർ.എ. 31, ചിത്തിരയിൽ പരമേശ്വരൻ നായർ (61, ബാബു) നിര്യാതനായി. ഭാര്യ: ശോഭനകുമാരി. മകൻ: സൂരജ് ബി. നായർ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്. ഫോൺ: 9745263500



### വേലപ്പൻ
**പൂവാർ:** മേലെകടക്കറവിളാകം വീട്ടിൽ വേലപ്പൻ (68) നിര്യാതനായി. ഭാര്യ: സുലോചന. മക്കൾ: സന്ധ്യ, സൗമ്യ, സുവർണ. മരുമക്കൾ: സുനിൽകുമാർ, സജികുമാർ, സതീഷ് ചന്ദ്രൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന്. ഫോൺ: 9895885506.



### മോഹനൻ നായർ
**കോവളം:** കോട്ടകാൽ വളവുനട ലൈലാ മന്ദിരത്തിൽ പരേതനായ കൃഷ്ണൻ നായരുടെയും തങ്കത്തിന്റെയും മകൻ മോഹനൻ നായർ (55) നിര്യാതനായി. ഭാര്യ: പ്രദീപ. മക്കൾ: സുജിത്ത്, സുമിത്ത് മരണാനന്തര ചടങ്ങ്: വ്യാഴാഴ്ച രാവിലെ 8ന്.



### മുത്തുസ്വാമി
**തിരുവനന്തപുരം:** ചാല കരിമഠം കോളനി ടി.സി 39/1892 ൽ മുത്തുസ്വാമി (86) നിര്യാതയായി. ഭാര്യ: പരേതയായ രത്തിനം. മക്കൾ: കുമാരി, ജയ, വേണു. മരുമകൾ: രാഗിണി. മരണാനന്തര ചടങ്ങ് തിങ്കളാഴ്ച രാവിലെ 9ന്.

### പി.കെ. സഹോദരൻ
**ചെങ്ങന്നൂർ:** കാരയ്ക്കാട് സരോവരത്തിൽ പി.കെ. സഹോദരൻ (75 - റിട്ട. എച്ച്.എം, എസ്.എൻ.ഡി.പി.എച്ച്.എസ്, കാഞ്ഞീറ്റുകര) നിര്യാതനായി. ഭാര്യ: കെ. കമലമ്മ (റിട്ട. സൂപ്രണ്ട്, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്). മക്കൾ: അഭിലാഷ് പി.എസ്, അരുൺ എസ്. മരുമക്കൾ: പാർവതി, രജിത.

## ഡോ. ബി.കെ. പിള്ള നിര്യാതനായി



*ഡോ. ബി.കെ.പിള്ള*

**ആലപ്പുഴ:** അയ്യപ്പാ സേവാ സംഘം മുൻ ദേശീയ സെക്രട്ടറിയും പ്രവർത്തക സമിതി അംഗവുമായിരുന്ന കലവൂർ തോപ്പിൽ ഹൗസിൽ ഡോ. ബി. കെ. പിള്ള (88) ചെന്നൈയിൽ നിര്യാതനായി.

സംസ്കാരം ചെന്നൈയിൽ നടത്തി. തമിഴ്നാട്ടിലും ആന്ധ്രയിലും അയ്യപ്പാസേവാസംഘം രൂപീകരിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. അയ്യപ്പാസേവാസംഘം അമ്പലപ്പുഴ യൂണിയൻ കലവൂർ ശാഖ രക്ഷാധികാരിയായിരുന്നു.

ഭാര്യ: പരേതയായ പൊന്നമ്മാൾ. മക്കൾ: ശശികുമാർ, ശരത്ചന്ദ്രൻ, സുധീക്ഷകുമാരി. മരുമക്കൾ: ശശികല, ഇന്ദു, രാധാകൃഷ്ണൻ.

## ബൈക്ക് മതിലിലിടിച്ച് ട്രാഫിക് എസ്.ഐയുടെ മകൻ മരിച്ചു



*സന്ദീപ്*

**തിരുവനന്തപുരം:** കാൽനടയാത്രക്കാരനെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ നിയന്ത്രണം വിട്ട ബൈക്ക് മതിലിൽ ഇടിച്ച് യുവാവ് മരിച്ചു. പൂജപ്പുര തൃക്കണ്ണാപുരം എം.എൽ.എ റോഡിൽ ടി.സി 18/1237(1) ൽ സനൽകുമാറിന്റെയും (ട്രാഫിക് എസ്.ഐ) - സോമലതയുടെയും മകൻ സന്ദീപാണ് (21) മരിച്ചത്.

ബൈക്കിൽ പിന്നിലിരുന്ന സുഹൃത്ത് അഭിജിത്തിന് നിസാര പരിക്കേറ്റു. വെള്ളിയാഴ്ച ഉച്ചയോടെ കുന്നപ്പുഴ ചന്തയ്ക്ക് സമീപത്തായിരുന്ന അപകടം. റോഡിൽ കുറുകെ ചാടിയ കാൽനടയാത്രക്കാരനെ രക്ഷിക്കാൻ വെട്ടിത്തിരിച്ച ബൈക്ക് മതിലിൽ ഇടിക്കുകയായിരുന്നു. തലയ്ക്ക് പരിക്കേറ്റ സന്ദീപിനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രാത്രിയോടെ മരിച്ചു.

പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം സംസ്കരിച്ചു. സഹോദരി: ദീപ്തി. പൂജപ്പുര പൊലീസ് കേസെടുത്തു.

## അജ്ഞാതൻ ട്രെയിൻതട്ടി മരിച്ചു

**വർക്കല:** ഇടവ ജനതാമുക്ക് റെയിൽവെ ഗേറ്റിനു സമീപം ട്രാക്കിൽ 45 വയസ് തോന്നിക്കുന്ന അജ്ഞാതനെ ട്രെയിൻതട്ടി മരിച്ച നിലയിൽ കണ്ടെത്തി. 160 സെ.മി ഉയരം, ഇരുനിറം, തടിച്ച ശരീരം. നീല ജീൻസും പാന്റ്സുമാണ് വേഷം.

വർക്കല പൊലീസ് ഇൻക്വസ്റ്റ് തയ്യാറാക്കി മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. വിവരം ലഭിക്കുന്നവർ 04702602333 നമ്പരിൽ ബന്ധപ്പെടണം.

## ബൈക്കുകൾ കൂട്ടിയിടിച്ച് യുവാവ് മരിച്ചു



*സിറിൽ*

**മാവേലിക്കര:** ബൈക്കുകൾ കൂട്ടിയിടിച്ച് ഗുരുതരമായി പരിക്കേറ്റ തഴക്കര അറുന്നൂറ്റിമംഗലം ചരുവുപറമ്പിൽ ശിവാനന്ദന്റെയും മഹിളാമണിയുടെയും മകൻ എസ്. സിറിൽ (31) മരിച്ചു.

വെള്ളിയാഴ്ച വൈകിട്ട് 6.30ന് മാവേലിക്കര പുതിയകാവ് റോഡിൽ നടയ്ക്കാവ് ജംഗ്ഷനു കിഴക്കായിരുന്നു അപകടം. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന സിറിൽ ഇന്നലെ പുലർച്ചെയാണ് മരിച്ചത്. സംസ്കാരം നടത്തി. പെയിന്റിംഗ് കരാറുകാരനായിരുന്നു. ഭാര്യ അർച്ചന ഏഴ് മാസം ഗർഭിണിയാണ്. സഞ്ചയനം: 3ന് രാവിലെ 10ന്.

### രാജി
**പുത്തൻതുറ:** തെക്കേതോപ്പിൽ വിനോദിന്റെ ഭാര്യയും ചെറിയഴീക്കൽ പടന്നയിൽ പരേതനായ രാജേന്ദ്രന്റെയും അജിതകുമാരിയുടെ മകളുമായ രാജി (30) നിര്യാതയായി. മകൾ: വിസ്മയ.

### ഓമന
**പുനലൂർ:** കക്കോട് ഷാജിഭവനിൽ വിശ്വംഭരന്റെ ഭാര്യ ഓമന (70) നിര്യാതയായി. മക്കൾ: ഷാജി, ഷീജ, ഷീബ. മരുമക്കൾ: ഷീബ, പുഷ്പലാൽ, രാജേന്ദ്രൻ. ഫോൺ: 9446111514

ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.

---

**സ്മരണാഞ്ജലി**
(30.09.2018)
19-ാം ചരമവാർഷികം




**എൻ. രാമകൃഷ്ണൻ**
(റിട്ട. എൻജിനീയർ, കെ.എസ്.ഇ.ബി.)
കണിയാംവിളാകം, തുലയിൽ ലെയ്ൻ, പേട്ട, തിരുവനന്തപുരം.
- സന്തപ്തകുടുംബാംഗങ്ങൾ.

**വേർപാടിന്റെ 12-ാം വർഷം (30.09.2018)**



**ഡോ.കെ.ചന്ദ്രസേനൻ**
ഭാഗീരഥിമന്ദിരം, T.C. 13/1050, മുക്കോലയ്ക്കൽ P.O., തിരുവനന്തപുരം - 43.
ദുഃഖിതയായ
ഭാര്യ: ജെ. സുശീലാദേവി.
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

**സഞ്ചയനം നാളെ (01.10.2018)**



**കെ. അനിരുദ്ധൻ (86)**
(റിട്ട: ഡി.വൈ.എസ്.പി)
**കൃഷ്ണശ്രീ**
മുണ്ടയ്ക്കൽ, കൊല്ലം.
ഭാര്യ: രത്നമ്മ (Late)

| മക്കൾ : | മരുമക്കൾ : |
|---|---|
| എ.സുനിൽ (Late) | ജാജി സുനിൽ (ജാജീസ് ഗ്രൂപ്പ്) |
| ലിസി സുധീഷ് (വിദേശം) | സുധീഷ് (വിദേശം) |

കൊച്ചുമക്കൾ, മറ്റ്കുടുംബാംഗങ്ങൾ
മരണാനന്തര ചടങ്ങുകൾ രാവിലെ 7-ന് സ്വവസതയിൽ



**സ്മരണാഞ്ജലി**
53-ാം ചരമവാർഷികം
(30.09.2018)
**കെ. ഗോവിന്ദൻമുതലാളി**
(പടിഞ്ഞാറ്റതിൽ)
'ഗോവിന്ദം',
മുടപുരം, ചിറയിൻകീഴ്.
- സന്തപ്തകുടുംബാംഗങ്ങൾ.

**സ്മരണാഞ്ജലി**



**എൻ.ശ്രീവത്സൻ** മരണം: 26.11.1988
**സുലോചന.ജെ** മരണം: 30.09.2017
മാടൻനട വീട്, കുഴിവിള.
ദീപ്തസ്മരണകളോടെ,
കുടുംബാംഗങ്ങൾ.

**അനുസ്മരണം ഇന്ന്**
ഏഴാം ചരമദിനം (30.09.2018)



**രാജമ്മ .ജി**
(25.04.1939 - 23.09.2018)
(റിട്ട. ഹെഡ്മിസ്ട്രസ്)
W/o കുരീപ്പുഴ നടരാജൻ
നികുഞ്ജം, CRA-D40,
ചേങ്കോട്ടുകോണം, തിരുവനന്തപുരം.

**മൂന്നാം ചരമവാർഷികം**
(30.09.2018)



**പി. ഇന്ദുലേഖ (തങ്കം)**
ബാബു മന്ദിരം, കല്ലുമലക്കുന്ന്, മേൽവെട്ടൂർ, വർക്കല.
ദുഃഖിതരായ കുടുംബാംഗങ്ങൾ

**7th DEATH ANNIVERSARY (30. 09. 2018)**



**MINI MADHAVAN**
Ex-Director, H N Panicker Associates Trivandrum
Hari N Panicker Architect, Gayathri M Panicker Director, Gagan H Panicker Architect, Ganga M Panicker Architect

BSNL Connecting India Faster

भारत संचार निगम लिमिटेड
(भारत सरकार का उद्यम)

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് കേരള ടെലികമ്മ്യൂണിക്കേഷൻസ്

# മൊബൈൽ താരിഫ് പ്ലാനുകളും നിരക്കുകളും as on 30.09.2018

## A | മൊബൈൽ സർവീസസ് - പ്രീപെയ്ഡ് പ്ലാനുകൾ (SIMs FREE Now)

| Sl. No. | സേവന വിവരങ്ങൾ/വിശദാംശങ്ങൾ | | പെർ സെക്കന്റ് | പെർ മിനിറ്റ് | പ്ലാൻ 153 | റോം ഫ്രീ | ഫ്രീഡം പ്ലാൻ | ജയ് ജവാൻ | മിത്രം | ഹോം പ്ലാൻ | ദീപം പ്ലാൻ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പ്ലാൻ ചാർജ്ജ് | | ₹106 | ₹107 | ₹153 | ₹199 | ₹ 136 | ₹113 | ₹49 | ₹67 | ₹44 |
| 2 | സൗജന്യ ആനുകൂല്യങ്ങൾ ആദ്യ 30 ദിവസത്തേക്ക് | ടോക് വാല്യു / ടോക് ടൈം | ₹100 | ₹100 | ₹103 | വോയ്സ് കോൾ ഓൺനെറ്റ് 2000 sec & ഓഫ്നെറ്റ് 2000 sec | ആദ്യ 60 ദിവസത്തേക്ക് ഓൺനെറ്റ് & ഓഫ്നെറ്റ് കോളുകൾ 25 Ps/min | വോയ്സ് കോൾ ഓൺനെറ്റ് 2700 sec & ഓഫ്നെറ്റ് 2700 sec | ₹40 | ₹67 | ₹20 |
| | | ഡാറ്റ | 350 MB | 350 MB | 350 MB | 350 MB | 1 GB | 350 MB | 500 MB (15 ദിവസത്തേക്ക്) | 500 MB | 500 MB |
| 3 | സിം/അക്കൗണ്ട് വാലിഡിറ്റി (ദിവസം) | | 180 | 180 | 365 | 180 | 730 | 30 | 180 | 180 | 180 |
| 4 | **കോൾ ചാർജ്ജ്** | | Ps/sec | ₹/min | ₹/min | Ps/sec | Ps/sec | Ps/sec | Ps/sec | Ps/sec | Ps/sec |
| | Local | ഓൺനെറ്റ് * - മൊബൈൽ/ഫിക്സഡ് | 2 Ps | ₹1 | 15 Ps | 1.5 Ps | 1.3 Ps | 1.2 Ps | 1.2 Ps | 1 Ps | 1 Ps |
| | | ഓഫ്നെറ്റ് * - മൊബൈൽ/ഫിക്സഡ് | 2 Ps | ₹1 | 40 Ps | 1.5 Ps | 1.3 Ps | 1.5/1.8 Ps | 1.5 Ps | 1.2 Ps | 1.2 Ps |
| | STD | ഓൺനെറ്റ് * - മൊബൈൽ/ഫിക്സഡ് | 2.4 Ps | ₹1.30 | 15 Ps | 1.5 Ps | 1.3 Ps | 1.2 Ps | 1.2 Ps | 1 Ps | 1 Ps |
| | | ഓഫ്നെറ്റ് * - മൊബൈൽ/ഫിക്സഡ് | 2.4 Ps | ₹1.30 | 40 Ps | 1.5 Ps | 1.3 Ps | 1.5/1.8 Ps | 1.5 Ps | 1.2 Ps | 1.2 Ps |
| | ISD | | രാജ്യങ്ങൾ തിരിച്ചുള്ള ISD താരിഫ് നിരക്കുകൾക്ക് സന്ദർശിക്കുക www.bsnl.co.in | | | | | | | | |
| | വീഡിയോ (ലോക്കൽ & STD - ഓൺനെറ്റ് / ഓഫ്നെറ്റ്) | | 4 Ps | ₹2 | ₹2 | 4 Ps | 1.3 Ps | ₹1.50/min | ₹1/1.50/min | 1.2 Ps | 1.2 Ps |
| | SMS (₹ /SMS) | ലോക്കൽ (ഓൺനെറ്റ്/ഓഫ്നെറ്റ്) | 80 Ps | 80 Ps | 15 Ps | ₹1 | ₹ 1 | 60 Ps/70 Ps | 60 Ps/70 Ps | 25 Ps | 25 Ps |
| | | STD (ഓൺനെറ്റ്/ഓഫ്നെറ്റ്) | ₹1.20 | ₹1.20 | 15 Ps | ₹1.50 | ₹ 1 | 60 Ps/70 Ps | 70 Ps/80 Ps | 38 Ps | 38 Ps |
| | | ISD | ₹ 5 | ₹ 5 | ₹ 5 | ₹ 5 | ₹ 5 | ₹ 5 | ₹ 5 | ₹ 5 | ₹ 5 |
| 5 | ഡാറ്റ | ഹോം & നാഷണൽ റോമിംഗ് | 3 Ps/10 KB | 3 Ps/10 KB | 3 Ps/10 KB | 3 Ps/10 KB | 40 Ps/ MB | 3 Ps/10 KB | 3 Ps/10 KB | 1 Ps/10 KB | 1 Ps/10 KB |
| 6 | **കോൾ ചാർജ്ജ്** (നാഷണൽ റോമിംഗ്) | | വോയ്സ് | വോയ്സ് | വോയ്സ് | വോയ്സ് | വോയ്സ് | വോയ്സ് | വോയ്സ് | വോയ്സ് | Voice |
| | ലോക്കൽ ഔട്ട്ഗോയിംഗ് (ഓൺനെറ്റ്/ഓഫ്നെറ്റ്) | | 80 Ps/min | 80 Ps/min | 15 Ps/min | 1.33 Ps/sec | 1.3 Ps/sec | 80 Ps/min | 1.2 Ps/sec | 1/1.2 Ps/sec | 1/1.2 Ps/sec |
| | STD ഔട്ട്ഗോയിംഗ് (ഓൺനെറ്റ്/ഓഫ്നെറ്റ്) | | ₹1.15/min | ₹1.15/min | 40 Ps/min | 1.9 Ps/sec | 1.3 Ps/sec | ₹1.15/min | 1.5 Ps/sec | 1/1.2 Ps/sec | 1/1.2 Ps/sec |
| | ഇൻകമിംഗ് (ഓൺനെറ്റ്/ഓഫ്നെറ്റ്) | | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം | സൗജന്യം |
| | SMS in ₹ (ലോക്കൽ/STD/ISD) | | 0.25/0.38/5 | 0.25/0.38/5 | 0.15/0.15/5 | 0.25/0.38/5 | 0.25/0.38/5 | 0.25/0.38/5 | 0.25/0.38/5 | 0.25/0.38/5 | 0.25/0.38/5 |
| 7 | സവിശേഷ ആനുകൂല്യങ്ങൾ | | കുറഞ്ഞ കോൾ നിരക്ക് 1Ps/ 3 sec ഓൺനെറ്റ്, 2 Ps/3sec ഓഫ്നെറ്റ് ആദ്യത്തെ 60 ദിവസത്തേയ്ക്ക് | കുറഞ്ഞ കോൾ നിരക്ക് 10 Ps/min ഓൺനെറ്റ്, 30 Ps/min ഓഫ്നെറ്റ് ആദ്യത്തെ 60 ദിവസത്തേയ്ക്ക് | 30 ദിവസത്തേയ്ക്ക് PRBT സൗജന്യം | - | ഫുൾ ടോക്ക് വാല്യൂ ₹176, ₹377, ₹577 കോംബോ വൗച്ചറുകൾ ലഭ്യമാണ് | 2 BSNL നമ്പരുകളിലേക്ക് ദിവസം ആകെ 20 min- സൗജന്യ കോൾ | 5 F&F ലോക്കൽ നമ്പരുകൾ 20 Ps/min ഓൺനെറ്റ് & 40 Ps/min ഓഫ് നെറ്റ് | ഒരു കേരള BSNL ലാൻഡ് ലൈൻ നമ്പറിലേക്ക് അൺലിമിറ്റഡ് കോളുകൾ + 4 F&F ലോക്കൽ നമ്പരുകൾ 20 Ps/min ഓൺനെറ്റ് & 30 Ps/min ഓഫ് നെറ്റ് | 4 F&F ലോക്കൽ നമ്പരുകൾ 20 Ps/min ഓൺനെറ്റ് & 30 Ps/min ഓഫ് നെറ്റ് |
| 8 | വാലിഡിറ്റി നീട്ടുവാനുള്ള പ്ലാൻ വൗച്ചർ വിവരങ്ങൾ | | പ്ലാൻ വൗച്ചർ ₹36 | പ്ലാൻ വൗച്ചർ ₹37 | പ്ലാൻ വൗച്ചർ ₹153 | പ്ലാൻ വൗച്ചർ ₹199 | പ്ലാൻ വൗച്ചർ ₹136 | പ്ലാൻ വൗച്ചർ ₹113 | ടോപ് അപ്പിലൂടെ | പ്ലാൻ വൗച്ചർ ₹67 | പ്ലാൻ വൗച്ചർ ₹44 |

*ഓൺനെറ്റ് - BSNL നെറ്റ്‌വർക്ക്, ഓഫ്നെറ്റ് - മറ്റ് നെറ്റ്‌വർക്കുകൾ

**ഫുൾ ടോക് വാല്യൂ ഓഫർ: പെർ മിനിട്ട് / പെർ സെക്കന്റ് പ്ലാൻ – ടോപ് അപ് ₹ 500 - 1100/1500/2200/2500, മിത്രം പ്ലാൻ – ടോപ് അപ് ₹ 200/500/1000, ദീപം പ്ലാൻ & ഹോം പ്ലാൻ – ടോപ് അപ് ₹ 110/200/500/1000**

### അൺലിമിറ്റഡ് വോയ്സ്/ ഡാറ്റ പ്ലാനുകൾ

| പ്ലാൻ/ ₹ | 186 | 446 | 485 | 666 | 949 | 999 |
|---|---|---|---|---|---|---|
| പ്ലാൻ കാലാവധി (ദിവസത്തിൽ) | 180 | 180 | 180 | 180 | 365 | 181 |
| സൗജന്യ ആനുകൂല്യ കാലാവധി (ദിവസത്തിൽ) | 28 | 84 | 90 | 129 | 157 | 181 |
| സൗജന്യ ആനുകൂല്യങ്ങൾ | അൺലിമിറ്റഡ് ഡാറ്റ | | | | | |
| | അൺലിമിറ്റഡ് ലോക്കൽ/STD/ റോമിംഗ് കോളുകൾ (മുംബൈ, ഡൽഹി ഒഴികെ) ഇന്ത്യയിലെ ഏത് നെറ്റ്‌വർക്കിലേയ്ക്കും | | | | | |
| | പ്രതിദിനം 100 SMS ഇന്ത്യയിലെ ഏത് നെറ്റ്‌വർക്കിലേയ്ക്കും | | | | | |

പുതിയ കണക്ഷൻ/പ്ലാൻ മൈഗ്രേഷൻ/ വാലിഡിറ്റി എക്സ്റ്റൻഷൻ എന്നിവയ്ക്ക് സൗജന്യ ആനുകൂല്യങ്ങൾ ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് www.kerala.bsnl.co.in

**കോംബോ STV 187**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.2 GB ഉപയോഗത്തിനു ശേഷം വേഗത 80 Kbps)
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും
- പ്രതിദിനം 100 SMS+ സൗജന്യ PRBT
- കാലാവധി : 28 ദിവസം

**കോംബോ STV 395**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 1 GB ഉപയോഗത്തിനു ശേഷം വേഗത 80 Kbps)
- 3000 min BSNL കോളുകൾ & 1800 min മറ്റ് നെറ്റ്‌വർക്ക് കോളുകൾ (സൗജന്യ പരിധിക്ക് ശേഷം കോൾ നിരക്ക് @ 20 Ps/min)
- കാലാവധി : 56 ദിവസം

**കോംബോ STV 349**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.2 GB ഉപയോഗത്തിനു ശേഷം വേഗത 40 Kbps)
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും (റോമിംഗ് മുംബൈ, ഡൽഹി ഉൾപ്പെടെ)
- പ്രതിദിനം 100 SMS
- കാലാവധി : 54 ദിവസം

**കോംബോ STV 399**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.2 GB ഉപയോഗത്തിനു ശേഷം വേഗത 80 Kbps)
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും (റോമിംഗ് മുംബൈ, ഡൽഹി ഉൾപ്പെടെ)
- പ്രതിദിനം 100 SMS+ സൗജന്യ PRBT
- കാലാവധി : 74 ദിവസം

**കോംബോ STV 339**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3 GB ഉപയോഗത്തിനു ശേഷം വേഗത 80 Kbps)
- അൺലിമിറ്റഡ് BSNL കോളുകൾ & ദിവസേന 30 min മറ്റ് നെറ്റ്‌വർക്ക് കോളുകൾ (സൗജന്യ പരിധിക്ക് ശേഷം കോൾ നിരക്ക് @ 25 Ps/min)
- കാലാവധി : 26 ദിവസം

**കോംബോ STV 429**
- അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.2 GB ഉപയോഗത്തിനു ശേഷം വേഗത 80 Kbps)
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും
- പ്രതിദിനം 100 SMS
- കാലാവധി : 75 ദിവസം

**വോയ്സ് STV 99**
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും
- സൗജന്യ PRBT
- കാലാവധി : 24 ദിവസം

**വോയ്സ് STV 319**
- അൺലിമിറ്റഡ് കോളുകൾ ഇന്ത്യയിലെ എല്ലാ നെറ്റ്‌വർക്കിലേയ്ക്കും
- കാലാവധി : 84 ദിവസം

അൺലിമിറ്റഡ് കോളുകൾ ലഭിക്കുന്ന എല്ലാ STV/ പ്ലാനുകൾക്ക് മറ്റ് നെറ്റ്‌വർക്കിലേയ്ക്ക് പ്രതിദിനം 200 മിനിറ്റ് മാത്രം സൗജന്യം (പ്ലാൻ 446, STV 9, 29, 149, 159, 399 എന്നിവ ഒഴികെ).

## മൊബൈൽ പ്രീപെയ്ഡ് സ്പെഷ്യൽ താരിഫ് വൗച്ചറുകൾ (STVs)

എല്ലാ വോയ്സ് / SMS/ കോംബോ /ഡാറ്റ STVകളും നാഷണൽ റോമിംഗിലും ബാധകം (മുംബൈ, ഡൽഹി ഒഴികെ)

### വോയ്സ് STVs

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 56 | 5600 sec ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 8 |
| 104 | STV 99 ന്റെ ആനുകൂല്യങ്ങൾ + ദിവസേന ഒരു നാഷണൽ ഡിസ്ക്കൗണ്ട് ഡീൽ /കൂപ്പൺ പ്രോഡക്ട് | 24 |
| 135 | 300 min ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 24 |
| 149 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ/STD കോളുകൾ | 24 |
| 181 | 23800 sec ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 30 |
| 201 | 26800 sec ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 28 |
| 359 | 52000 sec ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 60 |
| 449 | 1400 min ലോക്കൽ/STD ഏത് നെറ്റ്‌വർക്കിലേയ്ക്കും | 84 |

### കോംബോ Vouchers

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 9 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ +100 SMS + 100 MB ഡാറ്റ | 1 |
| 15 | UV ₹15 +15 MB ഡാറ്റ | 2 |
| 26 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ +പ്രതിദിനം 100 SMS+150 MB ഡാറ്റ | 2 |
| 29 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ +1 GB ഡാറ്റ +300 SMS+ PRBT | 5 |
| 39 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ +100 SMS+ PRBT | 7 |
| 77 | UV ₹80 +40 MB ഡാറ്റ | 10 |
| 84 | STD ഏത് നെറ്റ്‌വർക്കിലേയ്ക്കും 35 Ps/min + UV ₹24 | 60 |
| 111 | UV ₹90 + 70 min ഓൺനെറ്റ് | 20 |
| 118 | ഏത് നെറ്റ്‌വർക്കിലേയ്ക്കും അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ +1 GB ഡാറ്റ + PRBT | 20 |
| 125 | 10620 sec ഏത് നെറ്റ്‌വർക്കിലേയ്ക്കും (ലോക്കൽ / STD) + 200 MB ഡാറ്റ + 100 SMS | 30 |
| 146 | അൺലിമിറ്റഡ് ലോക്കൽ / STD BSNL കോളുകൾ + 1 GB ഡാറ്റ | 26 |
| 159 | അൺലിമിറ്റഡ് ലോക്കൽ / STD കോളുകൾ + 1 GB ഡാറ്റ | 24 |
| 177 | UV ₹180 +60 MB ഡാറ്റ | 15 |
| 192 | STV 187 ന്റെ ആനുകൂല്യങ്ങൾ + ദിവസേന ഒരു നാഷണൽ ഡിസ്ക്കൗണ്ട് ഡീൽ /കൂപ്പൺ പ്രോഡക്ട് | 28 |
| 222 | UV ₹190 + 110 min ഓൺനെറ്റ് കോളുകൾ | 40 |
| 333 | അൺലിമിറ്റഡ് ഓൺനെറ്റ് കോളുകൾ + അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.2 GB ക്ക് ശേഷം സ്പീഡ് 80 Kbps) + PRBT | 45 |
| 379 | അൺലിമിറ്റഡ് ഓൺനെറ്റ് കോളുകൾ + പ്രതിദിനം 30 മിനിട്ട് ഓഫ്നെറ്റ് കോളുകൾ + അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 4 GB ക്ക് ശേഷം സ്പീഡ് 80 Kbps) + PRBT | 30 |
| 444 | അൺലിമിറ്റഡ് ഓൺനെറ്റ് കോളുകൾ + അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3.7 GB ക്ക് ശേഷം സ്പീഡ് 80 Kbps) + PRBT | 60 |

UV - Usage Value

### വോയ്സ് / ഡാറ്റ PRBT STVs

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 82 | 4 GB ഡാറ്റ | 3 |
| 198 | പ്രതിദിനം 2 GB ഡാറ്റ | 28 |
| 258 | അൺലിമിറ്റഡ് ലോക്കൽ/ STD ഓൺനെറ്റ് കോളുകൾ+ പ്രതിദിനം 1 GB ഡാറ്റ | 28 |
| 259 | UV ₹220 + 110 min സൗജന്യ ലോക്കൽ/ STD ഓൺനെറ്റ് വോയ്സ് കോളുകൾ | 30 |
| 292 | പ്രതിദിനം 1.5 GB ഡാറ്റ | 25 |
| 549 | പ്രതിദിനം 2 GB ഡാറ്റ | 60 |
| 551 | അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 1.5 GB ക്കു ശേഷം സ്പീഡ് 80 Kbps) | 90 |
| 561 | പ്രതിദിനം 1 GB ഡാറ്റ | 80 |
| 1098 | അൺലിമിറ്റഡ് ഡാറ്റ (പ്രതിദിനം 3 GB ക്കു ശേഷം വേഗത 40 Kbps) + അൺലിമിറ്റഡ് കോളുകൾ ഏത് നെറ്റ്‌വർക്കിലേക്കും + പ്രതിദിനം 100 SMS | 84 |

### ഡാറ്റ STVs

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 4 | 20 MB | 1 |
| 14 | 1 GB | 1 |
| 27 | 1.5 GB | 3 |
| 57 | 1 GB | 21 |
| 68 | 2 GB | 5 |
| 78 | 4 GB | 3 |
| 85 | 5 GB | 7 |
| 98 | 1.5 GB/Day | 20 |
| 155 | 2 GB/Day | 17 |
| 241 | 2.5 GB/Day | 30 |
| 1498 | 91 GB | 365 |
| 2798 | അൺലിമിറ്റഡ് ഡാറ്റ (Speed 40 Kbps after 1GB/day) | 365 |
| 3998 | അൺലിമിറ്റഡ് ഡാറ്റ (Speed 40 Kbps after 1.5 GB/day) | 365 |
| 4498 | അൺലിമിറ്റഡ് ഡാറ്റ (Speed 40 Kbps after 2 GB/day) | 365 |

** കാലാവധി കലണ്ടർ ദിനങ്ങളിൽ

### ഡാറ്റ STVs (നൈറ്റ്)

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 3 | 2am മുതൽ 6am വരെ 9 Ps/MB | 1 |
| 46 | 1 GB ഡാറ്റാ, ശേഷം ഡാറ്റ ചാർജ്ജ് @5 Ps/MB, 2am മുതൽ 6am വരെ. | 2 |
| 48 | 500 MB ഡാറ്റാ , ശേഷം ഡാറ്റ ചാർജ്ജ് @5 Ps/MB, 2am മുതൽ 6am വരെ + UV ₹22 | 2 |
| 63 | 2am മുതൽ 6am വരെ 9 Ps/ MB | 28 |

### റോമിംഗ് STVs

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 41 | മുംബൈയിലും ഡൽഹിയിലും നിന്ന് മാത്രം അൺലിമിറ്റഡ് ലോക്കൽ /STD കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും + UV ₹10. (PV 186/446/485/666/949/999 മാത്രം ബാധകമാണ്) | 28 |
| 93 | ഏത് നെറ്റ്‌വർക്കിലേയ്ക്കും 120 min +40 SMS | 30 |

### ജനറൽ STVs (റേറ്റ് കട്ടറുകൾ)

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 45 | ലോക്കൽ/ STD കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും @1.4 Ps/2sec. | 21 |
| 47 | ഓൺനെറ്റ് ലോക്കൽ കോളുകൾ ₹0.20/ min + UV ₹20 | 21 |
| 65 | ഓൺനെറ്റ് ലോക്കൽ കോളുകൾ 15 Ps/min | 27 |
| 66 | ലോക്കൽ ഓൺനെറ്റ് @1 Ps/2sec, ഓഫ്നെറ്റ് @ 1 Ps/ 1sec, STD ഓൺനെറ്റ് @ 3 Ps/2sec, ഓഫ്നെറ്റ് @ 2 Ps/1sec കോളുകൾ | 30 |
| 69 | ലോക്കൽ കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും @1 Ps/2sec | 30 |
| 71 | ലോക്കൽ കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും @ ₹0.30/ min+UV ₹20 | 30 |
| 122 | ലോക്കൽ/STD കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും @1.4 Ps/2sec. | 70 |
| 183 | ലോക്കൽ ഓൺനെറ്റ് @1 Ps/2sec. ഓഫ്നെറ്റ് @ 1 Ps/ 1sec, STD ഓൺനെറ്റ് @3 Ps/2sec, ഓഫ്നെറ്റ് @ 2 Ps/1sec കോളുകൾ | 90 |
| 209 | ലോക്കൽ കോളുകൾ ഏത് നെറ്റ്‌വർക്കിലേയ്ക്കും @1 Ps/2sec+UV ₹25. | 90 |
| 42 | **പെർ മിനിട്ട് പ്ലാൻ**: 10 Ps/min ഓൺനെറ്റ് കോളുകൾ, 30 Ps/min ഓഫ്നെറ്റ് കോളുകൾ (ലോക്കൽ/STD) | 21 |
| 88 | **പെർ സെക്കന്റ് പ്ലാൻ**: 1 Ps/3sec ഓൺനെറ്റ് കോളുകൾ, 2 Ps/3 sec ഓഫ്നെറ്റ് കോളുകൾ (ലോക്കൽ/STD) | 48 |

### ISD STVs

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 19 | നേപ്പാളിലേയ്ക്ക് എല്ലാ വോയ്സ് കോളുകളും ₹8.50 / min | 30 |
| 24 | ആസ്ത്രേലിയ, ബഹറിൻ, ഇൻഡോനേഷ്യ, കുവൈറ്റ് (വോയ്സ് ₹6.49/min, SMS ₹3) | 30 |
| 25 | ബംഗ്ലാദേശ്, മലേഷ്യ, ഹോങ്കോങ്, തായ്‌ലന്റ് (വോയ്സ് ₹2.99/min, SMS ₹3) | 30 |
| 38 | ഫ്രാൻസ് (63800,64000 to 64004,80 to 86,880 to 884,890 to 899 എന്നീ കോഡുകൾ ഒഴികെ), ജർമ്മനി, യു.കെ.(4470, 4474 to 79, 4484 & 4487 എന്നീ കോഡുകൾ ഒഴികെ) (വോയ്സ് ₹4.49/min, SMS ₹3) | 30 |
| 43 | കാനഡ, ചൈന, സിംഗപ്പൂർ, യു.എസ്.എ (വോയ്സ് ₹1.49/min, SMS ₹3) | 30 |

### SMS STVs (ലോക്കൽ/STD എല്ലാ നെറ്റ്‌വർക്കിലേയ്ക്കും)

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 13 | 130 SMS | 7 |
| 23 | 265 SMS | 15 |
| 35 | 385 SMS | 30 |
| 53 | പ്രതിദിനം 100 SMS ഓൺനെറ്റ് & 12 Ps/ SMS ഓഫ്നെറ്റ് | 30 |
| 59 | 860 SMS | 30 |
| 83 | 1650 SMS | 30 |
| 147 | 3000 SMS | 60 |

### മൊബൈൽ TV PACK

| വില ₹ | വിവരണം | കാലാവധി** |
|---|---|---|
| 103 | 1 GB ഡാറ്റ + 140 ചാനലുകൾ by M/s Digivive | 5 |
| 178 | 1 GB ഡാറ്റ + 70 ചാനലുകൾ by M/s P.K. Online | 17 |
| 179 | 1 GB ഡാറ്റ + എല്ലാ ചാനലുകൾ by M/s Digivive | 17 |
| 373 | STV 333 യുടെ ഫീച്ചറുകൾ + Mobile TV Pack by M/s Digivive | 45 |
| 378 | STV 333 യുടെ ഫീച്ചറുകൾ + Mobile TV Pack by M/s P.K. Online | 45 |
| 392 | STV 333 യുടെ ഫീച്ചറുകൾ + Disney Game | 45 |

| | | |
|---|---|---|
| നിങ്ങളുടെ പ്ലാൻ/ **ബാലൻസ്**/ കാലാവധി എന്നിവയുടെ വിവരങ്ങൾക്ക് | Dial *123# or 123 |
| ടോപ്പ് അപ്പ് കൂപ്പൺ ആക്ടിവേഷൻ | Dial *123* <രഹസ്യ കോഡ്># |
| STV /Friends & Family വിവരങ്ങൾക്ക് | Dial *124# |
| Voice/Data/ SMS/ STV വിവരങ്ങൾക്ക് | Dial *124*2# |
| നിങ്ങളുടെ അവസാന വോയ്സ് കോൾ വിവരങ്ങൾക്ക് | 123 ലേക്ക് <LAST> അല്ലെങ്കിൽ <LAST5> എന്ന് SMS ചെയ്യുക |

| | |
|---|---|
| ഡാറ്റ ആക്ടിവേറ്റ് ചെയ്യാൻ SMS അയക്കുക | START to 1925 |
| ഡാറ്റ ഡീആക്ടിവേറ്റ് ചെയ്യാൻ SMS അയക്കുക | STOP to 1925 |
| ISD ആക്ടിവേറ്റ് ചെയ്യാൻ SMS അയക്കുക | ACT <> ISD to 53733 |
| ആകർഷകമായ മൊബൈൽ നമ്പർ തിരഞ്ഞെടുക്കാൻ | Visit: cymn.bsnl.co.in |

**ആസ്വദിക്കൂ ഇന്ത്യയിലുടനീളം സൗജന്യ ഇൻകമിംഗ് റോമിംഗ്**

**സൗജന്യ കോൾ ഫോർവേഡിംഗ് സൗകര്യം**
BSNL മൊബൈലിൽ നിന്നും BSNL ലാൻഡ് ലൈനിലേയ്ക്ക്

**Ctopup/ BSNL Portal/ My BSNL App/ Selfcare എന്നിവ ഉപയോഗിച്ച് STVs ആക്ടിവേറ്റ് ചെയ്യാവുന്നതാണ് (123 ലേയ്ക്ക് SMS, Dial *124#, Dial *444* MRP of STV#, www.bsnlszprepaid.com)**

### പ്രീപെയ്ഡ് ഇന്റർനാഷണൽ റോമിംഗ്

UAE, USA, NEPAL, MYANMAR SAUDI ARABIA, OMAN, QATAR SRI LANKA & BANGLADESH

Free! ഇൻകമിംഗ് SMS, മിസ്സ്ഡ് കോൾ

Visit nearest BSNL CSC for replacing existing SIM with Dual IMSI Prepaid SIM | Visit: www.ir.bsnl.co.in

### ഫുൾ / എക്സ്ട്രാ ടോക്‌വാല്യു ഓഫറുകൾ

| ടോപ് അപ് ₹ | ആനുകൂല്യം* |
|---|---|
| 150 | ഫുൾ ടോക് വാല്യു (ഞായറാഴ്ചകളിൽ മാത്രം) |
| 260 | ഫുൾ ടോക് വാല്യു + PRBT 30 ദിവസത്തേയ്ക്ക് |
| 220, 2200, 2500 | ഫുൾ ടോക് വാല്യു |
| 550 | 575 |
| 1100 | 1200 |
| 2000 | 2300 |
| 3000 | 3600 |
| 5500 | 6000 |

*എല്ലാ GSM പ്രീപെയ്ഡ് പ്ലാനുകൾക്കും ബാധകം

### Personalized Ring Back Tone (PRBT)

നിങ്ങൾക്ക് പ്രിയപ്പെട്ട പാട്ട് BSNL ട്യൂൺ ആയി സെറ്റ് ചെയ്യൂ, BT സ്പേസ് <ACT> സ്പേസ് <പാട്ടിന്റെ കോഡ്> എന്ന് 56700 ലേക്ക് SMS അയക്കുക / ഡയൽ ചെയ്യുക 56700 / ഡയൽ ചെയ്യുക *567#. ചാർജ്ജ് 30 ദിവസത്തേക്ക് ₹42. പാട്ട് മാറ്റുന്നതിനായി BT സ്പേസ് <പാട്ടിന്റെ കോഡ്> എന്ന് 56700 (ടോൾ ഫ്രീ) ലേക്ക് SMS അയക്കുക.
**PRBT bundled STV കൾക്ക് അൺലിമിറ്റഡ് പാട്ടുകൾ സൗജന്യമായി തിരഞ്ഞെടുക്കാം** (Dial 56700)

**നെയിം ട്യൂൺസ്**
നിങ്ങളുടെ സ്വന്തം പേര് കേൾപ്പിച്ചുകൊണ്ട് വിളിക്കുന്നവരെ സ്വാഗതം ചെയ്യൂ. NT സ്പേസ് <നിങ്ങളുടെ പേര്> എന്ന് 56799 ലേക്ക് SMS അയക്കുക. ചാർജ്ജ് 30 ദിവസത്തേക്ക് ₹42.

**കോർപ്പറേറ്റ് ട്യൂൺസ്**
കോർപ്പറേറ്റ് ഉപഭോക്താക്കൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും പ്രൊമോഷന് വേണ്ടി റെക്കോർഡ് ചെയ്ത റിംഗ് ബാക്ക് ട്യൂണുകൾ സെറ്റ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ പേരും മൊബൈൽ നമ്പരും ഉൾപ്പെടുത്തിക്കൊണ്ട് keralavasteam@gmail.com ലേക്ക് ഇ - മെയിൽ ചെയ്യുക. അല്ലെങ്കിൽ അടുത്തുള്ള BSNL കസ്റ്റമർ സർവ്വീസ് സെന്ററിൽ ബന്ധപ്പെടുക.

**വോയ്സ്/ഡാറ്റ/SMS/റോമിംഗ് / ISD STVs ആക്ടിവേറ്റ് ചെയ്യുന്നതിന് 123 ലേക്ക് SMS അയക്കുക. SMS ഫോർമാറ്റ് STV <SPACE> <Type of STV> <MRP> ഉദാ. VOICE STV 149 ആക്ടിവേറ്റ് ചെയ്യുന്നതിനായി STV <SPACE> VOICE149 എന്നും, DATA STV 98 ആക്ടിവേറ്റ് ചെയ്യുന്നതിനായി STV <SPACE> DATA 98 എന്ന് SMS അയക്കുക.**

## B | മൊബൈൽ സർവീസസ് -പോസ്റ്റ്‌പെയ്ഡ് പ്ലാനുകൾ

| Sl. No. | സേവന വിവരങ്ങൾ | | വിശദാംശങ്ങൾ | പ്ലാൻ 99 | പ്ലാൻ 149 (SRTP) | പ്ലാൻ 225 | പ്ലാൻ 325 | പ്ലാൻ 525 | പ്ലാൻ 725 | പ്ലാൻ 799 | പ്ലാൻ 1125 | പ്ലാൻ 1525 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | രജിസ്ട്രേഷൻ/ആക്റ്റിവേഷൻ/ഇൻസ്റ്റലേഷൻ ഫീസ്/ചാർജ്ജുകൾ | | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 2 | സെക്യൂരിറ്റി ഡെപ്പോസിറ്റ് (തിരികെ ലഭിക്കുന്നത്) | | Local + STD | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 |
| | | | Local + STD + ISD | 2000 | 2000 | 2000 | 2000 | 2000 | 2000 | 2000 | 2000 | 2000 |
| | | | Local + STD + ISD + ഇന്റർനാഷണൽ റോമിംഗ് | 5000 | 5000 | 5000 | 5000 | 5000 | 5000 | 5000 | 5000 | 5000 |
| 3 | പ്രതിമാസ നിരക്ക് (FMC) in ₹ | | | 99 | 149 | 225 | 325 | 525 | 725 | 799 | 1125 | 1525 |
| 4 | ബില്ലിങ് കാലാവധി | | | പ്രതിമാസം | | | | | | | | |
| 5 | വാർഷിക മുൻകൂർ തുക (Excluding GST) ₹ | | | 1115 | 1677 | 2532 | 3658 | 5909 | 8160 | – | 12662 | 17164 |
| 6 | സൗജന്യ ഉപയോഗ മൂല്യം / കോളുകൾ / SMS / ഡാറ്റ | | സൗജന്യ ഉപയോഗം ₹ | 50 | Nil | 180 | 270 | 450 | Nil | Nil | Nil | Nil |
| | | | Local | Nil | 100 min | Nil | Nil | Nil | Unlimited Onnet | Unlimited | Unlimited | Unlimited |
| | | | STD | Nil | | Nil | Nil | Nil | 1200 min Onnet | | | |
| | | | SMS (Local/ STD) | പ്രതിമാസം 100 SMS | | | | പ്രതിദിനം 100 SMS | | | | |
| | | | Data | അൺലിമിറ്റഡ് ഡാറ്റ | | | | | | | | |
| | | | Speed reduced to 40 Kbps after | 500 MB | 500 MB | 3000 MB | 7000 MB | 15000 MB | 30 GB | 60 GB | 90 GB | Unlimited |
| | | | നാഷണൽ റോമിംഗിൽ സൗജന്യ ഔട്ട്ഗോയിംഗ് കോളുകൾ | Nil | Nil | Nil | Nil | Nil | 100 min | Unlimited | Unlimited | Unlimited |
| 7 | പൾസ് റേറ്റ് | | | 60 Sec | 60 Sec | 1 Sec | 60 Sec | 60 Sec | 60 Sec | 60 Sec | 60 Sec | 60 Sec |
| 8 | വോയ്സ് കോൾ ചാർജ്ജുകൾ (₹) | a. ലോക്കൽ | ഓൺനെറ്റ് | 0.70 | 1 | 0.011 | 0.30 | 0.30 | 0 | 0 | 0 | 0 |
| | | | ഓഫ്നെറ്റ് | 0.70 | 1 | 0.013 | 0.50 | 0.30 | 0.40 | 0 | 0 | 0 |
| | | b. STD | ഓൺനെറ്റ് | 1.00 | 1 | 0.013 | 0.50 | 0.40 | 0.40 | 0 | 0 | 0 |
| | | | ഓഫ്നെറ്റ് | 1.00 | 1 | 0.013 | 0.50 | 0.40 | 0.50 | 0 | 0 | 0 |
| | | c. ISD | രാജ്യങ്ങൾ തിരിച്ചുള്ള താരിഫ് നിരക്കുകൾക്ക് സന്ദർശിക്കുക www.bsnl.co.in | | | | | | | | | |
| 9 | SMS | | ലോക്കൽ (ഓൺനെറ്റ്/ഓഫ്നെറ്റ്) | 1 | 1 | 0.50 | 0.50 | 0.30 | 0/0.3 | 0.50 | 0.50 | 0.50 |
| | | | നാഷണൽ | 1 | 1 | 0.50 | 0.50 | 0.50 | 0.40 | 0.50 | 0.50 | 0.50 |
| | | | ഇന്റർനാഷണൽ | 5 | 5 | 5 | 5 | 5 | 5 | 5 | 5 | 5 |
| 10 | നാഷണൽ റോമിംഗ് ചാർജ്ജുകൾ (₹) | | ഔട്ട് ഗോയിംഗ് ലോക്കൽ /STD | 0.80 | 0.80 | 0.012 | 0.50 | 0.50 | 0.50 | 0 | 0 | 0 |
| | | | ഇൻകമിംഗ് | സൗജന്യം | | | | | | | | |
| | | | SMS ലോക്കൽ/STD/ISD | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 | 0.25/0.25/5 |

പോസ്റ്റ്‌പെയ്ഡ് സേവനങ്ങൾക്ക് GST ബാധകം

### പോസ്റ്റ്‌പെയ്ഡ് ഡാറ്റ ADD ONs

| FMC (₹) | ബണ്ഡിൽഡ് സൗജന്യ ഡാറ്റ | വാർഷിക മുൻകൂർ തുക ₹ |
|---|---|---|
| 50 | അൺലിമിറ്റഡ് (550 MB ക്കു ശേഷം സ്പീഡ് 40 Kbps) | - |
| 75 | അൺലിമിറ്റഡ് (1500 MB ക്കു ശേഷം സ്പീഡ് 40 Kbps) | - |
| 170 | അൺലിമിറ്റഡ് (2.2 GB ക്കു ശേഷം സ്പീഡ് 40 Kbps) | 1915 |
| 225 | അൺലിമിറ്റഡ് (4.2 GB ക്കു ശേഷം സ്പീഡ് 40 Kbps) | 2543 |
| 290 | അൺലിമിറ്റഡ് (9 GB ക്കു ശേഷം സ്പീഡ് 40 Kbps) | - |
| 501 | അൺലിമിറ്റഡ് (12 GB ക്കു ശേഷം സ്പീഡ് 40 Kbps) | 5639 |
| 549 | അൺലിമിറ്റഡ് (16 GB ക്കു ശേഷം സ്പീഡ് 40 Kbps) | - |
| 666 | അൺലിമിറ്റഡ് (11 GB ക്കു ശേഷം സ്പീഡ് 128 Kbps) | 7496 |
| 901 | അൺലിമിറ്റഡ് (20 GB ക്കു ശേഷം സ്പീഡ് 128 Kbps) | 10141 |
| 1711 | അൺലിമിറ്റഡ് (30 GB ക്കു ശേഷം സ്പീഡ് 128 Kbps) | 19258 |
| 240 | അൺലിമിറ്റഡ് (3.5 GB ക്കു ശേഷം സ്പീഡ് 80 Kbps) | |
| 340 | അൺലിമിറ്റഡ് (5.5 GB ക്കു ശേഷം സ്പീഡ് 80 Kbps) | |

### വാർഷിക ഡാറ്റ ADD ON

| വാർഷിക നിരക്ക് (₹) | ബണ്ഡിൽഡ് സൗജന്യ ഡാറ്റ |
|---|---|
| 365 | അൺലിമിറ്റഡ് ഡാറ്റ (പ്രതിമാസം 1 GB ക്കു ശേഷം സ്പീഡ് 40 Kbps) |

### പോസ്റ്റ്‌പെയ്ഡ് വാർഷിക ഡാറ്റ പ്ലാനുകൾ

| വാർഷിക നിരക്ക് (₹) | ബണ്ഡിൽഡ് സൗജന്യ ഡാറ്റ |
|---|---|
| *1110 | അൺലിമിറ്റഡ് ഡാറ്റ (പ്രതിമാസം 0.75 GB ക്കു ശേഷം സ്പീഡ് 40 Kbps) |
| *2050 | അൺലിമിറ്റഡ് ഡാറ്റ (പ്രതിമാസം 1.5 GB ക്കു ശേഷം സ്പീഡ് 40 Kbps) |
| *2940 | അൺലിമിറ്റഡ് ഡാറ്റ (പ്രതിമാസം 2.5 GB ക്കു ശേഷം സ്പീഡ് 40 Kbps) |

*ബെയ്സ് വോയ്സ് താരിഫ് പ്ലാൻ 225

### പോസ്റ്റ്‌പെയ്ഡ് SMS പ്ലാനുകൾ

| FMC (₹) | ആനുകൂല്യം* |
|---|---|
| 15 | BSNL നെറ്റ്‌വർക്കിലേക്ക് 1 Ps മറ്റ് നെറ്റ്‌വർക്കുകളിലേക്ക് 12 Ps (Local/STD) |
| 20 | BSNL നെറ്റ്‌വർക്കിലേക്ക് 2000 SMS സൗജന്യം (ലോക്കൽ) |
| 30 | BSNL നെറ്റ്‌വർക്കിലേക്ക് 2000 ലോക്കൽ, 1000 STD SMS സൗജന്യം |

*സൗജന്യ SMS പ്രതിദിനം 100 എണ്ണം മാത്രം

### പോസ്റ്റ്‌പെയ്ഡ് ഓപ്ഷണൽ ADD ON പ്ലാനുകൾ

| FMC ₹ | പ്രതിമാസ സൗജന്യ ആനുകൂല്യങ്ങൾ | |
|---|---|---|
| 120 | ഏത് നെറ്റ്‌വർക്കിലേക്കും 350 മി./21000 sec ( min/sec പൾസ് പ്ലാനുകൾ) സൗജന്യ ലോക്കൽ/ STD കോളുകൾ | |
| 111 | എല്ലാ നെറ്റ്‌വർക്കിലേക്കും 177 min സൗജന്യം (in Home LSA) +200 MB ഡാറ്റ+100 SMS | |
| | വിശദാംശങ്ങൾ | ആപ്ലിക്കബിലിറ്റി |
| 49 | 125 min സൗജന്യ ലോക്കൽ വീഡിയോ കോളിംഗ് | എല്ലാ പോസ്റ്റ്‌പെയ്ഡ് പ്ലാനുകൾക്കും |
| 50 | എല്ലാ ലോക്കൽ കോളുകളും (ഓൺനെറ്റ്/ഓഫ്നെറ്റ്) in Home LSA @ 0.6 Ps/sec അല്ലെങ്കിൽ 35 Ps/min പ്ലാനിന്റെ പൾസ് അനുസരിച്ച് | പ്ലാൻ 99, 145, 149, 225, & രക്ഷക് പ്ലാൻ - 299 |
| 55 | എല്ലാ STD കോളുകളും (ഓൺനെറ്റ്/ഓഫ്നെറ്റ്) in Home LSA@ 0.6 Ps/sec അല്ലെങ്കിൽ 35 Ps/min പ്ലാനിന്റെ പൾസ് അനുസരിച്ച് | പ്ലാൻ 99, 145, 149, 225, 325 & രക്ഷക് പ്ലാൻ - 299 |
| 300 | അൺലിമിറ്റഡ് ലോക്കൽ ഓൺനെറ്റ് കോളുകൾ | പ്ലാൻ 399,725,799,1125,1525 & പാരാമിലിട്ടറി പ്ലാൻ 425 എന്നിവയ്ക്ക് ബാധകമല്ല |
| 610 | അൺലിമിറ്റഡ് ലോക്കൽ/STD ഓൺനെറ്റ് കോളുകൾ | പ്ലാൻ 399,725,799,1125,1525 & പാരാമിലിട്ടറി പ്ലാൻ 425 എന്നിവയ്ക്ക് ബാധകമല്ല |

### CALL CENTRE 1800 180 1503

| | |
|---|---|
| **സംശയങ്ങൾക്കും പരാതികൾക്കും വിളിക്കൂ (ടോൾ ഫ്രീ) *** | **1503** |
| പ്രീ പെയ്ഡ് മൊബൈൽ സംബന്ധിച്ച വിവരങ്ങൾക്ക് * | **2502** |
| ഡാറ്റ സംബന്ധിച്ച വിവരങ്ങൾക്ക് * | **2504** |

*BSNL മൊബൈലിൽ നിന്നും

Visit: **www.kerala.bsnl.co.in**

മൊബൈൽ / ലാൻഡ്‌ലൈൻ ബില്ലുകൾ ഓൺലൈൻ ആയി അറിയുന്നതിനും / അടയ്ക്കുന്നതിനും സന്ദർശിക്കൂ http://portal.bsnl.in അല്ലെങ്കിൽ നിങ്ങളുടെ മൊബൈലിൽ My BSNL App ഇൻസ്റ്റാൾ ചെയ്യൂ.

**പോസ്റ്റ്‌പെയ്ഡ് പ്ലാൻ 399**
- നിശ്ചിത പ്രതിമാസ നിരക്ക് - ₹399 + GST
- വാർഷിക നിരക്ക് - ₹4389 + GST
- അൺലിമിറ്റഡ് ഡാറ്റ (പ്രതിമാസം 30 GB ക്കു ശേഷം സ്പീഡ് 40 Kbps)
- ഏത് നെറ്റ്‌വർക്കിലേക്കും അൺലിമിറ്റഡ് ലോക്കൽ / STD / നാഷണൽ റോമിംഗ് കോളുകൾ + ദിവസേന 100 SMS

മറ്റ് നിരക്കുകൾ പ്ലാൻ 799 പ്രകാരം

**1 രാജ്യം നമ്പർ ഇന്ത്യ**

**BSNL ലേയ്ക്ക് സ്വാഗതം**
**നിങ്ങളുടെ മൊബൈൽ നമ്പർ മാറാതെ തന്നെ**
SMS Format
**PORT <space> Mobile number to 1900**

T&C Apply

BSNL 3G A Generation Ahead | BSNL FTTH | BSNL 4G Connecting India Faster | BSNL LANDLINE | BSNL BROADBAND | BSNL MPLS-VPN

Service @ your doorstep, Send SMS <SERVICE NAME> to Toll Free No. 54141 or 9400054141 | Call centre for complaint 9400000198 (GSM/CDMA/WiMAX/FTTH) | We are also present in htt Ps://www.facebook.com/bsnlcorporate htt Ps://twitter.com/bsnlcorporate


Vol. No. 108 Issue No. 263 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by Darshan Ravi from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: 2461010, 2461050, 3941050, Fax: 3078979 e-mail: news @ keralakaumudi.com, desk@kaumudi.com Chief Editor : Deepu Ravi (Responsible for selection of news under the PRB Act) .